2020 ഓഗസ്റ്റ്
26
ബുധൻ
1196 ചിങ്ങം 10

മെട്രോ വാർത്ത

Scan me
www.metrovaartha.com

കൊച്ചി | തിരുവനന്തപുരം | കോഴിക്കോട് | തൃശൂർ | ആലപ്പുഴ | ഭോപ്പാൽ | ഇൻഡോർ | www.metrovaartha.com 14 പേജ് ₹ 7.00 KOZHIKODE

സെക്രട്ടേറിയറ്റിനു മുന്നിൽ ഇന്നലെ രാത്രി വൈകിയും പ്രതിപക്ഷ സംഘടനകളും ബിജെപിയും നടത്തിയ പ്രതിഷേധങ്ങളെ പൊലീസ് നേരിടുന്നു.

സെക്രട്ടേറിയറ്റിൽ തീപിടിത്തം

സ്വന്തം ലേഖകൻ

തിരുവനന്തപുരം: സെക്രട്ടേറിയറ്റിനുള്ളിൽ തീപിടിത്തം. പൊതുഭരണ വകുപ്പുമായി ബന്ധപ്പെട്ട പ്രോട്ടോക്കോൾ ഓഫിസിലെ ചില ഫയലുകൾ കത്തിനശിച്ചു. ഇന്നലെ വൈകിട്ട് നാലരയോടെയാണു സംഭവം. ഫയർ ആൻഡ് റെസ്ക്യൂ ഫോഴ്സ് സംഘമെത്തി മിനിറ്റുകൾക്കകം തീയണച്ചു. ആളപായമില്ല.

കത്തിയതിൽ സുപ്രധാന ഫയലുകളൊന്നുമില്ലെന്നും ഗസ്റ്റ് ഹൗസ് ബുക്കിങ്ങുമായി ബന്ധപ്പെട്ട പഴയ ഫയലുകളായിരുന്നെന്നും അധികൃതർ വ്യക്തമാക്കി. അതേസമയം, സ്വർണക്കടത്ത് അടക്കമുള്ളവയുമായി ബന്ധപ്പെട്ട ഫയലുകൾ നശിപ്പിക്കാനുള്ള ശ്രമമാണ് സെക്രട്ടേറിയറ്റിനുള്ളിൽ നടന്നതെന്നാരോപിച്ച് ബിജെപിയും യുഡിഎഫും രംഗത്തെത്തി. സംഭവത്തിനു തൊട്ടുപിന്നാലെ സെക്രട്ടേറിയറ്റിലെത്തിയ ബിജെപി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രൻ, ജില്ലാ പ്രസിഡന്റ് വി.വി. രാജേഷ് അടക്കമുള്ള നേതാക്കളെ പൊലീസ് ബലം പ്രയോഗിച്ച് അറസ്റ്റ് ചെയ്ത് നീക്കി. ചീഫ് സെക്രട്ടറി വിശ്വാസ് മേത്ത നേരിട്ടെത്തിയാണ് ഇതിനു നിർദേശം നൽകിയത്. തുടർന്ന് മാധ്യമപ്രവർത്തകരെയും ബലമായി പുറത്താക്കി. തുടർന്ന് സെക്രട്ടേറിയറ്റിന്റെ ഗേറ്റ് പൂട്ടി.

പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ഇന്നലെ രാത്രി ഗവർണർ ആരിഫ് മുഹമ്മദ് ഖാനെ സന്ദർശിച്ചപ്പോൾ

പിന്നാലെ എത്തിയ വി.എസ്. ശിവകുമാർ അടക്കമുള്ള എംഎൽഎമാരെയും പൊലീസ് തടഞ്ഞു. തുടർന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയും എത്തി കുത്തിയിരിപ്പു സമരം നടത്തി. സംഭവത്തിൽ പ്രതിഷേധിച്ച് ഇന്നു സംസ്ഥാന വ്യാപകമായി കരിദിനമാചരിക്കുമെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയും, ഇന്നു പ്രതിഷേധദിനം ആചരിക്കുമെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രനും വ്യക്തമാക്കി. സംഭവം വിവാദമായതോടെ സർക്കാർ അന്വേഷണം പ്രഖ്യാപിച്ചു.

ഉന്നത ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയ്ക്ക് ശേഷം ചെന്നിത്തലയെയും എംഎൽഎമാരെയും തീപിടിത്തമുണ്ടായ സ്ഥലത്തേക്കു പ്രവേശിപ്പിച്ചു. അവിടം സന്ദർശിച്ച ശേഷം തിരികെയെത്തിയ ചെന്നിത്തല ഇതിനു പിന്നിൽ അട്ടിമറിയുണ്ടെന്ന് ആരോപിച്ചു. തുടർന്ന് ചെന്നിത്തലയും സംഘവും ഗവർണർ ആരിഫ് മുഹമ്മദ് ഖാനെ കണ്ട് പരാതി നൽകി.

ഇതിനിടെ പ്രതിഷേധവുമായി കോൺഗ്രസ്, ബിജെപി പ്രവർത്തകരും സ്ഥലത്തെത്തി. സെക്രട്ടേറിയറ്റിന് മുന്നിലേക്കെത്തിയ പ്രതിഷേധക്കാരെ പൊലീസ് തടഞ്ഞു. പിന്തിരിയാൻ കൂട്ടാക്കാതെ പ്രതിഷേധിച്ചവർക്കു നേരേ പലവട്ടം ജലപീരങ്കി പ്രയോഗിച്ചു. സെക്രട്ടേറിയറ്റിന് മുന്നിലും വിവിധ കേന്ദ്രങ്ങളിലും കോൺഗ്രസ്, ബിജെപി പ്രവർത്തകരുടെ പ്രതിഷേധം രാത്രി വൈകിയും തുടർന്നു.

അന്വേഷിക്കാൻ വിദഗ്ധ സംഘം

തിരുവനന്തപുരം: സെക്രട്ടേറിയറ്റിലുണ്ടായ തീപിടിത്തത്തിന്റെ സാങ്കേതിക കാരണങ്ങൾ അന്വേഷിച്ച് ഒരാഴ്ചയ്ക്കകം റിപ്പോർട്ട് നൽകാൻ ഡിസാസ്റ്റർ മാനെജ്മെന്റ് കമ്മിഷണർ ഡോ. കൗശികന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ അടങ്ങുന്ന വിദഗ്ധ സംഘത്തെ നിയോഗിച്ച് സർക്കാർ ഉത്തരവായതായി ചീഫ് സെക്രട്ടറി വിശ്വാസ് മേത്ത. ഇതോടൊപ്പം ക്രൈം ബ്രാഞ്ചും അന്വേഷണം നടത്തും. ഇതിനായി എഡിജിപി മനോജ് എബ്രഹാമിന്റെ നേതൃത്വത്തിൽ പ്രത്യേക പൊലീസ് സംഘത്തെ നിയോഗിക്കും.

സെക്രട്ടേറിയറ്റിൽ തീപിടിത്തമുണ്ടായ സ്ഥലത്തു നിന്ന് ഉദ്യോഗസ്ഥർ രേഖകൾ നീക്കുന്നു.

ബിജെപി സംസ്ഥാന പ്രസിഡന്റ് കെ. സുരേന്ദ്രനെ സെക്രട്ടേറിയറ്റിനുള്ളിൽ നിന്നു പൊലീസ് ബലമായി അറസ്റ്റ് ചെയ്തു നീക്കുന്നു.

ഷോർട്ട് സർക്യൂട്ടെന്ന് വിശദീകരണം

കംപ്യൂട്ടർ കേബിളിലെ ഷോർട്ട് സർക്യൂട്ടാണ് തീപിടിത്തത്തിനു കാരണമെന്ന് പൊതുഭരണ അഡീഷനൽ സെക്രട്ടറി പി. ഹണി. സർക്കാർ ഫയലുകളെല്ലാം ഇ- ഫയൽ സമ്പ്രദായത്തിലാണ് പരിശോധിക്കുന്നത്. സർക്കാർ ഗസ്റ്റ് ഹൗസുകളിൽ മുറി ബുക്കു ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഒരു വർഷത്തോളം പഴക്കമുള്ള തീർപ്പാക്കിയ ഫയലുകൾ സൂക്ഷിച്ചിരുന്ന സ്ഥലത്താണ് തീപിടുത്തമുണ്ടായത്. പ്രധാന ഫയലുകൾ ഇവിടെ സൂക്ഷിക്കാറില്ല. ഇ- ഫയലുകളായതിനാൽ തന്നെ എല്ലാം സുരക്ഷിതമാണ്- ഹണി വ്യക്തമാക്കി.

മാപ്പു പറയാതെ പ്രശാന്ത് ഭൂഷൺ; വിധി രണ്ടിനകം

പ്രത്യേക ലേഖകൻ

ന്യൂഡൽഹി: സീനിയർ അഭിഭാഷകനും ആക്റ്റിവിസ്റ്റുമായ പ്രശാന്ത് ഭൂഷനെതിരായ കോടതിയലക്ഷ്യക്കേസിൽ സുപ്രീം കോടതി അടുത്തമാസം രണ്ടിനകം വിധി പറയും. മാപ്പു പറഞ്ഞാൽ തീരുന്ന പ്രശ്നം മാത്രമാണ് ഇതെന്നും മാപ്പ് എന്ന വാക്ക് ഉപയോഗിക്കാൻ മടിക്കുന്നത് എന്തിനെന്നും ജസ്റ്റിസ് അരുൺ മിശ്ര ചോദിച്ചു.

കോടതിയിൽനിന്നു ദയയല്ല, നീതിയാണ് പ്രതീക്ഷിക്കുന്നതെന്ന് പ്രശാന്ത് ഭൂഷന്റെ അഭിഭാഷകൻ രാജീവ് ധവാൻ പറഞ്ഞു. ശിക്ഷയില്ലാതെ കേസ് അവസാനിപ്പിക്കണമെന്ന് അറ്റോർണി ജനറൽ കെ.കെ. വേണുഗോപാൽ കോടതിയെ അഭിപ്രായം അറിയിച്ചു.

വിമർശനത്തെ കോടതി എതിർക്കുന്നില്ലെന്ന് ജസ്റ്റിസ് അരുൺ മിശ്ര പറഞ്ഞു. എന്നാൽ കോടതിയിലുള്ള വിശ്വാസം തകർക്കുന്ന വിധത്തിൽ ഈ സംവിധാനത്തിന്റെ ഭാഗമായ സീനിയർ അഭിഭാഷകൻ പെരുമാറുന്നു. ജനങ്ങൾക്ക് കോടതിയിലുള്ള വിശ്വാസം കുറയ്ക്കാനേ അതുപകരിക്കൂ എന്ന് ജസ്റ്റിസ് മിശ്ര ചൂണ്ടിക്കാട്ടി.

"മാപ്പ് എന്ന വാക്ക് ഉപയോഗിക്കാൻ മടിക്കുന്നത് എന്തിനാണ്? ആരെയെങ്കിലും മുറിവേൽപ്പിച്ചിട്ടുണ്ടെങ്കിൽ മാപ്പു പറഞ്ഞ് ആ മുറിവു മായ്ക്കുകയാണ് വേണ്ടത്. കോടതിയുടെ പരിഗണനയിൽ ഇരിക്കുന്ന കേസുകളിൽ അഭിഭാഷകർ പരസ്യമായി അഭിപ്രായം പറയുന്നത് അംഗീകരിക്കാനാവില്ല. ജഡ്ജിമാർ പലതും അറിയുന്നുണ്ട്. എന്നാൽ ആരും അതിനു പ്രതികരണവുമായി മാധ്യമങ്ങളിലേക്കു പോകുന്നില്ല"- ജസ്റ്റിസ് മിശ്ര പറഞ്ഞു.

നേരത്തെ കേസിൽ നിലപാടു മാറ്റാൻ പ്രശാന്ത് ഭൂഷണ് കോടതി അര മണിക്കൂർ സമയം നൽകിയിരുന്നു. അതിനകം നിലപാടിൽ പുനഃപരിശോധന നടത്താൻ ജസ്റ്റിസ് അരുൺ മിശ്രയുടെ നേതൃത്വത്തിലുള്ള ബെഞ്ച് നിർദേശിച്ചു. പ്രശാന്ത് ഭൂഷണെതിരായ നടപടികൾ അവസാനിപ്പിക്കണമെന്ന് അറ്റോർണി ജനറൽ ആവശ്യപ്പെട്ട പശ്ചാത്തലത്തിലായിരുന്നു ബെഞ്ചിന്റെ നിർദേശം.

പ്രശാന്ത് ഭൂഷണോടു ക്ഷമിക്കണമെന്ന് അറ്റോർണി ജനറൽ

» പേജ് 2

പെരിയ ഇരട്ടക്കൊലക്കേസ് സിബിഐക്ക് തന്നെ

നിയമകാര്യ ലേഖകൻ

കൊച്ചി: സംസ്ഥാന ഖജനാവിൽ നിന്നു ലക്ഷങ്ങൾ ചെലവഴിച്ചു സുപ്രീം കോടതി അഭിഭാഷകരെ എത്തിച്ചു ഹൈക്കോടതിയിൽ കേസു വാദിച്ചിട്ടും, കാസർഗോഡ് പെരിയ ഇരട്ടക്കൊലപാതക കേസിൽ സംസ്ഥാന സർക്കാറിന് തിരിച്ചടി. കൃപേഷ്, ശരത് ലാൽ എന്നീ യൂത്ത് കോൺഗ്രസ് പ്രവർത്തകരെ കൊലപ്പെടുത്തിയ കേസിൽ സിബിഐ അന്വേഷണം നടത്തുന്നതിനെതിരേ സർക്കാർ നൽകിയ അപ്പീൽ ഹർജി ഹൈക്കോടതി ഡിവിഷൻ ബെഞ്ച് തള്ളി. സിബിഐ അന്വേഷണം തുടരാൻ ഹൈക്കോടതി ഉത്തരവിട്ടു.

ക്രൈം ബ്രാഞ്ച് സമർപ്പിച്ച കുറ്റപത്രം റദ്ദാക്കുകയും കേസ് സിബിഐക്ക് കൈമാറുകയും ചെയ്ത സിംഗിൾ ബെഞ്ച് വിധിക്കെതിരെ സർക്കാർ സമർപ്പിച്ച ഹർജിയാണ് ചീഫ് ജസ്റ്റിസ് എസ്. മണികുമാറും ജസ്റ്റിസ് സി.ടി. രവികുമാറും അടങ്ങിയ ഡിവിഷൻ ബെഞ്ച് തള്ളിയത്.

2019 സെപ്റ്റംബർ 30നാണ് സിംഗിൾ ബെഞ്ചിന്റെ വിധിയുണ്ടായത്. അപ്പീൽ ഹർജിയിൽ ഒൻപതുമാസം മുൻപേ വാദം പൂർത്തിയായതാണ്. മുൻ സോളിസിറ്റർ ജനറൽ ഉൾപ്പെടെയുള്ള അഭിഭാഷകരെയാണ് സർക്കാർ ഹൈക്കോടതിയിൽ വാദിക്കാനായി എത്തിച്ചത്. ഇവർക്കായി ലക്ഷങ്ങൾ സംസ്ഥാന സർക്കാർ ഫീസായി നൽകിയിരുന്നു.

സിംഗിൾ ബെഞ്ച് ഉത്തരവ് ഡിവിഷൻ ബെഞ്ച് ശരിവച്ചു

ഇതിനിടെ, കേസിലെ മുഖ്യപ്രതി പീതാംബരനുൾപ്പെടെയുള്ളവർ കഴിഞ്ഞദിവസം ജാമ്യഹർജി നൽകി. ഹൈക്കോടതി ഇത് പരിഗണിക്കവെ, ഡിവിഷൻ ബെഞ്ചിന്റെ വിധി വൈകുന്നതിനാൽ അന്വേഷണം തുടരാനാകുന്നില്ലെന്ന് സിബിഐ അഭിഭാഷകൻ കോടതിയെ അറിയിച്ചിരുന്നു.

2019 ഫെബ്രുവരി 17നാണ് യൂത്ത് കോൺഗ്രസ് പ്രവർത്തകരായ കൃപേഷും (19) ശരത് ലാലും 23) കൊല്ലപ്പെട്ടത്. ക്രൈം ബ്രാഞ്ചിന്റെ പ്രത്യേക സംഘമാണ് കേസന്വേഷിച്ചത്. സിപിഎം മുൻ ലോക്കൽ സെക്രട്ടറി അയ്യങ്കാവ് വീട്ടിൽ പീതാംബരനാണ് ഒന്നാം പ്രതി. ഉദുമ ഏരിയ സെക്രട്ടറി കെ. മണികണ്ഠൻ, പെരിയ ലോക്കൽ സെക്രട്ടറി എൻ. ബാലകൃഷ്ണൻ എന്നിവരുൾപ്പെടെ 14 പേരാണു പ്രതിപ്പട്ടികയിലുള്ളത്. മണികണ്ഠനും ബാലകൃഷ്ണനുമുൾപ്പെടെ മൂന്നു പേർക്ക് ജാമ്യം ലഭിച്ചു. മറ്റുള്ളവർ റിമാൻഡിലാണ്.

കൊലപാതകം നടന്ന് മൂന്നുമാസം പൂർത്തിയാകുന്നതിന് ഒരുദിവസം മുമ്പാണു കുറ്റപത്രം സമർപ്പിച്ചത്. എന്നാൽ ക്രൈം ബ്രാഞ്ച് അന്വേഷണം തൃപ്തികരമല്ലെന്നും, ഗൂഢാലോചന നടത്തിയതിൽ നേതാക്കൾക്ക് പങ്കുണ്ടെന്നും കാണിച്ച് ശരത്തിന്റെയും കൃപേഷിന്റെയും മാതാപിതാക്കൾ ഹൈക്കോടതിയെ സമീപിച്ചു. വാദം പൂർത്തിയായി ആറുമാസം കഴിഞ്ഞിട്ടും വിധി വന്നില്ലെങ്കിൽ ചീഫ് ജസ്റ്റിസിന് പ്രത്യേക ഹർജി നൽകാമെന്ന് സുപ്രീം കോടതിയുടെ നിർദേശമുണ്ട്. ഇത്തരമൊരു ഹർജി കിട്ടിയാൽ കേസ് മറ്റൊരു ബെഞ്ചിനെ ഏൽപ്പിച്ച് വാദം വീണ്ടും കേൾക്കണമെന്നാണ് നിർദേശം. ഇതിന്റെ അടിസ്ഥാനത്തിൽ കൊല്ലപ്പെട്ടവരുടെ മാതാപിതാക്കൾ തിങ്കളാഴ്ച ഹൈക്കോടതി ചീഫ് ജസ്റ്റിസിന് ഹർജി നൽകിയിരുന്നു. തുടർന്നാണു ഡിവിഷൻ ബെഞ്ച് നിർണായക വിധി പുറപ്പെടുവിച്ചത്.

സ്വർണം

ഗ്രാം	- 4,780
പവൻ	- 38,240

മെട്രൊ മാഡം

നിയമസഭയിലെ ഏറ്റവും ദൈർഘ്യമേറിയ പ്രസംഗത്തിന് പിണറായിക്കു റെക്കോഡ്.

ഭരണനേട്ടം...!

www.facebook.com/metrovaarthaofficial

2,375 പേർക്ക് കൊവിഡ്

തിരുവനന്തപുരം: സമ്പർക്കത്തിലൂടെ 2,142 പേർക്ക് ഉൾപ്പെടെ സംസ്ഥാനത്ത് ഇന്നലെ 2,375 പേർക്ക് കൊവിഡ്19 സ്ഥിരീകരിച്ചതായി ആരോഗ്യ മന്ത്രി കെ.കെ. ശൈലജ. 10 മരണം ഇന്നലെ സ്ഥിരീകരിച്ചു. രോഗം സ്ഥിരീകരിച്ചവരിൽ 61 പേർ വിദേശ രാജ്യങ്ങളിൽ നിന്നും 118 പേർ ഇതര സംസ്ഥാനങ്ങളിൽ നിന്നും വന്നതാണ്. 49 ആരോഗ്യ പ്രവർത്തകർക്കാണ് ഇന്നലെ രോഗം ബാധിച്ചത്. ചികിത്സയിലായിരുന്ന 1,456 പേർ ഇന്നലെ കൊവിഡ് മുക്തരായി.

ഏതാനും ദിവസങ്ങൾക്കു ശേഷം രോഗബാധിതരുടെ എണ്ണത്തിൽ തിരുവനന്തപുരത്തെ പിന്നിലാക്കി മലപ്പുറം ഒന്നാമതെത്തി. മലപ്പുറം 454, തിരുവനന്തപുരം391, കോഴിക്കോട് 260, തൃശൂർ 227, ആലപ്പുഴ 170, എറണാകുളം 163, പാലക്കാട് 152, കണ്ണൂർ 150, കാസർഗോഡ് 99, പത്തനംതിട്ട 93, കൊല്ലം 87, കോട്ടയം 86, വയനാട് 37, ഇടുക്കി 6 എന്നിങ്ങനെയാണ് ജില്ലാതല കണക്ക്.

വിവിധ ജില്ലകളിലായി 1,83,794 പേരാണ് നിരീക്ഷണത്തിലുള്ളത്. 1,834 പേരെയാണ് ഇന്നലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. 24 മണിക്കൂറിനിടെ 34,344 സാംപിളുകൾ പരിശോധിച്ചു. നിലവിൽ 619 ഹോട്ട് സ്പോട്ടുകളാണുള്ളത്.

മരണം 10

സമ്പർക്കത്തിലൂടെ 2,142

ആവണിപ്പൂത്താലം

മഞ്ചേരി: ഓണത്തോടനുബന്ധിച്ച് പുരോഗമന കലാസാഹിത്യസംഘം മഞ്ചേരി മേഖല കമ്മിറ്റി 'ആവണിപ്പൂത്താലം' ഓൺലൈൻ സർഗോത്സവം നടത്തുന്നു. 28ന് രാവിലെ 9ന് കവി മണമ്പൂർ രാജൻ ബാബു ഉദ്ഘാടനം ചെയ്യും. കവിതാലാപനം, കഥാകഥനം, ചിത്ര-കരകൗശല വസ്തു പ്രദർശനം, മിമിക്രി, മോണോ ആക്ട്, ഗാനമേള, ഹ്രസ്വ സിനിമാ പ്രദർശനം എന്നിവയുണ്ടാകും.

മെഡിക്കൽ കോളെജിൽ 5 നില റാമ്പ്

മഞ്ചേരി : മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളെജ് ആശുപത്രി കെട്ടിടത്തിന്റെ അഞ്ച് നിലകളിലേക്കുമായി നിർമിക്കുന്ന റാമ്പിന്റെ പ്രവൃത്തി ആരംഭിച്ചു. അമ്പത് ലക്ഷം രൂപ ചെലവിലാണ് റാമ്പ് നിർമിക്കുന്നത്. പണി പൂർത്തിയാകുന്നതോടെ നിരവധി രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ഇത് ഏറെ ആശ്വാസം പകരും.

ഡോക്റ്റേഴ്സ് ക്വാർട്ടേഴ്സ് : ടെന്റർ ഇന്ന്

മഞ്ചേരി : മഞ്ചേരി മെഡിക്കൽ കോളെജിലെ ജൂനിയർ- സീനിയർ റസിഡണ്ട് ഡോക്റ്റമാർക്കായി ക്വാർട്ടേഴ്സ് നിർമാണത്തിനുള്ള ടെന്റർ ഇന്ന് നടക്കും. മൂന്ന് കോടി രൂപയാണ് മതിപ്പ് ചെലവ്. പഴയ ആർഎഒ ക്വാർട്ടേഴ്സിന് സമീപമാണ് നിർദ്ദിഷ്ട കെട്ടിടം. ടെന്റർ നടപടികൾ പൂർത്തിയാകുന്നതോടെ നിർമാണം ആരംഭിക്കും.

പ്രതിഷേധ സംഗമം നടത്തി

തിരൂരങ്ങാടി: മുതിർന്ന സുപ്രീം കോടതി അഭിഭാഷകൻ പ്രശാന്ത് ഭൂഷണിനെതിരെയുള്ള കോടതിയലക്ഷ്യ നടപടി റദ്ദാക്കണമെന്നാവശ്യപ്പെട്ട് ഇന്ത്യൻ ലോയേഴ്സ് യൂണിയൻ പരപ്പനങ്ങാടി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പരപ്പനങ്ങാടി കോടതിക്ക് മുന്നിൽ പ്രതിഷേധ സംഗമം നടത്തി. അഡ്വ: സി പി മുസ്തഫ, അഡ്വ: ഓ കൃപലാനി, അഡ്വ: കെ സരിത, അഡ്വ:സി ഇബ്രാഹിംകുട്ടി, അഡ്വ: ഇ. അജീഷ് എന്നിവർ സംസാരിച്ചു.

തിരുരങ്ങാടി താലൂക്ക് സ്ക്വാഡ് പരിശോധന കർശനമാക്കി

തിരുരങ്ങാടി: ഓണക്കാലത്തെ തിരക്ക് ഒഴിവാക്കുന്നതിനും കോവിഡ് വ്യാപനം തടയുക എന്ന ലക്ഷ്യത്തോടു കൂടി കച്ചവട സ്ഥാപനങ്ങളിലും പൊതുജനങ്ങൾ കൂടുന്ന സ്ഥലങ്ങളിലും കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നത് ഉറപ്പു വരുത്താൻ തിരുരങ്ങാടി താലൂക്ക് സ്പെഷ്യൽ സ്ക്വാഡ് പരിശോധന കർശനമാക്കി. മൂന്ന് സ്ക്വാഡുകളാണ് തിരുരങ്ങാടി താലൂക്കിൽ ജില്ലാ കലക്റ്റർ നിയമിച്ചിട്ടുണ്ട്, പൊലീസ്, പഞ്ചായത്ത്, വിദ്യാഭ്യാസ വകുപ്പ് ,ഡയറി വകുപ്പ് ഉദ്യോഗസ്ഥരാണ് ടീം അംഗങ്ങളായിട്ടുള്ളത്. തിങ്കളാഴ്ച തുടങ്ങിയ സ്ക്വാഡ് പ്രവർത്തനം ഓണം കഴിയുന്നതുവരെ തുടരും. പൊതുജനങ്ങൾ പൊതുസ്ഥലങ്ങളിലും വ്യാപാര സ്ഥാപനങ്ങളിലും കോവിഡ് മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിക്കപ്പെടണമെന്നും കോവിഡ് പ്രോട്ടോക്കാൾ ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും തഹസിൽദാർ പി.എസ്, ഉണ്ണികൃഷ്ണൻ അറിയിച്ചു.

സത്യാഗ്രഹം നടത്തി

മലപ്പുറം: മുഖ്യമന്ത്രി രാജിവയ്ക്കുക ,ഇടതു സർക്കാരിന്റെ ദുർഭരണത്തിൽ നിന്നും കേരള ജനതയെ മോചിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് കെപിസിസി ആസ്ഥാനമായ ഇന്ദിരാഭവനിൽ പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ നടത്തിയ ഏകദിന ഉപവാസ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ജില്ല കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഡിസിസി പ്രസിഡന്റും ജില്ലയിലെ കെപിസിസി ഭാരവാഹികളും ഡിസിസി ഓഫീസിനു മുമ്പിൽ സത്യാഗ്രഹം നടത്തി. പരിപാടി ജില്ലാ യുഡിഎഫ് ചെയർമ്മാൻ പി.ടി. അജയ്മോഹൻ ഉദ്ഘാടനം ചെയ്തു.ഡിസിസി പ്രസിഡന്റ് അധ്യക്ഷത വഹിച്ചു.കെ.പി അബ്ദുൽ മജീദ്,ഇ മുഹമ്മദ് കുഞ്ഞി എന്നിവർ സംസാരിച്ചു.

തൊഴിൽ സംരക്ഷിക്കപ്പെടണം: എഐടിയുസി

തേഞ്ഞിപ്പലം: ലോറി തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കപ്പെടണം - എഐടിയുസി. കാക്കഞ്ചേരി കിൻഫ്രയിലെ ഭക്ഷ്യ ഗോഡൗണിൽ നിന്നും കൊണ്ടോട്ടി, തിരൂരങ്ങാടി താലൂക്കുകളിലെ റേഷൻ കടകളിലേക്കും, മാവേലി സ്റ്റോറുകളിലേക്കും ഭക്ഷ്യ ധാന്യങ്ങൾ എത്തിച്ചു കൊടുക്കുന്ന ലോറികളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ തൊഴിൽ സുരക്ഷ ഉറപ്പുവരുത്താൻ ബന്ധപ്പെട്ടവർ തയ്യാറാകേണ്ടതുണ്ട്. എഐടിയുസി ഗോഡൗൺ യൂണിറ്റ് കൺവെൻഷൻ ആവശ്യപ്പെട്ടു.

പ്രത്യേക സ്ക്വാഡിൽ നിന്നും പഞ്ചായത്ത് ജീവനക്കാരെ ഒഴിവാക്കണം: കെപിഇഒ

മലപ്പുറം: കോവിഡ് നിയന്ത്രണങ്ങൾ കർശനമാക്കുന്നതിനായി ഓണക്കാലം, അവധി ദിനങ്ങൾ ഉൾപ്പെടെയുള്ള ദിവസങ്ങളിൽ നിയന്ത്രണങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി ജില്ലാകലക്റ്റർ രൂപീകരിച്ച സ്ക്വാഡിൽ നിന്നും തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ, ലൈഫ് സർവ്വേ എന്നിവ പരിഗണിച്ച് പഞ്ചായത്ത് ജീവനക്കാരെ നിയമിച്ച നടപടി പിൻവലിക്കണമെന്നും ഇതുവരേയും കോവിഡ് 19 മായി ബന്ധപ്പെട്ട ചുമതലകൾ ഒന്നും നൽകിയിട്ടില്ലാത്ത വകുപ്പുകളിലെ ജീവനക്കാരെ സ്ക്വാഡിൽ നിയമിക്കണമെന്നും കേരള പഞ്ചായത്ത് എംപ്ലോയീസ് ഓർഗനൈസേഷൻ മലപ്പുറം ജില്ലാ സമിതി ജില്ലാ കലക്റ്ററോട് ആവശ്യപ്പെട്ടു. എല്ലാ പഞ്ചായത്തിലും നിലവിലും കൊറോണ കെയർ സെന്ററുകളും, സിഎഫ്എൽടിസികളും പ്രവർത്തന സജ്ജമാണ്. നിലവിൽ തദ്ദേശ തെരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടികയിൽ ആളുകളെ ചേർക്കുന്നതിനും അനർഹരെ ഒഴിവാക്കുന്നതിനുമുള്ള നടപടികൾ, ലൈഫ് സർവ്വേ എന്നിവ ആരംഭിച്ചിരിക്കുകയാണ്. തെരഞ്ഞെടുപ്പിന്റെ അടിയന്തിര സ്വഭാവം പരിഗണിച്ച് പഞ്ചായത്ത് ജീവനക്കാരെ സ്ക്വാഡിൽ നിന്നും ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചു.

മുഖ്യമന്ത്രി പിണറായി വിജയന്റെ രാജി ആവിശ്യപ്പെട്ട് കോഴിക്കോട് ഡിസിസിയിൽ നടന്ന ഉപവാസസമരം

കോഴിക്കോട് കോവിഡ് കുതിച്ചുയരുന്നു

കോഴിക്കോട്: ജില്ലയിൽ ഇന്ന് 260 പേർക്ക് കൂടി കോവിഡ് സ്ഥിരീകരിച്ചതായി ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. വിദേശത്ത് നിന്ന് എത്തിയ 9 പേർക്കും ഇതരസംസ്ഥാനങ്ങളിൽ നിന്ന് എത്തിയവരിൽ 13 പേർക്കുമാണ് പോസിറ്റീവ് ആയത്. 20 പേരുടെ ഉറവിടം വ്യക്തമല്ല. സമ്പർക്കം വഴി 218 പേർക്ക് രോഗം ബാധിച്ചു. കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ സമ്പർക്കം വഴി 97 പേർക്കും ഉറവിടം അറിയാത്ത 10 പേർക്കും രോഗം ബാധിച്ചു.

ചോറോട് 57 പേർക്കും താമരശ്ശേരിയിൽ 15 പേർക്കും ആയഞ്ചേരിയിൽ 11 പേർക്കും പോസിറ്റീവായി. എട്ടു ആരോഗ്യപ്രവർത്തകർക്കും പോസിറ്റീവായി. ഇതോടെ ചികിത്സയിലുള്ള കോഴിക്കോട് സ്വദേശികളുടെ എണ്ണം 1534 ആയി. 140 പേർ രോഗമുക്തി നേടി

രോഗം സ്ഥിരീകരിച്ച് ചികിത്സയിലുള്ള കോഴിക്കോട് സ്വദേശികൾ-1534, കോഴിക്കോട് മെഡിക്കൽ കോളെജ്-139, ഗവ. ജനറൽ ആശുപത്രി-195, ലക്ഷദ്വീപ് ഗസ്റ്റ് ഹൗസ് എഫ്എൽടിസി-164, കോഴിക്കോട് എൻഐടി എഫ്എൽടിസി-197,ഫറോക്ക് എഫ്എൽടിസി-129, എൻ.ഐ.ടി മെഗാ എഫ്എൽടിസി-166,എഡബ്ല്യുഎച്ച് എഫ്എൽടിസി -152,മണിയൂർ നവോദയ എഫ്എൽടിസി-199, എൻഐടി - നൈലിററ് എഫ്എൽടിസി-23,മിംസ് എഫ്.എൽ.ടി.സികൾ-35,മറ്റു സ്വകാര്യ ആശുപത്രികൾ - 116 മറ്റു ജില്ലകളിൽ ചികിത്സയിലുള്ള കോഴിക്കോട് സ്വദേശികൾ-19 (മലപ്പുറം - 8, കണ്ണൂർ - 3 , പാലക്കാട് - 1 , ആലപ്പുഴ - 2 , തിരുവനന്തപുരം- 1 , തൃശൂർ - 3, കോട്ടയം -1), കോഴിക്കോട് ജില്ലയിൽ ചികിത്സയിലുള്ള മറ്റു ജില്ലക്കാർ - 102

ജില്ലയിൽ കോഴിക്കോട് എഫ്. എൽ.ടി.സി, മെഡിക്കൽ കോളെജ്, എൻ.ഐ.ടി. എഫ്.എൽ. ടി.സികളിൽ ചികിത്സയിലായിരുന്ന 140 പേർ രോഗമുക്തി നേടി.കോഴിക്കോട് കോർപ്പറേഷൻ - 38, ഓമശ്ശേരി - 8, മാവൂർ - 7, കൊയിലാണ്ടി - 10, ബാലുശ്ശേരി - 1, കടലുണ്ടി - 1, മുക്കം - 1, തിരുവള്ളൂർ - 6, പേരാമ്പ്ര - 6, ചേമഞ്ചേരി - 1, ചോറോട് - 21, മടവൂർ - 2, ചെക്യാട് - 3, വടകര - 3, കാവിലുംപാറ - 1, തിരുവമ്പാടി - 1, കുന്നുമ്മൽ - 1, ഉള്ള്യേരി - 1, വില്യാപ്പള്ളി - 1, നന്മണ്ട - 1, ചക്കിട്ടപ്പാറ - 1, കക്കോടി - 1, കോടഞ്ചേരി - 1, കൂരാച്ചുണ്ട് - 1, കുറ്റ്യാടി - 1, അത്തോളി - 1, കുന്ദമംഗലം - 1, കുരുവട്ടൂർ - 1, പെരുമണ്ണ - 1, താമരശ്ശേരി - 14, നരിക്കുനി - 1, വാണിമേൽ - 2.പുതുതായി വന്ന 513 പേർ ഉൾപ്പെടെ ജില്ലയിൽ 14963 പേർ നിരീക്ഷണത്തിൽ. ഇതുവരെ 88305 പേർ നിരീക്ഷണം പൂർത്തിയാക്കി. പുതുതായി വന്ന 233 പേർ ഉൾപ്പെടെ 1431 പേരാണ് ആശുപത്രികളിൽ നിരീക്ഷണത്തിലുള്ളത്. 293 പേർ ഡിസ്ചാർജ്ജ് ആയി. 5652 സ്രവ സാംപിൾ പരിശോധനയ്ക്ക് എടുത്ത് അയച്ചു. ആകെ 1,59,008 സ്രവ സാംപിളുകൾ പരിശോധനയ്ക്ക് അയച്ചതിൽ 1,56,689 എണ്ണത്തിന്റെ ഫലം ലഭിച്ചു. ഇതിൽ 1,52,474 എണ്ണം നെഗറ്റീവ് ആണ്. പരിശോധനയ്ക്കയച്ച സാമ്പിളുകളിൽ 2319 പേരുടെ പരിശോധനാ ഫലം കൂടി ലഭിക്കാൻ ബാക്കി ഉണ്ട്. ജില്ലയിൽവന്ന 149 പേർ ഉൾപ്പെടെ ആകെ 3043 പ്രവാസികളാണ് നിരീക്ഷണത്തിൽ ഉള്ളത്. ഇതിൽ 574 പേർ ജില്ലാ ഭരണകൂടം കോവിഡ് കെയർ സെന്ററുകളിലും, 2443 പേർ വീടുകളിലും, 26 പേർ ആശുപത്രിയിലും നിരീക്ഷണത്തിലാണ്. വീടുകളിൽ നിരീക്ഷണത്തിലുള്ളവരിൽ 15 പേർ ഗർഭിണികളാണ്. 31533 പ്രവാസികൾ നിരീക്ഷണം പൂർത്തിയാക്കി

കാലിക്കറ്റിൽ സ്റ്റഡി മെറ്റീരിയൽ ഇന്ന് മുതൽ വീട്ടിലെത്തും

തേഞ്ഞിപ്പലം: കാലിക്കറ്റിൽ സ്റ്റഡി മെറ്റീരിയൽ വിദൂര വിദ്യാഭ്യാസ വിദ്യാർഥികളുടെ പഠനത്തി നാവശ്യത്തിനുള്ള സ്റ്റഡി മെറ്റീരിയൽ ഇന്ന് മുതൽ കുട്ടികൾക്ക് വീട്ടിലെത്തും.കോവിഡ് കാലമായതിനാൽ സമ്പർക്ക സാധ്യത കണക്കിലെടുത്തും വിദ്യാർഥികളുടെ ആവശ്യകത മാനിച്ചുമാണ് സിൻഡിക്കേറ്റ് സുപ്രധാന തീരുമാനമെടുത്തത്. ഇന്ന് 4 മണിയ്ക്ക് വൈസ്. ചാൻസലർ ജയരാജ് പോസ്റ്റൽ വിതരണോദ്ഘാടനം നിർവ്വഹിക്കും.

ഒന്നര ലക്ഷത്തോളം വരുന്ന വിദൂര വിദ്യാഭ്യാസ വകുപ്പിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് ഇത് വളരെപ്രയോജനകരമാണെന്ന് വിദൂര വിദ്യഭ്യാസ സ്റ്റാൻഡിംങ്ങ് കമ്മിറ്റി കൺവീനർ യൂജിൻ മോറേലിയും ഡയറക്റ്റർ വി.കെ.സുബ്രഹ്മണ്യനും അറിയിച്ചു. വളരെ ചുരുങ്ങിയ ചെലവിൽ വിദ്യാർഥികൾക്ക് പുസ്തകം വീട്ടിൽ ലഭ്യമാകുമ്പോൾ സർവ്വകലാശാലയ്ക്ക് ഒരു പാട് സാമ്പത്തിക ലാഭവും ഇതുമൂലം ലഭിയ്ക്കും.

പി.ജി. വിദ്യാർഥികൾക്ക് ഒരു വിദ്യാർഥിയ്ക്ക് 27 രൂപ മാത്രമേ ഒരു വർഷത്തെ സ്റ്റഡി മെറ്റീരിയൽ വിതരണത്തിന് പോസ്റ്റൽ വകുപ്പിന് നൽകേണ്ടതുള്ളൂ. യു.ജി.വിദ്യാർഥികൾക്ക് ഇത് ഒരു വിദ്യാർത്ഥിയ്ക്ക് 30 രൂപയിൽ താഴെയേ വരികയുള്ളൂ. സർവ്വകലാശാല വാഹനം ഉപയോഗിച്ച് വിവിധ സ്റ്റഡി സെന്ററുകളിൽ വിതരണത്തിന് വലിയ തുക ചെലവായെന്നു മാത്രമല്ല വിദ്യാർഥിക്ക് സ്റ്റഡി മെറ്റീരിയൽ കൃത്യസമയത്ത് ലഭ്യമാകാത്തത് സംബന്ധിച്ച് വലിയ അക്ഷേപവുംഉയർന്നിരുന്നു.

മമ്പുറം ആണ്ടുനേർച്ച നാളെ സമാപിക്കും

തിരൂരങ്ങാടി: ഖുഥ്ബുസ്സമാൻ സയ്യിദ് അലവി മൗലദ്ദവീല തങ്ങളുടെ 182-ാമത് ആണ്ടുനേർച്ച നാളെ സമാപിക്കും. കോവിഡ് നിയന്ത്രണങ്ങൾ നിലനിൽക്കുന്നതിനാൽ ആണ്ടുനേർച്ചയുടെ മുഴുവൻ പരിപാടികളും ഇത്തവണ ഓൺലൈൻ വഴിയാണ് നടക്കുന്നത്.നാളെ ഉച്ചക്ക് ഒരു മണിക്ക് നടക്കുന്ന ഖത്മ് ദുആ, മൗലിദ് സദസ്സോടെ ഒരാഴ്ച നീണ്ടുനിന്ന ആണ്ടുനേർച്ചക്ക് കൊടിയിറങ്ങും. ഖത്മ് ദുആക്ക് സമസ്ത പ്രസിഡന്റ് സയ്യിദ് ജിഫ്രി മുത്തുക്കോയ തങ്ങൾ നേതൃത്വം നൽകും. രാത്രി നടക്കുന്ന സ്വലാത്ത് മജ്ലിസിന് കോഴിക്കോട് വലിയ ഖാദി അബ്ദുന്നാസിർ ഹയ്യ് ശിഹാബ് തങ്ങൾ നേതൃത്വം നൽകും.

അന്നദാനം ഇല്ലാത്ത ആണ്ടുനേർച്ച

തിരൂരങ്ങാടി: മമ്പുറം മഖാം ചരിത്രത്തിൽ ഇതാദ്യമായാണ് അന്നദാനമില്ലാതെ ആണ്ടുനേർച്ച നടത്തുന്നത്. നേർച്ചയുടെ പ്രധാന ചടങ്ങായ അന്നദാനം സമാപന ദിവസം രാവിലെ എട്ട്മണി മുതലാണ് നടക്കാറുള്ളത്.

സംസ്ഥാനത്തിനകത്തും പുറത്തുനിന്നുമായി ജാതി മത ഭേദമന്യെ പതിനായിരങ്ങളാണ് അന്നദാനം സ്വീകരിക്കാനായി മമ്പുറത്തെത്താറുള്ളത്. ദാറുൽഹുദാ കാമ്പസിൽ പാചകം ചെയ്തു പ്രത്യേക പെട്ടികളിലാക്കി മമ്പുറത്തെത്തിച്ചാണ് അന്നദാനത്തിനുള്ള നെയ്ച്ചോർ പാക്കറ്റുകൾ വിതരണം ചെയ്തിരുന്നത്. കോവിഡ് നിയന്ത്രണങ്ങളും ആരോഗ്യവകുപ്പിന്റെ കർശന നിർദേശങ്ങളും പാലിക്കേണ്ട പ്രത്യേക സാഹചര്യത്തിൽ ഇത്തവണ അന്നദാനം നടത്താൻ സാധിക്കാത്തതിന്റെ വിഷമത്തിലാണ് മഖാം കമ്മിറ്റിയും.

സഹകരണ ഓണച്ചന്ത തുടങ്ങി

തേഞ്ഞിപ്പലം: പള്ളിക്കൽ സർവ്വീസ് സഹകരണ ബാങ്കിന്റെയും കൺസ്യൂമർഫെഡിന്റെയും സംയുക്താഭിമുഖ്യത്തിൽ ഉള്ള ഓണച്ചന്ത ആരംഭിച്ചു. ബാങ്ക് വൈസ് പ്രസിഡന്റ് വി. ചേക്കു ഉദ്ഘാടനം ചെയ്തു. നിത്യോപയോഗ സാധനങ്ങൾ വിലക്കുറവിൽ ആണ് വിൽപ്പന നടത്തുന്നത്. സി.അസീസ്,ഡോ.എ.കെ മുഹമ്മദ് കുട്ടി,പി.സി വാഹിദ് സമാൻതുടങ്ങിയവർ പങ്കെടുത്തു.

നഷ്ടപ്പെട്ടു

എന്റെ പേരിലുള്ള J 1988915 നമ്പറിലുള്ള പാസ്പോർട്ട് യാത്രാമദ്ധ്യേനഷ്ടപ്പെട്ടു. കണ്ടുകിട്ടുന്നവർ താഴെ കാണുന്ന വിലാസത്തിലോ അടുത്തുള്ള പൊലീസ് സ്റ്റേഷനിലോ അറിയിക്കുക.

ഷാജഹാൻ
കാപ്പിക്കുന്നുമ്മൽ (H)
കണ്ണാടിപ്പൊയിൽ
കോഴിക്കോട് 673612
Ph : 9961150405
8921336418

സർക്കാർ നിലപാട് അപകടകരം: കെഎസ്ടിയു

തേഞ്ഞിപ്പലം : ഒന്നാം തരം മുതൽ പ്ലസ് ടു വരെ ഓൺ ലൈൻ ക്ലാസുകൾ ആരംഭിച്ച് മൂന്ന് മാസമായിട്ടും അറബി, ഉർദു, സംസ്കൃതം ഭാഷകളെ പാടെ അവഗണിച്ചു കൊണ്ടുള്ള സർക്കാർ നിലപാട് സമൂഹത്തിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്ന് കെ.എസ്.ടി.യു മലപ്പുറം ജില്ലാ കമ്മിറ്റി മുന്നറിയിപ്പ് നൽകി.പ്രസിഡന്റ് മജീദ് കാടേങ്ങൽ അധ്യക്ഷത വഹിച്ചു.സംസ്ഥാന പ്രസിഡന്റ് അബ്ദുല്ല വാവൂർ ഉദ്ഘാടനം ചെയ്തു.

പള്ളിക്കൂടം കൂട്ടായ്മ ഓണക്കിറ്റ് നൽകി മാതൃകയായി

തേഞ്ഞിപ്പലം: മഹാമാരികാലത്തു അതിജീവനത്തിന്റ സന്ദേശവുമായി ചേലേമ്പ്ര എൻ എൻ എം എച്ച് എസ് സ്കൂളിലെ 2000- എസ് എസ് എൽ സി ബാച്ചിലെ പൂർവ വിദ്യാർത്ഥികളുടെ കൂട്ടായ്മയായ പള്ളിക്കൂടം വാ ട്സാപ്പ് കൂട്ടായ്മഓണക്കിറ്റ് നൽകി മാതൃകയായി . ഓണത്തോടനുബന്ധിച്ചു വളരെ പ്രയാസം അനുഭവിക്കുന്ന കൂട്ടായ്മയിലെയും സമീപ പ്രദേശങ്ങളിലെയും കുടുംബങ്ങൾക്കാണ് ഓണകിറ്റ് എത്തിച്ചു നൽകിയത് . പള്ളിക്കൂടം കൂട്ടായ്മയുടെ നേതൃത്വത്തിലുള്ള ഹെൽപ് ഡെസ്ക് പ്രവർത്തകരാണ് മാതൃക പ്രവർത്തനത്തിന് നേതൃത്വം നൽകിയത് . കിറ്റ് വിതരണത്തിന്റെ ഉദ്ഘാടനം എൻ എൻ എം എച്ച് എസ് സ്കൂൾ മാനേജർ നാരായണൻ നിർവഹിച്ചു.

കളഞ്ഞു കിട്ടിയ പേഴ്സ് തിരിച്ചേൽപ്പിച്ചു

തിരൂരങ്ങാടിയിൽ: പണവും വിലപ്പെട്ട രേഖകളും അടങ്ങിയ പേഴ്സ് തിരിച്ചേല്പിച്ച് കക്കാട് ഗുഡ്സ് ഓട്ടോ ഡ്രൈവർ സി.പി. അബ്ദുൽ അസീസ് മാതൃകയായി.

പണം, എടിഎം കാർഡ്, ആധാർ കാർഡ്, ഐഡി കാർഡ് തുടങ്ങിയ വിലപ്പെട്ട രേഖകൾ അടങ്ങിയ പേഴ്സ് രാവിലെ കക്കാട് നിന്ന് ലഭിക്കുകയായിരുന്നു.

തുടർന്ന് സോഷ്യൽ മീഡിയ വഴി നടത്തിയ അന്വേഷണത്തിൽ ഉടമസ്ഥനായ കരിങ്കപ്പാറ സ്വദേശി കെ.പി. മുഹമ്മദ് റാഷിദിനെ കണ്ടെത്തുകയായിരുന്നു.

കൊളപ്പുറത്തു നിന്ന് കരിങ്കപ്പാറ യിലേക്ക് പോകുന്ന യാത്രയിലാണ് പേഴ്സ് നഷ്ടപ്പെട്ടത്.

കെപിസിസി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ നടത്തിയ ഏകദിന ഉപവാസ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് മലപ്പുറം കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന സത്യാഗ്രഹം ജില്ലാ യുഡിഎഫ് ചെയർമ്മാൻ പി.ടി അജയ്മോഹൻ ഉദ്ഘാടനം ചെയ്യുന്നു.

സ്മൃതി കുടീരത്തിന്റെ ഗ്ലാസ് വാതിൽ തകർന്നു

തലശേരി : മലയാള സംഗീത ലോകത്തെ അനശ്വര പ്രതിഭ കെ.രാഘവൻ മാസ്റ്ററുടെ പ്രതിമയ്ക്ക് ചുറ്റും സംരക്ഷണ കവചം ഒരുക്കി സ്ഥാപിച്ച ഗ്ലാസ് ഡോറ് തകർന്ന നിലയിൽ. സെന്റിനറി പാർക്കിൽ അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്ന സ്ഥലത്ത് സ്ഥാപിച്ച പ്രതിമയ്ക്ക് സംരക്ഷണ കവചം ഒരുക്കി സ്ഥാപിച്ച ഗ്ലാസ് കൂടാരത്തിന്റെ വാതിൽ ആണ് തകർന്നത്തലശേരി സെന്റിനറി പാർക്കിൽ കടലോരത്ത് ഉദ്ദേശം 5 വർഷം മുമ്പേയാണ് രാഘവൻ മാസ്റ്ററുടെ പ്രതിമ സ്ഥാപിച്ചത്.പിന്നീട് പ്രതിമയ്ക്ക് കവചമായി ചുറ്റും ഗ്ലാസ് കൂടാരവും പണിതിരുന്നു. ഇതിൽ ഗ്ലാസ് കൂടാരത്തിന്റെ കൂറ്റൻ വാതിലാണ് തകർന്നത്. കോവിഡ് നിയന്ത്രണം ഉള്ളതിനാൽ പാർക്കിൽ സന്ദർശകർക്ക് പ്രവേശനം നിഷേധിച്ചിരുന്നു.അതു കൊണ്ട് തന്നെ ആളുകൾ ഈ ഭാഗത്തേക്ക് വരാറില്ല. അതിനാൽ ആരെങ്കിലും ഇത് തകർത്തതാണെന്ന് ബന്ധപ്പെട്ടവർ കരുതുന്നില്ല. കടൽ കാറ്റേറ്റ് വിജാ ഗിരി തുരുമ്പ് പിടിച്ച് നശിച്ചതാണ് ഗ്ലാസ് വാതിൽ തകരാൻ കാരണമെന്നാണ് പ്രാഥമിക നിഗമനം. പുതുതായി സ്ഥാപിക്കേണ്ട ഗ്ലാസ് വാതിലിന് ഘടിപ്പിക്കേണ്ട വിജ്യ ഗിരി ബാഗ്ലൂരിൽ നിന്നും കൊണ്ട് വരേണ്ടതാണ്. എന്നാൽ ലോക്ക് ഡൗൺ കാരണം വിജാ ഗിരി എത്തിക്കാനുള്ള തടസങ്ങളാണ് ഗ്ലാസ് മാറ്റി സ്ഥാപിക്കാൻ കാല താമസം ഉണ്ടാകുന്നതെന്ന് ബന്ധപ്പെട്ടവർ പറഞ്ഞു.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), E. Rudran Warrier (Executive Editor), Vol 13, Issue No. 229 RNI No. KERMAL/ 2009/ 31365 Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Room No .17/825- B21,22, Muallim Complex, Arayidathupalam, Kozhikode - 673004, Ph: 0495 2729088. Email: info@metrovaartha.com

തൃശൂർ 227 പേർക്ക് കൊവിഡ്

തൃശൂർ: ജില്ലയിൽ ഇന്നലെ 227 പേർക്ക് കൂടി കൊവിഡ് സ്ഥിരീകരിച്ചു. 90 പേർ രോഗമുക്തരായി. ജില്ലയിൽ രോഗബാധിതരായി ചികിത്സയിൽ കഴിയുന്നവരുടെ എണ്ണം 1077 ആണ്. തൃശൂർ സ്വദേശികളായ 50 പേർ മറ്റു ജില്ലകളിൽ ചികിത്സയിൽ കഴിയുന്നു. ഇതുവരെ രോഗം സ്ഥിരീകരിച്ചവരുടെ എണ്ണം 3450 ആണ്. ഇതുവരെ രോഗമുക്തരായത് 2338 പേർ.രോഗം സ്ഥിരീകരിച്ചവരിൽ 223 പേരും സമ്പർക്കം വഴി കൊവിഡ് പോസിറ്റീവ് ആയവരാണ്. ഇതിൽ 17 പേരുടെ രോഗഉറവിടമറിയില്ല. അമല ക്ലസ്റ്റർ 9, ചാലക്കുടി ക്ലസ്റ്റർ 11, ഇരിങ്ങാലക്കുട ക്ലസ്റ്റർ 4, വാടാനപ്പള്ളി ജനത ക്ലസ്റ്റർ 28, അംബേദ്കർ കോളനി ക്ലസ്റ്റർ 01, ശക്തൻ ക്ലസ്റ്റർ 2, ദയ ക്ലസ്റ്റർ 4 ആരോഗ്യപ്രവർത്തകർ ഉൾപ്പെടെ 5, സ്വകാര്യ ആശുപത്രിയിലെ ആരോഗ്യപ്രവർത്തകർ 2, മറ്റ് സമ്പർക്കം 144 , മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് എത്തിയവർ 2, വിദേശത്ത് നിന്ന് തിരിച്ചെത്തിയവർ 2 എന്നിങ്ങനെയാണ് രോഗസ്ഥിരീകരണത്തിന്റെ കണക്ക്.രോഗം സ്ഥിരീകരിച്ച് തൃശൂർ ഗവ. മെഡിക്കൽ കോളെജിലും മറ്റ് ആശുപത്രികളിലും കൊവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെൻറ് സെൻററുകളിലുമായി കഴിയുന്നവർ. ചൊവ്വാഴ്ചയിലെ കണക്ക്:ഗവ. മെഡിക്കൽ കോളെജ് തൃശൂർ - 70, സി.എഫ്.എൽ.ടി.സി ഇ.എസ്.ഐ -നെഞ്ചുരോഗാശുപത്രി മുളങ്കുന്നത്തുകാവ്- 50, എം. സി. സി. എച്ച്. മുളങ്കുന്നത്തുകാവ്-43, ജി.എച്ച് തൃശൂർ-15, കൊടുങ്ങലൂർ താലൂക്ക് ആശുപത്രി - 21, കില ബ്ലോക്ക് 1 തൃശൂർ-77, കില ബ്ലോക്ക് 2 തൃശൂർ- 58, വിദ്യ സി.എഫ്.എൽ.ടി.സി ബ്ലോക്ക് 1 വേലൂർ-145, വിദ്യ സി.എഫ്.എൽ.ടി.സി ബ്ലോക്ക് 2 വേലൂർ-131, എം. എം. എം. കൊവിഡ് കെയർ സെന്റർ തൃശൂർ-35, ചാവക്കാട് താലൂക്ക് ആശുപത്രി -17, ചാലക്കുടി താലൂക്ക് ആശുപത്രി -11, സി.എഫ്.എൽ.ടി.സി കൊരട്ടി - 50, കുന്നംകുളം താലൂക്ക് ആശുപത്രി -12, ജി.എച്ച് . ഇരിങ്ങാലക്കുട - 9, ഡി .എച്ച്. വടക്കാഞ്ചേരി - 7, ജൂബിലി മിഷൻ മെഡിക്കൽ കോളെജ് തൃശൂർ -11, അമല ഹോസ്പിറ്റൽ തൃശൂർ - 76, എലൈറ്റ് ഹോസ്പിറ്റൽ തൃശൂർ -1, ഹോം ഐസോലേഷൻ - 11.നിരീക്ഷണത്തിൽ കഴിയുന്ന 9365 പേരിൽ 8317 പേർ വീടുകളിലും 1048 പേർ ആശുപത്രികളിലുമാണ്. കൊവിഡ് സംശയിച്ച് 129 പേരേയാണ് ആശുപത്രിയിൽ പുതിയതായി പ്രവേശിപ്പിച്ചിട്ടുള്ളത്. 790 പേരെ ഇന്നലെ നിരീക്ഷണത്തിൽ പുതിയതായി ചേർത്തു. 627 പേരെ നിരീക്ഷണ കാലഘട്ടം അവസാനിച്ചതിനെ തുടർന്ന് നിരീക്ഷണ പട്ടികയിൽ നിന്നും ഒഴിവാക്കി.

ഇരിങ്ങാലക്കുട പവിത്ര വെഡിങ്സിൽ ഓണം മെഗാ സെയിൽ

തൃശൂർ: ഇരിങ്ങാലക്കുട പവിത്ര വെഡിങ്സിൽ ഓണത്തോടനുബന്ധിച്ച് മെഗാ ബഡ്ജറ്റ് സെയിൽ ആരംഭിച്ചിരിക്കുന്നു. കൊറോണക്കാലത്ത് ഏറ്റവും കുറഞ്ഞ നിരക്കിൽ പുത്തൻ ഓണക്കോടിയും വിവാഹ വസ്ത്രങ്ങളും വാങ്ങാം. ബ്രാന്റഡ് വസ്ത്രങ്ങൾ, വിവാഹ വസ്ത്രങ്ങൾ എന്നിവ ഉൾപ്പടെ എല്ലാ വസ്ത്രങ്ങൾക്കും 10 ശതമാനം മുതൽ 60 ശതമാനം വരെ വിലകിഴിവ് ഉണ്ട്. സാരി, ചുരിദാർ, മുണ്ട്, ജീൻസ്, കുട്ടികൾക്കുള്ള വസ്ത്രങ്ങൾ, ഫോർമൽ വെയർ, കാഷ്വൽ വെയർ തുടങ്ങി എല്ലാ വസ്ത്രങ്ങളുടെയും പുത്തൻ മോഡലുകൾ ഓണത്തിനായി പവിത്ര വെഡിങ്സിൽ ഒരുക്കിയിട്ടുണ്ട്. കൊവിഡ് നിയന്ത്രണങ്ങൾ പാലിച്ചാണ് വിൽപ്പന ഒരുക്കിയിരിക്കുന്നത്.

ദുരിതാശ്വാസ നിധിയിലേക്ക് തുക കൈമാറി

കൊടുങ്ങല്ലൂർ: ബിരിയാണി ചലഞ്ചിലൂടെ നേടിയ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൈമാറി.ഹെഡ്‌ലോഡ് & ജെനറൽ വർക്കേഴ്സ് യൂണിയൻ സി.ഐ.റ്റി.യു കോട്ടപ്പുറം പലചരക്ക് വൺ എ പൂളിന്റെ നേത്രത്വത്തിൽ ആഗസ്റ്റ് 15ന് നടത്തിയ ബിരിയാണി ചലഞ്ജിലൂടെ സമാഹരിച്ച 40000 രൂപയാണ് മുഖ്യമന്ത്രിയുടെ ദുരിതശ്വാസ ഫണ്ടിലേക്ക് കൈമാറിയത്.സി.ഐ.റ്റി.യു പ്രവർത്തകൻ കെ.കെ. ഷാനവാസിൽ നിന്ന് ജില്ലാ പ്രസിഡന്റ് കെ.കെ. രാമകൃഷ്ണൻ ഏറ്റ് വാങ്ങി. യൂണിയൻ സെക്രട്ടറി കെ.എസ്. കൈസാബ് പ്രസിഡന്റ് പി.ജെ.ജോസി, ഏരിയ സെക്രട്ടറി സിദ്ധാർത്ഥൻ, പ്രസിഡന്റ് കെ.എം. മുസ്താഖ് അലി, യൂണിയൻ ജോയിന്റ് സെക്രട്ടറി കെ.ബി.മുജീബ് എന്നിവർ സംസാരിച്ചു.

1000 വീടുകളുടെ നിർമാണ പൂർത്തീകരണ പ്രഖ്യാപനം നാളെ

കൊടുങ്ങല്ലൂർ: സംസ്ഥാന സർക്കാരിന്റെ സമ്പൂർണ ഭവന പദ്ധതിയിൽ കൊടുങ്ങല്ലൂർ നഗരസഭയുടെ പി.എം.എ.വൈ. - ലൈഫ് പദ്ധതി പ്രകാരം പാവപ്പെട്ടവർക്ക് നിർമിച്ച് നൽകുന്ന 1000 വീടുകളുടെ നിർമാണ പൂർത്തീകരണ പ്രഖ്യാപനം മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനിൽ നിർവഹിക്കും. നാളെ 11.30 ന് നടക്കുന്ന പരിപാടിയിൽ തദ്ദേശഭരണ വകുപ്പ് മന്ത്രി എ.സി.മൊയ്തീൻ അധ്യക്ഷത വഹിക്കും. വി.ആർ.സുനിൽകുമാർ എംഎൽഎ, ബെന്നി ബഹനാൻ എംപി, കുടുംബശ്രീ മിഷൻ കോ-ഓഡിനേറ്റർ ഹരി കിഷോർ, ജില്ലാ കലക്റ്റർ ഷാനവാസ് എന്നിവർ പങ്കെടുക്കും. ഏറ്റവും കൂടുതൽ വീടുകൾ നിർമിച്ചു നൽകിയ നഗരസഭയ്ക്കുള്ള സംസ്ഥാന സർക്കാരിന്റെ ജില്ലയിലെ പുരസ്കാരം കൊടുങ്ങല്ലൂർ നഗരസഭയ്ക്ക് ലഭിക്കുകയുണ്ടായി. സർക്കാരിന്റെ പഴയ പല പദ്ധതികളിലും നിർമാണം പൂർത്തിയാക്കുവാൻ കഴിയാതിരുന്ന വീടുകളിൽ നൂറ് ശതമാനം പൂർത്തീകരിച്ചതിനും സംസ്ഥാന സർക്കാർഅവാർഡ് ലഭിച്ചിരുന്നു. വീട് നിർമാണത്തിനായി സർക്കാർ ധനസഹായത്തിന് പുറമെ 3 കോടി 54 ലക്ഷം രൂപ നഗരസഭ ബാങ്ക് വായ്പ എടുത്തിരുന്നു. പദ്ധതിയിൽ ഉൾപ്പെട്ട ശേഷിക്കുന്ന 127 വീടുകളുടെ പണിയും പൂർത്തീകരിച്ചു കൊണ്ടിരിക്കുന്നു. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി വഴി ഭവനനിർമാണത്തിൽഏറ്റവും കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകി സംസ്ഥാനത്തെ ഒന്നാമത്തെ തദ്ദേശഭരണ സ്ഥാപനമായ നഗരസഭ തെരഞ്ഞെടുക്കപ്പെട്ടു.

തെക്കുംകര പഞ്ചായത്തിലെ സേവനങ്ങൾ ഇനി വിരൽ തുമ്പിൽ

വടക്കാഞ്ചേരി: തെക്കുംകര ഗ്രാമ പഞ്ചായത്തിലെ സേവനങ്ങൾ ഇനി മുതൽ വിരൽ തുമ്പിൽ ലഭ്യമാകും. പഞ്ചായത്തിൽ പോകാതെ, എല്ലാ വിധ സേവനങ്ങളും ഐഎൽജിഎംഎസ് ഓൺലൈൻ സംവിധാനം നടപ്പിലാക്കുന്നു. പൂർണമായുംവെബ് അധിഷ്ഠിതമായ സംവിധാനത്തിലൂടെ സ്മാർട്ട് ഫോൺ ഉപയോഗിച്ച് ഏവിടെ നിന്നു വേണമെങ്കിലും പഞ്ചായത്തിന്റെ സേവനങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്. കൂടാതെ അക്ഷയ കേന്ദ്രങ്ങൾ, ഹെൽപ്പ് ഡെസ്ക്കുകൾ മുഖേനയും പൊതുജനങ്ങൾക്ക് അപേക്ഷകൾ സമർപ്പിക്കാം. അപേക്ഷയോടൊപ്പം അനുബന്ധ രേഖകളും സ്കാൻ ചെയ്ത് സമർപ്പിക്കണം. വിദൂര സ്ഥലങ്ങളിൽ നിന്നു പോലും സ്വന്തം പഞ്ചായത്തിലെ സേവനങ്ങൾ ഉപയോഗിക്കുവാൻ ഈ സംവിധാനത്തിലൂടെ സാധിക്കുന്ന ആദ്യ ഘട്ടത്തിൽ സംസ്ഥാനത്ത് 150 ഗ്രാമ പഞ്ചായത്തുകളിലാണ് ഐ. എൽ.ജി.എം.എസ് നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി ജില്ലയിലെ 11 ഗ്രാമ പഞ്ചായത്തുകളിൽ സേവനം ലഭ്യമാകും. ഈ സംവിധാനം നിലവിൽ വരുന്നതോടെ തദ്ദേശ സ്ഥാപനങ്ങളിൽ വ്യത്യസ്ത പ്രവർത്തനങ്ങൾ നിർവഹിക്കുന്ന, വ്യത്യസ്ത ആപ്ലിക്കേഷനുകൾ ഒറ്റ പ്ലാറ്റ്ഫോമിൽ ലഭ്യമാകും. അപേക്ഷകർക്ക് വെബ് സൈറ്റിൽ പ്രവേശിച്ച് സ്വന്തം യൂസർ ഐഡി തയ്യാറാക്കി ഓൺലൈനായി അപേക്ഷകൾ തയ്യാറാക്കാനും, തൽസ്ഥിതി യഥാസമയം അറിയുവാനും സാധിക്കും. തെക്കുംകര പഞ്ചായത്തിൽ ഐ എൽ ജി എം എസ് സംവിധാനം ഇന്നു മുതൽ പ്രവർത്തനം ആരംഭിക്കുമെന്ന് സെക്രട്ടറി അറിയിച്ചു.

ഓണ വിപണിയിലെ സർക്കാർ ഇടപെടൽ വിലക്കയറ്റത്തെ പിടിച്ചുനിർത്തുന്നു: മന്ത്രി

മാള: ഓണ വിപണിയിയിലെ സർക്കാരിന്റെ ഇടപെടൽ വിലക്കയറ്റത്തെ പിടിച്ചു നിർത്താൻ സഹായിച്ചെന്ന് ഭക്ഷ്യ-പൊതു വിതരണ വകുപ്പ് മന്ത്രി പി തിലോത്തമൻ പറഞ്ഞു. കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിലെ ആദ്യത്തെ സപ്ലൈകോ മാവേലി സൂപ്പർ മാർക്കറ്റിന്റെ ഉദ്ഘാടനം പൊയ്യ പഞ്ചായത്തിലെ പൂപ്പത്തിയിൽ വീഡിയോ കോൺഫറൻസിലൂടെ നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. ഓൺലൈൻ മാർക്കറ്റിങ് സംവിധാനത്തിലൂടെ സാധനങ്ങൾ വീടുകളെത്തിക്കുന്ന പദ്ധതി സപ്ലൈകോ നടപ്പാക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.വി.ആർ.സുനിൽകുമാർ എം.എൽ.എ. അധ്യക്ഷത വഹിച്ചു. മാള ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഇ.കേശവൻകുട്ടി മുഖ്യാതിഥിയായി. പൊയ്യ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സിജി വിനോദ് ആദ്യ വിൽപ്പന നിർവ്വഹിച്ചു. വൈസ് പ്രസിഡന്റ് സിബി ഫ്രാൻസിസ്, സ്ഥിരം സമിതി അധ്യക്ഷയായ സരോജ വേണുശങ്കർ, ഹെൻസി ഷാജു, പി.എം.അയ്യപ്പൻകുട്ടി, ബ്ലോക്ക് പഞ്ചായത്ത് അംഗം സോനാ കെ.കരീം, ജില്ലാ സപ്ലൈ ഓഫീസർ അയ്യപ്പദാസ് തുടങ്ങിയവർ പങ്കെടുത്തു. രാവിലെ 9.30 മുതൽ ഉച്ചക്ക് 1 മണി വരെയും ഉച്ചക്ക് 2.30 മുതൽ രാത്രി 7 വരെയുമാണ് സൂപ്പർ മാർക്കറ്റിന്റെ പ്രവർത്തനം. കൊറോണ കാലത്തു രാവിലെ 10 മുതൽ വൈകുന്നേരം 5 മണി വരെയായി പ്രവർത്തന സമയം ക്രമീകരിച്ചിട്ടുണ്ട്.

കൊവിഡ്: കലാകാരൻമാരുടെ ജീവിതം ദുരിതത്തിൽ

കുന്നംകുളം: കൊവിഡ് കാലത്ത് കല കൊണ്ട് ഉപജീവനം നടത്തുന്ന കലാകാരൻമാരുടെ ജീവിതം വലിയ ദുരിതത്തിലാണ്. ഈ വർഷത്തെയും അടുത്ത വർഷത്തെയും സീസൺ നഷ്ടപ്പെടുന്ന സാഹചര്യത്തിൽ നിത്യജീവിതത്തിന് പോലും ബുദ്ധിമുട്ടുന്ന സ്ഥിതിയിലാണ് ഭൂരിഭാഗം കലാകാരൻമാരും. ആരോഗ്യമുള്ളവർ മറ്റ് തൊഴിൽ മേഖലയിൽ പണിയെടുത്ത് വരുമാനം കണ്ടെത്തുന്നുണ്ട്. എന്നാൽ ഈ മേഖലയിലുള്ള ബഹുഭൂരിപക്ഷം പേരും മറ്റു തൊഴിൽ മേഖലകളിൽ ജോലി ചെയ്യാനുള്ള ആരോഗ്യസ്ഥിതിയുള്ളവരല്ല. സർക്കാരിന്റെ ഭാഗത്ത് നിന്ന് കൊവിഡ് കാലത്ത് രണ്ട് മാസങ്ങളിലായി ആയിരം രൂപ വീതം ധനസഹായം ലഭിച്ചുവെങ്കിലും കലാകാരൻമാരെ സംബന്ധിച്ച് ആ തുക പരിമിതമാണ്. അനർഹരായ പലർക്കും സഹായം ലഭിച്ചപ്പോൾ അർഹതപ്പെട്ട പലർക്കും സർക്കാരിന്റെ സഹായം കിട്ടാതെ പോകുകയും ചെയ്തു. ഈ ഓണക്കാലത്തും ദുരിത സമാനമായ ജീവിതം നയിക്കുന്ന കലാകാരൻമാരെ സഹായിക്കാൻ സർക്കാർ തയ്യാറാകണമെന്ന് കലാകാരൻമാരുടെ സംഘടനയായ നൻമ ആവശ്യപ്പെട്ടു. രണ്ട് മാസം നൽകിയ സഹായം തുടർന്നും അനുവദിക്കാനും സൗജന്യ ചികിത്സയും, റേഷനും അനുവദിക്കാനും സർക്കാർ തയ്യാറകണമെന്നും നൻമ സംസ്ഥാന ജനറൽ സെക്രട്ടറി രവി കേച്ചേരി ആവശ്യപ്പെട്ടു. 60 വയസ് കഴിഞ്ഞ മുഴുവൻ കലാകാരൻമാരെയും കലാകാര ക്ഷേമനിധിയിൽ അംഗങ്ങളാക്കി പെൻഷൻ നൽകണം. നൃത്ത-സംഗീത-താളവാദ്യ മേഖലയിലുള്ള സ്ഥാപനങ്ങൾ അടച്ചിട്ടിരിക്കുകയാണ്. ഈ സ്ഥാപനങ്ങളിലെ അധ്യാപകർ ഉൾപ്പെടെയുള്ളവരുടെയും ജീവിതം ദുരിത സമാനമാണ്. ആറ് മാസത്തിലേറെയായി അടഞ്ഞ് കിടക്കുന്ന സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കാനുള്ള അനുവാദം നൽകണമെന്നും സംഘടന ആവശ്യപ്പെടുന്നു. 17 ആവശ്യങ്ങൾ അടങ്ങുന്ന നിവേദനം നൻമ ഭാരവാഹികൾ സർക്കാരിന് മുൻപിൽ സമർപ്പിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഉചിതമായ തീരുമാനമുണ്ടാകുമെന്ന പ്രതീക്ഷയിലാണ് നൻമ സംഘടനയുടെ ഭാരവാഹികളും കലാകാരൻമാരും.

കൊടകരയിൽ അജ്ഞാത വാഹനമിടിച്ച് വൃദ്ധൻ മരണപ്പെട്ട സംഭവം

പ്രതി ഒന്നര മാസത്തിനുശേഷം പിടിയിൽ

ചാലക്കുടി: കൊടകരയിൽ മേൽപാലം അവസാനിക്കുന്നതിന് സമീപം ദേശീയ പാതയിൽ റോഡിലൂടെ നടന്നു പോയിരുന്ന യാത്രക്കാരനെ വാഹനമിടിച്ച ശേഷം വാഹനം നിർത്താതെ പോകുകയും വഴിയാത്രക്കാരൻ മരണപ്പെടുകയും ചെയ്ത സംഭവത്തിൽ പ്രതിയെ വിദഗ്ദമായ അന്വേഷണത്തിനൊടുവിൽ ചാലക്കുടി ഡി.വൈ.എസ്.പി. സി.ആർ.സന്തോഷ് അറസ്റ്റ് ചെയ്തു. തമിഴ്നാട് ധർമ്മപുരി ജില്ല കൊളഗത്തൂർ സ്വദേശി മുനുസാമി ശിവകുമാർ (42 വയസ്) ആണ് അറസ്റ്റിലായത്. ഇയാൾ ഓടിച്ചിരുന്ന വാഹനവും പിടിച്ചെടുത്തു.കഴിഞ്ഞ മാസം പത്താം തിയതിയാണ് കേസിനാസ്പദമായ സംഭവം ഉണ്ടായത്. അന്ന് ഉച്ചതിരിഞ്ഞ് രണ്ടു മണിയോടെയാണ് മറ്റത്തൂർ സ്വദേശി പുതുവത്ത് വീട്ടിൽ അച്യുതൻ എന്ന അറുപതുവയസുകാരൻ അജ്ഞാത വാഹനമിടിച്ച് മരണപ്പെട്ടത്. സംഭവ സ്ഥലത്ത് നിന്ന് യാതൊരു തെളിവും ലഭിക്കാതിരുന്ന കേസിൽ തൃശൂർ റൂറൽ ജില്ലാ പൊലീസ് മേധാവി വിശ്വനാഥ്. ആർ. ഐ.പി.എസിന്റെ നിർദേശാനുസരണം പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് ചാലക്കുടി ഡി.വൈ.എസ്.പി. സി. ആർ. സന്തോഷ് ,കൊടകര. സി.ഐ അരുൺ എന്നിവരുടെ നേതൃത്വത്തിൽ എ എസ്ഐമാരായ ജിനു മോൻ തച്ചേത്ത്, റോയ് പൗലോസ്, പി.എം മൂസ, ഇ.വി വിനോദ് സീനിയർ സിപിഒമാരായ വി.യു സിൽജോ, റെജി എ.യു, ഷിജോ തോമസ് എന്നിവരെ ഉൾപ്പെടുത്തി അന്വേഷണം നടത്തി വരികയായിരുന്നു. ഇതര സംസ്ഥാന നമ്പർ പ്ലേറ്റുള്ള ലോറികളാണ് ആ സമയം ദേശീയ പാതയിലൂടെ പോയിരുന്നത് എന്ന അന്വേഷണ സംഘത്തിന്റെ നിഗമനത്തിൽ അന്നേ ദിവസം പാലക്കാട് ,തൃശൂർ ജില്ലകളിലുടെ സഞ്ചരിച്ച വാഹനങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് അന്വേഷണങ്ങൾ നടത്തുകയും അതിൽ നിന്ന് എറണാകുളം ഭാഗത്തേക്ക് പോയ വണ്ടികളുടെ പട്ടിക തയ്യാറാക്കുകയും അന്വേഷണം തമിഴ് നാട്ടിലേക്ക് വ്യാപിപിക്കുകയും ചെയ്യുകയായിരുന്നു.ഇന്നലെ കസ്റ്റഡിയിലായ വാഹനം കേരളത്തിലേക്ക് വരുന്നതായി അറിഞ്ഞ അന്വേഷണ സംഘം ദേശീയ പാതയിൽ വിവിധ സ്ഥലങ്ങളിൽ നിലയുറപ്പിക്കുകയും മണിക്കൂറുകളോളം നീണ്ട നിരീക്ഷണത്തിനൊടുവിൽ കുട്ടനെല്ലൂരിൽ വച്ച് വാഹനം പിടികൂടി കൊടകരയിലെത്തിക്കുകയായിരുന്നു. തുടർന്ന് നടത്തിയ ചോദ്യം ചെയ്യലിൽ അപകടത്തെ കുറിച്ച് യാതൊരു അറിവ് ഇല്ല എന്നും കഴിഞ്ഞ അഞ്ച് വർഷമായി കേരളത്തിലേക്ക് വന്നിട്ടില്ല എന്നും ശിവകുമാർ കളവ് പറഞ്ഞെങ്കിലും പൊലീസ് ശാസ്ത്രീയ അന്വേഷണ തെളിവുകൾ നിരത്തിയപ്പോൾ കുറ്റം സമ്മതിക്കുകയുമായിരുന്നു. യാതൊരു വിധ തെളിവുകളും കിട്ടാതിരുന്ന ഈ കേസിൽ അപകടത്തിന് കാരണമായ വാഹനം കണ്ടെത്തിയതും പ്രതിയെ പിടികൂടാനായതും തൃശൂർ റൂറൽ പൊലീസിന്റെ മറ്റൊരു നേട്ടമായി മാറി.

അറസ്റ്റിലായ പ്രതി

മാലിന്യവിമുക്ത തൃശൂർ; കൈകോർത്ത് ഹരിത കേരളം മിഷൻ

തൃശൂർ: മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം പ്രഖ്യാപിക്കാനൊരുങ്ങി ജില്ലയിലെ 70ഓളം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ. സംസ്ഥാന സർക്കാരിന്റെ പന്ത്രണ്ടിന പരിപാടിയിൽ ഉൾപ്പെടുത്തി ഖരമാലിന്യ സംഭരണവും ശേഖരണവും സംസ്കരണവും ശാസ്ത്രീയമായി നടപ്പിലാക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വ പദവി നൽകാനാണ് ഹരിത കേരളം മിഷൻ തയ്യാറെടുക്കുന്നത്. ആദ്യഘട്ടത്തിൽ 30ന് മുൻപായി 20 പഞ്ചായത്തുകളും കുന്നംകുളം, ഇരിങ്ങാലക്കുട എന്നീ നഗരസഭകളും ശുചിത്വ പദവി പ്രഖ്യാപനം നടത്തും. ജില്ലാ കലക്റ്റർ ചെയർമാനായ മൂല്യ നിർണയ സമിതി പരിശോധിച്ച ശേഷമാണ് സർട്ടിഫിക്കറ്റ് നൽകുക. ഇവയ്ക്ക് പുറമെ അഞ്ച് നഗരസഭകൾ ഉൾപ്പെടെ 53 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സെപ്റ്റംബർ 10ന് മുൻപ് ശുചിത്വ പ്രഖ്യാപനത്തിനുള്ള തയ്യാറെടുപ്പിലാണ്.ഗാർഹിക-സ്ഥാപന തലത്തിൽ ജൈവ മാലിന്യങ്ങൾ ഉറവിടങ്ങളിൽ സംസ്കരിക്കുന്നതിന് വേണ്ട സംവിധാനമൊരുക്കുക, അജൈവ മാലിന്യങ്ങൾ ഹരിത കർമ്മസേന വഴി വീടുകളിൽ ചെന്ന് ശേഖരിക്കുക, പ്ലാസ്റ്റിക് കത്തിക്കുന്നതും ജലസ്രോതസുകളിൽ ഉപേക്ഷിക്കുന്നതും തടയുക എന്നിവയ്ക്ക് ഊന്നൽ നൽകിയുള്ള പ്രവർത്തനങ്ങളാണ് നടക്കുക. കൂടാതെ ഉപയോഗയോഗ്യമായ പൊതുശൗചാലയങ്ങൾ, പ്ലാസ്റ്റിക് ശേഖരണ കേന്ദ്രങ്ങളുടെ ലഭ്യത, ഹരിത കർമ്മസേനയ്ക്ക് പ്രത്യേക ഫണ്ട് അനുവദിക്കൽ, മാലിന്യം വലിച്ചെറിയൽ, കത്തിക്കൽ എന്നിവയ്ക്കെതിരെയുള്ള നിയമനടപടികൾ, സ്ഥാപന പരിധിയിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കൽ എന്നീ ഘടകങ്ങളാണ് ശുചിത്വ പദവി മൂല്യ നിർണയത്തിന്റെ മാനദണ്ഡങ്ങൾ. ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ ശുചിത്വ മിഷൻ, പഞ്ചായത്ത് നഗരകാര്യ ഗ്രാമവികസന വകുപ്പ്, കുടുംബശ്രീ, തൊഴിലുറപ്പ്, ക്ലീൻ കേരള കമ്പനി എന്നീ വകുപ്പുകളുടെ ഏകോപിപ്പിച്ചാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

കൺവെൻഷൻ

കൊരട്ടി: കേരളത്തിലെ അസംഘടിത മേഖലയായ വഴിയോര കച്ചവടക്കാരുടെ യൂണിയൻ(സി.ഐ.ടി.യു) കൊരട്ടി പഞ്ചായത്ത്തല കൺവെഷനും കാർഡ് വിതരണവും ജില്ലാ പഞ്ചായത്ത് അംഗം അഡ്വ.കെ.ആർ. സുമേഷ് ഉദ്ഘാടനം ചെയ്തു. യൂണിയൻ പ്രസിഡന്റ് ബഷീർ കെ. എ അധ്യക്ഷത വഹിച്ചു. ചാലക്കുടി ഏരിയ സെക്രട്ടറി ടി.ഒ.വിൻസന്റ്, എം.സിദിഖ്, കെ.എസ്.സുനിൽകുമാർ എന്നിവർ പ്രസംഗിച്ചു.52 തൊഴിലാളികൾക്കുള്ള ക്ഷേമനിധി അംഗത്വവും, കാർഡ് വിതരണവും ആണ് കൺവെൻഷനിൽ വച്ച് നടത്തിയത്.

തൊഴിലാളികൾക്ക് സഹായം

ചാലക്കുടി : അടച്ചു പൂട്ടിക്കിടക്കുന്ന കൊരട്ടി വൈഗൈ ത്രഡ്സ് കമ്പനിയിലെ 195 തൊഴിലാളികൾക്ക് ഓണക്കാലത്ത് എക്സ്ഗ്രേഷ്യ - സഹായമായി രണ്ടായിരം രൂപവീതം സംസ്ഥാന തൊഴിൽ വകുപ്പ് നൽകാൻ നടപടി സ്വീകരിച്ചതായി ബി.ഡി.ദേവസി എം.എൽ.എ.അറിയിച്ചു. ഇതു സംബന്ധിച്ച് നടപടി സ്വീകരിക്കണമെന്ന് എം.എൽ.എ. തൊഴിൽ വകുപ്പ് മന്ത്രി ടി.പി.രാമകൃഷ്ണ നോട് അഭ്യർത്ഥിച്ചിരുന്നു. തൊഴിൽ വകുപ്പ് തൃശൂർ ,ജില്ലയിലെ ഫാക്ടറി തൊഴിലാളികൾക്ക് എക്സ് ഗ്രേഷ്യ അനുവദിച്ചതിൽ വൈഗൈ ത്രഡ്സ് കമ്പനിയിലെ 195 തൊഴിലാളികളേയും ഉൾപ്പെടുത്തിയിട്ടുണ്ടെന്നും തുക ബാങ്കിലേക്ക് ട്രാൻസ്ഫർ ചെയതിട്ടുണ്ട് എന്നും അടുത്ത ദിവസം തന്നെ വിതരണം ചെയ്യുമെന്നും ജില്ലാ ലേബർ ഓഫീസർ അറിയിച്ചു.

പ്രതികളെ പൊലീസ് അറസ്റ്റ് ചെയ്യാത്തതിൽ കോൺഗ്രസ് പ്രതിഷേധം

ഒല്ലൂർ: വില്ലേജ് ഓഫീസറെ കയ്യേറ്റം ചെയ്യുകയും മാനസികമായി പീഡിപ്പിക്കുകയും ചെയ്ത സംഭവത്തിലെയും, ഗർഭിണിയായ വീട്ടമ്മയെ ഭീഷണപ്പെടുത്തി വേലിപൊളിക്കുകയും ചെയ്ത സംഭവത്തിലെ പ്രതികളെ പൊലീസ് അറസ്റ്റ് ചെയ്യാത്തതിൽ കോൺഗ്രസ് പുത്തൂർ മണ്ഡലം കമ്മിറ്റി ശക്തമായി പ്രതിഷേധിച്ചു. പൊലീസിന്റെ മുന്നിലൂടെ പ്രതികൾ നടക്കുമ്പോഴും ഇവരെ അറസ്റ്റ് ചെയ്യാതെ സാധാരണക്കാരായ ജനങ്ങളെ കോറോണയുടെ പോരിൽ കേസ് എടുത്ത് ഫൈൻ ഈടാക്കാനാണ് പൊലീസ് ശ്രമിക്കുന്നത് എന്നും വാർത്താ സമ്മേളനത്തിൽ കോൺഗ്രസ് ഭാരവാഹികൾ ആരോപിച്ചു. ബ്ലോക്ക് പ്രസിഡണ്ട് ജെയ്ജു സെബാസ്റ്റിയൻ, മണ്ഡലം പ്രസിഡണ്ട് നന്ദൻ കുന്നത്ത്, പ്രതിപക്ഷ നേതാവ് ടി.കെ. ശ്രീനിവാസൻ തുടങ്ങിയവർ വാത്താസമ്മേളനത്തിൽ പറഞ്ഞു

ഗ്രീൻ പുല്ലൂർ ഓണവിപണി പ്രവർത്തനം ആരംഭിച്ചു

ഇരിങ്ങാലക്കുട : പുല്ലൂർ സർവീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ പുല്ലൂരിൽ ഓണചന്തക്ക് തുടങ്ങി. പ്രൊഫ : കെ.യു അരുണൻ എം.എൽ.എ. ഓണച്ചന്തയുടെ ഉദ്ഘാടനം നിർവഹിച്ചു. ബാങ്ക് പ്രസിഡന്റ് ജോസ്.ജെ.ചിറ്റിലപ്പിള്ളി അധ്യക്ഷനായിരുന്നു. പച്ചക്കറികൾ, പലവ്യഞ്ജനങ്ങൾ, കുടുംബശ്രീ ഉൽപന്നങ്ങൾ ,തത്സമയ കായ വറുക്കൽ കേന്ദ്രം തുടങ്ങി വ്യത്യസ്തങ്ങളായിട്ടുള്ള ഓണത്തോടനുബന്ധിച്ച ഉൽപന്നങ്ങളുടെ വിപണനമാണ് ഓണനാളുകളിൽ ലക്ഷ്യമിടുന്നത്. 30 ന് വൈകുന്നേരം ഓണച്ചന്ത സമാപിക്കും.വാർഡ് അംഗം തോമസ് തൊകലത്ത് ആശംസയർപ്പിച്ചു. ബാങ്ക്വൈസ് പ്രസിഡന്റ് കെ.സി ഗംഗാധരൻ സ്വാഗതവും സെക്രട്ടറി സപ്ന സി.എസ് നന്ദിയും പറഞ്ഞു.

ലൈഫ് മിഷൻ ഫ്ലാറ്റ് നിർമാണം സമയ ബന്ധിതമായി പൂർത്തീകരിക്കാൻ തീരുമാനം

വടക്കാഞ്ചേരി: ചരൽ പറമ്പിൽ നടക്കുന്ന ലൈഫ് മിഷൻ ഫ്ലാറ്റ് നിർമാണം സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് അവശ്യമായ എല്ലാ സഹായങ്ങളും നൽകുന്നതിന് നഗരസഭ കൗൺസിൽ യോഗം തീരുമാനിച്ചു. നഗരസഭ കൗൺസിൽ ഏകകണ്ഠമായിട്ടാണ് ഫ്ലാറ്റ് നിർമാണം സംബന്ധിച്ച എല്ലാ തീരുമാനങ്ങളും എടുത്തിട്ടുള്ളത്. ഫ്ലാറ്റ് നിർമാണത്തിന് ഫയർ എൻ ഒ സി ലഭിച്ചിട്ടില്ല എന്ന് പ്രതിപക്ഷ ആരോപണം വസ്തുതാപരമല്ല. .പെർമിറ്റ് അനുവദിച്ചിട്ടുള്ള സമയത്തെ കെ എം ബി ആർ റൂൾസ് പ്രകാരം 1000 ചതുരശ്ര മീറ്റർ അടിത്തറ വിസ്തീർണമുള്ള കെട്ടിടങ്ങൾകും 15 മീറ്റർ ഉയരമുള്ള കെട്ടിങ്ങൾക്കും മാത്രമേ ഫയർ എൻ ഒ സി ആവശ്യമായി വരുന്നുള്ളു. ലൈഫ് മിഷൻ നൽകിയ പ്ലാനിന് നഗരസഭയിൽ നിന്നും അനുമതി നൽകിയിട്ടുണ്ട്. ജില്ലാ ടൗൺ പ്ലാനറുടെ അംഗീകാരവും ലഭിച്ചിട്ടുണ്ട്. ഫ്ലാറ്റ് കെട്ടിടത്തിന്റെ നിർമാണ പ്രവൃത്തികൾ ലൈഫ് മിഷൻ എൻജിനീയർമാരാണ് പരിശോധിക്കുന്നത് .എങ്കക്കാട് ആധുനീക വൈദ്യംതി ശ്മശാനം നിർമിക്കുന്നതിനുള്ള വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനും വടക്കാഞ്ചേരി പുഴയോരത്ത് സീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുമുള്ള മണ്ണുപരിശോധന നടത്തുന്നതിനും കൗൺസിൽ യോഗം തീരുമാനിച്ചു. വടക്കാഞ്ചേരി ഗ്രൗണ്ട് നിർമാണം ആരംഭിക്കുന്നതിന് വേണ്ടി ജില്ലാ ജില്ലാ സർവേ സൂപ്രണ്ട്, വില്ലേജ് ഓഫീസർമാർ, ബന്ധപ്പെട്ട കൗൺസിലർമാർ എന്നിവരുടെ യോഗം വിളിച്ചു ചേർക്കുന്നതിനും തീരുമാനിച്ചു.അത്താണിയിൽ ജനകീയ ഹോട്ടൽ ആരംഭിക്കുന്നതിന് വനിതാ വിപണന കേന്ദ്രത്തിന്റെ സ്ഥലം കുടുംബശ്രീക്ക് അനുവദിക്കുന്നതിനും തീരുമാനം എടുത്തു.വഴിവിളക്കുകൾ അറ്റകുറ്റ പണി ചെയ്യുന്നതിനുള്ള കരാർ യോഗം അംഗീകരിച്ചു.ചെയർപേഴ്സൺ ശിവ പ്രീയ സന്തോഷ് യോഗത്തിൽ അധ്യക്ഷയായി.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), E. Rudran Warrier (Executive Editor), Vol 13, Issue No.228 RNI No. KERMAL/2009/31362, Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Suncity, IInd Floor, RoomNo. 14/488/30, P.O. Koorkanchery, Thrissur- 680007, Ph: 0487 2444489. Email: tcrbureau@metrovaartha.com

മെട്രൊ വാർത്ത

ലോകാഃ സമസ്താഃ സുഖിനോ ഭവന്തു

1196 ചിങ്ങം 10 മുഹറം 06

2020 ഓഗസ്റ്റ് 26 ബുധൻ

കോൺഗ്രസിൽ മുഴങ്ങുന്ന അപകട സൈറൺ

ഇന്ത്യൻ നാഷനൽ കോൺഗ്രസിന്റെ ഇടക്കാല പ്രസിഡന്റായി ആറു മാസം കൂടി തുടരാമെന്ന് സോണിയ ഗാന്ധി സമ്മതിച്ചതോടെ രാജ്യത്തെ പ്രധാന പ്രതിപക്ഷ പാർട്ടിയിലെ കോളിളക്കങ്ങൾ തത്കാലത്തേക്ക് ശമിച്ചുവെന്നു വേണം കരുതാൻ. കോൺഗ്രസ് പ്രവർത്തക സമിതി യോഗം ഏഴുമണിക്കൂർ നേരം ചർച്ച നടത്തിയിട്ടും പാർട്ടി അധ്യക്ഷ പദത്തിൽ ആരു വരണമെന്നതിന് കൃത്യമായ ഉത്തരം കണ്ടെത്താൻ സാധിച്ചില്ല. കൂടുതൽ കരുത്തു പുറത്തെടുക്കേണ്ട സമയത്ത്, നേതൃത്വത്തിനു മുതിർന്ന നേതാക്കളിലും അവർക്കു നേതൃത്വത്തിലും സംശയം തോന്നിത്തുടങ്ങിയിരിക്കുന്നു എന്നതു വിചിത്രം തന്നെ. ഈ വിഷമവൃത്തത്തിൽ നിന്ന് കോൺഗ്രസിനെ പുറത്തു കൊണ്ടുവരാൻ ആ പാർട്ടിയിലെ നേതാക്കൾ ഏക മനസോടെ നീങ്ങണം. അല്ലെങ്കിൽ വലിയ പൊട്ടിത്തെറിയിലേക്കു കാര്യങ്ങൾ നീങ്ങാം.

കുടുംബാധിപത്യമാണ് കോൺഗ്രസിന്റെ ദൗർബല്യമെന്നു പലരും നിരീക്ഷിച്ചിട്ടുണ്ട്. ലോകത്തു മറ്റൊരു പ്രമുഖ ജനാധിപത്യ രാജ്യത്തിലും ഇത്ര നീണ്ട കുടുംബവാഴ്ച കാണാനാവില്ല. ഇന്ത്യയിൽ മറ്റൊരു പാർട്ടിയിലുമില്ല ഇത്രയ്ക്കും ആശ്രിതത്വം. പതിറ്റാണ്ടുകൾ കൊണ്ട് ആ കുടുംബം കോൺഗ്രസിന്റെ കേന്ദ്രബിന്ദുവും ശക്തിയും സവിശേഷതയുമായിരിക്കുന്നു. ഈ വൈരുധ്യത്തെ മറികടക്കണമോ, വേണ്ടയോ എന്ന ചിന്താക്കുഴപ്പത്തിലാണു പാർട്ടിയിലെ നേതൃനിര. കോൺഗ്രസ് ദുർബലവും നിഷ്ക്രിയവുമായി എന്ന പ്രതീതി കുറച്ചുകാലമായി നിലനിൽക്കുന്നു. രണ്ടാം യുപിഎ സർക്കാരിന്റെ കാലത്താണു പാർട്ടി അധ്യക്ഷ സോണിയ ഗാന്ധിയുടെ അരോഗ്യനില മോശമായിത്തുടങ്ങിയത്. അതോടെ അന്നത്തെ ചില ഘടകകക്ഷികൾ സർക്കാരിനെത്തന്നെ ഹൈജാക്ക് ചെയ്ത മട്ടിലായി കാര്യങ്ങൾ. വിമർശന ശരങ്ങളേറ്റു തളർന്നുവീണ കോൺഗ്രസിന്റെ നെഞ്ചിലൂടെയായിരുന്നു നരേന്ദ്ര മോദിയുടെ അശ്വമേധം. മോദിയുടെ രണ്ടാം വരവിനെ തടയേണ്ട ഘട്ടമായപ്പോഴേക്കും ഏറെ ദുർബലമായി, പാർട്ടി നേതൃത്വം.

എൻഡിഎയുടെ വിജയത്തോടെ തോൽവി സമ്മതിച്ച് പാർട്ടി അധ്യക്ഷ സ്ഥാനം രാഹുൽ ഗാന്ധി രാജിവച്ചപ്പോഴാണു കോൺഗ്രസ് ചിതറിപ്പോകുന്നത് ഒഴിവാക്കാൻ സോണിയ ഇടക്കാല അധ്യക്ഷയായി കഴിഞ്ഞ വർഷം മടങ്ങിവന്നത്. ആരോഗ്യക്കുറവുള്ള നേതാവിനും ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിൽ വിമുഖനായ മകനും പിന്നിൽ കോൺഗ്രസിലെ രണ്ടു തലമുറകളിൽപ്പെട്ടവർ വിരുദ്ധാഭിപ്രായങ്ങളുമായി രണ്ടു തട്ടിൽ നിലയുറപ്പിച്ചതാണ് ഇപ്പോഴത്തെ പ്രശ്നം. കടൽക്കിഴവന്മാർ ചെറുപ്പക്കാരെ ഒന്നും ചെയ്യാൻ അനുവദിക്കുന്നില്ലെന്ന പരാതി രാഹുൽ വിഭാഗം ഉയർത്തുമ്പോൾ പക്വതയോ, അനുഭവപരിചയമോ, പാർട്ടിയോട് വിധേയത്വമോ ഇല്ലാത്തവരെ അണിനിരത്തി ബിജെപിയുടെ ചാണക്യ തന്ത്രങ്ങളോടു പിടിച്ചുനിൽക്കാനാവില്ലെന്ന് മുതിർന്ന നേതാക്കൾ പറയുന്നു.

കോൺഗ്രസ് നേതാക്കൾ പരസ്പരം സമരസപ്പെട്ടു പോകുന്ന ഒരു പൊതു മിനിമം പരിപാടിയെങ്കിലും വരുന്ന മാസങ്ങളിൽ ഉണ്ടായില്ലെങ്കിൽ അതുണ്ടാക്കുന്ന പ്രത്യാഘാതം വലുതായിരിക്കും. പ്രവർത്തക സമിതി യോഗം ചേരുന്നതിനു മുൻപു രണ്ടു ഡസൻ വരുന്ന നേതാക്കൾ പാർട്ടിയുടെ ഇപ്പോഴത്തെ പോക്കിൽ വിയോജിപ്പു പ്രകടിപ്പിച്ചു കത്തെഴുതിയതോടെയാണു മേലേത്തട്ടിലെ ഭിന്നതകൾ പുറത്തറിഞ്ഞത്. ജ്യോതിരാദിത്യ സിന്ധ്യയും തുടർന്ന് സച്ചിൻ പൈലറ്റും പാർട്ടി വിടേണ്ടി വന്ന സാഹചര്യങ്ങളും പാർട്ടിയുടെ ഭാവിയെക്കുറിച്ചു ചോദ്യങ്ങൾ ഉയർത്തുന്നതാണ്. സച്ചിനെ മടക്കിക്കൊണ്ടുവരാൻ കഴിഞ്ഞെങ്കിലും ഉത്തരം പൂർണമായിട്ടില്ല. ഇരുപത്തിരണ്ടു വർഷം മുൻപു സോണിയ ഗാന്ധിയെ അധ്യക്ഷയായി നിശ്ചയിച്ചപ്പോൾ വലിയ പൊട്ടിത്തെറിയാണു കോൺഗ്രസിലുണ്ടായത്. അന്ന് സോണിയയുടെ രാജി വർക്കിങ് കമ്മിറ്റി നിരാകരിച്ചപ്പോൾ ശരദ് പവാറിനും പി.എ. സാങ്മയ്ക്കും പുറത്തു പോകേണ്ടി വന്നു. തുടർന്നു പതിനെട്ടു വർഷക്കാലം കോൺഗ്രസിനെ നയിക്കുകയും രണ്ടു തവണ ആധികാരത്തിലേറ്റുകയും ചെയ്ത സോണിയയ്ക്കാണ് ഇന്നും സ്വീകാര്യത കൂടുതൽ.

തീരുമാനങ്ങളെടുത്തു മുന്നോട്ടുപോകാൻ മുതിർന്ന നേതാക്കൾ സമ്മതിക്കുന്നില്ലെന്ന് മുൻപ് പരസ്യമായി പറഞ്ഞിട്ടുള്ള രാഹുൽ ഗാന്ധി, കഴിഞ്ഞദിവസം കത്തെഴുതിയ നേതാക്കൾ ബിജെപിയുടെ ലക്ഷ്യമാണ് നിറവേറ്റുന്നതെന്ന് കുറ്റപ്പെടുത്തിയിരുന്നു. ഗുലാം നബി ആസാദ്, ശശി തരൂർ, കപിൽ സിബൽ, ആനന്ദ് ശർമ തുടങ്ങി മുൻ കേന്ദ്രമന്ത്രിമാരും മുൻമുഖ്യമന്ത്രിമാരും ഉൾപ്പെടെയുള്ളവരാണ് കത്തിൽ ഒപ്പുവച്ചിരുന്നത്. ഇവർ ഉന്നയിച്ച സംശയം യുപിഎയിലെ ഘടകകക്ഷികളും മറ്റു പ്രതിപക്ഷ പാർട്ടികളും പങ്കിടുന്നുണ്ട്. എൻഡിഎ സർക്കാരിനെ പല പ്രശ്നങ്ങളിലും തുറന്നു കാണിക്കുകയും വിചാരണ നടത്തുകയും ഫലപ്രദമായ പ്രതിപക്ഷ നിരയെ ഉയർത്തിക്കൊണ്ടുവരികയും ചെയ്യേണ്ട പാർട്ടി സ്വന്തം നേതൃത്വത്തെക്കുറിച്ചു തന്നെ തീർച്ചയില്ലാതിരിക്കുന്നതു ദയനീയമായ കാഴ്ചയാണ്.

സത്യാനന്തര കാലത്തെ ജനാധിപത്യ ധ്വംസനം

വീണ്ടുവിചാരം

ജോസഫ് എം. പുതുശേരി

ഇന്ത്യ തെരഞ്ഞെടുക്കപ്പെട്ട ഏകാധിപത്യത്തിലേയ്ക്കു നീങ്ങുകയാണെന്നു ഡൽഹി ഹൈക്കോടതി മുൻ ചീഫ് ജസ്റ്റീസ് എ.പി.ഷാ. ജനാധിപത്യ രാഷ്ട്രങ്ങൾ എങ്ങനെ മരിക്കുന്നുവെന്നു പണ്ഡിതർ ചൂട്ടിക്കാട്ടിയ വഴിയിലാണ് നാം സഞ്ചരിക്കുന്നത്. വിവിധ സാമൂഹ്യ സംഘടകളുടെ നേതൃത്വത്തിലുള്ള ജനതാ പാർലമെന്റ് ഉദ്ഘാടനം ചെയ്തു സംസാരിക്കവേയാണു ജസ്റ്റീസ് ഷാ ഈ നിരീക്ഷണം നടത്തിയത്.

അസാധാരണ കോവിഡ് സാഹചര്യം എതിർപ്പുകളെ അടിച്ചമർത്തി അധികാരം കേന്ദ്രീകരിക്കുന്നതിനു ഗതിവേഗം കൂട്ടി. കേന്ദ്ര എക്സിക്യൂട്ടീവ് പരമാധികാരികളാവുകയും ചോദ്യങ്ങൾ ഉന്നയിക്കേണ്ട ഇതര സംവിധാനങ്ങളെ ദുർബലപ്പെടുത്തുകയും ചെയ്തു.

ഇന്ത്യൻ പാർലമെന്റു മാർച്ചു മുതൽ ഒരു പ്രേതനഗരമായി അവശേഷിക്കുന്നു. ബ്രിട്ടൺ മുതൽ മാലദ്വീപ് വരെയുള്ള രാജ്യങ്ങളിലെ പാർലമെന്റുകൾ ബദൽ സംവിധാനങ്ങളിലൂടെ സമ്മേളിച്ചു. അയൽ രാജ്യങ്ങളുമായുള്ള യുദ്ധകാലത്തും പാർലമെന്റിനു നേരെ ഭീകരാക്രമണമുണ്ടായതിന്റെ തൊട്ടടുത്ത ദിവസവും സമ്മേളനങ്ങൾ വിളിച്ചുചേർത്ത പാരമ്പര്യമാണു നമുക്കുള്ളത്.

എക്സിക്യൂട്ടീവിന്റെ ഏകാധിപത്യ ഭരണത്തിന്റെ തീഷ്ണത കോളനി വാഴ്ചക്കാലത്തു വെളിപ്പെട്ടതാണ്. ജനങ്ങളുടെ അവകാശ സംരക്ഷണത്തിനു ലെജിസ്ലേച്ചറിനാണു ഭരണഘടനാ അസംബ്ലി കൂടുതൽ പവിത്രത കൽപ്പിച്ചത്. എന്നാൽ 2014നു ശേഷം എല്ലാ സംവിധാനങ്ങളും ആസൂത്രിതമായി തകർക്കുകയാണ്. പ്രതീക്ഷ അർപ്പിക്കാവുന്ന ജുഡീഷ്യറിയുടെ പല ഇടപെടലുകളും നിരാശജനകമാണ്. കാശ്മീർ പ്രത്യേക പദവി റദ്ദാക്കൽ, പൗരത്വ ഭേദഗതി നിയമത്തിന്റെ ഭരണഘടനാ സാധുത, ഇലക്ടറൽ ബോണ്ട്, പ്രതിഷേധങ്ങളെ യു.എ.പി.എ അടക്കമുള്ള കരിനിയമങ്ങൾ ചുമത്തി അടിച്ചമർത്തുന്നതു തുടങ്ങിയ സുപ്രധാന വിഷയങ്ങൾ സുപ്രീംകോടതിയുടെ പരിഗണനയ്ക്കെത്തിയപ്പോൾ പലതും അവഗണിക്കുകയോ ദുരൂഹമായി നീട്ടിക്കൊണ്ടുപോവുകയോ ചെയ്തു.

ഇന്ത്യൻ ജനാധിപത്യത്തിന്റെ സമകാലിക സ്പന്ദനങ്ങളെ തൊട്ടറിഞ്ഞുകൊണ്ടുള്ള സൂക്ഷ്മമായ നിരീക്ഷണം. ജനാധിപത്യത്തിന്റെ സത്തയെക്കുറിച്ചും അതു കൈവരിക്കാൻ പൂർവ്വികർ നടത്തിയ സമർപ്പണത്തെക്കുറിച്ചും ബോദ്ധ്യമുള്ളവരുടെ വ്യഥയുടേയും വേവലാതിയുടേയും നേർച്ചിത്രം.

കഴിഞ്ഞകുറെക്കാലമായി രാജ്യം ഇതു സജീവമായി ചർച്ച ചെയ്യുന്നുണ്ട്. ജനാധിപത്യത്തിന്റെ നെഞ്ചിൽത്തറയ്ക്കുന്ന ഓരോ കുന്തമുനകളും ഈ ചർച്ചയ്ക്കു വഴിമരുന്നിടുന്നു.

കോവിഡും ലോക്ഡൗൺ അടക്കമുള്ള പ്രതിരോധ നടപടികളും ഭരണാധികാരികളെ ഏകാധിപതികളാക്കുന്നു. എല്ലാം അവരിൽ കേന്ദ്രീകരിക്കുന്നു. വിമർശനം പോലും അനൗചിത്യമെന്നും അതുപാടില്ലെന്നും ഉപദേശവും. എന്നാൽ ഇന്ത്യൻ ജനാധിപത്യത്തിന്റെ അപചയ പ്രക്രിയ കൊറോണ ക്കാലത്തിന്റെ മാത്രം പ്രത്യുത്പ്പന്നമല്ല. ജനാധിപത്യത്തിനു മാന്ദ്യം അനുഭവപ്പെട്ടു തുടങ്ങിയിട്ടു നാളേറെയായി. പതുക്കെപ്പതുക്കെ മാന്ദ്യത്തിലേക്കു വീണിട്ടു അതു വളർന്നു നീർച്ചുഴിയായി രൂപപ്പെട്ടുകൊണ്ടിരിക്കുന്നു. സാധാരണപോലെ മാന്ദ്യ വിരുദ്ധ നടപടികളോ പാക്കേജുകളോ ഒന്നും ഇക്കാര്യത്തിൽ ഉണ്ടാവുന്നില്ല. കാരണം ഇതു സ്വാഭാവിക കൂപ്പുകുത്തലല്ല; മറിച്ചു ബോധപൂർവ്വം സൃഷ്ടിച്ചെടുക്കുന്ന ഇഷ്ട വഴികളാണ്.

ഇത്തരത്തിൽ ജനാധിപത്യ ധ്വംസനവും തന്നിഷ്ടപ്രകാരമുള്ള ഭരണ നടപടികളും തുടർക്കഥയാവുമ്പോൾ ജനങ്ങൾ പകച്ചു നിൽക്കുന്നു. 2017ൽ 'ജനാധിപത്യത്തെ കണ്ടവരുണ്ടോ' എന്ന പ്ലാക്കാർഡും പിടിച്ചു പാരീസിലെ തെരുവീഥിയിലൂടെ നടന്നു നീങ്ങിയ ആൾക്കൂട്ടം പ്രകടിപ്പിച്ച വേവലാതിയുടെ മൗനപ്രതീകം.

ജനാധിപത്യത്തെ പണം കൊടുത്ത് വാങ്ങാൻ കഴിയുന്ന ഒരു 'കമ്മോഡിറ്റിയായി' അത്തരക്കാർ അധഃപ്പതിപ്പിച്ചിരിക്കുന്നു. വിലപറയാൻ കഴിയുന്ന കോടികൾ അവരിലേക്ക് ഒഴുകിയെത്തുന്നതുകൊണ്ട് അവരുടെ ജനാധിപത്യം പണാധിപത്യമായി മാറുന്നു. ഒരുളുപ്പുമില്ലാത്തെ ആ ക്രയവിക്രയം നടത്തപ്പെടുന്നു. എങ്ങനെയായാലെന്താ എതിരാളികളോ എതിർശബ്ദങ്ങളോ ഇല്ലാതെ വിധേയപ്പട സൃഷ്ടിച്ച് അടക്കിവാഴുന്നതാണല്ലോ അവരുടെ ഫിലോസഫി. കൂറുമാറ്റ നിരോധന നിയമം നിലവിലുള്ള രാജ്യത്താണിതെന്നോർക്കണം. എന്നിട്ടും ഇതൊക്കെ ആവർത്തിക്കപ്പെടുന്നു എന്നതാണ് നമ്മുടെ ദുര്യോഗം. പർച്ചേസ് ചെയ്യപ്പെടാൻ പറ്റുന്ന കമ്മോഡിറ്റിയല്ലാ, ജനങ്ങൾ ശീലിക്കുന്ന പ്രാക്ടീസാണ് ജനാധിപത്യമെന്ന് എന്നാണോ ഇക്കൂട്ടർ തിരിച്ചറിയുക.

അതിനപ്പുറത്തേയ്ക്കു ശക്തമായ പ്രതികരണത്തിനു തയ്യാറാവുന്നവർ അടിച്ചമർത്തപ്പെടുന്നു. അത്തരക്കാർക്കു ജീവൻ നഷ്ടപ്പെടുന്നു. വിയോജിപ്പുകളോടുള്ള അസഹിഷ്ണുത എല്ലാ സീമകളും അതിലംഘിച്ചു രാക്ഷസരൂപം പൂണ്ടു തിമിർത്താടുന്നതാണ് വർത്തമാനകാലത്തെ ദുര്യോഗം. യഥാർത്ഥത്തിൽ വിയോജിക്കാനും വ്യത്യസ്ത അഭിപ്രായം പ്രകടിപ്പിക്കാനുമുള്ള സ്വാതന്ത്ര്യമാണു ജനാധിപത്യത്തിന്റെ കാതൽ. ആ പൗരാവകാശം ഇന്ത്യൻ ഭരണഘടന അരക്കിട്ടുറപ്പിച്ചിട്ടുമുണ്ട്. പക്ഷേ, ജനാധിപത്യത്തെ ഭയാധിപത്യമാക്കി അടക്കി വാഴാൻ ആഗ്രഹിക്കുന്നവർക്കു എന്തു ഭരണഘടനാ ബാദ്ധ്യത! സ്വതന്ത്രമായ ചിന്തയും ബുദ്ധിയുമൊക്കെ പണയപ്പെടുത്തി വിധേയപ്പെട്ടു ജീവിച്ചുകൊള്ളണമെന്നാണു അവരുടെ ഉഗ്രശാസന. അനുസരിക്കാത്തവരൊക്കെ അനുഭവിക്കേണ്ടി വരും.

ചിന്തകരും ബുദ്ധിജീവികളും മാധ്യമപ്രവർത്തകരും രാഷ്ട്രീയ എതിരാളികളും എന്തിനു സാമാന്യ വ്യക്തികൾക്കു പോലും ഇതിൽ നിന്നു മോചനമില്ല. എം.എം. കൽബുർഗിയും ഗൗരി ലങ്കേഷും നരേന്ദ്ര ദബോൽകറും ഒക്കെ അസഹിഷ്ണുതയുടെ കത്തിമുനയിൽ ജീവൻ വെടിയേണ്ടി വന്ന പ്രമുഖരിൽ ചിലർ. വീട്ടിൽ ബീഫ് സൂക്ഷിച്ചു എന്നാരോപിച്ചു ക്രൂരമായി തല്ലിക്കൊന്ന മുഹമ്മദ് അഖ്ലാഖും പശുവിനെ കടത്തി എന്നാരോപിച്ചു കൊന്ന ഷേഖ് നയീമും കീഴ്ജാതിക്കാരനായതുകൊണ്ടു നവരാത്രി ആഘോഷത്തിൽ പങ്കെടുത്തതിനു കൊല്ലപ്പെട്ട 21 കാരനായ ജയേഷ് സോളങ്കിയുമൊക്കെ ഭയാധിപത്യ സൃഷ്ടിയുടെ ഇരകൾ. കൂട്ടബലാൽസംഗം ചെയ്തുകൊന്ന ജമ്മുകാശ്മീരിലെ 8 വയസ്സുകാരിയായ ആസിഫ ബാനു എന്നും നമ്മെ കുത്തിനോവിക്കുന്ന ഓർമ്മായാണ്. ഇതു ആവർത്തിച്ചുകൊണ്ടിരിക്കുന്നു. ഏറ്റവും ഒടുവിൽ യു.പി. യിൽ നിന്നും വന്ന വാർത്ത അക്രമികൾ ബലാൽസംഗം ചെയ്തു കൊന്ന കുട്ടിയുടെ കണ്ണു ചൂഴ്ന്നു എടുക്കുകയും നാവു മുറിച്ചെടുക്കുകയും ചെയ്തു എന്നാണ്. പ്രതിരോധത്തിനുള്ള ശിക്ഷ.

ഉത്തർപ്രദേശിലെ പ്രാദേശിക പത്രപ്രവർത്തകനായ വിക്രം ജോഷിയുടെ കൊല മാധ്യമ പ്രവർത്തകർക്കെതിരായ ആക്രണത്തിലെ ഒടുവിലത്തെ ഉദാഹരണം. ഇതിനൊക്കെപ്പുറമേയാണു സാമൂഹ്യമാധ്യമങ്ങൾ വഴിയുള്ള ഭീഷണിയും അസഭ്യവർഷവും. കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും അതു സ്പോൺസേർഡ് പ്രോഗ്രാമായി അരങ്ങു തകർക്കുന്നു. നടപടിയെടുക്കേണ്ടവർ നിശബ്ദരാവുന്നു. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുകയെന്ന ഇന്ത്യൻ ഭരണഘടന ഒരു തെരഞ്ഞെടുക്കപ്പെടുന്ന സർക്കാരിൽ നിക്ഷിപ്തമാക്കിയിട്ടുള്ള പ്രാഥമിക ഉത്തരവാദിത്വം, നിർവ്വഹണമില്ലാതെ നോക്കുകുത്തിയാവുന്നു. ജനാധിപത്യത്തിന്റെ പുതിയ പ്രയോഗമുറകൾ!

ജനാധിപത്യമെന്നതു തെരഞ്ഞെടുക്കപ്പെടുന്ന ഭരണാധികാരികളുടെ സ്വേച്ഛാധിപത്യമോ ഏകാധിപത്യമോ ആയി മാറിയിരിക്കുന്നു. തെരഞ്ഞെടുപ്പുപോലും യഥാർത്ഥ ജനവിധി പ്രതിഫലിക്കാത്ത വിധം തങ്ങൾക്കനുകൂലമായി 'മാനേജ്' ചെയ്യപ്പെടുന്നു. അതിനുവേണ്ടി ഏതു ഹീനമാർഗ്ഗവും അവലംബിക്കുന്നു. ഒടുവിൽ വോൾസ്ട്രീറ്റ് ജേർണൽ വെളിപ്പെടുത്തിയ ഫെയ്സ്ബുക്ക് വിവാദം അതിന്റെ ഉദാഹരണം. വർഗ്ഗീയ വിദ്വേഷ പ്രചരണത്തിനു ഫെയ്സബുക്ക് ഉപയോഗിക്കുന്നു എന്നതാണ് പ്രശ്നം. വർഗ്ഗീയ വിദ്വേഷ ഉള്ളടക്കത്തിന്റെ കാര്യത്തിൽ സ്വന്തം മാനദണ്ഡം പോലും പാലിക്കാനോ നടപടിയെടുക്കുവാനോ ഫെയ്സ്ബുക്ക് തയ്യാറാവുന്നില്ല എന്നത് ഞെട്ടിപ്പിക്കുന്നു. തെരഞ്ഞെടുപ്പു ബോണ്ടുകളും മറ്റും വഴി ലഭിക്കുന്ന വൻ സമ്പത്ത് സാമൂഹിക മാധ്യമങ്ങളെ സ്വാധീനത്തിലാക്കാൻ ഉപയോഗിക്കുന്നു.

തെരഞ്ഞെടുക്കപ്പെട്ട നിയമസഭകളെ എങ്ങനെയാണ് കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നതെന്നും നാം കണ്ടു. കർണാടക, മഹാരാഷ്ട്ര, മദ്ധ്യപ്രദേശ്, രാജസ്ഥാൻ ഇതൊക്കെ സമീപകാല സാക്ഷ്യങ്ങൾ. സാമാജികരെ വിലയ്ക്കെടുക്കുകയാണ്. കൈമാറിയതും ഓഫർ ചെയ്യപ്പെട്ടതുമായ കോടികളുടെ കഥകൾ നാം കേട്ട് തഴമ്പിച്ചുകഴിഞ്ഞിരിക്കുന്നു.

ജനാധിപത്യത്തെ പണം കൊടുത്ത് വാങ്ങാൻ കഴിയുന്ന ഒരു 'കമ്മോഡിറ്റിയായി' അത്തരക്കാർ അധഃപ്പതിപ്പിച്ചിരിക്കുന്നു. വിലപറയാൻ കഴിയുന്ന കോടികൾ അവരിലേക്ക് ഒഴുകിയെത്തുന്നതുകൊണ്ട് അവരുടെ ജനാധിപത്യം പണാധിപത്യമായി മാറുന്നു. ഒരുളുപ്പുമില്ലാത്തെ ആ ക്രയവിക്രയം നടത്തപ്പെടുന്നു. എങ്ങനെയായാലെന്താ എതിരാളികളോ എതിർശബ്ദങ്ങളോ ഇല്ലാതെ വിധേയപ്പട സൃഷ്ടിച്ച് അടിക്കിവാഴുന്നതാണല്ലോ അവരുടെ ഫിലോസഫി.

കൂറുമാറ്റ നിരോധന നിയമം നിലവിലുള്ള രാജ്യത്താണിതെന്നോർക്കണം. എന്നിട്ടും ഇതൊക്കെ ആവർത്തിക്കപ്പെടുന്നു എന്നതാണ് നമ്മുടെ ദുര്യോഗം. പർച്ചേസ് ചെയ്യപ്പെടാൻ പറ്റുന്ന കമ്മോഡിറ്റിയല്ലാ, ജനങ്ങൾ ശീലിക്കുന്ന പ്രാക്ടീസാണ് ജനാധിപത്യമെന്ന് എന്നാണോ ഇക്കൂട്ടർ തിരിച്ചറിയുക.

ഇത്തരം പശ്ചാത്തലത്തിൽ സാധാരണക്കാരന്റെ അവസാന അത്താണിയാവേണ്ട സുപ്രീംകോടതിയുടെ നിസംഗതയാണ് ജസ്റ്റീസ് എ.പി. ഷാ വരച്ചുകാട്ടിയത്. അദ്ദേഹം സൂചിപ്പിച്ച കേസുകൾക്കു പുറത്ത് ഓരോ ദിവസം കഴിയുന്തോറും ആ പട്ടിക നീളുന്നു. ഒടുവിൽ പി.എം. കെയേഴ്സ് ഫണ്ട് കേസിലെ വിധിയും വിധേയത്വ പ്രഖ്യാപനമായി മാറുന്നു. വിധിന്യായത്തിലെ സാങ്കേതികത്വമെന്തുതന്നെയായാലും ഭരണഘടനാ സ്ഥാപനമായ കംട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ പരിശോധന വേണ്ടാ, വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ നൽകേണ്ട എന്നൊക്കെ പറയുമ്പോൾ നിയന്ത്രണാധിപത്യത്തോട് സമരസപ്പെടുന്നതായാണ് തോന്നുക. ഇത് ഇന്ത്യൻ പ്രധാനമന്ത്രിയുടെ ഫണ്ടാണ്. അതുകൊണ്ടാണ് വൻ തുക സംഭാവനയായി ലഭിക്കുന്നത്. അതിന്റെ വരവും ചിലവും സുതാര്യമായിരിക്കണം. ജനങ്ങളോടുള്ള ആ അക്കൗണ്ടബിലിറ്റി പാലിക്കാൻ പ്രധാനമന്ത്രിക്കു ബാധ്യതയുണ്ട്. അല്ലാതെവന്നാൽ അതു നിർദ്ദേശിക്കാൻ സുപ്രീം കോടതിക്കുമാവണം.

അതിനേക്കാൾ ഭയപ്പെടുത്തുന്നത് വിമർശനങ്ങളോടുള്ള അസഹിഷ്ണുത അവിടേയും മറനീക്കി പുറത്തുവരുന്നു എന്നുള്ളതാണ്. അഡ്വ. പ്രശാന്ത് ഭൂഷണെതിരായ നടപടി അതാണു വെളിവാക്കുന്നത്.

അവസാന കോട്ടയും ദുർബലപ്പെട്ടാൽ പിന്നെ നമുക്ക് എന്താശ്രയമാണുള്ളത്. ആ പ്രതീക്ഷയ്ക്കും ഔന്നിത്യത്തിനും ഇടിവു തട്ടരുത്. അവിടേയും സഹിഷ്ണുത കൈമോശം വന്നാൽ ആ ശക്തിസങ്കൽപ്പം വിരൂപമാവും. ജനാധിപത്യത്തിലൂടെ തെരഞ്ഞെടുക്കപ്പെട്ടിട്ട്, ഭരണഘടന തൊട്ടു സത്യപ്രതിജ്ഞ ചെയ്യുന്ന ഭരണാധികാരികൾ ഭരണഘടനാ സ്ഥാപനങ്ങളെ നോക്കുകുത്തിയാക്കുന്ന വൈരുദ്ധ്യമാണ് ഇന്നു നാം കാണുന്നത്. കേന്ദ്ര വിജിലൻസ് കമ്മീഷനും വിവരാവകാശ കമ്മീഷനും തെരഞ്ഞെടുപ്പു കമ്മീഷനും ലോ കമ്മീഷനുമെല്ലാം ഇന്നു ആത്മാവ് നഷ്ടപ്പെട്ട അസ്ഥിപഞ്ജരങ്ങളായി തരംതാണിരിക്കുന്നു. തിരുവായ്ക്ക് എതിർവായില്ലാത്ത സ്ഥിതി. അധികാര ദുർവിനിയോഗം തടയാൻ ചുമതലപ്പെട്ട സ്വതന്ത്ര സ്ഥാപനങ്ങളാണിതെന്നോർക്കണം. തങ്ങൾ അപഥസഞ്ചാരം നടത്തുന്നു എന്ന് ഭരണാധികാരികൾക്ക് ഉറപ്പുള്ളതുകൊണ്ടാണ് അവിടെ വടിയെടുക്കേണ്ട ഈ സ്ഥാപനങ്ങളെതന്നെ വന്ധ്യംകരിച്ചിരിക്കുന്നത്.

ഇതെല്ലാം നമ്മുടെ ജനാധിപത്യ, ഭരണഘടനാ സങ്കൽപ്പങ്ങൾക്ക് ഘടകവിരുദ്ധമാണ്. ഇതു ജനാധിപത്യത്തിന്റെ സഞ്ചാരപഥമല്ലാ; മറിച്ച് ഏകാധിപത്യത്തിന്റെ സീൽക്കാരങ്ങളാണ്. അതു തിരിച്ചറിഞ്ഞ് ചെറുക്കാൻ നമുക്കാവണം. ജനാധിപത്യത്തിന്റെ സത്ത നഷ്ടപ്പെടുത്തി ജീവിക്കാൻ ഇന്ത്യൻ ജനതയ്ക്കാവില്ല. അത്തരം പ്രതിസന്ധിയും ഭീഷണിയും പാരമ്യത്തിലെത്തിയ ഘട്ടങ്ങളിലെല്ലാം അതിനെ കടപുഴക്കിയെറിഞ്ഞ ചരിത്രമാണ് ഇന്ത്യയ്ക്കുള്ളത്.

പെരിയ ഇരട്ടക്കൊല: സംഭവ ബഹുലം, ഈ നാൾവഴി

ദീപു മറ്റപ്പിള്ളി

സംഭവബഹുലമാണ് കേരളം ഞെട്ടിയ പെരിയ ഇരട്ടക്കൊലപാതക കേസിന്റെ നാൾ വഴികൾ. സിപിഎം ലോക്കൽ കമ്മിറ്റിയംഗം അടക്കം ഏഴ് സിപിഎം പ്രവർത്തകരാണു കൃപേഷ് (19), ശരത് ലാൽ (23) എന്നീ യൂത്ത് കോൺഗ്രസ് പ്രവർത്തകരുടെ കൊലപാതകത്തിലെ പ്രതികൾ.

കൊലപാതകവുമായി ബന്ധപ്പെട്ട് സിപിഎം പെരിയ ലോക്കൽ കമ്മിറ്റിയംഗമായിരുന്ന കല്ല്യോട്ട് ഏച്ചിലടുക്കത്തെ എ. പീതാംബരൻ (45), ഏച്ചിലടുക്കത്തെ സി.ജെ. സജി എന്ന സജി ജോർജ് (40), തളിപ്പറമ്പ് ചപ്പാരപ്പടവ് സ്വദേശിയും തെങ്ങുകയറ്റ തൊഴിലാളിയുമായ ഏച്ചിലടുക്കത്തെ കെ.എം. സുരേഷ് (27), ഓട്ടോ ഡ്രൈവർ ഏച്ചിലടുക്കത്തെ കെ. അനിൽകുമാർ (35), കല്ല്യോട്ടെ ജി. ഗിജിൻ (26), ജീപ്പ് ഡ്രൈവർ കല്ല്യോട്ടെ ആർ. ശ്രീരാഗ് എന്ന കുട്ടു (22), കുണ്ടംകുഴി മലാങ്കോട്ടെ എ. അശ്വിൻ (18), പാക്കം വെളുത്തോളിയിലെ എ. സുബീഷ് (29), തന്നിത്തോട്ടെ എം. മുരളി (36), ടി. രഞ്ജിത് (46), പ്രദീപ് എന്ന കുട്ടൻ (42), അലക്കോട്ടെ ബി. മണികണ്ഠൻ, സിപിഎം പെരിയ ലോക്കൽ സെക്രട്ടറി എൻ. ബാലകൃഷ്ണൻ, സിപിഎം ഉദുമ ഏരിയ സെക്രട്ടറി കെ. മണികണ്ഠൻ എന്നിവരെയാണ് ക്രൈംബ്രാഞ്ച് അറസ്റ്റ് ചെയ്തിരുന്നത്.

ഖജനാവിൽ നിന്ന് ലക്ഷങ്ങൾ മുടക്കിയാണ് പ്രതികളെ രക്ഷിക്കാൻ ഡൽഹിയിൽനിന്ന് സംസ്ഥാന സർക്കാർ അഭിഭാഷകൻ ഇറക്കിയത്. 2019 സെപ്റ്റംബർ 30നായിരുന്നു കേസ് ഹൈക്കോടതിക്ക് വിട്ടത്. സംസ്ഥാന പൊലീസിന്റെ അന്വേഷണവും എഫ്ഐആറും വിലയിരുത്തിയ ഹൈക്കോടതി പൊലീസിനേയും കേസ് അന്വേഷിച്ച രീതിയേയും നിശിതമായി വിമർശിച്ചതും കുറ്റപത്രം റദ്ദാക്കി കേസ് സിബിഐക്ക് വിടാൻ ആവശ്യപ്പെട്ടതും സർക്കാരിനേറ്റ പ്രധാന തിരിച്ചടിയായി. പക്ഷെ സിംഗിൾ ബെഞ്ചിന്റെ ഉത്തരവിനെതിരേ ഡിവിഷൻ ബെഞ്ചിനെ സമീപിച്ച് പ്രതിരോധിക്കാനായിരുന്നു സർക്കാർ നീക്കം. അതിനു വേണ്ടി സുപ്രീം കോടതി അഭിഭാഷകരെ സർക്കാർ കൊണ്ടുവന്നു.

പെരിയ ഇരട്ടക്കൊലകേസിൽ സിബിഐ അന്വേഷണം തുടരാം എന്ന ഉത്തരവിനെ ഏറെ വികാരപരമായാണ് കൃപേഷിന്റെയും ശരത് ലാലിന്റെയും കുടുംബങ്ങൾ സ്വീകരിച്ചത്. വൈകി വന്ന നീതിയെന്ന് ഇരു കുടുംബങ്ങളും പറഞ്ഞു.

സർക്കാർ അപ്പീൽ തള്ളിക്കൊണ്ട് ഡിവിഷൻ ബെഞ്ചും ഉത്തരവ് ശരിവച്ചതോടെ കേസിൽ രണ്ട് യുവാക്കളുടെയും കുടുംബങ്ങൾക്ക് വലിയ പ്രതീക്ഷയും സർക്കാരിന് കനത്ത തിരിച്ചടിയുമാണ് കിട്ടിയിരിക്കുന്നത്. കൊലപാതകം ആസൂത്രണം ചെയ്തതത് സിപിഎം ആണെന്ന സിംഗിൾ ബെഞ്ചിന്റെ പരമാർശം ഏറെ ശ്രദ്ധേയമാണ്. സംസ്ഥാന സർക്കാരിന്റെ അപ്പീലിൽ വിധി പറയാത്തതിനാൽ കേസ് നിലച്ചിരിക്കുകയാണെന്ന് സിബിഐയും കോടതിയെ അറിയിച്ചിരുന്നു.

വിധി പറയാൻ ഹൈക്കോടതി വൈകിയ സാഹചര്യത്തിൽ കേസ് മറ്റൊരു ബെഞ്ചിലേക്ക് മാറ്റണമെന്നാവശ്യപ്പെട്ട് കൊല്ലപ്പെട്ട കൃപേഷിന്റെയും ശരത് ലാലിന്റെയും മാതാപിതാക്കൾ കോടതിയെ സമീപിച്ചിരുന്നു. കഴിഞ്ഞ വർഷം നവംബർ പതിനാറിനാണ് പെരിയ ഇരട്ടക്കൊലക്കേസ് സിബിഐയ്ക്ക് വിട്ടതിന് എതിരായ സർക്കാർ അപ്പീലിൽ വാദം പൂർത്തിയായത്.

പക്ഷേ വാദം പൂർത്തിയായി ഒമ്പത് മാസം കഴിഞ്ഞെങ്കിലും ചീഫ് ജസ്റ്റിസ് എസ്. മണികുമാറും ജസ്റ്റിസ് സി.ടി. രവികുമാറും അടങ്ങിയ ഡിവിഷൻ ബെഞ്ച് കേസിൽ വിധി പറഞ്ഞിരുന്നില്ല. ഒമ്പത് മാസം പിന്നിട്ടിട്ടും വിധി പറയാത്ത ഹൈക്കോടതി നടപടി സുപ്രീം കോടതി മാർഗനിർദേശങ്ങളുടെ ലംഘനമാണെന്ന് കാണിച്ചു കൊല്ലപ്പെട്ടവരുടെ ബന്ധുക്കൾ കേസ് മറ്റൊരു ബെഞ്ചിന് വിടണം എന്നാവശ്യപ്പെട്ട് ഹൈക്കോടതിയിൽ കഴിഞ്ഞ ദിവസം പുതിയ ഹർജി നൽകുകയായിരുന്നു.

പെരിയ ഇരട്ടക്കൊല കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ സിപിഎമ്മിന് കനത്ത തിരിച്ചടിയായി മാറിയിരുന്നു. ലോക്സഭാ തിരഞ്ഞെടുപ്പിന് സംസ്ഥാനം സജ്ജമായ സമയത്താണ് ഇരട്ടക്കൊലപാതകം നടന്നത്. കാസർഗോഡ് ലോക്സഭാ മണ്ഡലം സിപിഎമ്മിൽ നിന്ന് തിരിച്ചുപിടിക്കാൻ യുഡിഎഫിന് സാധിച്ചതിന് ഒരു പ്രധാന കാരണം പെരിയ ഇരട്ടക്കൊലപാതകമാണ്. തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് ആസന്നമായ സമയത്ത് ഈ കേസിൽ സിബിഐ അന്വേഷണത്തിനെതിരായ സർക്കാർ അപ്പീൽ തള്ളിക്കൊണ്ടുള്ള ഹൈക്കോടതി വിധി സിപിഎമ്മിനെ വീണ്ടും പ്രതിരോധത്തിലാക്കും.

രാഷ്ട്രീയ വിരോധം മൂലം ഇരട്ടക്കൊലപാതകം

കഴിഞ്ഞ വർഷം ഫെബ്രുവരി 17ന് പെരിയ കല്ല്യോട്ട് വച്ചാണ് ശരത് ലാലും കൃപേഷും കൊല്ലപ്പെടുന്നത്. കല്ല്യോട്ട് പെരുങ്കളിയാട്ടത്തിന്റെ സ്വാഗതസംഘ രൂപീകരണം കഴിഞ്ഞ് ബൈക്കിൽ മടങ്ങുന്നതിനിടെ അക്രമിസംഘം ഇരുവരെയും വെട്ടിവീഴ്ത്തുകയായിരുന്നു. തലയ്ക്ക് വെട്ടേറ്റ കൃപേഷ് സംഭവസ്ഥലത്തും ശരത് ലാൽ ആശുപത്രിയിലേക്കുള്ള വഴിമധ്യേയും മരിച്ചു.

മുഖ്യ പ്രതി അടക്കം 11 പേരെ മൂന്ന് ദിവസത്തിനകം ലോക്കൽ പൊലീസ് പിടികൂടി. അന്വേഷണം പിന്നീട് ക്രൈം ബ്രാഞ്ച് ഏറ്റെടുത്തു. മെയ് 20നു 14 പേരെ പ്രതിചേർത്ത് ക്രൈം ബ്രാഞ്ച് സംഘം കുറ്റപത്രം കോടതിയിൽ നൽകി. കല്ല്യോട്ട് നേരത്തെയുണ്ടായ രാഷ്ട്രീയ അക്രമങ്ങളെ തുടർന്ന് ഒന്നാം പ്രതിയായ സിപിഎം ലോക്കൽ കമ്മിറ്റി അംഗം എ. പീതാംബരൻ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയതാണ് കൊലപാതകങ്ങൾ എന്നായിരുന്നു കണ്ടെത്തൽ.

പെരിയ കേസ് സിബിഐക്ക് വിടുന്നതിനെതിരേ സംസ്ഥാന സർക്കാർ ഡൽഹിയിൽ നിന്നും പ്രത്യേക അഭിഭാഷകനെ കൊണ്ടുവന്നതും വലിയ വിവാദമുയർത്തിയിരുന്നു. സുപ്രീം കോടതിയിലെ മുതിർന്ന അഭിഭാഷകനും മുൻ സോളിസിറ്റർ ജനറലുമായിരുന്ന മനീന്ദർ സിങ്ങാണ് എത്തിയത്. ഇദ്ദേഹത്തിനു സംസ്ഥാന ഖജനാവിൽ നിന്ന് 88 ലക്ഷം രൂപയോളം ഫീസായി നൽകിയതും വലിയ ചർച്ചയായിരുന്നു.

ഐടിഐകളെ മികവിന്റെ കേന്ദ്രങ്ങളാക്കും: മന്ത്രി ടി.പി. രാമകൃഷ്ണൻ

തിരുവനന്തപുരം: വിദ്യാർഥികൾക്ക് സാങ്കേതിക പരിജ്ഞാനവും നൈപുണ്യശേഷിയും ഉറപ്പാക്കി സംസ്ഥാനത്തെ ഐടിഐകളെ മികവിന്റെ കേന്ദ്രങ്ങളാക്കുമെന്ന് മന്ത്രി ടി.പി. രാമകൃഷ്ണൻ. തിരുവനന്തപുരം ചാക്ക ഗവ. ഐടിഐ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നിർമാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ഓൺലൈൻ വഴി നിർവഹിക്കുകയായിരുന്നു മന്ത്രി.

നിലവിൽ 25 ട്രേഡുകളിലായി 250 പെൺകുട്ടികൾ ഉൾപ്പെടെ 1,754 ട്രെയ്നികൾ ചാക്ക ഐടിഐയിലുണ്ട്. മൂന്ന് ഘട്ടങ്ങളിലായാണ് ഐടിഐ അന്താരാഷ്ട്ര തലത്തിലേക്ക് ഉയർത്തുന്ന പദ്ധതി നടപ്പാക്കുന്നത്. ആദ്യഘട്ടത്തിൽ 5,23,58,914 രൂപയുടെ പ്രവൃത്തികളാണ് നടക്കുക. നിർമാണ പ്രവർത്തനങ്ങളും തുടർന്നുള്ള പ്രവത്തികളും സമയബന്ധിതമായി പൂർത്തീകരിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണമെന്നും മന്ത്രി നിർദേശിച്ചു.

സംസ്ഥാനത്തെ 12 ഐടിഐകളാണ് ആദ്യഘട്ടത്തിൽ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നത്. ചാക്ക, കോഴിക്കോട് ഐടിഐകൾ സർക്കാർ പദ്ധതിവിഹിതം ഉപയോഗിച്ചും ധനുവച്ചപുരം, മലമ്പുഴ, കൊയിലാണ്ടി, കൊല്ലം ചന്ദനത്തോപ്പ്, ചെങ്ങന്നൂർ, ഏറ്റുമാനൂർ, കട്ടപ്പന, ചാലക്കുടി, കണ്ണൂർ, കയ്യൂർ ഐടിഐകൾ കിഫ്ബി ധനസഹായത്തോടെയുമാണ് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നത്. ഘട്ടംഘട്ടമായി സംസ്ഥാനത്തെ 97 സർക്കാർ ഐടിഐകളും ഈ നിലവാരത്തിലേക്ക് എത്തിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ഐടിഐകളും വ്യവസായ സ്ഥാപനങ്ങളുമായി ബന്ധമുണ്ടാക്കി പ്ലേസ്മെന്റ് സെല്ലുകളും സംരംഭകത്വവികസന ക്ലബ്ബുകളും സജീവമാക്കുന്നതിലൂടെ വഴി വിദ്യാർഥികൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സർക്കാർ വഴിയൊരുക്കിയിട്ടുണ്ട്. ഇവർക്ക് സർക്കാർ- സ്വകാര്യ മേഖലകളിലെ തൊഴിൽ സാധ്യതകൾ ഉപയോഗപ്പെടുത്താൻ ജോബ്ഫെയറുകളും സംഘടിപ്പിക്കുന്നു. ഓൺ ദ ജോബ് ട്രെയിനിങ്ങിനായി വിവിധ വ്യവസായശാലകളുമായി ചാക്ക ഐടിഐ ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്. ഐടിഐയിലെ എല്ലാ ട്രെയ്നികൾക്കും പോഷാകാഹാര പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

ഐടിഐ ട്രെയ്നികളുടെ സാങ്കേതിക പരിജ്ഞാനവും നൈപുണ്യശേഷിയും കേരളത്തിന്റെ പുരോഗതിക്കു മുതൽക്കൂട്ടാക്കുന്നതിന് നടപടിയെടുക്കും. തദ്ദേശ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രാദേശിക വികസനത്തിലും ഐടിഐ ട്രെയ്നികൾ പങ്കാളികളാകണമെന്ന് മന്ത്രി നിർദേശിച്ചു.

ചടങ്ങിൽ വി.എസ്. ശിവകുമാർ എംഎൽഎ അധ്യക്ഷനായിരുന്നു. മേയർ കെ. ശ്രീകുമാർ ശിലാഫലകം അനാച്ഛാദനം ചെയ്തു. എംപ്ലോയ്മെന്റ്- വ്യാവസായിക പരിശീലന വകുപ്പ് ഡയറക്റ്റർ എസ്. ചന്ദ്രശേഖർ , അഡീഷണൽ ഡയറക്റ്റർ (ട്രെയിനിങ്) ബി. ജസ്റ്റിൻ രാജ്, ചാക്ക ഐടിഐ പ്രിൻസിപ്പൽ എ. ഷമ്മി ബേക്കർ എന്നിവർ സംബന്ധിച്ചു.

കരിപ്പൂർ ദുരന്തം: നഷ്ടപരിഹാരം നൽകിത്തുടങ്ങി

കൊച്ചി: കരിപ്പൂർ വിമാനാപകടത്തിൽ മരിച്ചവരുടെ ബന്ധുക്കൾക്കും പരിക്കേറ്റവർക്കും എയർ ഇന്ത്യയുടെ അടിയന്തര ഇടക്കാല നഷ്ടപരിഹാരം. മരിച്ചവരിൽ പന്ത്രണ്ട് വയസിന് മുകളിലുള്ളവർക്ക് 10 ലക്ഷംരൂപയും അതിന് താഴെയുള്ളവർക്ക് അഞ്ചുലക്ഷവുമാണ് നൽകുക. പരിക്കേറ്റവർക്കാണ് ആദ്യഘട്ട നഷ്ടപരിഹാരം നൽകുക. ഇതിനകം 55പേർക്ക് തുക അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. മരിച്ചവരുടെ അനന്തരാവകാശികളുടെ കാര്യത്തിൽ ഔദ്യോഗിക തീരുമാനമുണ്ടാകുന്ന മുറയ്ക്കായിരിക്കും ഇടക്കാല നഷ്ടപരിഹാരം നൽകുക.

അപകടത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാർ പത്തുലക്ഷം രൂപ നഷ്ടപരിഹാരം പ്രഖ്യാപിച്ചിരുന്നു. ഇൻഷ്വറൻസ് തുകയ്ക്ക് പുറമേയാണിത്. പൂർണ നഷ്ടപരിഹാരം വൈകുമെന്നതിനാൽ കേന്ദ്ര നിർദേശപ്രകാരം ഇടക്കാല നഷ്ടപരിഹാരം വേഗത്തിലാക്കുകയായിരുന്നു.

പ്രത്യേക വാട്സാപ്പ് നമ്പറിലൂടെ പരിക്കേറ്റവരുടെ ബാങ്ക് അക്കൗണ്ട്, തിരിച്ചറിയൽ രേഖകൾ ശേഖരിച്ചാണ് തുക കൈമാറിയത്. യാത്രക്കാർ നൽകിയ വിലാസത്തിൽ നിന്നാണ് ബന്ധുക്കളെ കണ്ടെത്തുന്നത്. പരിക്കേറ്റവർക്കുള്ള നഷ്ടപരിഹാരം ഓണത്തിനു മുമ്പു പൂർണമായും നൽകാനാണ് ലക്ഷ്യമിടുന്നത്.

ഈ മാസം ഏഴിനാണ് എയർ ഇന്ത്യ എക്സ്പ്രസിന്റെ ബോയിങ് 737 വിമാനം അപകടത്തിൽപ്പെട്ടത്. ഇതുവരെ 21 പേരാണ് മരിച്ചത്. മരിച്ച നാലുകുട്ടികൾ 12 വയസിന് താഴെയുള്ളവരാണ്. പരിക്കേറ്റവരിൽ 25 പേർ ഇപ്പോഴും ആശുപത്രിയിലാണ്. ഇവരുടെ എല്ലാ ചികിത്സാച്ചെലവുകളും വഹിക്കുന്നത് എയർ ഇന്ത്യയാണ്.

ലൈഫ് മിഷൻ ഫ്ലാറ്റ്: മനുഷ്യാവകാശ കമ്മിഷൻ കേസെടുത്തു

വടക്കാഞ്ചേരി: ചട്ടങ്ങളും നിയമങ്ങളും മറികടന്നാണു 140 കുടുംബങ്ങൾക്കായി ലൈഫ് മിഷനു വേണ്ടി ഫ്ലാറ്റുകൾ നിർമിക്കുന്നതെന്നും അവയുടെ ഗുണനിലവാരം നേരിട്ട് പരിശോധിക്കണമെന്നും, ഭൂരഹിതരും ഭവനരഹിതരുമായ കുടുംബങ്ങൾക്ക് സുരക്ഷിതമായും ഭയരഹിതമായും ജീവിക്കാൻ ഒരു വിദഗ്ധ സമിതി രൂപീകരിച്ച് കെട്ടിട സമുച്ചയത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തണമെന്നും ആവശ്യപ്പെട്ട് അനിൽ അക്കര എംഎൽഎ നൽകിയ ഹർജി സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ കേസെടുത്തു.

വടക്കാഞ്ചേരി നഗരസഭയിൽ ലൈഫ് മിഷൻ 20 കോടി രൂപ സ്പോൺസർഷിപ്പിലൂടെ സമാഹരിച്ച് നാല് ടവറുകളിലായി നിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്ന 140 ഫ്ലാറ്റുകളുള്ള ഭവനസമുച്ചയവും ഹെൽത്ത് സെന്ററും യാതൊരു ഗുണനിലവാരമില്ലാത്തതും ഭാവിയിൽ ഈ കുടുംബങ്ങളുടെ ജീവൻ അപകടത്തിലാക്കുന്നതുമാണ്.

ഈ നിർമാണം സംസ്ഥാന സർക്കാരിനു വേണ്ടി ലൈഫ് മിഷനും യുഎഇ റെഡ് ക്രസന്റ് എന്ന ചാരിറ്റി സംഘടനയുമായി ചേർന്നാണ്. കെട്ടിടം നിർമിക്കുന്ന യൂനിടാക്, സെയിൻ വെഞ്ചേഴ്സ് എന്നീ കമ്പനികൾക്ക് പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിട നിർമാണ ലൈസൻസില്ല. ലൈഫ് മിഷന് ഭവനസമുച്ചയങ്ങൾ നിർമിക്കുന്നതിന് സർക്കാർ ഉത്തരവനുസരിച്ച് പ്രത്യേക മാർഗരേഖകൾ നിഷ്കർഷിച്ചിട്ടുണ്ട്. ഇവിടെ ഇതെല്ലാം പൂർണമായും ലംഘിച്ചാണ് നിർമാണം നടത്തുന്നത്. എംഒയു അനുസരിച്ച് ഏർപ്പെടേണ്ട ഉപകരാർ സർക്കാർ ഉണ്ടാക്കിയിട്ടില്ല. സംസ്ഥാനത്തെ കെട്ടിട നിർമാണ ചട്ടമായ കെഎംബിആർ ഇവിടെ പാലിക്കപ്പെടുന്നില്ല.

ലൈഫ് മിഷൻ ഭവനസമുച്ചയങ്ങൾ നിർമിക്കുന്നതിനായി സർക്കാർ ഉത്തരവനുസരിച്ച് അംഗീകാരമുള്ള പിഎംസിയോ തദ്ദേശസ്വയംഭരണ വകുപ്പോ ആണ് കെട്ടിട്ടങ്ങൾക്ക് പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ ഉണ്ടാക്കേണ്ടത്. ഈ എസ്റ്റിമേറ്റ് സിഇ റാങ്കിലുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് സാങ്കേതികാനുമതി നൽകണം. എന്നാൽ 140 കുടുംബങ്ങളിലായി ആയിരത്തോളം കുടുംബങ്ങൾക്ക് താമസിക്കാനുള്ള ഒരു ലക്ഷം ചതുരശ്രയടി വരുന്ന ഈ നിർമിതിക്ക് സർക്കാർ അംഗീകാരമുള്ള പ്ലാനോ എസ്റ്റിമേറ്റോ ഇല്ല. സാങ്കേതികാനുമതി ഇല്ലാതെ നിർമാണം കരാർ കമ്പനി നേരിട്ടാണ് മേൽനോട്ടം വഹിക്കുന്നത്.

ഈ കെട്ടിടനിർമാണം യാതൊരു ഗുണനിലവാരമില്ലാത്തതും ഏതു നിമിഷവും തകരാവുന്നതുമാണ്. 2018 ആഗസ്റ്റ് 16 ന് ഉരുൾപ്പൊട്ടലുണ്ടായ കുറാഞ്ചേരിയിൽ നിന്നും നാലു കിലോമീറ്റർ ചുറ്റളവിലുള്ള മലനിരകളിലെ ഒരു കിടങ്ങിലാണ് ഈ പദ്ധതി പ്രദേശം. അതിനാൽ തന്നെ റവന്യൂ, പരിസ്ഥിതി വകുപ്പിന്റെ പ്രത്യേക അനുമതി നിർമാണത്തിന് ആവശ്യമാണ്. ഈ നിർമിതിക്ക് നിയമാനുസരണം മുൻകൂർ ഫയർ ആൻഡ് സേഫ്റ്റി അനുമതി വാങ്ങിയിട്ടില്ല. ആയിരത്തോളം പേർക്കുള്ള കുടിവെള്ളം ഉറപ്പുവരുത്തിയിട്ടില്ല. പ്രധാന മുനിസിപ്പൽ റോഡിൽ നിന്നും പദ്ധതി പ്രദേശത്തേക്കുള്ള റോഡ് പലയിടത്തും 3.5 മീറ്ററിൽ താഴെയാണ്.

കെട്ടിട നിർമാണം പൊതുമരാമത്ത് വകുപ്പ് നിഷ്കർഷിക്കുന്ന ഗുണനിലവാരത്തിലല്ല. കമ്പി, സിമന്റ്, മണൽ എന്നീ നിർമാണവസ്തുക്കൾ ഗുണനിലവാരമില്ലാത്തതും നിശ്ചിത അളവിലും ഉപയോഗിക്കുന്നില്ല. ഇതോടൊപ്പം നിർമിക്കുന്ന ഹെൽത്ത് സെന്റർ കെട്ടിടത്തിന് ആരോഗ്യവകുപ്പിന്റെ അനുമതിയില്ല. കെഎംബിആർ, ഭൂപതിവ് ചട്ടങ്ങളുടെ ലംഘനം നടത്തി മരം മുറിക്കുകയും, മണ്ണ് ഖനനം നടത്തുകയും ചെയ്തു. അനിൽ അക്കര എംഎൽഎ ഉന്നയിച്ച ഈ വാദങ്ങൾ അംഗീകരിച്ചാണ് മനുഷ്യാവകാശ കമ്മീഷൻ കേസെടുത്തിട്ടുള്ളത്.

പ്രശാന്ത് ഭൂഷണ് പിന്തുണയുമായി പ്രമേയം

കൊച്ചി: സുപ്രീം കോടതിയിലെ മുതിർന്ന അഭിഭാഷകൻ പ്രശാന്ത് ഭൂഷൺ നേരിടുന്ന ശിക്ഷണ നടപടികളിൽ ധാർമിക പിന്തുണ പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രമേയം കേരള ഹൈക്കോടതി അഭിഭാഷക അസോസിയേഷൻ ജനറൽ ബോഡി യോഗം പാസാക്കി. കോടതിയലക്ഷ്യ നിയമത്തിൽ കാലോചിത മാറ്റങ്ങൾ വരുത്തണമെന്നും വിധിയിൽ അന്തർ കോടതി അപ്പീൽ അനുവദിക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

ഐഎഎൽ ഹൈക്കോടതി യൂണിറ്റ് പ്രസിഡന്റ് അഡ്വ. വി. രാജേന്ദ്രൻ പെരുമ്പാവൂർ അവതരിപ്പിച്ച പ്രമേയം ഭേദഗതികളോടെയാണ് പാസാക്കിയത്. ഐഎഎൽ ഹൈക്കോടതി യൂണിറ്റാണ് പ്രമേയ അവതരണത്തിന് മുൻകൈ എടുത്തത്. അഡ്വ.പി.എ.അസീസും മറ്റ് 61 പേരും ചേർന്ന് അവതരണാനുമതി തേടി.

ദേശീയ സെക്രട്ടറി അഡ്വ. എ. ജയശങ്കർ, അഡീ. അഡ്വക്കറ്റ് ജനറൽ രഞ്ജിത് തമ്പാൻ, ദേശീയ നിർവാഹക സമിതിയംഗം അഡ്വ. പി.എ. അസിസ്, യൂണിറ്റ് വൈസ് പ്രസിഡന്റ് അഡ്വ. മോളി ജേക്കബ്, സീനിയർ അഭിഭാഷകരായ എം.ആർ. രാജേന്ദ്രൻ, ജോർജ് പൂന്തോട്ടം, കൃഷ്ണനുണ്ണി, അഡ്വ. ലത തങ്കപ്പൻ, അഡ്വ. മുഹമ്മദ് ഷാ തുടങ്ങിയവർ പ്രമേയത്തെ അനുകൂലിച്ച് ചർച്ചയിൽ പങ്കെടുത്തു.

ഭൂരിപക്ഷ വോട്ടിന്റെ അടിസ്ഥാനത്തിലാണ് പ്രമേയം പാസായത്. അഡ്വ. അസോസിയേഷൻ പ്രസിഡന്റ് അഡ്വ. ലക്ഷ്മി നാരായണൻ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് അഡ്വ എം. ഹരിരാജ് സ്വാഗതം പറഞ്ഞു.

സ്വർണക്കടത്ത്: 15 പ്രതികളുടെ റിമാൻഡ് നീട്ടി

കൊച്ചി: സ്വർണക്കടത്ത് കേസിലെ 15 പ്രതികളുടെ റിമാൻഡ് കാലാവധി സെപ്റ്റംബർ എട്ട് വരെ നീട്ടി. കസ്റ്റംസ് രജിസ്റ്റർ ചെയ്ത കേസിലാണ് സ്വപ്ന, സരിത്, സന്ദീപ് നായർ അടക്കമുള്ള പ്രതികളുടെ റിമാൻഡ് നീട്ടിയത്. സാമ്പത്തിക കുറ്റകൃത്യങ്ങൾക്കായുള്ള കൊച്ചിയിലെ പ്രത്യേക കോടതിയാണ് റിമാൻഡ് കാലാവധി നീട്ടിയത്. പ്രതികളെ വീഡിയോ കോൺഫറൻസ് വഴിയാണ് കോടതിയിൽ ഹാജരാക്കിയത്. പ്രതികൾക്ക് ജാമ്യം അനുവദിച്ചാൽ സാക്ഷികളെ സ്വാധീനിക്കാനും തെളിവ് നശിപ്പിക്കാനും സാധ്യതയുണ്ടെന്ന് കസ്റ്റംസ് കോടതിയിൽ വ്യക്തമാക്കി.

വിജിലൻസ് അന്വേഷണ ഹർജിയിൽ നോട്ടീസ്

കൊച്ചി: മോൻസ് ജോസഫ് എംഎൽഎ പ്രസിഡന്റായ ഓൾ കേരള ഗവൺമെന്റ് കോൺട്രാക്റ്റേഴ്സ് അസോസിയേഷന്റെ അമ്പത് ലക്ഷം രൂപ ഭാരവാഹികൾ തിരിമറി നടത്തിയെന്നാരോപിക്കുന്ന ഹർജിയിൽ എതിർകക്ഷികൾക്ക് ഹൈക്കോടതി നോട്ടീസ് അയച്ചു. കൊല്ലം പടപ്പക്കര മുളവനയിൽ എം.വൈ.സോളമൻ നൽകിയ കേസിൽ അസോസിയേഷന്റെ ഭാരവാഹികളെക്കൂടാതെ വിജിലൻസ് ഡയറക്റ്ററും തിരുവനന്തപുരം പൊലീസ് കമ്മീഷണറും എതിർകക്ഷികളാണ്.

വിശദമായ വിജിലൻസ് അന്വേഷണം നടത്തുവാനും റിസീവറേയും റിട്ടേണിങ് ഓഫീസറേയും നിയമിക്കുന്നതിനും വേണ്ടിയാണ് ഹർജി.

പി.ടി. തോമസ് ഗവർണർക്ക് കത്ത് നൽകി

തിരുവനന്തപുരം: സംസ്ഥാനത്തെ ഒന്നര ലക്ഷം കർഷകരിൽ നിന്നുള്ള നെല്ലു സംഭരണത്തിൽ പ്രതിവർഷം 73 കോടി രൂപയുടെ അഴിമതി നടക്കുന്നതിനെക്കുറിച്ച് അന്വേഷണം ആവശ്യപ്പെട്ട് പി.ടി. തോമസ് എംഎൽഎ ഗവർണർ ആരിഫ് മുഹമ്മദ്ഖാന് കത്തുനൽകി. നിയമസഭയിൽ അവിശ്വാസ പ്രമയേ നോട്ടീസ് ചർച്ചയ്ക്കിടെ ഈ അഴിമതി ഉന്നയിച്ചെങ്കിലും അതിന് മറുപടി നൽകാൻ മുഖ്യമന്ത്രി തയാറായില്ലെന്നും ഈ പശ്ചാത്തലത്തിൽ ഗവർണറുടെ ഇടപെടൽ അനിവാര്യമാണെന്നും പി.ടി. തോമസ് കത്തിൽ ചൂണ്ടിക്കാട്ടി.

കോഴിക്കോട് രാമകൃഷ്ണ സേവാശ്രമം സഹായം തേടുന്നു

കോഴിക്കോട്: ശ്രീരാമകൃഷ്ണ മഠത്തിന്റെയും രാമകൃഷ്ണ സേവാശ്രമത്തിന്റെയും കോഴിക്കോട്ടെ ശാഖയായ രാമകൃഷ്ണ മിഷൻ സേവാശ്രമത്തിലെ സ്കൂളിനും പോളിക്ലിനിക്കിനും തുടർ പ്രവർത്തനങ്ങൾക്കായി സുമനസുകളിൽ നിന്നു സഹായം തേടുന്നു.

തീർത്തും സാധാരണക്കാരായ മൂവായിരത്തിലേറെ കുട്ടികൾ പഠിക്കുന്ന ഹയർ സെക്കൻഡറി സ്കൂളിന്റെ കെട്ടിടങ്ങൾ അടക്കമുള്ളവയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ അനിവാര്യമായ ഘട്ടത്തിലാണിപ്പോൾ. സാധാരണക്കാർക്കു ചുരുങ്ങിയ ചെലവിൽ ചികിത്സ നൽകുന്ന പോളിക്ലിനിക്കും പ്രതിസന്ധിയിലാണ്. ഡന്റൽ, പാത്തോളജി, ഇഎൻടി, ജനറൽ മെഡിസിൻ, ഫിസിയോതെറാപ്പി, പീഡിയാട്രിക് ചികിത്സകളാണ് ഇവിടെ നടത്തിവരുന്നത്.

ഇവയുടെ നിലനിൽപ്പിനും പുനരുദ്ധാരണത്തിനും തുടർനടത്തിപ്പിനുമായി പൊതുജനങ്ങളിൽ നിന്ന് ഉദാരമായ സംഭാവന ലഭിക്കേണ്ടതുണ്ടെന്നു കോഴിക്കോട് രാമകൃഷ്ണ സേവാശ്രമം സെക്രട്ടറി സ്വാമി നരസിംഹാനന്ദ അഭ്യർഥിച്ചു. എല്ലാ സംഭാവനകളും 1961ലെ ആദായ നികുതി ആക്റ്റ് 80ജി പ്രകാരം നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

Name of the Account: Ramakrishna Mission Sevashrama
Bank: State Bank of India
Branch: Kallai, Kozhikode
Account Number: 10261949274
IFSC: SBIN0002252

സംഭാവനകൾ Ramakrishna Mission Sevashrama എന്ന പേരിൽ ചെക്കായും അയയ്ക്കാം. തുടർന്ന് kozhikode@rkmm.org എന്ന വിലാസത്തിൽ പൂർണ വിലാസവും PAN നമ്പരും നൽകണം.

രാഹുലിനും സുനിൽ ബേബിക്കും അവാർഡ്

രാഹുൽ ചന്ദ്രശേഖർ ,സുനിൽ ബേബി

തൃശൂർ: ടി.വി. അച്യുതവാര്യരുടെ സ്മരണാർഥം തൃശൂർ പ്രസ് ക്ലബ് ഏർപ്പെടുത്തിയ ഏഴാമത് അച്യുതവാര്യർ സ്മാരക പുരസ്കാരങ്ങൾക്ക് രാഹുൽ ചന്ദ്രശേഖർ (കേരള കൗമുദി), സുനിൽ ബേബി (മീഡിയവൺ) എന്നിവർ അർഹരായി.

10,001 രൂപയും പ്രശസ്തിപത്രവും ഫലകവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം. മുതിർന്ന മാധ്യമപ്രവർത്തകൻ സി.എ കൃഷ്ണൻ, ഡോ. കാവുമ്പായി ബാലകൃഷ്ണൻ, ഡോ.സി.എസ് ശങ്കർ എന്നിവരാണ് അവാർഡ് നിശ്ചയിച്ചത്. പുരസ്കാരസമർപ്പണം പിന്നീട്.

പരിസ്ഥിതി സംബന്ധിയായ വാർത്തയ്ക്കാണ് കേരള കൗമുദി കോട്ടയം ബ്യൂറോ ചീഫ് രാഹുൽ ചന്ദ്രശേഖറിന് പുരസ്കാരം. ദൃശ്യമാധ്യമ വിഭാഗത്തിൽ അവാർഡ് നേടിയ സുനിൽ ബേബി മീഡിയവൺ കോഴിക്കോട് ന്യൂസ് ഡസ്ക്കിൽ സീനിയർ പ്രൊഡ്യൂസറാണ്.

പദ്മനാഭസ്വാമി ക്ഷേത്രം: ഭരണസമിതി രൂപീകരണത്തിന് നാലാഴ്ച കൂടി

ന്യൂഡൽഹി: തിരുവനന്തപുരം ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിൽ ഭരണസമിതിയും ഉപദേശക സമിതിയും രൂപീകരിച്ചു പ്രവർത്തന സജ്ജമാക്കാൻ നാലാഴ്ചത്തെ സമയം കൂടി അനുവദിച്ച് സുപ്രീം കോടതി. തിരുവനന്തപുരം ജില്ലാ ജഡ്ജി അല്ലെങ്കിൽ ഹിന്ദുവായ മുതിർന്ന അഡീഷണൽ ജഡ്ജി ആകും ഭരണസമിതിയുടെ അധ്യക്ഷൻ എന്ന് കോടതി വ്യക്തമാക്കി.

ഉപദേശക സമിതിയിൽ കേരള ഹൈക്കോടതിയിൽ നിന്ന് വിരമിച്ച ജഡ്ജിയെ നിയമിക്കാൻ അനുവദിക്കണമെന്ന ക്ഷേത്രം ട്രസ്റ്റി മൂലം തിരുന്നാൾ രാമവർമയുടെ ആവശ്യവും സുപ്രീം കോടതി അംഗീകരിച്ചു. ക്ഷേത്ര ഭരണച്ചുമതല പുതിയ ഭരണസമിതിക്ക് കൈമാറാമെന്ന് വ്യക്തമാക്കി രാമവർമ ഫയൽ ചെയ്ത സത്യവാങ്മൂലവും കോടതി അംഗീകരിച്ചു.

അതിനിടെ, ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫിസർ പദവിയിൽ നിന്ന് ഒഴിയാൻ അനുമതി തേടിയും എക്സിക്യൂട്ടീവ് ഓഫിസർ എന്ന നിലയിൽ തനിക്കെതിരായ എല്ലാ കേസുകളും റദ്ദാക്കാൻ ഉത്തരവിടണമെന്നും ആവശ്യപ്പെട്ട് വി. രതീശൻ നൽകിയ അപേക്ഷ സുപ്രീം കോടതിയിൽ നിന്ന് പിൻവലിച്ചു. പുതിയ ഭരണസമിതിക്കു പുതിയ എക്സിക്യൂട്ടീവ് ഓഫിസറെ നിശ്ചയിക്കാമെന്നു കോടതി പറഞ്ഞു.

കേസിന്റെ ചെലവ് സിപിഎം വഹിക്കണം: കുമ്മനം രാജശേഖരൻ

തിരുവനന്തപുരം: പെരിയ ഇരട്ടക്കൊല കേസ് സിബിഐക്ക് വിടാൻ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് വിധിച്ച സ്ഥിതിക്ക് പ്രതികൾക്ക് വേണ്ടി കേസ് നടത്താൻ സർക്കാർ ചെലവഴിച്ച ലക്ഷക്കണക്കിന് തുക സിപിഎമ്മിൽ നിന്നും ഈടാക്കണമെന്ന് ബിജെപി മുൻ സംസ്ഥാന അധ്യക്ഷൻ കുമ്മനം രാജശേഖരൻ ആവശ്യപ്പെട്ടു.

സിബിഐ അന്വേഷണത്തിന് ഹൈക്കോടതി സിംഗിൾ ബെഞ്ച് പുറപ്പെടുവിച്ച ഉത്തരവിനെതിരെ പ്രതികൾക്ക് വേണ്ടി കേരള സർക്കാർ അപ്പീൽ പോയത് ഇരകളോട് ചെയ്ത കൊടും ക്രൂരതയാണ്. പ്രോസിക്യൂഷൻ ഭാഗത്തു നിന്ന് കൊലപാതകത്തിനിരയായവരുടെ താത്പര്യങ്ങൾ സംരക്ഷിക്കാൻ സർക്കാർ ബാധ്യസ്ഥമാണ്.

എന്നിട്ടും ലക്ഷങ്ങൾ ചിലവിട്ട് മുൻ സോളിസിറ്റർ ജനറൽ ഉൾപ്പെടെ പ്രഗത്ഭ അഭിഭാഷകരെ അണിനിരത്തി കേസ് വാദിക്കുകയും സിബിഐ അന്വേഷണം നടക്കാതിരിക്കുന്നതിന് കേസ് അട്ടിമറിക്കാൻ ശ്രമിക്കുകയും ചെയ്തത് കോടതി വ്യവഹാരങ്ങളുടെ ചരിത്രത്തിലെ ഇരുളടഞ്ഞ അധ്യായമാണ്. പ്രതികൾ സ്വന്തം പാർട്ടിക്കാരാണെങ്കിൽ സംരക്ഷിക്കാനും രക്ഷപ്പെടുത്താനും സിപിഎം ഭരണയന്ത്രത്തെ ദുർവിനിയോഗം ചെയ്യുന്നു. പെരിയ കേസിൽ സുപ്രീം കോടതി വരെ കേരള സർക്കാകർ നിയമയുദ്ധം നടത്തിയെന്ന് വരാം.

പൊതു ഖജനാവിലെ പണം ഉപയോഗിച്ച് പ്രതികൾക്ക് വേണ്ടി കോടതി വ്യവഹാരങ്ങൾ സർക്കാർ നടത്തുകവഴി പ്രോസിക്യൂഷന്റെ വിശ്വാസ്യതയും നൈതികതയും ചോദ്യം ചെയ്യപ്പെട്ടിരിക്കുകയാണെന്ന് കുമ്മനം രാജശേഖരൻ പറഞ്ഞു.

തിരുവനന്തപുരം വിമാനത്താവളം കൈമാറ്റം: അടിയന്തര സ്റ്റേ ഇല്ല

കൊച്ചി: തിരുവനന്തപുരം വിമാനത്താവള നടത്തിപ്പ് അദാനി എന്റർപ്രൈസസിനു കൈമാറുന്നത് അടിയന്തരമായി സ്റ്റേ ചെയ്യണമെന്ന സംസ്ഥാന സർക്കാരിന്റെ ഹർജി ഹൈക്കോടതി നിരാകരിച്ചു.

എല്ലാ കക്ഷികളുടെയും വാദം കേൾക്കാൻ കോടതി തീരുമാനിച്ചു. ഹർജി സെപ്റ്റംബർ 15നു പരിഗണിക്കും. കേസുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഹർജി പരിഗണിക്കുമ്പോൾ സർക്കാരിന് ഹാജരാക്കാം.

രാജ്യത്തെ വിമാനത്താവളങ്ങൾ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കാനുള്ള തീരുമാനത്തിന്റെ ഭാഗമായാണു തിരുവനന്തപുരം വിമാനത്താവളം ലേലത്തിലൂടെ 50 വർഷത്തേക്ക് അദാനി ഗ്രൂപ്പിനു കൈമാറുന്നത്. വിമാനത്താവളം നടത്തിപ്പ്, വികസനം, നവീകരണം തുടങ്ങിയ ചുമതലകളാണ് അദാനി ഗ്രൂപ്പിന്.

സ്വകാര്യവത്കരണം അനുവദിക്കരുതെന്നും വിമാനത്താവളം ഏറ്റെടുക്കാൻ സംസ്ഥാന സർക്കാർ തയാറാണെന്നും കേന്ദ്രത്തെ അറിയിച്ചിരുന്നു. ലേലത്തിൽ പങ്കെടുക്കുകയും ചെയ്തു.

ഇന്നു നിങ്ങൾക്ക്

ബ്രഹ്മശ്രീ കാണിപ്പയ്യൂർ നാരായണൻ നമ്പൂതിരിപ്പാട്

- അശ്വതി : പ്രവർത്തനങ്ങൾക്കും ചർച്ചകൾക്കും പൂർണ്ണതയുണ്ടാകും. മംഗളകർമ്മങ്ങളിൽ പങ്കെടുക്കുവാനിടവരും. മനസ്സന്തോഷവും ആത്മസംതൃപ്തിയും ഉണ്ടാകും.
- ഭരണി : ചെലവ് നിയന്ത്രിയ്ക്കണം. വിജ്ഞാനപ്രദമായ വിഷയങ്ങൾ ചർച്ചചെയ്യും. ഈശ്വരപ്രാർത്ഥനകളാൽ മനോവിഷമത്തിനു കുറവുണ്ടാകും
- കാർത്തിക : ചെറിയ പദ്ധതികൾക്കു രൂപകല്പന ചെയ്യും. സഹപാഠികളെ കാണുവാനും ഗതകാലസ്മരണകൾ പങ്കുവെയ്ക്കുവാനും അവസരമുണ്ടാകും.
- രോഹിണി : പുതിയ ഉദ്യോഗത്തിൽ പ്രവേശിയ്ക്കുവാൻ അന്യദേശയാത്ര പുറപ്പെടും. മംഗളകർമ്മങ്ങളിൽ പങ്കെടുക്കും. വ്യവസ്ഥകൾ പരിഗണിയ്ക്കും.
- മകയിരം : വിദേശയാത്രയ്ക്ക് അനുമതി ലഭിയ്ക്കും. വ്യവസ്ഥകൾ പാലിയ്ക്കും. താരതമ്യേന കുറഞ്ഞ വിലയ്ക്ക് പൂർവ്വികസ്വത്ത് വാങ്ങുവാൻ ധാരണയാകും.
- തിരുവാതിര : മഹദ്‌വ്യക്തികളെ പരിചയപ്പെടുവാനവസരമുണ്ടാകും. ബന്ധുക്കൾ വിരുന്നുവരും. സുതാര്യതയുള്ള പ്രവർത്തനങ്ങളാൽ സമാധാനമുണ്ടാകും.
- പുണർതം : യാത്രാക്ലേശത്താൽ അസ്വാസ്ഥ്യമുണ്ടാകും. ഭക്ഷ്യവിഷബാധയേൽക്കാതെ സൂക്ഷിയ്ക്കണം. വാഹന ഉപയോഗം സൂക്ഷിയ്ക്കണം.
- പൂയ്യം : ഓർമ്മശക്തികുറയും. പണനഷ്ടമുണ്ടാകും. ആശയവിനിമയങ്ങളിൽ സൂക്ഷിയ്ക്കണം. നിസ്സാരകാര്യങ്ങൾക്ക് തടസ്സം അനുഭവപ്പെടും.
- ആയില്യം : പണയപ്പെടുത്തിയ ആധാരം തിരിച്ചെടുക്കുവാൻ സാധിയ്ക്കും. മനസ്സാക്ഷിയ്ക്കു വിരുദ്ധമായ പ്രവൃത്തികളിൽ നിന്നും പിന്മാറും.
- മകം : പ്രയത്നങ്ങൾക്ക് ഫലമുണ്ടാകും. ആരോഗ്യം തൃപ്തികരമാകും. അസുഖങ്ങൾ കുറയും.
- പൂരം : യാത്രാക്ലേശത്താൽ ലക്ഷ്യസ്ഥാനത്ത് വൈകിയെത്തും. പാർശ്വഫലങ്ങളുള്ള ഔഷധങ്ങൾ ഉപേക്ഷിയ്ക്കും. കീഴ്ജീവനക്കാർക്ക് സാമ്പത്തികസഹായം ചെയ്യും.
- ഉത്രം : അന്യദേശയാത്ര പുറപ്പെടും. കുടുംബാംഗങ്ങളുടെ ആവശ്യങ്ങൾ പരിഗണിയ്ക്കും. ആത്മവിശ്വാസം വർദ്ധിയ്ക്കും.
- അത്തം : പ്രയത്നത്തിന് ഫലമുണ്ടാകുമെങ്കിലും ചെലവ് വർദ്ധിയ്ക്കും. ചർച്ചകൾ മാറ്റി വെയ്ക്കും. നിഷേധാത്മകമായ നിലപാടിൽ നിന്നും ഒഴിഞ്ഞുമാറും.
- ചിത്ര : ഹ്രസ്വകാല പാഠ്യപദ്ധതിയ്ക്കു ചേരും. ആത്മവിശ്വാസം വർദ്ധിയ്ക്കും. മംഗള കർമ്മങ്ങൾക്ക് നേതൃത്വം നൽകും.വസ്തുതർക്കം പരിഹരിയ്ക്കും.
- ചോതി : മനസ്സമാധാനവും ഐശ്വര്യവും കുടുംബസൌഖ്യവും ദാമ്പത്യഐക്യതയും കാര്യനിർവ്വഹണശക്തിയും സംഘനേതൃത്വവും ഉണ്ടാകും. ധനവിനിമയങ്ങളിൽ സൂക്ഷിയ്ക്കണം.
- വിശാഖം : സംഘടിശ്രമങ്ങൾ വിജയിയ്ക്കും. വിശ്വസ്തസേവനത്തിന് പ്രശസ്തിപത്രം ലഭിയ്ക്കും. പ്രത്യേക പരിഗണനയിൽ അവധിലഭിയ്ക്കും.
- അനിഴം : സേവനസാമർത്ഥ്യത്താൽ കാര്യവിജയമുണ്ടാകും. പുതിയ ഭരണസംവിധാനം പ്രാവർത്തികതലത്തിൽ കൊണ്ടുവരും.
- തൃക്കേട്ട : മേലധികാരിയുടെ സ്വകാര്യ ആവശ്യങ്ങൾ സാധിപ്പിയ്ക്കും. അമിതവ്യയം നിയന്ത്രിയ്ക്കണം.
- മൂലം : കുടുംബത്തിലെ അപര്യാപ്തതകൾ പരിഹരിയ്ക്കുവാൻ നിർബന്ധിതനാകും. അസുഖങ്ങൾക്ക് കുറവു തോന്നും. അമിതവേഗത ഉപേക്ഷിയ്ക്കണം.
- പൂരാടം : ശുചിത്വപരിപാലനത്തിൽ ശ്രദ്ധകേന്ദ്രീകരിയ്ക്കും. സ്വയംഭരാണാധികാരം ലഭിയ്ക്കും. വ്യവസ്ഥകൾ പാലിയ്ക്കും.
- ഉത്രാടം : പ്രതികരണശേഷി വർദ്ധിയ്ക്കും. മദ്ധ്യസ്ഥർ മുഖാന്തിരം കുടുംബതർക്കം പരിഹരിയ്ക്കും. ചർച്ചയിൽ വിജയിയ്ക്കും.
- തിരുവോണം : യാത്രാക്ലേശത്താൽ അസ്വാസ്ഥ്യമനുഭവപ്പെടും. പണമിടപാടുകളിൽ സൂക്ഷിയ്ക്കണം. കടം കൊടുക്കരുത്.
- അവിട്ടം : ആഗ്രഹങ്ങൾ സാധിയ്ക്കും. വാക്കും പ്രവൃത്തിയും ഫലപ്രദമാകും. പുതിയ പാഠ്യപദ്ധതിയ്ക്കു ചേരുവാൻ തീരുമാനിയ്ക്കും.
- ചതയം : വ്യവസ്ഥകൾ പാലിയ്ക്കും. വീഴ്ചകളുണ്ടാവാതെ സൂക്ഷിയ്ക്കണം. സഹോദരസഹായ ഗുണമുണ്ടാകും.
- പൂരോരുട്ടാതി : പ്രവർത്തനരംഗം മെച്ചപ്പെടും. മത്സരരംഗങ്ങൾക്ക് പരിശീലനം തുടങ്ങും. പദ്ധതി ആസൂത്രണങ്ങളിൽ ലക്ഷ്യപ്രാപ്തി നേടും.
- ഉത്രട്ടാതി : വ്യവസ്ഥകൾ പാലിയ്ക്കും. പ്രയത്നങ്ങൾക്ക് ഫലമുണ്ടാകും. അഹംഭാവം ഉപേക്ഷിയ്ക്കണം.
- രേവതി : ഭാര്യാ-ഭർത്തൃഐക്യതയുണ്ടാകും. പ്രയത്നങ്ങൾക്ക് ഫലമുണ്ടാകും. പുതിയ പാഠ്യപദ്ധതിയെപ്പറ്റി പുനരാലോചിയ്ക്കും.

കൊവിഡ് ബ്രിഗേഡ് ആദ്യ സംഘം കാസർഗോട്ടേയ്ക്ക് പുറപ്പെട്ടു

തിരുവനന്തപുരം: സംസ്ഥാനത്ത് കൊവിഡ് പ്രതിരോധം ശക്തമാക്കാൻ സജ്ജമാക്കിയ ബ്രിഗേഡിന്റെ ആദ്യ സംഘം പരിശീലനം പൂർത്തിയാക്കി കാസർഗോട്ടേക്കു പുറപ്പെട്ടു. സെൻട്രൽ സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ യാത്ര ഫ്ലാഗ് ഓഫ് ചെയ്തു. ആരോഗ്യമന്ത്രി കെ.കെ. ശൈലജ സന്നിഹിതയായിരുന്നു.

തിരുവനന്തപുരം മെഡിക്കൽ കോളെജിന്റെ നേതൃത്വത്തിൽ നടന്ന നാലു ദിവസത്തെ പരിശീലനം പൂർത്തിയാക്കിയ 26 സിഎഫ്എൽടിസി കൊവിഡ് ബ്രിഗേഡുമാരാണ് സംഘത്തിലുള്ളത്. ഇൻഫെക്ഷൻ കൺട്രോൾ, ബേസിക് ലൈഫ് സപ്പോർട്ട്, എയർവേ മാനെജ്മെന്റ്, അഡ്വാൻസ്ഡ് എയർവേ മാനെജ്മെന്റ്, മെഡിക്കൽ പ്രോട്ടോകോൾ, കൊവിഡ് പ്രോട്ടോകോൾ, സാംപിൾ ടെസ്റ്റിങ്, സുരക്ഷാ മാനദണ്ഡങ്ങൾ, പിപിഇ കിറ്റിന്റെ ഫലപ്രദമായ ഉപയോഗം തുടങ്ങിവയിലാണ് പരിശീലനം നൽകിയത്.

കൊവിഡ് ബ്രിഗേഡിന്റെ ആദ്യ സംഘം കാസർഗോട്ടേക്കു പുറപ്പെടുന്നത് മുഖ്യമന്ത്രി പിണറായി വിജയൻ ഫ്ലാഗ് ഓഫ് ചെയ്യുന്നു

അടുത്ത ബാച്ചിന്റെ പരിശീലനം മെഡിക്കൽ കോളെജിൽ ആരംഭിച്ചു. തീവ്രപരിചരണ വിഭാഗങ്ങളിൽ ജോലി ചെയ്യുന്നവർക്ക് ഐസിയുവിൽ നേരിട്ടുള്ള 10 ദിവസത്തെ പരിശീലനമാണ് നൽകുന്നത്. ബ്രിഗേഡിൽ ചേരാൻ https://covid19jagratha.kerala.nic.in/ എന്ന പോർട്ടൽ വഴി രജിസ്റ്റർ ചെയ്യാം.

2,000 നാടൻ പഴം, പച്ചക്കറി വിപണി നാളെ മുതൽ

തിരുവനന്തപുരം: ഓണത്തിനു സംസ്ഥാനത്താകെ 2000 'നാടൻ പഴം - പച്ചക്കറി ഓണ സമൃദ്ധി' വിപണികളുമായി കൃഷി വകുപ്പ്. വിപണികളുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് പാളയത്തെ ഹോർട്ടികോർപ്പ് വിപണിയിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈൻ ആയി നിർവഹിക്കും. ടൂറിസം മന്ത്രി കടകംപള്ളി സുരേന്ദ്രൻ ആദ്യ വില്പന നടത്തും. കൃഷി മന്ത്രി വി.എസ്. സുനിൽകുമാർ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ മേയർ ശ്രീകുമാർ, ശശി തരൂർ എംപി, വി.എസ്. ശിവകുമാർ എംഎൽഎ, ഹോർട്ടികോർപ്പ് ചെയർമാൻ വിനയൻ തുടങ്ങിയവർ സംബന്ധിക്കും.

വിപണികൾ 27 മുതൽ 30 വരെ പ്രവർത്തിക്കുമെന്ന് സുനിൽ കുമാർ വാർത്താസമ്മേളനത്തിൽ അറിയിച്ചു. കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ 1,350, വിഎഫ്പിസികെയുടെ 150, ഹോർട്ടികോർപ്പിന്റെ 500 വിപണികളാണ് സജ്ജമാക്കുന്നത്. പ്രാദേശിക കർഷകരിൽ നിന്നും വിപണി വിലയേക്കാൾ 10 ശതമാനം അധികവില നൽകി സംഭരിക്കുന്ന പഴം- പച്ചക്കറികൾ 30 ശതമാനം കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കും. കർഷകരുടെ ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിലയും ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ഉത്പന്നങ്ങളും ഉറപ്പാക്കുന്നു. 100 രൂപയുടെയും 150 രൂപയുടെയും കിറ്റുകളും വിപണിയിൽ ലഭ്യമാക്കുമെന്ന് മന്ത്രി പറഞ്ഞു.

ഇടുക്കി വട്ടവട- കാന്തല്ലൂരിൽ നിന്നുള്ള പച്ചക്കറികൾ, മറയൂർ ശർക്കര, കാന്തല്ലൂർ, വെളുത്തുള്ളി, കൃഷിവകുപ്പ് ഫാമിന്റെ ഉത്പന്നങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉത്പന്നങ്ങൾ എന്നിവയും ലഭിക്കും.

ഹോർട്ടികോർപ്പ്, വിഎഫ്പിസികെ മുഖാന്തിരം ഓൺലൈനായും പച്ചക്കറി ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിന് സജ്ജീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. വാട്ട്സ്ആപ്പ് ഗ്രൂപ്പുകൾ കേന്ദ്രീകരിച്ച് ഓൺലൈൻ ഓർഡറുകൾ സ്വീകരിച്ച് റസിഡന്റ്സ് അസോസിയേഷനുകൾ മുഖേന വിപണനം ചെയ്യുന്ന സംവിധാനവും ഓണച്ചന്തകളുടെ ഭാഗമായി ഒരുക്കിയിട്ടുണ്ട്.

പ്രാദേശിക പച്ചക്കറികൾ, ഇതര സംസ്ഥാനങ്ങളിലെ പച്ചക്കറികൾ എന്നിവയ്ക്ക് പ്രത്യേകം ബോർഡുകൾ വിപണികളിൽ സ്ഥാപിച്ചിട്ടുണ്ടാകും. പൂർണമായും കൊവിഡ് പ്രോട്ടോക്കോളും ഗ്രീൻ പ്രോട്ടോക്കോളും പാലിച്ചുകൊണ്ടായിരിക്കും വിപണികൾ പ്രവർത്തിക്കുകയെന്നും മന്ത്രി അറിയിച്ചു. ആഴ്ചച്ചന്തകളും ഗ്രാമചന്തകളും വഴിയോര കർഷകച്ചന്തകളും വ്യാപകമാക്കാനും തീരുമാനമായിട്ടുണ്ട്.

സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പിന് കീഴിലുള്ള 1,800 വിപണികൾ ഉൾപ്പടെയെല്ലാം ശക്തമാക്കും. ജീവനി കാർഷിക വിപണി എന്ന് ഈ വിപണികൾ അറിയപ്പെടും. ഏകീകൃത ബോർഡും ഈ വിപണികൾക്കുണ്ടായിരിക്കും. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ഇവ ഒരു സ്ഥിര സംവിധാനമായി തുടരുകയും ചെയ്യും. അടുത്ത ഓണത്തിന് ഓണത്തിനൊരു കുട പൂവ് എന്ന പദ്ധതി നടപ്പിലാക്കും.

ഓണക്കാലത്ത് വ്യാപാര സ്ഥാപനങ്ങളുടെ സമയം ദീർഘിപ്പിക്കണം: ചെന്നിത്തല

● മുഖ്യമന്ത്രിക്ക് കത്ത് നൽകി

തിരുവനന്തപുരം: ഓണത്തോടനുബന്ധിച്ചുണ്ടാകുന്ന ജനത്തിരക്ക് കുറക്കാൻ സംസ്ഥാനത്തെ എല്ലാ വ്യാപാര - കച്ചവട സ്ഥാപനങ്ങളും രാത്രി ഒൻപതു മണി വരെയെങ്കിലും കൊവിഡ് പ്രോട്ടോകോൾ പാലിച്ച് കൊണ്ട് പ്രവർത്തിക്കാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല മുഖ്യമന്ത്രിക്ക് കത്ത് നൽകി.

ഓണം അടുക്കുന്നതോടെ കടകളിലെ തിക്കും തിരക്കും ഇനിയും വർധിക്കും. ഇതു കൊവിഡ് വ്യാപനം വർധിപ്പിക്കുമെന്ന ആശങ്കയും നിലനിൽക്കുന്നുണ്ട്. വ്യാപാരസ്ഥാപനങ്ങളുടെ നിലവിലുള്ള പ്രവർത്തിസമയം വർധിപ്പിച്ചാൽ കടകളിലെ നിലവിലുള്ള തിരക്കും ആൾക്കൂട്ടവും കുറയ്ക്കാനാകും. സമാനമായ ആവശ്യം വ്യാപാര സമൂഹവും ഉന്നയിക്കുന്നുണ്ട്.

ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ വ്യാപാര സ്ഥാപനങ്ങളിലും, കടകളിലും ജനത്തിരക്ക് കൂടി വരികയാണ്. നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ വ്യാപാര സ്ഥാപനങ്ങളുടെ പ്രവർത്തി സമയം രാവിലെ ഏഴു മുതൽ വൈകുന്നേരം ഏഴു വരെയാണ് സർക്കാർ നിശ്ചയിച്ചിരിക്കന്നതെന്നും ഇത് നീട്ടമെന്നും ചെന്നിത്തല പറഞ്ഞു.

പെരിയ: നീതിയുടെ വാതിൽ തുറന്നെന്ന് ഉമ്മൻ ചാണ്ടി

തിരുവനന്തപുരം: പെരിയ ഇരട്ടക്കൊലക്കേസിൽ സിബിഐ അന്വേഷണം എതിർത്തുകൊണ്ടുള്ള സംസ്ഥാന സർക്കാരിന്റെ ഹർജി ഡിവിഷൻ ബെഞ്ച് തള്ളുകയും കേസ് സിബിഐക്കു വിടാനുള്ള തടസങ്ങൾ നീങ്ങുകയും ചെയ്തതോടെ ഒന്നരവർഷത്തിനുശേഷം ശരത്‌ലാലിന്റെയും കൃപേഷിന്റെയും കുടുംബത്തിന് നീതി ലഭിക്കാനുള്ള വാതിൽ തുറന്നുകിട്ടിയെന്ന് മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി.

കേസ് സിബിഐക്കു വിട്ട ഹൈക്കോടതി വിധിക്കെതിരേ ഇടതുസർക്കാർ തന്നെ രംഗത്തുവന്നത് രാഷ്ട്രീയാന്ധത ബാധിക്കാത്ത എല്ലാവരെയും വേദനിപ്പിച്ചു. മോദി സർക്കാരിന്റെ അഡീഷണൽ സോളിസിറ്റർ ജനറൽമാരായിരുന്ന മനീന്ദർ സിങ്, രഞ്ജിത് കുമാർ എന്നിവരെ 86 ലക്ഷം രൂപ നൽകിയാണ് ഹൈക്കോടതിയിൽ അണിനിരത്തിയത്. രണ്ടു ചെറുപ്പക്കാരെ നിഷ്ഠൂരമായി കൊന്നശേഷം അവർക്ക് നീതി കിട്ടുന്നതു തടയാൻ ചെലവഴിച്ചത് ജനങ്ങളുടെ നികുതിപ്പണമാണെന്ന് ഉമ്മൻ ചാണ്ടി ചൂണ്ടിക്കാട്ടി.

> നാലു രാഷ്ട്രീയകൊലപാതക കേസുകളാണ് ഇപ്പോൾ കണ്ണൂരും പരിസരങ്ങളിലുമായി സിബിഐ അന്വേഷിക്കുന്നത്.

ഒൻപതുമാസമാണ് സർക്കാർ ഇടപെട്ട് കേസ് മരവിപ്പിച്ചു നിർത്തിയത്. പെരിയ ഇരട്ടക്കൊലപാതകത്തിനു ശേഷം ആ വീടുകൾ സന്ദർശിച്ചത് ഒരിക്കലും മറക്കാൻ കഴിയില്ല. പാവപ്പെട്ട ആ കുടുംബങ്ങളിൽ തളംകെട്ടിനിന്ന ദുഃഖം അവിടം സന്ദർശിച്ച ഓരോരുത്തരിലേക്കും അരിച്ചുകയറി. ആ ദുഃഖം പെരിയ കല്യോട്ട് ഗ്രാമം മാത്രമല്ല, കേരളീയ പൊതുസമൂഹവും കൂടിയാണ് ഏറ്റെടുത്തത്.

ഇനി മട്ടന്നൂരിലെ യൂത്ത് കോൺഗ്രസ് ഷുഹൈബിന്റെ കേസാണ് സിബിഐ അന്വേഷണത്തിനു കാത്തിരിക്കുന്നത്. അതും സംഭവിക്കുമെന്നാണ് പ്രതീക്ഷ. നാലു രാഷ്ട്രീയ കൊലപാതക കേസുകളാണ് ഇപ്പോൾ കണ്ണൂരും പരിസരങ്ങളിലുമായി സിബിഐ അന്വേഷിക്കുന്നത്. അരിയിൽ ഷുക്കൂർ, കതിരൂർ മനോജ്, പയ്യോളി മനോജ്, മുഹമ്മദ് ഫസൽ എന്നിവയാണവ. സിബിഐയ്ക്ക് രാജ്യത്ത് ഏറ്റവും ജോലി ഭാരമുള്ള പ്രദേശമാണിവിടം. എല്ലാ കേസുകളിലും സിപിഎമ്മാണ് പ്രതിസ്ഥാനത്തെന്നും ഉമ്മൻ ചാണ്ടി പറഞ്ഞു.

അവിശ്വാസ പ്രമേയം

ബാക്കിപത്ര പോരിൽ മുന്നണികൾ

എം.ബി. സന്തോഷ്

തിരുവനന്തപുരം: അവിശ്വാസ പ്രമേയത്തിന്റെ നേട്ടമെന്താണെന്ന വാക്പോരിൽ മുന്നണികൾ. ഭരണനേട്ടങ്ങൾ എണ്ണിപ്പറയാനും പ്രതിപക്ഷത്തെ തുറന്നുകാട്ടാനും കഴിഞ്ഞതിന്റെ സന്തോഷത്തിലാണ് ഭരണപക്ഷം. ഭൂരിപക്ഷമില്ലാത്തതിനാൽ അവിശ്വാസ പ്രമേയം പരാജയപ്പെടുമെന്ന് അറിയാമായിരുന്നെങ്കിലും മുഖ്യമന്ത്രിയുടെ ഓഫീസിന്റെ വീഴ്ചകളും സ്വർണക്കള്ളക്കടത്തുമായുള്ള ബന്ധവും പാവപ്പെട്ടവർക്ക് വീടുവച്ചുനൽകുന്ന ലൈഫ് പദ്ധതിയിലെ കൈയിട്ടുവാരലും ഉൾപ്പെടെ ഒരിക്കൽകൂടി തുറന്നുകാട്ടാൻ കഴിഞ്ഞുവെന്നാണ് പ്രതിപക്ഷത്തിന്റെ അവകാശവാദം.

കേരളം രൂപീകൃതമായ 1957 മുതൽ ഇതുവരെ ആകെയുള്ള 916 അംഗങ്ങളിൽ ഏറ്റവും ദീർഘമായി പ്രസംഗിച്ച അംഗം എന്ന റെക്കോർഡ് അവിശ്വാസപ്രമേയത്തോടെ മുഖ്യമന്ത്രി പിണറായി വിജയന് സ്വന്തമായി. ഇതിനു മുമ്പ് ഒരു അവിശ്വാസപ്രമേയ ചർച്ചയ്ക്ക് ആകെയെടുത്ത സമയത്തിന്റെ ദൈർഘ്യത്തിൽ മുന്നിട്ടുനിൽക്കുന്നത് 2005ൽ ഉമ്മൻചാണ്ടി സർക്കാരിനെതിരെയായിരുന്നു.

അന്ന് മൂന്നുദിവസമായി നടന്ന ചർച്ച 20 മണിക്കൂറോളമാണ്. അതിൽ മുഖ്യമന്ത്രിയും മന്ത്രിമാരുംകൂടി മറുപടി പറഞ്ഞത് 5.15 മണിക്കൂർ. അതിൽതന്നെ ഉമ്മൻചാണ്ടിയുടെ മറുപടി 1.45 മണിക്കൂർ. ഉമ്മൻചാണ്ടിയുടെ രണ്ട് മണിക്കൂർ 55 മിനിട്ട് നീണ്ട ബജറ്റ് പ്രസംഗമായിരുന്നു ഇതുവരെ കേരള നിയമസഭയിലെ ഏറ്റവും ദൈർഘ്യമേറിയ പ്രസംഗം. അതാണ് 3.45 മണിക്കൂർ കുറിച്ച് ഇന്നലെ പിണറായി മറികടന്നത്. മാത്രമല്ല, അതു മുഴുവൻ തന്നെയും സർക്കാരിനെയും എതിർക്കുന്ന പ്രമുഖ ചാനലുകളുടെ പ്രൈം ടൈമിൽ തത്സമയം സംപ്രേഷണം നടത്താൻ നിർബന്ധിതമാക്കുകയും ചെയ്തു.

ഏറ്റവും നീണ്ട പ്രസംഗത്തിന് പിണറായിക്ക് റെക്കോർഡ്

ഇത്രയും നീണ്ട പ്രസംഗം നടത്തിയിട്ടും മുഖ്യമന്ത്രി ലൈഫ് മിഷനെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങൾക്ക് മറുപടി പറഞ്ഞില്ല. മുഖ്യമന്ത്രിയുടെ പ്രസംഗം നീണ്ടതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ 'മറുപടിയില്ലേ, മറുപടിയില്ലേ' എന്ന് മുദ്രാവാക്യം വിളിച്ച് നടുത്തളത്തിലിറങ്ങിയപ്പോൾ 'ഞാൻ മറുപടി പറയാം, ലൈഫിനെ പറ്റിയും പറയുന്നുണ്ട്' എന്നു പറഞ്ഞിരുന്നു. അതാണ് പ്രതിപക്ഷം ഇപ്പോൾ ആയുധമാക്കുന്നത്.

പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയും ഉപനേതാവ് മുസ്‌ലിം ലീഗ് നിയമസഭാ കക്ഷി നേതാവ് ഡോ. എം.കെ. മുനീറും ഉന്നയിച്ച ആരോപണങ്ങൾ 'വമ്പൻ വെടിക്കെട്ട്' എന്ന പ്രതീതി സൃഷ്ടിച്ചിരുന്നു. എന്നാൽ, മന്ത്രിമാരായ കെ.കെ. ശൈലജയും ജി. സുധാകരനും വ്യക്തമായ മറുപടി നൽകി. സുധാകരൻ തുടക്കത്തിലേ തന്നെ പ്രതിപക്ഷ നേതാവിന്റെ ആരോപണത്തിന്റെ മുനയൊടിച്ചു.

അവിശ്വാസ പ്രമേയത്തിനു മുമ്പ്, പുറത്ത് ഉന്നയിച്ച ആരോപണങ്ങൾ ഒരിക്കൽകൂടി പ്രതിപക്ഷം ഉന്നയിച്ചത് നിയമസഭാ രേഖകളുടെ ഭാഗമായി. മാധ്യമങ്ങളിലൂടെ ഉൾപ്പെടെ പറഞ്ഞ മറുപടികൾ ഒന്നുകൂടി വ്യക്തതയോടെ അവതരിപ്പിക്കാൻ ഭരണപക്ഷത്തിനും അവസരം ലഭിച്ചു. മുഖ്യമന്ത്രിക്ക് നിയമസഭാ ചരിത്രത്തിൽ ഇടംപിടിക്കാനായ പ്രസംഗവും നടത്താനായി- ഇതാണ് അവിശ്വാസ പ്രമേയ ചർച്ചയുടെ ബാക്കിപത്രം.

കൊച്ചി വിമാനത്താവളത്തിൽ രണ്ടുകിലോ സ്വർണവുമായി യാത്രക്കാരൻ അറസ്റ്റിൽ

കൊച്ചി: വിദേശത്തു നിന്നു കടത്തിയ രണ്ടു കിലോ സ്വർണവുമായി നെടുമ്പാശേരി വിമാനത്താവളത്തിൽ യാത്രക്കാരൻ അറസ്റ്റിൽ. മലപ്പുറം സ്വദേശി കെ. സജീവാണ് പിടിയിലായത്. സ്വർണം കടത്തുന്നതായി രഹസ്യവിവരം ലഭിച്ചതിനെ തുടർന്നു ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജൻസാണ് (ഡിആർഐ) ഇയാളെ കസ്റ്റഡിയിലെടുത്തത്.

പിടിച്ചെടുത്ത സ്വർണം

ഷാർജയിൽ നിന്നുള്ള എയർ അറേബ്യ വിമാനത്തിലെത്താണ് ഇയാൾ എത്തിയത്. കൃത്രിമമായി ഘടിപ്പിച്ചിരുന്ന കാൽമുട്ടു ചിരട്ടയിലാണ് സ്വർണം ഒളിപ്പിച്ചിരുന്നത്. കുഴമ്പു രൂപത്തിലായിരുന്നു ഇത്. 1560.5 ഗ്രാം വരുന്ന സ്വർണത്തിന് 83.3 ലക്ഷം രൂപ വിലമതിക്കുന്നു.

കൃത്രിമ കാൽമുട്ട് ചിരട്ട

തിരുവനന്തപുരം വിമാനത്താവളം വഴി സ്വർണം കടത്തിയ വൻസംഘം തന്നെ പിടിയിലാവുകയും എൻഐഎ, കസ്റ്റംസ് തുടങ്ങിയ കേന്ദ്ര ഏജൻസികൾ അന്വേഷണം സജീവമാക്കുകയും ചെയ്തിട്ടും സംസ്ഥാനത്തു സ്വർണക്കടത്ത് നിർബാധം തുടരുകയാണ്. കുഴമ്പു രൂപത്തിലാക്കിയും അടിവസ്ത്രത്തിലും ദേഹത്തും ഒളിപ്പിച്ചുമാണ് എല്ലാവരും സ്വർണം കടത്തി കൊണ്ടുപോകാൻ ശ്രമിക്കുന്നത്.

മാധ്യമപ്രവർത്തകന് കസ്റ്റംസ് നോട്ടീസ്

കൊച്ചി: സ്വർണകടത്ത് കേസിൽ മാധ്യമപ്രവർത്തകന് കസ്റ്റംസ് നോട്ടീസ്. ജനം ടിവി കോ-ഓർഡിനേറ്റിങ് എഡിറ്റർ അനിൽ നമ്പ്യാർക്കെതിരെയാണ് കസ്റ്റംസ് നോട്ടീസ് അയച്ചത്. ചോദ്യം ചെയ്യലിന് ഹാജരാകാനാണ് കസ്റ്റംസ് നിർദേശിച്ചിരിക്കുന്നത്. കൊച്ചിയിലെ കസ്റ്റംസ് ആസ്ഥാനത്ത് ഈ ആഴ്ച ഹാജരാകണം.

കേസിൽ കസ്റ്റംസ് സമൻസ് ഉടൻ നൽകും. ജൂലൈ അഞ്ചിനാണ് നയതന്ത്ര ബാഗേജ് വഴിയുള്ള സ്വർണക്കടത്ത് കസ്റ്റംസ് പിടികൂടുന്നത്. അന്ന് ഉച്ചയ്ക്കാണ് സ്വപ്നാ സുരേഷും അനിൽ നമ്പ്യാരും ഫോണിൽ ബന്ധപ്പെട്ടതായി പറയുന്നത്. സ്വപ്നയും അനിൽ നമ്പ്യാരും പല തവണ നേരിൽ കണ്ട് സംസാരിച്ചിട്ടുണ്ടെന്നും കസ്റ്റംസ് കണ്ടെത്തി.

എസ്പിബിയുടെ നില മെച്ചപ്പെടുന്നു

ന്യൂഡൽഹി: കൊവിഡ് 19 ബാധിച്ചതിനെത്തുടർന്ന ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട ഗായകൻ എസ്.പി. ബാലസുബ്രഹ്മണ്യത്തിന്റെ നില മെച്ചപ്പെടുന്നതായി മകനും ഗായകനുമായ എസ്.പി. ചരൺ. അദ്ദേഹം സാധാരണ നിലയിലേക്ക് തിരിച്ചുവരികയാണ്. 90 ശതമാനവും മയക്കത്തിൽ നിന്നുണർന്നു. ആളുകളെ തിരിച്ചറിയാൻ തുടങ്ങിയെന്നും ചരൺ അറിയിച്ചു.

കഴിഞ്ഞ അഞ്ചിനാണ് എസ്.പി. ബാലസുബ്രഹ്മണ്യത്തെ എംജിഎം ഹെൽത്ത്കെയർ സെന്ററിൽ പ്രവേശിപ്പിച്ചത്. നില വഷളായതിനെത്തുടർന്ന് 13ന് അദ്ദേഹത്തെ തീവ്ര പരിചരണ വിഭാഗത്തിലേക്കു മാറ്റിയിരുന്നു. എന്നാൽ, കൊവിഡ് 19 നെഗറ്റിവായെന്ന് കഴിഞ്ഞദിവസം പരിശോധനയിൽ തെളിഞ്ഞിരുന്നു.

കൊച്ചിയിൽ പീഡനത്തിന് ഇരയായ പെൺകുട്ടി മൂന്നുമാസം ഗർഭിണി

കൊച്ചി: പതിനാലുകാരിയെ ഇതര സംസ്ഥാന തൊഴിലാളികൾ പീഡിപ്പിച്ച സംഭവത്തിൽ കൂടുതൽ വിവരങ്ങൾ പുറത്ത്. കൂട്ടബലാത്സംഗത്തിനിരയായ എട്ടാം ക്ലാസുകാരി ഒന്നര മാസം ഗർഭിണിയാണെന്നാണ് അധികൃതർ നൽകുന്ന വിവരം. അമ്മ മരിച്ച പെൺകുട്ടി ബന്ധുക്കളുടെ സംരക്ഷണത്തിലായിരുന്നു. മാർച്ച് മാസം വീട്ടിൽ ബന്ധുക്കളില്ലാത്ത സമയത്തു വീട്ടിലെത്തിയ പ്രതികൾ പെൺകുട്ടിയെ ഭീഷണിപ്പെടുത്തി പീഡിപ്പിക്കുകയായിരുന്നു.

ഇതിന് പിന്നാലെ പല സ്ഥലങ്ങളിലും കൊണ്ടുപോയി ബലാത്സംഗം ചെയ്തു. പോക്സോ നിയമപ്രകാരമാണ് പ്രതികൾക്കെതിരെ കേസെടുത്തിട്ടുള്ളത്. അഞ്ചംഗ സംഘത്തിലെ ഉത്തർപ്രദേശ് സ്വദേശികളായ ഹനീഫ് (28), ഫർഹാദ് ഖാൻ (29), ഷാഹിദ് (24) എന്നിവരെ കഴിഞ്ഞ ദിവസം കൊച്ചി സിറ്റി പൊലീസ് അറസ്റ്റ് ചെയ്തിരുന്നു. കേരളം വിട്ട മറ്റു രണ്ടു പ്രതികളെ കണ്ടെത്താൻ യുപി പോലീസിന്റെ സഹായം തേടി.

വിഷാദരോഗ ചികിത്സയുടെ ഭാഗമായി ഡോക്റ്റർമാർ പെൺകുട്ടിയെ കൗൺസിലിങ്ങിന് വിധേയമാക്കിയതോടെയാണ് ലൈംഗികാതിക്രമത്തിന് ഇരയാക്കിയ വിവരം പുറത്തറിയുന്നത്. വൈദ്യപരിശോധന നടത്തിയപ്പോൾ പെൺകുട്ടി ഗർഭിണിയാണെന്ന് കണ്ടെത്തുകയും ചെയ്തു. പെൺകുട്ടിയെ പരിശോധിച്ച ഡോക്റ്റർമാരാണ് ഇക്കാര്യം പോലീസിൽ അറിയിച്ചത്. ഇതോടെ പോക്സോ കേസിൽ മൂന്ന് പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിരുന്നു.

മാർച്ചിലാണ് പെൺകുട്ടിയെ ആദ്യം ലൈംഗിക അതിക്രമത്തിന് ഇരയാക്കുന്നത്. പെൺകുട്ടിയെ നിർബന്ധപൂർവ്വം മഞ്ഞുമ്മൽ, കുന്നുംപുറം, ഇടപ്പള്ളി അടക്കം പലയിടങ്ങളിലും കൊണ്ടുപോയി കൂട്ടബലാത്സംഗത്തിന് ഇരയാക്കി. അതിഥി തൊഴിലാളികളായി എത്തിയവർ പെൺകുട്ടിയുടെ വീടിനു സമീപത്തു തന്നെയായിരുന്നു താമസം. പെൺകുട്ടിയുമായി ചങ്ങാത്തം സ്ഥാപിച്ച ശേഷമാണ് സംഘം അതിക്രമത്തിന് ഇരയാക്കിയത്. ഓഗസ്റ്റ് വരെ പീഡിപ്പിച്ചെന്നാണ് വിവരം.

പ്രശാന്ത് ഭൂഷണോടു ക്ഷമിക്കണമെന്ന് അറ്റോർണി ജനറൽ

ന്യൂഡൽഹി: കോടതിയലക്ഷ്യ കേസിൽ പ്രശാന്ത് ഭൂഷണോടു ക്ഷമിക്കുകയാണ് വേണ്ടതെന്ന് അറ്റോർണി ജനറൽ കെ.കെ. വേണുഗോപാൽ സുപ്രീം കോടതിയോട് പറഞ്ഞു. ജനങ്ങൾക്ക് ഉപകാരപ്പെടുന്ന ഒട്ടേറെ പൊതുതാത്പര്യ ഹർജികളുമായി എത്തിയിട്ടുള്ള ആളാണ് പ്രശാന്ത് ഭൂഷൺ. അദ്ദേഹത്തിന്റെ പൊതു പ്രവർത്തനം കോടതി കണക്കിലെടുക്കണം. വേണമെങ്കിൽ അദ്ദേഹത്തെ താക്കീതു ചെയ്യാം, ശിക്ഷിക്കരുത്- എജി പറഞ്ഞു.

സുപ്രീം കോടതിയിൽ ജനാധിപത്യം പരാജയപ്പെട്ടതായി മുൻ ജഡ്ജിമാർ തന്നെ അഭിപ്രായപ്പെട്ടിട്ടുണ്ടെന്ന് കെ.കെ. വേണുഗോപാൽ പറഞ്ഞു. ജുഡീഷ്യറിയിലെ അഴിമതിയെക്കുറിച്ച് പറഞ്ഞ സുപ്രീം കോടതി മുൻ ജഡ്ജിമാരുടെ പട്ടിക തന്റെ പക്കലുണ്ട്. കോടതിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുക എന്നതാണ് അവരെല്ലാം ഉദ്ദേശിച്ചിട്ടുള്ളത്- എജി പറഞ്ഞു.

മാപ്പു പറയാൻ തയാറല്ലാത്തയാളെ താക്കീത് ചെയ്തിട്ട് എന്തു കാര്യമെന്ന് ജസ്റ്റിസ് അരുൺ മിശ്ര ചോദിച്ചു. മാപ്പു പറയാൻ സമയം നൽകിയപ്പോൾ നിലപാടിൽ ഉറച്ചുനിന്ന് പുതിയ പ്രസ്താവന നൽകുകയാണ് അദ്ദേഹം ചെയ്തത്. കുറച്ചുകൂടി മെച്ചപ്പെട്ട കാര്യങ്ങളാണ് ഞങ്ങൾ പ്രതീക്ഷിച്ചിരുന്നത്. തെറ്റൊന്നും ചെയ്തിട്ടില്ലെന്ന് അദ്ദേഹം കരുതുന്നുവെങ്കിൽ പിന്നെ എന്തു ചെയ്യാനാവും? ജസ്റ്റിസ് മിശ്ര ചോദിച്ചു.

കോടതി ഈ കേസിൽ കുടൂതൽ അനുകമ്പാപൂർണമായ നിലപാടു സ്വീകരിക്കണമെന്ന് എജി അഭ്യർഥിച്ചു. അതു കോടതിയുടെ അന്തസ് ഉയർത്തുമെന്ന് അദ്ദേഹം പറഞ്ഞു. പ്രശാന്ത് ഭൂഷന്റെ പ്രസ്താവന രേഖകളിൽനിന്നു നീക്കം ചെയ്ത് കേസ് അവസാനിപ്പിക്കണമെന്ന് എജി അഭിപ്രായപ്പെട്ടു.

പ്രശാന്ത് ഭൂഷൺ അഭിപ്രായത്തിൽ ഉറച്ചുനിൽക്കുമ്പോൾ അതെങ്ങനെ രേഖകളിൽനിന്നു നീക്കം ചെയ്യാനാവുമെന്ന് ജസ്റ്റിസ് മിശ്ര ചോദിച്ചു. മാപ്പു പറയാൻ മൂന്നു ദിവസത്തെ സമയം അനുവദിച്ചിട്ടും പറഞ്ഞതിൽ ഉറച്ചുനിൽക്കുകയാണെന്ന പ്രസ്താവന നൽകുകയാണ് പ്രശാന്ത് ഭൂഷൺ ചെയ്തതെന്ന് ജസ്റ്റിസ് ഗവായി ചൂണ്ടിക്കാട്ടി. അപകീർത്തിപ്പെടുത്തലും വിമർശനവും രണ്ടായി കാണണമെന്ന് പ്രശാന്ത് ഭൂഷണു വേണ്ടി ഹാജരായ സീനിയർ അഭിഭാഷകൻ രാജീവ് ധവാൻ പറഞ്ഞു.

വിമർശനം ഉൾക്കൊള്ളാനാവുന്നില്ലെങ്കിൽ നീതിന്യായ സംവിധാനം തകരും. പ്രശാന്ത് ഭൂഷൺ മാപ്പു പറയണമെന്ന ഉത്തരവ് ബലപ്രയോഗമായേ കാണാനാവൂ എന്ന് ധവാൻ വാദിച്ചു. കോടതിയോടു ബഹുമാനമാണുള്ളത് എന്ന് പ്രശാന്ത് ഭൂഷൺ പ്രസ്താവനയിൽ വ്യക്തമാക്കിയിട്ടുണ്ട്. നാലു ചീഫ് ജസ്റ്റിസുമാരുടെ പ്രവർത്തനത്തോടാണ് അദ്ദേഹം എതിർപ്പു പ്രകടിപ്പിച്ചത്. കഴിഞ്ഞ ആറു വർഷം സുപ്രീം കോടതിയിൽ നടന്ന കാര്യങ്ങളിൽ പല അഭിപ്രായങ്ങളുമുണ്ട്. ഈ കോടതിയുടെ പല ഉത്തരവുകളിലും ഞാൻ അഭിമാനിക്കുന്നു. എന്നാൽ എനിക്ക് അഭിമാനം തോന്നാത്ത പല ഉത്തരവുകളുമുണ്ട് രാജീവ് ധവാൻ പറഞ്ഞു.

പ്രശാന്ത് ഭൂഷൺ പ്രസ്താവന പിൻവലിക്കുന്ന പ്രശ്നമില്ലെന്ന് രാജീവ് ധവാൻ വ്യക്തമാക്കി. സത്യവാങ്മൂലം രേഖകളിൽനിന്നു നീക്കുന്നതിനോടു യോജിക്കുന്നില്ല. പ്രശാന്ത് ഭൂഷൺ കുറ്റക്കാരനെന്നു കണ്ടെത്തിയ വിധി കോടതി സ്വമേധയാ പിൻവലിക്കണം. പ്രശാന്ത് ഭൂഷന്റെ പ്രസ്താവന കണക്കിലെടുത്ത് കേസ് അവസാനിപ്പിക്കുകയാണ് വേണ്ടത്. ദയയല്ല, നീതിയുക്തതയാണ് ഞങ്ങൾ കോടതിയിൽനിന്ന് ആവശ്യപ്പെടുന്നത് ധവാൻ വാദിച്ചു.

പെട്രോൾ വില വീണ്ടും കൂടി

കൊച്ചി: സംസ്ഥാനത്ത് പെട്രോളിന് വീണ്ടും വില കൂടി. ഇന്നലെ 11 പൈസയുടെ വർധനയുണ്ടായി. ഡീസൽ വിലയിൽ മാറ്റമില്ല. കൊച്ചിയിൽ പെട്രോൾ വില 82.09 രൂപയായി ഉയർന്നപ്പോൾ ഡീസൽ വില 77.75 രൂപയാണ്. തിങ്കളാഴ്ച കൊച്ചിയിൽ പെട്രോൾ വില 81.98 രൂപയായിരുന്നു. തിരുവനന്തപുരത്ത് ഇന്നലെ പെട്രോളിന് 83.56 രൂപയും ഡീസലിന് 79.13 രൂപയുമായിരുന്നു വില.

പിണറായിക്ക് തിരിച്ചടി: ചെന്നിത്തല

തിരുവനന്തപുരം: പെരിയ കേസിന്റെ അന്വേഷണം സി ബി ഐയ്ക്ക് വിട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ വിധിയെ സ്വാഗതം ചെയ്യുന്നതായി പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല. കോടിക്കണക്കിനു രൂപ മുടക്കി ഡൽഹിയിൽ നിന്ന് അഭിഭാഷകരെ ഇറക്കി കേസ് അട്ടിമറിക്കാൻ ശ്രമിച്ച പിണറായി സർക്കാരിനെതിരെയുള്ള വൻ തിരിച്ചടിയാണ് ഈ കോടതി വിധി.കൃപേഷിന്റെയും ശരത്‌ലാലിന്റെയും മാതാപിതാക്കളുടെ വികാരം ഉൾക്കൊണ്ട് കൊണ്ടാണ് കേസ് അന്വേഷണം സിബിഐക്ക് വിട്ട സിംഗിൾ ബഞ്ച് വിധി ഹൈക്കോടതി ശരിവച്ചതെന്നും ചെന്നിത്തല.

കത്തെഴുതിയ കോൺഗ്രസ് നേതാക്കൾ

ഞങ്ങൾ വിമതരല്ല, വെല്ലുവിളിച്ചിട്ടില്ല:

ന്യൂഡൽഹി: പാർട്ടിക്കു സ്ഥിരം പ്രസിഡന്റ് വേണമെന്നും സംഘടനയിൽ പരിഷ്കാരങ്ങൾ ആവശ്യമാണെന്നും സോണിയ ഗാന്ധിക്കു കത്തു നൽകിയ 23 കോൺഗ്രസ് നേതാക്കളുടെ ഗ്രൂപ്പ് തങ്ങൾ വിമതരല്ലെന്നു വിശദീകരിച്ചു രംഗത്ത്. പാർട്ടിയെ പുനരുജ്ജീവിപ്പിക്കണമെന്നാണ് ഞങ്ങൾ ആവശ്യപ്പെട്ടത്. സോണിയ ഗാന്ധി അധ്യക്ഷസ്ഥാനത്തു തുടരുന്നതിൽ എതിർപ്പൊന്നുമില്ല- ഗ്രൂപ്പിലെ പല നേതാക്കളും ഇന്നലെ പറഞ്ഞു.

നേതൃത്വത്തിനുള്ള വെല്ലുവിളിയല്ല കത്ത്. പാർട്ടിയെ ശക്തിപ്പെടുത്താനുള്ളതാണത്- കോൺഗ്രസ് എംപി വിവേക് തങ്ക വ്യക്തമാക്കി. ഞങ്ങൾ ഉയർത്തിയ വിഷയങ്ങൾ പരിഗണിക്കപ്പെടേണ്ടതാണെന്ന് കത്തിനെ അപരാധമായി കണ്ടവർക്ക് വൈകാതെ തന്നെ ബോധ്യപ്പെടുമെന്ന് മുൻ കേന്ദ്ര മന്ത്രി മുകൾ വാസ്നിക് പറഞ്ഞു. കോൺഗ്രസ് തത്വങ്ങൾ മുന്നോട്ടുകൊണ്ടുപോകാനും ജനാധിപത്യം സംരക്ഷിക്കാനും ഇപ്പോഴത്തെ അവസ്ഥയിൽ പാർട്ടിക്കു കഴിയില്ലെന്നത് അംഗീകരിക്കേണ്ട യാഥാർഥ്യമാണെന്നാണ് സീനിയർ കോൺഗ്രസ് നേതാവ് വീരപ്പ മൊയ് ലി പ്രതികരിച്ചത്. അതേസമയം, സോണിയ ഗാന്ധിയുടെ നേതൃത്വം അനിവാര്യമാണെന്നും അദ്ദേഹം.

2024ലെ ലോക്സഭാ തെരഞ്ഞെടുപ്പിന് കോൺഗ്രസിനെ ഒരുക്കുകയാണ് ആവശ്യം. കത്തിന്റെ ലക്ഷ്യവും അതായിരുന്നു. വരുന്ന നിയമസഭാ തെരഞ്ഞെടുപ്പുകളും തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പുകളും ജയിക്കാനുള്ള ശേഷിയും പാർട്ടി ആർജിക്കണം- മുൻ കേന്ദ്ര മന്ത്രി കൂടിയായ മൊയ് ലി കൂട്ടിച്ചേർത്തു. ഒരു പദവിയല്ല പ്രശ്നമെന്നും രാജ്യമാണു പ്രധാനമെന്നും സീനിയർ കോൺഗ്രസ് നേതാവ് കപിൽ സിബൽ ടീറ്റ് ചെയ്തു.

പാർട്ടിയുടെ ഉത്തമ താത്പര്യം കണക്കിലെടുത്താണ് കത്തെഴുതിയതെന്ന് അതിൽ ഒപ്പുവച്ച മറ്റൊരു സീനിയർ നേതാവ് ആനന്ദ് ശർമ പറഞ്ഞു. ബിജെപിയെ പ്രതിരോധിക്കാനുള്ള കരുത്ത് കോൺഗ്രസ് നേടുകയാണു കത്തിന്റെ ലക്ഷ്യമെന്ന് അദ്ദേഹം. ഇപ്പോഴത്തെ അവസ്ഥയിൽ തങ്ങൾക്കുള്ള ആശങ്കകളാണ് സോണിയയെ അറിയിച്ചത്. മുൻപ് ഇന്ദിര ഗാന്ധിയെയും സഞ്ജയ് ഗാന്ധിയെയും വഞ്ചിച്ചവർ ഇപ്പോൾ ധർമപ്രഭാഷണം നടത്തുന്നതു കാണുമ്പോൾ സങ്കടമുണ്ടെന്നും ആനന്ദ് ശർമ തുറന്നടിച്ചു. കത്തെഴുതിയവരിൽ ഉൾപ്പെട്ട ഡൽഹിക്കു പുറത്തുനിന്നുള്ള നേതാക്കളെ മുഴുവൻ സംഭവവികാസങ്ങളും ധരിപ്പിക്കുമെന്നും രാജ്യസഭയിലെ കോൺഗ്രസിന്റെ ഡെപ്യൂട്ടി നേതാവു കൂടിയായ ആനന്ദ് ശർമ പറഞ്ഞു.

കത്തിൽ ഒപ്പുവച്ചിരുന്ന ഡൽഹിയിലുള്ള നേതാക്കൾ തിങ്കളാഴ്ച പ്രവർത്തക സമിതി യോഗത്തിനു ശേഷം ഗുലാം നബി ആസാദിന്റെ വസതിയിൽ യോഗം ചേർന്നിരുന്നു. കത്തിനെക്കുറിച്ച് പ്രവർത്തക സമിതിയിലുണ്ടായ ചർച്ചകളും കോളിളക്കവും ചർച്ച ചെയ്യാനാണ് നേതാക്കൾ ഒന്നിച്ചുകണ്ടതെന്ന് ആനന്ദ് ശർമ പറഞ്ഞു. കപിൽ സിബൽ, ശശി തരൂർ, മുകുൾ വാസ്നിക്, മനീഷ് തിവാരി തുടങ്ങിയവർ ഈ യോഗത്തിൽ പങ്കെടുത്തു. പാർട്ടിയിൽ ഉറച്ചുനിന്നുകൊണ്ട് സ്വീകരിക്കേണ്ട അടുത്ത നടപടികൾ ഇതിൽ ചർച്ചയായെന്നാണു സൂചന.

പാർട്ടിയിൽ വ്യാപകമായ പരിഷ്കാരം ആവശ്യപ്പെട്ട് 23 നേതാക്കൾ സോണിയക്കു നൽകിയ കത്ത് തിങ്കളാഴ്ച പ്രവർത്തക സമിതിയിലും പുറത്തും വലിയ കോളിളക്കമാണു സൃഷ്ടിച്ചത്. വിർചൽ പ്രവർത്തക സമിതി യോഗത്തിൽ സോണിയ ഗാന്ധി രാജി വാഗ്ദാനം മുന്നോട്ടുവയ്ക്കുകയും ചെയ്തു. മൻമോഹൻ സിങ്ങും രാഹുൽ ഗാന്ധിയും എ.കെ. ആന്റണിയും അടക്കം നേതാക്കൾ കത്തെഴുതിയവരെ നിശിതമായി വിമർശിച്ചു. തത്കാലം സോണിയ അധ്യക്ഷസ്ഥാനത്തു തുടരാനും പുതിയ പ്രസിഡന്റിനെ തെരഞ്ഞെടുക്കാൻ ആറു മാസത്തിനകം എഐസിസി സമ്മേളനം വിളിക്കാനും തീരുമാനിച്ചാണു പ്രവർത്തക സമിതി പിരിഞ്ഞത്.

ഒരാഴ്ചയിലെ കൊവിഡ് കേസുകളിൽ 26% ഇന്ത്യയിൽ

ന്യൂഡൽഹി: കഴിഞ്ഞ ഒരാഴ്ച ലോകത്തു മൊത്തം സ്ഥിരീകരിച്ച കൊവിഡ് കേസുകളിൽ 26 ശതമാനവും ഇന്ത്യയിൽ. മരണസംഖ്യയിൽ 16.9 ശതമാനവും ഇന്ത്യയിലാണ്. ലോകത്ത് ഇപ്പോൾ ഓരോ ദിവസവും ഏറ്റവും കൂടുതൽ പേർക്ക് വൈറസ് സ്ഥിരീകരിക്കുന്ന രാജ്യമായി ഇന്ത്യ മാറിയിരിക്കുകയാണ്. ഒരാഴ്ചകൊണ്ട് നാലര ലക്ഷത്തിലേറെ പുതിയ കേസുകളാണ് രാജ്യത്തുണ്ടായത്. തുടർച്ചയായി അറുപതിനായിരത്തിലേറെ കേസുകൾ രാജ്യത്ത് പ്രതിദിനം റിപ്പോർട്ടു ചെയ്യുന്നു.

ഓഗസ്റ്റ് 10 മുതൽ 16 വരെയുള്ള ആഴ്ചയിൽ ലോകത്തു പുതുതായി സ്ഥിരീകരിക്കുന്ന കേസുകളിൽ 23.9 ശതമാനമായിരുന്നു ഇന്ത്യയുടേത്. അതിനു മുൻ ആഴ്ച 22.7 ശതമാനവും. രോഗവ്യാപനത്തിന്റ മൂർധന്യത്തിലേക്കാണ് (പീക്ക്) ഇന്ത്യ പോകുന്നതെന്നാണു പൊതുവായ വിലയിരുത്തൽ.

കേരള സംസ്ഥാന ഭാഗ്യക്കുറി

ഫോൺ: ഡയറക്ടർ: 0471- 2305230, ഓഫീസ്: 2305193, ഫാക്സ്: 2301740
www.kerala.gov.in www.keralalotteries.com

സ്ത്രീ ശക്തി SS- 224 നറുക്കെടുപ്പ് ഫലം
DRAW held on 25/08/2020 AT GORKY BHAVAN,THIRUVANANTHAPURAM

ഒന്നാം സമ്മാനം 75 ലക്ഷം രൂപ SX 254895 (KOTTAYAM)

സമാശ്വാസ സമ്മാനം 8000 രൂപ

SN 254895	SO 254895	SP 254895	SR 254895
SS 254895	ST 254895	SU 254895	SV 254895
SW 254895	SY 254895	SZ 254895	

2-ാം സമ്മാനം 10 ലക്ഷം രൂപ SN 354279 (ERNAKULAM)

താഴെ പറയുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

3-ാം സമ്മാനം 5000 രൂപ

0988	1274	2313	2357	4378	5194	5320	6135	6434	6498
6851	7320	7349	7390	7985	7991	8440	9349		

4-ാം സമ്മാനം 2000 രൂപ

1985	2386	2627	3396	3722	3879	4606	5897	5993	9859

5-ാം സമ്മാനം 1000 രൂപ

0503	2908	3235	3283	3581	3918	4159	4415	5618	6278
6612	7144	7292	7375	8105	8258	8418	9031		

6-ാം സമ്മാനം 500 രൂപ

0042	0051	0216	0236	0571	0617	0633	0795	0895	1371
1514	1784	2044	2696	3570	3679	3924	4237	4345	4568
4752	4865	4878	4932	5028	5717	5727	6331	6443	6589
6616	6638	6751	7261	7306	7590	7980	8088	8166	8450
8918	8999	9303	9370	9392	9441	9454	9838		

7-ാം സമ്മാനം 200 രൂപ

0539	0961	1067	1718	1856	2151	2740	2751	2832	2852
3036	3157	3461	3594	3742	3817	4105	4108	4143	4203
4424	5268	5276	5358	5477	5566	5673	5977	6187	6227
6456	6894	6919	6931	7086	7341	7760	7849	7899	8210
8347	8565	8951	9125	9565					

8-ാം സമ്മാനം 100 രൂപ

0017	0036	0071	0169	0298	0573	0603	0688	0729	0737
0810	0869	0979	1273	1425	1455	1513	1550	1799	1972
2035	2050	2210	2271	2288	2301	2467	2487	2556	2631
2854	2874	2888	2902	2929	2997	3120	3314	3325	3501
3628	3656	3668	3779	4022	4056	4083	4187	4264	4399
4406	4461	4476	4616	4843	4870	4949	5318	5325	5336
5381	5461	5481	5527	5562	5613	5732	5779	5799	5910
6082	6387	6418	6469	6471	6566	6720	6910	6912	6939
7054	7057	7064	7083	7189	7362	7679	7787	7834	7845
7964	7968	8066	8191	8261	8331	8502	8791	8901	8907
8920	8923	8926	9035	9065	9098	9158	9163	9180	9239
9240	9284	9332	9516	9593	9672	9734	9743	9753	9944

(ഒപ്പ്) മനോജ് പി., ഡപ്യൂട്ടി ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് സ്റ്റേറ്റ് ലോട്ടറീസ്, വികാസ് ഭവൻ, തിരുവനന്തപുരം
വിജയികൾ സമ്മാനാർഹമായ ടിക്കറ്റുകൾ കേരള ഗസറ്റിൽ ഒത്തുനോക്കി 30 ദിവസത്തിനുള്ളിൽ ഹാജരാക്കുക

അവസാന യാത്രയ്ക്ക് വിരാട് അലാങ്ങിലേക്ക്

- ഡീ കമ്മിഷൻ ചെയ്ത വിമാനവാഹിനി അടുത്തമാസം പൊളിച്ചുനീക്കും

മുംബൈ: മൂന്നു വർഷം മുൻപ് നാവികസേന ഡീകമ്മിഷൻ ചെയ്ത വിമാനവാഹിനി ഐഎൻഎസ് വിരാട് പൊളിച്ച് ആക്രി സാധനങ്ങളാക്കി മാറ്റും. മുംബൈയിൽ നങ്കൂരമിട്ടിരിക്കുന്ന കപ്പൽ അടുത്തമാസം ഇതിനായി ഗുജറാത്തിലെ ഭാവ്നഗറിൽ കപ്പൽ പൊളിക്കുന്നതിനു പ്രശസ്തമായ അലാങ് തുറമുഖത്തേക്കു നീങ്ങും. 30 വർഷം ഇന്ത്യൻ നാവികസേനയുടെ മുന്നണിപ്പോരാളിയായിരുന്നു വിരാട്. ഇന്ത്യൻ നാവികസേനയുടെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ കാലം സേവനമനുഷ്ഠിച്ച വിമാനവാഹിനിയെന്ന സവിശേഷതയുമുണ്ട് വിരാടിന്.

മെറ്റൽ സ്ക്രാപ് ട്രെയ്ഡ് കോർപ്പറേഷൻ കഴിഞ്ഞമാസം നടത്തിയ ലേലത്തിൽ 38.54 കോടി രൂപയ്ക്ക് ശ്രീറാം ഗ്രൂപ്പ് ആണ് വിമാനവാഹിനി ലേലത്തിൽ പിടിച്ചത്. മുഴുവൻ തുകയും ഞങ്ങൾ അടച്ചു. വിമാനവാഹിനി കൊണ്ടുപോകാൻ സർക്കാരിൽ നിന്ന് അനുമതിയും ലഭിച്ചു. ഇനി മൺസൂൺ അവസ്ഥ നോക്കിയശേഷം വിരാടിനെ അലാങ്ങിലേക്കു കൊണ്ടുപോകും- ശ്രീറാം ഗ്രൂപ്പ് ചെയർമാൻ മുകേഷ് പട്ടേൽ പറഞ്ഞു.

മുംബൈ നാവികസേനാ തുറമുഖത്തു നിന്ന് മൂന്നു ദിവസം വേണ്ടിവരും വിരാടിന്റെ അവസാനയാത്രയ്ക്ക്. ഇന്ത്യയുടെ രണ്ടാം സെന്റോർ ക്ലാസ് വിമാനവാഹിനിയാണ് വിരാട്. ഇതു മ്യൂസിയമാക്കി സൂക്ഷിക്കാമെന്നു നേരത്തേ നിർദേശമുണ്ടായിരുന്നു. ഇക്കാര്യം നാവികസേനയുമായി ആലോചിച്ചു തീരുമാനിക്കുമെന്നു കഴിഞ്ഞ വർഷം ജൂലൈയിൽ കേന്ദ്ര സർക്കാർ പാർലമെന്റിനെ അറിയിച്ചിരുന്നു.

27800 ടൺ കേവുഭാരമുള്ള വിമാനവാഹിനി 1959 മുതൽ 1984 വരെ ബ്രിട്ടിഷ് നാവികസേനയ്ക്കു വേണ്ടിയാണു പ്രവർത്തിച്ചിരുന്നത്. എച്ച്എംഎസ് ഹെർമിസ് എന്ന പേരിലുള്ള വിമാനവാഹിനി 6.5 കോടി ഡോളറിനു വാങ്ങിയ ഇന്ത്യൻ നാവികസേന നവീകരിച്ച് ഉപയോഗിക്കുകയായിരുന്നു. 1982ൽ ഫോക്ക്ലാൻഡ് യുദ്ധത്തിൽ അർജന്റീനയ്ക്കെതിരേ ജയം നേടാൻ ബ്രിട്ടിഷ് നാവിക സേനയ്ക്ക് പ്രധാന ആശ്രയം ഈ വിമാനവാഹിനിയായിരുന്നു. ഇന്ത്യയുടെ രണ്ടാമത്തെ വിമാനവാഹിനിയാണ് വിരാട്. ആദ്യ വിമാനവാഹിനി ഐഎൻഎസ് വിക്രാന്ത് 2014ൽ പൊളിച്ചുനീക്കിയിരുന്നു.

നിലവിൽ ഐഎൻഎസ് വിക്രമാദിത്യ മാത്രമാണ് ഇന്ത്യയ്ക്കുള്ള വിമാനവാഹിനി. കൊച്ചിയിൽ നിർമാണത്തിലിരിക്കുന്ന ഐഎൻഎസ് വിക്രാന്ത് 2022ൽ കമ്മിഷൻ ചെയ്യുന്നതോടെ കിഴക്കും പടിഞ്ഞാറും സമുദ്രാതിർത്തികൾ സ്വന്തം വിമാനവാഹിനിയുടെ നിരീക്ഷണത്തിലാക്കാനാകും ഇന്ത്യയ്ക്ക്. മൂന്നാമതൊരു വിമാനവാഹിനികൂടി നിർമിക്കാനുള്ള തീരുമാനത്തിലാണു നാവികസേന.

പുൽവാമ ആക്രമണം:

ആസൂത്രണം മസൂദ് അസറും സഹോദരനും

- എൻഐഎ കുറ്റപത്രം സമർപ്പിച്ചു

ന്യൂഡൽഹി: പുൽവാമ ഭീകരാക്രമണത്തിന്റെ മുഖ്യ ആസൂത്രകർ ജയ്ഷെ മുഹമ്മദ് തലവൻ മൗലാന മസൂദ് അസ്ഹറും സഹോദരൻ റൗഫ് അസറുമെന്ന് എൻഐഎ. ജമ്മു കശ്മീരിലെ പ്രത്യേക കോടതിയിൽ സമർപ്പിച്ച 13,500 പേജുള്ള കുറ്റപത്രത്തിലാണു രാജ്യത്തെ നടുക്കിയ ആക്രമണത്തിൽ പാക് ഭീകരരുടെ പങ്ക് വ്യക്തമാക്കുന്നത്. ഭീകരാക്രമണത്തിന്റെ ആസൂത്രണവും നിർവഹണവും എങ്ങനെയായിരുന്നെന്നു കുറ്റപത്രത്തിൽ വിശദീകരിക്കുന്നുണ്ട്. ചാവേറായ ആദിൽ അഹമ്മദ് ദർ, വധിക്കപ്പെട്ട ഭീകരൻ മുഹമ്മദ് ഉമർ ഫറൂഖ്, പാക്കിസ്ഥാൻ കേന്ദ്രമായി പ്രവർത്തിക്കുന്ന കമാൻഡർമാർ എന്നിവർക്കെതിരേയും കുറ്റപത്രത്തിൽ വ്യക്തമായ തെളിവുകൾ നിരത്തുന്നുണ്ട് എൻഐഎ. അറസ്റ്റിലായ ആറു ഭീകരരെയും പ്രതിചേർത്തിട്ടുണ്ടെന്നും വാർത്താ ഏജൻസി റിപ്പോർട്ട് ചെയ്തു.

2019 ഫെബ്രുവരി നാലിനാണു കശ്മീരിലെ പുൽവാമയിൽ സിആർപിഎഫ് വാഹനവ്യൂഹത്തിനു നേരേ പാക് ഭീകരസംഘടന ജയ്ഷെ മുഹമ്മദ് ചാവേറാക്രമണം നടത്തിയത്. 40 ജവാന്മാർ വീരമൃത്യു വരിച്ചിരുന്നു ഈ ആക്രമണത്തിൽ. ഗൂഢാലോചന നടത്തിയവർ, ഭീകരവാദ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വിവിധ ഇടങ്ങളിലായി കൊല്ലപ്പെട്ടവർ എന്നിവരുൾപ്പെടെ 20 പേർക്കെതിരെ കുറ്റം ചുമത്തിയിട്ടുണ്ടെന്നാണ് റിപ്പോർട്ട്.

പുൽവാമ ആക്രമണത്തിനു ശേഷം സുരക്ഷാ ഉദ്യോഗസ്ഥരുമായുള്ള ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ട ജയ്ഷെ കമാൻഡർ ഉമർ ഫറൂക്കിന്റെ വാട്സാപ് സന്ദേശങ്ങൾ, കോൾ റെക്കോർഡിങ്ങുകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് കുറ്റപത്രം തയാറാക്കിയിരിക്കുന്നത്. ആർഡിഎക്സ് ഉൾപ്പെടെയുള്ള സ്ഫോടകവസ്തുക്കൾ കയറ്റിയയച്ചതുമായി ബന്ധപ്പെട്ട നിർണായക വിവരങ്ങൾ ഇവയിൽ നിന്നു ലഭിച്ചിരുന്നു.

പുൽവാമ ആക്രമണത്തെ പ്രകീർത്തിക്കുന്ന മസൂദ് അസ്ഹറിന്റെ ശബ്ദ സന്ദേശങ്ങളും വിഡിയോകളും കുറ്റപത്രത്തിലുണ്ട്. 'നൂറ് ഇന്ത്യൻ ഹിന്ദു സൈനികരെ ഇല്ലാതാക്കി' എന്ന് ആക്രമണത്തിനു പിന്നാലെ ജയ്ഷെ മുഹമ്മദിന്റെ ടെലിഗ്രാം ഗ്രൂപ്പിൽ വന്ന സന്ദേശവും ഇതിൽ ഉൾപ്പെടുന്നതായാണ് വിവരം.

26/11 മുംബൈ ഭീകരാക്രമണം ഉൾപ്പെടെ നിരവധി കേസുകളിൽ ഇന്ത്യ തേടുന്ന ഭീകരനാണ് മസൂദ് അസ്ഹർ.

ഭീകരാക്രമണത്തിനുള്ള ബോംബുകൾ എത്തിച്ച ഉമർ ഫറൂഖ്, ആക്രമണത്തിന് ഉപയോഗിച്ച കാർ ഓടിച്ച ഷാക്കിർ ബഷീർ മാഗ്രേ, പാക് ഭീകരരെ കശ്മീരിൽ എത്തിച്ചെന്ന് കരുതുന്ന മുഹമ്മദ് ഇക്ബാൽ റാത്തർ, ജയ്ഷെ ഭീകരർക്ക് ഫോണുകൾ എത്തിച്ചു നൽകിയെന്ന് കരുതുന്ന ബിലാൽ അഹമ്മദ് കുചെ, മുഹമ്മദ് അബ്ബാസ് റാത്തെർ, വൈസ്- ഉൽ- ഇസ്ലാം, താരിഖ് അഹമ്മദ് ഷാ, ഇൻഷ ജാൻ എന്നിവരാണ് പ്രതിപ്പട്ടികയിലെ മറ്റുള്ളവർ. ഇവരിൽ ഉമർ ഫറൂഖ് കഴിഞ്ഞ മാർച്ചിൽ ഒരു ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടിരുന്നു.

ഡൽഹിയിൽ 29% പേരിലും ആന്റിബോഡികൾ

ന്യൂഡൽഹി: രാജ്യതലസ്ഥാനത്ത് 29.1 ശതമാനം പേരിൽ കൊവിഡ് ആന്റിബോഡികൾ ഉണ്ടെന്ന് സീറോ സർവെയിൽ കണ്ടെത്തി. ഇത്രയും പേർക്ക് രോഗം വന്നുപോയിട്ടുണ്ടെന്നാണ് ഇതു സൂചിപ്പിക്കുന്നത്. യഥാർഥ കണക്കിനെക്കാൾ വളരെയേറെയാണ് രോഗവ്യാപനം ഉണ്ടായതെന്നു വ്യക്തം. അഞ്ചു മുതൽ 17 വരെ വയസുള്ളവരിൽ ഏറെ പേർക്ക് രോഗം വന്നുപോയിട്ടുണ്ടാകാമെന്നു നിഗമനം.

നാലു പ്രായപരിധിയിലുള്ളവരായി തിരിച്ച് 15,000ലേറെ പേർക്കാണു സീറോ സർവെ നടത്തിയത്. 25 ശതമാനം പേർ 18 വയസിൽ താഴെയുള്ളവരായിരുന്നു. 50 ശതമാനം 18നും 50നും ഇടയിൽ പ്രായമുള്ളവർ. ബാക്കി 50 വയസിനു മുകളിലുള്ളവരും. 17 വയസു വരെയുള്ളവരിൽ 34.7 ശതമാനം പേരിലാണ് ആന്റിബോഡികൾ കണ്ടെത്തിയത്. 50നു മുകളിലുള്ളവരിൽ 31.2 ശതമാനം പേരിലും ആന്റിബോഡികളുണ്ടായിരുന്നു.

സെപ്റ്റംബറിൽ മെട്രൊ ട്രെയിനുകൾ ഓടിയേക്കും

ന്യൂഡൽഹി: കൊവിഡ് ലോക് ഡൗണിൽ നിന്നു പുറത്തുകടക്കുന്നതിന്റെ ഭാഗമായുള്ള അൺ ലോക് നാല് ഘട്ടം സെപ്റ്റംബർ ഒന്നിന് ആരംഭിക്കുമ്പോൾ മെട്രൊ ട്രെയിനുകളുടെ സർവീസും തുടങ്ങുമെന്നു സൂചന.

പതിനഞ്ചു ദിവസം പരീക്ഷണാടിസ്ഥാനത്തിലാവും സർവീസ് ആരംഭിക്കുകയെന്നും സൂചനയുണ്ട്. മാർച്ച് മുതൽ മുടങ്ങിക്കിടക്കുകയാണ് മെട്രൊ ട്രെയിൻ ഗതാഗതം. മെട്രൊ ട്രെയിനുകളുടെ സർവീസ് ഇനിയും വൈകിപ്പിക്കേണ്ടതില്ലെന്ന തീരുമാനത്തിലെത്തിയിട്ടുണ്ട് കേന്ദ്ര സർക്കാർ എന്നാണു ബന്ധപ്പെട്ട വൃത്തങ്ങൾ പറയുന്നത്. സാമൂഹിക അകലം പാലിക്കാൻ തക്കവണ്ണം യാത്രക്കാരെ കുറച്ചാവും സർവീസ് നടത്തുക.

അതേസമയം, സ്കൂളുകളും കോളെജുകളും നാലാം ഘട്ടത്തിലും തുറക്കാനിടയില്ല. സെപ്റ്റംബറിൽ നടക്കാനിരിക്കുന്ന ജെഇഇ (മെയിൻ), നീറ്റ് പരീക്ഷകൾ തന്നെ മാറ്റിവയ്ക്കണമെന്ന ആവശ്യം ഉയരുന്ന പശ്ചാത്തലത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കുന്നത് ഇനിയും നീളും. ജെഇഇ, നീറ്റ് പരീക്ഷകൾ ഇപ്പോൾ നടത്തുന്നതിനെതിരേ വിദ്യാർഥികൾ പ്രക്ഷോഭം തുടങ്ങിയിട്ടുണ്ട്. സ്കൂളുകൾ തുറക്കുന്നതിലെ തീരുമാനം അതതു സംസ്ഥാന സാഹചര്യങ്ങൾ പരിശോധിച്ച് എടുക്കാൻ സംസ്ഥാന സർക്കാരുകളെ അനുവദിക്കുന്നതിനെക്കുറിച്ചും ആലോചിക്കുന്നുണ്ട്. ഇപ്പോൾ തുറന്നു പ്രവർത്തിക്കാൻ അനുമതിയില്ലാത്ത മേഖലകളിലെ ബാറുകൾക്ക് കൗണ്ടർ വിൽപ്പന അനുവദിക്കുമെന്നും റിപ്പോർട്ടുകളുണ്ട്.

വിമാനത്താവള സ്വകാര്യവത്കരണം:

സർക്കാരിനും പ്രതിപക്ഷത്തിനും എതിരെ ടിസിസിഐ

- തദ്ദേശ തെരഞ്ഞെടുപ്പിൽ തിരിച്ചടി നൽകണമെന്ന് ചേംബർ

തിരുവനന്തപുരം: തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം സ്വകാര്യവത്കരിക്കുന്നതിനെതിരേ നിയമസഭയിൽ പ്രമേയം പാസാക്കിയ സർക്കാരിനും അതിനെ പിന്തുണച്ച പ്രതിപക്ഷത്തിനുമെതിരേ ട്രിവാൻഡ്രം ചേംബർ ഒഫ് കൊമേഴ്സ് ഇൻഡസ്ട്രി (ടിസിസിഐ).

സംസ്ഥാനത്തെ വാണിജ്യ മേഖലയെയും സംഘടനകളെയും ജനങ്ങളെയും വഞ്ചിക്കുകയാണ് ഈ നടപടിയിലൂടെ സർക്കാരും പ്രതിപക്ഷവും ചെയ്തതെന്നും ഇക്കാര്യത്തിലെ പ്രതിഷേധം തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ പ്രകടിപ്പിക്കണമെന്നും ടിസിസിഐ പ്രസിഡന്റ് എസ്.എൻ. രഘുചന്ദ്രൻ നായർ.

വിമാനത്താവള സ്വകാര്യവത്കരണത്തെ അനുകൂലിക്കുന്നവർക്ക് അഭിപ്രായം രേഖപ്പെടുത്താൻ ടിസിസിഐ സമൂഹമാധ്യമത്തിൽ ലിങ്ക് തുറന്നിട്ടുണ്ട്. ഭരണ- പ്രതിപക്ഷാനുകൂലികൾ സ്വകാര്യവത്കരണത്തിനെതിരേ ഇ മെയ്ൽ പ്രചാരണം നടത്തുന്നതിനുള്ള മറുപടിയാണിതെന്നും ടിസിസിഐ.

വാണിജ്യമേഖലയും ജനങ്ങളും ഭരണ- പ്രതിപക്ഷ പാർട്ടികളുടെ ഈ വഞ്ചന ഒരുകാലത്തും മറക്കില്ല. ഞങ്ങളെ നിരാശപ്പെടുത്തിയതിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് ആർക്കും ഒഴിയാനുമാവില്ല. ഇക്കാര്യത്തിൽ പ്രതിപക്ഷത്തിന്റെ നിലപാട് വൈരുദ്ധ്യം നിറഞ്ഞതും നാണക്കേടുണ്ടാക്കുന്നതുമാണ്.

വിമാനത്താവളം സ്വകാര്യവത്കരിക്കുമെന്നു വാഗ്ദാനം ചെയ്താണ് പ്രതിപക്ഷ പാർട്ടികൾ ലോക്സഭാ തെരഞ്ഞെടുപ്പിൽ വോട്ട് തേടിയത്. അവർ തന്നെ ഇപ്പോൾ സർക്കാർ പ്രമേയത്തെ പിന്തുണയ്ക്കുന്നത് വിശ്വാസ വഞ്ചനയാണെന്നും ടിസിസിഐ.

ലോകത്തിലെ തന്നെ ആദ്യ വിമാനത്താവളങ്ങളിലൊന്നായ തിരുവനന്തപുരം വിമാനത്താവളത്തിന് പതിറ്റാണ്ടുകളായി കെടുകാര്യസ്ഥതയുടെയും അവഗണനയുടെയും കഥകളാണ് പറയാനുള്ളത്. ന്യായീകരിക്കാനാവാത്ത നിരക്കുകളും ചുങ്കങ്ങളുമൊക്കെ ഈടാക്കുന്നതിൽ നിന്ന് ഈ വിമാനത്താവളത്തെ മാറ്റിയെടുക്കാൻ സ്വകാര്യവത്കരണം മാത്രമാണു പോംവഴി.

മികച്ച ഒരു വിമാനത്താവളത്തിന് ഈ മേഖലയിലെ വ്യവസായം, തൊഴിൽ ഉൾപ്പെടെ രംഗങ്ങളുടെ വികസനം ഉറപ്പാക്കാനാവും. അതുകൊണ്ടുതന്നെ നിറഞ്ഞ ഹൃദയത്തോടെയാണ് തങ്ങൾ ലേല നടപടികളെ സ്വാഗതം ചെയ്തതെന്നും രഘുചന്ദ്രൻ നായർ.

പ്രതിദിന വർധന വീണ്ടും അറുപതിനായിരത്തിലേറെ

- പോസിറ്റിവിറ്റി നിരക്ക് കുറഞ്ഞു



ന്യൂഡൽഹി: രാജ്യത്ത് വീണ്ടും കൊവിഡ് ബാധിതരുടെ പ്രതിദിന വർധന അറുപതിനായിരത്തിനു മുകളിൽ. ഇന്നലെ കേന്ദ്ര ആരോഗ്യ മന്ത്രാലയം പുതുക്കിയ കണക്കനുസരിച്ച് അവസാന 24 മണിക്കൂറിൽ രോഗം സ്ഥിരീകരിച്ചത് 60,975 പേർക്ക്. തുടർച്ചയായി ഏഴാം ദിവസമാണ് അറുപതിനായിരത്തിലേറെ പുതിയ കേസുകൾ ഉണ്ടാവുന്നത്. രാജ്യത്തെ മൊത്തം രോഗബാധിതർ 31,67,323 ആയിട്ടുണ്ട്. 848 പേർ കൂടി മരിച്ചതോടെ കൊവിഡ് മരണസംഖ്യ 58,390 ആയി.

ഇതുവരെ 24.04 ലക്ഷം പേർ രോഗമുക്തരായിട്ടുണ്ട്. റിക്കവറി നിരക്ക് 75.92 ശതമാനമായി ഉയർന്നു. മരണ നിരക്ക് 1.84 ശതമാനമായി താഴ്ന്നിട്ടുണ്ട്. 7,04,348 പേരാണ് ഇപ്പോൾ ചികിത്സയിലുള്ളത്. 9.25 ലക്ഷം സാംപിളുകൾ 24 മണിക്കൂറിനിടെ പരിശോധിച്ചതായി ഐസിഎംആർ വ്യക്തമാക്കി.

അവസാന 24 മണിക്കൂറിൽ മഹാരാഷ്ട്രയിൽ 212 പേരുടെ മരണം രേഖപ്പെടുത്തി. കർണാടകയിൽ 127, തമിഴ്നാട്ടിൽ 97, ആന്ധ്രയിൽ 86, ഉത്തർപ്രദേശിൽ 61, പശ്ചിമ ബംഗാളിൽ 57, പഞ്ചാബിൽ 43 എന്നിങ്ങനെയാണ് അവസാന ദിവസത്തെ കൊവിഡ് മരണസംഖ്യ. മഹാരാഷ്ട്രയിലെ ഇതുവരെയുള്ള കൊവിഡ് മരണം 22,465 ആയിട്ടുണ്ട്. തമിഴ്നാട്ടിൽ 6,614. കർണാടകയിൽ 4,810 പേർ ഇതുവരെ മരിച്ചു. ഡൽഹിയിൽ 4313, ആന്ധ്രയിൽ 3368, യുപിയിൽ 2987, ഗുജറാത്തിൽ 2908, പശ്ചിമ ബംഗാളിൽ 2851, മധ്യപ്രദേശിൽ 1246 എന്നിങ്ങനെയാണ് ഇതുവരെയുള്ള കൊവിഡ് മരണം.

മഹാരാഷ്ട്രയിലെ മൊത്തം കേസുകൾ ഏഴു ലക്ഷത്തിനടുത്തായി. ഇതിൽ അഞ്ചു ലക്ഷത്തിലേറെ പേരാണ് രോഗമുക്തരായത്. തമിഴ്നാട്ടിൽ 3.85 ലക്ഷം പേർക്ക് രോഗബാധയുണ്ടായി. 3.26 ലക്ഷം പേർ രോഗമുക്തരായിട്ടുണ്ട്. ആന്ധ്രയിൽ 3.61 ലക്ഷത്തിലേറെയാണ് രോഗബാധിതർ. 2.68 ലക്ഷത്തിലേറെ പേർ രോഗമുക്തി നേടി. 2.77 ലക്ഷമാണ് കർണാടകയിലെ മൊത്തം കേസുകൾ; ഉത്തർപ്രദേശിൽ 1.92 ലക്ഷത്തിലേറെയും.

സാംപിൾ പരിശോധനയിൽ പോസിറ്റീവ് ആകുന്നവരുടെ നിരക്ക് കുറഞ്ഞിട്ടുണ്ടെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം അവകാശപ്പെട്ടു. ഓഗസ്റ്റ് ആദ്യ ആഴ്ചയിൽ 11 ശതമാനമായിരുന്നു പോസിറ്റിവിറ്റി നിരക്ക്. ഇപ്പോൾ എട്ടു ശതമാനമായിട്ടുണ്ട്. ഇപ്പോഴുള്ള ആക്റ്റിവ് കേസുകളിൽ 2.70 ശതമാനം പേർക്കാണ് ഓക്സിജൻ സപ്പോർട്ട് വേണ്ടിവരുന്നത്. 1.92 ശതമാനം പേർ ഐസിയുവിലാകുന്നു. 0.29 ശതമാനം പേരാണ് വെന്റിലേറ്ററിൽ.

കൊവിഡ് ബാധിച്ചു മരിച്ചവരിൽ 69 ശതമാനവും പുരുഷന്മാരാണെന്നും കേന്ദ്ര ആരോഗ്യ മന്ത്രാലയം. 51 ശതമാനം മരണവും 60 വയസിനു മുകളിലുള്ളവരിലാണ്. 45-60 പ്രായപരിധിയിലുള്ളവർ 36 ശതമാനം. മരിച്ചവരിൽ 11 ശതമാനം 26-44 പ്രായപരിധിയിലുള്ളവർ.

കൊവിഡ് 19: കർണാടകയിൽ ഇനി യാത്രാ നിയന്ത്രണമില്ല

- ഇതരസംസ്ഥാനങ്ങളിൽ നിന്നെത്തുന്നവർക്ക് ക്വാറന്റെൻ ഒഴിവാക്കി

ബംഗളൂരു: കർണാടകയിൽ കൊവിഡ് 19 വ്യാപനം തടയാനുള്ള യാത്രാ നിയന്ത്രണങ്ങൾ പൂർണമായി നീക്കി. കഴിഞ്ഞ ദിവസം മുഖ്യമന്ത്രി ബി.എസ്. യെദിയൂരപ്പയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണു തീരുമാനം. അന്തർ സംസ്ഥാന യാത്രക്കാർക്ക് ഇനി ഇ പാസ്, 14 ദിവസം ക്വാറന്റെൻ, കൈയിൽ മുദ്ര പതിപ്പിക്കുക തുടങ്ങിയ ഉപാധികളൊന്നും ആവശ്യമില്ല. സംസ്ഥാനത്ത് പ്രവേശനാനുമതി ലഭിക്കാൻ സേവാ സിന്ധു പോർട്ടലിൽ രജിസ്റ്റർ ചെയ്ത് അനുമതി ഉറപ്പാക്കണമെന്ന നിബന്ധനയും നീക്കി.

അൺലോക്ക് 3ന്റെ ഭാഗമായി രാജ്യത്ത് ചരക്കുഗതാഗതം സുഗമമാക്കണമെന്നു കേന്ദ്ര സർക്കാർ കഴിഞ്ഞദിവസം നിർദേശിച്ചിരുന്നു. ഇതിന്റെ തുടർച്ചയായാണു കർണാടകയിലെ ഇളവുകൾ. സംസ്ഥാന അതിർത്തികളിലും ബസ് സ്റ്റേഷനുകളിലും റെയ്ൽവേ സ്റ്റേഷനുകളിലും വിമാനത്താവളങ്ങളിലും നടത്തിയിരുന്ന പതിവു വൈദ്യപരിശോധനകളും അവസാനിപ്പിച്ചു.

രോഗലക്ഷണങ്ങളില്ലാത്തവർക്ക് നേരിട്ടു ജോലിക്കോ മറ്റ് പ്രവൃത്തികൾക്കോ എത്തുന്നതിനു തടസമില്ലെന്ന് സർക്കാർ ഉത്തരവിൽ പറയുന്നു. 14 ദിവസത്തെ ക്വാറന്റെനും ആവശ്യമില്ല. എന്നാൽ, 14 ദിവസവും അവർ സ്വയം ആരോഗ്യനിരീക്ഷണം നടത്തണം. സംസ്ഥാനത്തെത്തുമ്പോൾ രോഗലക്ഷണങ്ങളുള്ളവർ വൈദ്യസഹായം തേടണം. അല്ലെങ്കിൽ ആപ്തമിത്ര ഹെൽപ്പ് ലൈനുമായി ബന്ധപ്പെടണം.

അതേസമയം, മാസ്ക് ധരിക്കലും സാമൂഹിക അകലം പാലിക്കലും നിർബന്ധമാണ്. ഇതരസംസ്ഥാനങ്ങളിൽ നിന്ന് കർണാടകയിലേക്കെത്തുന്നവർക്ക് 14 ദിവസം ക്വാറന്റെൻ നിർബന്ധമായിരുന്നു ഇതുവരെ. ആറു മാസത്തിനിടെ സംസ്ഥാനത്തു പ്രവേശനാനുമതിക്കായി സേവാസിന്ധു പോർട്ടലിൽ 11 ലക്ഷം പേർ രജിസ്റ്റർ ചെയ്തിരുന്നു.

ശാന്തകുമാരി

ചാലക്കുടി: പടിഞ്ഞാറെ ചാലക്കുടി നടുവള്ളി വാസുദേവൻ നായരുടെ ഭാര്യ ശാന്തകുമാരി (64) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: ശിവകുമാർ, സുനീഷ് കുമാർ.

കത്രീന

കുന്നത്തങ്ങാടി: വെളുത്തൂർ സ്റ്റാർ റോഡിൽ ചിറയത്ത് മുറ്റിച്ചൂക്കാരൻ ദേവസ്സിക്കുട്ടിയുടെ ഭാര്യ കത്രീന (78) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: ജോസഫ്, മറിയം, പരേതനായ വർഗീസ്. മരുമക്കൾ: ഷീബ, പരേതനായ ലോന.

ജയപാലൻ

പാവങ്ങാട്: മാടച്ചാലി വയലിൽ സരൾ നിവാസിൽ പരേതനായ രാഘവന്റെ മകൻ ജയപാലൻ (72) അന്തരിച്ചു. ഭാര്യ: സരള. മക്കൾ: ജിഷിത്ത്ലാൽ, ജിനുലാൽ, ജിതുലാൽ. മരുമക്കൾ: ധന്യ, ബബിത, ആതിര. സഹോദരങ്ങൾ: സതി, വിജയൻ, രവീന്ദ്രൻ, രമണി, രാധ, ശശിപ്രഭ, സുന്ദർരാജ്, ജഗനിവാസ്, പരേതരായ ജയരാജൻ, ബാബുരാജ്, സജിനി.

ബാലൻ

മഞ്ചേരി: മേലാക്കം മുബാറക് റോഡിൽ പരേതരായ മീത്തൽപറമ്പിൽ കണ്ണൻകുട്ടി-കാളി ദമ്പതികളുടെ മകൻ ബാലൻ (51) അന്തരിച്ചു. ചുമട്ടുതൊഴിലാളിയാണ്. ഭാര്യ: സുലോചന. മക്കൾ: ദേവാനന്ദ്, ധ്യാൻ കൃഷ്ണൻ. സഹോദരങ്ങൾ: വേലായുധൻ, പരേതനായ കുട്ടൻ.

ജമീല

ചെറുകുളം: കൊയാമ്പുറത്ത് കോയയുടെ ഭാര്യ ജമീല (50) അന്തരിച്ചു. മക്കൾ: താഹിറ, താഹിർ, തൻവീറ. മരുമകൻ: നൗഷാദ്.

പൊന്നമ്മ ദാസ്

തലയോലപ്പറമ്പ്: കൊരക്കാല വടകരത്തറയിൽ പരേതനായ ദാസാറിന്റെ ഭാര്യ പൊന്നമ്മ ദാസ് (72) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 11ന് ഐപിസി മധുരവേലി സിമിത്തേരിയിൽ. മക്കൾ: സിജി ദാസ് (എഐഐഎംസ്, ന്യൂഡൽഹി), സിൽവി (ഹെഡ്നേഴ്സ്, കോട്ടയം മെഡിക്കൽ കോളേജ്), സിസി (ജില്ലാ ഹോസ്പിറ്റലിൽ കോട്ടയം), റെവറന്റ്. സിബി. മരുമക്കൾ: ഫേബ (അപ്പോളോ ഹോസ്പിറ്റൽ, ന്യൂഡൽഹി), സാമുൽ ജോൺ (റിട്ട. മത്സ്യഫെഡ്, കോട്ടയം), സി.കെ. രാജു (പൊലീസ് ഇൻസ്പെക്ടർ), സിനിമോൾ കെ.വി (കളത്തിവീട്ടിൽ, തേവര).

വേലായുധൻ

ചെമ്മാപ്പിള്ളി: കായമ്പിള്ളി ആലിന് സമീപം തിരിയേടത്ത് വേലായുധൻ (73) അന്തരിച്ചു. സംസ്ക്കാരം നടത്തി. ഭാര്യ: ലീല. മകൻ: സന്തോഷ്. മരുമകൾ: രാജി.

വള്ളിയമ്മ

വടക്കാഞ്ചേരി: പറമ്പായി ഞാലിയിൽ പരേതനായ വേലായുധന്റ ഭാര്യ വള്ളിയമ്മ (84) അന്തരിച്ചു. സംസ്ക്കാരം നടത്തി. മക്കൾ: മോഹനൻ, അശോകൻ, ശോഭന, വിജയ, രാജീവ്, രേഖ. മരുമക്കൾ: ഗീത, ആശ, ഭരതൻ, ധന്യ , രാമകൃഷ്ണൻ, രാജൻ.

അൽഫോൺസ

മഞ്ഞുമ്മൽ: കലച്ചൂർ റോഡിൽ പുളിക്കൽ വീട്ടിൽ പരേതനായ പി.പി. ആന്റണിയുടെ ഭാര്യ അൽഫോൺസ (63) അന്തരിച്ചു. സംസ്ക്കാരം നടത്തി. മക്കൾ: ഗോഡ്ഫർ ആന്റണി, ഗോഡ്വിൻ ആന്റണി, ഗോഡ്സൺ ആന്റണി, ഡിക്സി ആന്റണി. മരുമക്കൾ: ബാബു, മിനി, സിനി.

ബേബി

പുത്തൻചിറ: കിഴക്കുംമുറി വാലിക്കോടത്ത് താക്കോൽക്കാരൻ പരേതനായ പോളിന്റെ ഭാര്യ ബേബി (70) അന്തരിച്ചു. സംസ്ക്കാരം ഇന്ന് രാവിലെ 10ന് പുത്തൻചിറ കിഴക്കുംമുറി സെന്റ് ജോസഫ് ദേവാലയത്തിൽ. മക്കൾ: ഷൈൻ (ഗുജറാത്ത്), ഷിൻസ് (സോഫ്റ്റ് വെയർ എഞ്ചിനീയർ, മുബൈ), ഷരിത (ദുബായ്). മരുമക്കൾ: എസ്മി (ഗുജറാത്ത്), സന്ധ്യ, ആഗ്നൽ (ദുബായ്).

രാഘവൻ

അന്തിക്കാട്: കൂട്ടാല രാഘവൻ (76) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: ശാന്ത. മക്കൾ: രാജേഷ്, ജയന്തൻ, ബേബി. മരുമക്കൾ: ലാലി, ഷിമ.

അഥീന ജോൺ

ബീച്ച്റോഡ്: പൊന്നുംപുരക്കൽ ജോർജ് ജോണിന്റെ ഭാര്യ അഥീന ജോൺ (87) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: ജെസി, ജൂലിയറ്റ്, ബെറ്റി. മരുമക്കൾ: ജോസഫ്, പരേതനായ പി.ജെ. ജെയിംസ്, ആർ.കെ. മാനുവൽ.

അലിയാർ

പെരുമ്പാവൂർ: വെസ്റ്റ് വെങ്ങോല മുണ്ടക്കരപുറം നെടുമത്തുകുടി പരേതനായ മുഹമ്മദിന്റെ മകൻ അലിയാർ (60) അന്തരിച്ചു. കബറടക്കം നടത്തി. ഭാര്യ: സൈനബ. മക്കൾ: ഷിഹാബ്, സിയാദ്, ഷെമീന. മരുമക്കൾ അർക്കാസ്, സുനിത, റഷീദ്.

സെലിൻ

വൈറ്റില: സഹകരണ റോഡ് പങ്കേത്ത് വീട്ടിൽ പരേതനായ ജോസഫിന്റെ ഭാര്യ സെലിൻ (95) അന്തരിച്ചു. കടവന്ത്ര കരിം പുറത്ത് കുടുംബാംഗമാണ്. മക്കൾ: ബിബിയാനി, മിന്നറ്റ്, ഐപ്പ് ജോസഫ്, ജിമ്മി, ഹിൽസൺ, ജെയിനി, ജോയ്, സാജു, റൂബൻ, ഷീബ, സിഡിക്സ്. മരുമക്കൾ: ജോസഫ്, പോൾ, അന്ന, എൽസി, റാണി, ഓമന, ഫ്രാങ്ക്ലിൻ, ബാബു, ജയിൻ, കുഞ്ഞുമോൾ, ഷൈല. സംസ്കാരം നടത്തി.

ജോസ്

ആലങ്ങാട്: ഊക്കൻ പൗലോ ജോസ് (64) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: ഫിലോമിന (പുക്കാട്ടുപടി കാടാപറമ്പിൽ കുടുംബാംഗം). മകൾ: ജോയ്സി.

അബ്ദുൽ വഹാബ്

മമ്പാട്: പന്തലിങ്ങലിലെ പരേതനായ നീർമുണ്ട അലവിയുടെ മകൻ തെക്കേപറമ്പിൽ അബ്ദുൽ വഹാബ് (62) അന്തരിച്ചു. ഭാര്യ: ഖമറുന്നീസ. മക്കൾ: ഷബീബ്, ഷാനിദ്(ദുബൈ), ഷാഹിദ്. മരുമക്കൾ: മുബീന (കാട്ടുമുണ്ട), മുഫീദ(മമ്പാട്), ഫർഹാന (ചന്തക്കുന്ന്).

ഷെറിൻ പ്രകാശ്

തലക്കുളത്തൂർ: പറമ്പത്ത് മതിലകം ക്ഷേത്രത്തിന് സമീപം കൊത്തളോത്ത് മീത്തൽ ഷെറിൻ പ്രകാശ് (22) അന്തരിച്ചു. സംസ്കാരം ഇന്ന് ഉച്ചക്ക് 1 ന് വെസ്റ്റ്ഹിൽ ശ്മശാനത്തിൽ. തിരുവനന്തപുരം സിഇടിയിലെ നാലാം വർഷ എഞ്ചിനീയറിങ്വിദ്യാർഥിയാണ്. അച്ഛൻ: പ്രകാശൻ. അമ്മ: ജസിത സഹോദരൻ: ജെറിൻ പ്രകാശ്.

മാത്യുകോറെപ്പിസ്കോപ്പാ

കോതമംഗലം: കോട്ടപ്പടി വടക്കുംഭാഗം കൊറ്റാലിൽ മാത്യുകോറെപ്പിസ്കോപ്പാ (87) അന്തരിച്ചു. സംസ്കാരം ഇന്ന് ഉച്ചയ്ക്ക് 1 ന് വടക്കുംഭാഗം സെന്റ് ജോർജ് ഹോറേബ് യാക്കാബായ പള്ളിയിൽ. അങ്കമാലി ഭദ്രാസന സെക്രട്ടറി, ഭദ്രാസന വൈദിക സെക്രട്ടറി, ഭദ്രാസന ഉപദേശക സമിതിയംഗം, കോതമംഗലം മാർ അത്തനേഷ്യസ് കോളേജ് അസോസിയേഷൻ ഗവേർണിംഗ് ബോർഡ് അംഗം, മുട്ടത്തുപാറ എൽ.പി. സ്കൂൾ ഹെഡ്മാസ്റ്റർ സ്ഥാപക മാനേജർ കൊറ്റാലിൽ കുടുംബയോഗം പ്രസിഡന്റ് എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. വടക്കുംഭാഗം വാവേലി സെന്റ് ജോർജ് പള്ളിയിൽ ആറ് ദശാബ്ദങ്ങളായി വികാരിയായിരുന്നു. വടക്കുംഭാഗം പ്രദേശത്തിന്റെ സമഗ്രവികസനത്തിന് നേതൃത്വം കൊടുത്തു. ഭാര്യ: ശോശാമ്മ വേങ്ങൂർ പടയാട്ടിൽ കുടുംബാംഗം. മക്കൾ: ഡോ. റെഞ്ചി (മസ്കറ്റ്), റെനി (അബുദാബി), റെബി, റീബി (യുഎസ്എ). മരുമക്കൾ: ഡോ. ആശ പുതുക്കുന്നത്ത് (മസ്കറ്റ്), ലത ചെമ്മല (അബുദാബി), ദീപ മുണ്ടയ്ക്കൽ, ഷാജി കുന്നത്ത് (യുഎസ്എ).

റോസി

കൃഷ്ണാപുരം: പരേതനായ കോമ്പാറ ജോസിന്റെ ഭാര്യ റോസി (74) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: ഷാജി, പരേതയായ മിനി, ബിജു, ജിജോ. മരുമക്കൾ: മെറ്റിൽഡ, പ്രിൻസ്, ലിനി, നിജി.

രാധ

കൊരട്ടി: മുരിങ്ങൂർ മണ്ടിക്കുന്ന് കുഴുവേലിപറമ്പിൽ ചന്ദ്രന്റെ ഭാര്യ രാധ(65) അന്തരിച്ചു. സംസ്ക്കാരം നടത്തി. മക്കൾ: ബിന്ദു, സിന്ധു, സിബു. മരുമക്കൾ: സുനിൽ, ഉണ്ണിമോൻ, ശ്രീദേവി.

സരള

വടക്കാഞ്ചേരി: കുങ്കുമത്ത് പരേതനായ ചന്ദ്രന്റെ ഭാര്യ കുഴുപ്പുള്ളി സരള (63) അന്തരിച്ചു. സംസ്ക്കാരം നടത്തി. മകൾ: രമ്യചന്ദ്രൻ (കെഎസ്ഇബി വടക്കാഞ്ചേരി) മരുമകൻ: സുരേന്ദ്രൻ (വേണു).

കറപ്പൻ ആചാരി

വടക്കാഞ്ചേരി: തയ്യൂർവട്ടപ്പറമ്പിൽ കറപ്പൻ ആചാരി (കുട്ടപ്പ-94) അന്തരിച്ചു. സംസ്ക്കാരം നടത്തി.ഭാര്യ:ജാനകി. മക്കൾ: യശോദ, ഉണ്ണികൃഷ്ണൻ, പുഷ്പ. മരുമക്കൾ: ജ്യോതി, പരേതരായ പ്രഭാകരൻ, മണികുട്ടൻ.

എം.ജി. കുഞ്ഞിരാമൻ

കോഴിക്കോട്: നാസിക് സെക്യൂരിറ്റി പ്രസ്സിൽ നിന്നും വിരമിച്ച കല്ലായ് ആരതിയിൽ എം.ജി. കുഞ്ഞിരാമൻ (80) അന്തരിച്ചു. പരേതരായ വള്ളിക്കാട്ട് ഗോപാലമേനോന്റെയും മാടശേരി കുഞ്ഞിലക്ഷ്മി അമ്മയുടെയും മകനാണ് കലിക്കറ്റ് ടൈംസ് പത്രത്തിൽ പ്രിന്റിങ്ങ് സുപ്ര വൈസറായി പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ: ചേമ്പിൽ വീട്ടിൽ മാധവി (തങ്കം) മുൻ പന്നിയങ്കര എൻഎസ്എസ് സ്കൂൾ ഹെഡ്മിസ്ട്രസ്. മക്കൾ: സി.വി. രാജഗോപാൽ (അസിം പ്രേംജി യൂണിവേഴ്സിറ്റി, ബെംഗളുരു), സി.വി. രജനി (ഡെൽ ബെംഗളൂരു). മരുമക്കൾ: സുശിൽ മേനോൻ (ബിസിനസ് കൺസൽട്ടന്റ് ബെംഗളൂരു), ശ്രീദേവി രാജ (ഡിപിഎസ്ബെംഗളുരു). സഹോദരൻ: എം ജി രാമദാസ്.

മേരി സ്റ്റാൻലി

മുഹമ്മ: മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ 16ാം വാർഡിൽ അഴിയകത്ത് മേരി സ്റ്റാൻലി (75) അന്തരിച്ചു. മക്കൾ: സുനിൽ, സാബു, പരേതയായ സുഷമ. മരുമക്കൾ: ജോളി, സിബി, പ്രീയ.

പങ്കജാക്ഷിയമ്മ

കറ്റാനം: കട്ടച്ചിറ പെരുമ്പലത്ത് കിഴക്കതിൽ പരേതനായ ബാലകൃഷ്ണപിള്ളയുടെ ഭാര്യ പങ്കജാക്ഷിയമ്മ (78) അന്തരിച്ചു. മക്കൾ: പ്രസന്നൻ പിള്ള, മോഹനൻ പിള്ള, വത്സലകുമാരി, അമ്മിണി, പരേതനായ വിജയൻ പിള്ള. മരുമക്കൾ: വിജയമ്മ, മണിയമ്മ, സ്വർണ്ണമ്മ, ശശിധരൻ പിള്ള, അശോക് കുമാർ.

ബേബി

കൊടുങ്ങല്ലൂർ: കോട്ടപ്പുറം ചർച്ച് ഗേറ്റിനു സമീപം അവിട്ടംപിള്ളി പരേതനായ ഫ്രാൻസീസിന്റെ ഭാര്യ ബേബി (77) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: ഷാജി, സാബു, ഷാനി, ഷീന, ഷീജ. മരുമക്കൾ: സിനി, നൈസി, പോൾ, തോമസ്, ജോർജ്ജ്.

റോസി

അരിമ്പൂർ: ചാലയ്ക്കൽ ദേവസ്സിയുടെ ഭാര്യ റോസി (72) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: ജോൺസൻ, പോളി. മരുമക്കൾ: റീജ, ഗ്രേയ്സി.

ബാലകൃഷ്ണൻ

പേരാമ്പ്ര: കൂത്താളി വെളുത്താടൻ വീട്ടിൽ ബാലകൃഷ്ണൻ (60) പേരാമ്പ്ര ചിലമ്പ വളവ് കുഴിതളത്തിൽ അന്തരിച്ചു. ഭാര്യ: ശാരദ. മക്കൾ: സിമി, സിൽന. മരുമക്കൾ: കെ.സി. സത്യൻ , ഷിജു കുന്നിക്കൽ.

ചന്ദ്രൻ

അരിമ്പൂർ: കൈപ്പിള്ളി വാലപറമ്പിൽ ശങ്കരന്റെ മകൻ ചന്ദ്രൻ (62) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: പരേതയായ ശശികല. മക്കൾ: ലിന്റു, ലിനി, ശരത്ത്. മരുമകൻ: സാംബശിവൻ.

വിദ്യാസാഗരൻ

മണലൂർ: കുന്നത്തുള്ളി വിദ്യാസാഗരൻ (75) അന്തരിച്ചു. സംസ്കാരം നടത്തി. എസ്എൻഡിപി യോഗം മണലൂർ വടക്ക് ശാഖാ സെക്രട്ടറിയായിരുന്നു. ഭാര്യ: വിലാസിനി.

ജി. ലൂക്കോസ്

വാളകം: കുരോംവിള ചരുവിള പുത്തൻ വീട്ടിൽ ജി. ലൂക്കോസ് (84) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: ഏലിയാമ്മ ലൂക്കോസ്. മക്കൾ: കെ.എൽ. വർഗീസ് , കെ. എൽ തോമസ്, കെ.എൽ ജോൺകുട്ടി, കെ.എൽ. ഡാനിയൽ, ബാബ അലക്സാണ്ടർ, റോസമ്മ കെ.എൽ. മരുമക്കൾ: ഷീല വർഗീസ് , കുഞ്ഞമ്മ പി, ഷാലി ജോൺകുട്ടി, ബിന്ദു ഡാനിയേൽ, രാഗിണി അലക്സാണ്ടർ.

മാത്തിരി

അങ്കമാലി: തിരുമുടിക്കുന്ന് പ്ലാശ്ശേരി പരേതനായ അന്തോണിയുടെ ഭാര്യ മാത്തിരി (85) അന്തരിച്ചു. സംസ്കാരം നടത്തി. കറുകുറ്റി ചിറ്റിനപ്പിള്ളി കുടുംബാംഗമാണ്. മക്കൾ: ജോൺസൻ, ബാബു, ഡെയ്സി. മരുമക്കൾ: മേരി, സിസിലി, തിരുത്തിപ്പറമ്പ് നയത്തോടൻ ആന്റോ.

എൽസി

ചാലക്കുടി: അതിരപ്പിള്ളി: വെറ്റിലപ്പാറ വടക്കുംപാടൻ വർഗീസിന്റെ ഭാര്യ എൽസി (60) അന്തരിച്ചു. മക്കൾ: സജിത, സജീഷ്, സജി. മരുമക്കൾ: ഷാജൻ പറമ്പി,ജോയ്സി. സംസ്കാരം അരൂർമുഴി സെന്റ് പോൾസ് പള്ളിയിൽ പിന്നീട്.

പി.സി. മാധവൻ

തൊട്ടുങ്ങൽ: ശീതൾ വീട്ടിൽ റിട്ട ജില്ലാ മജിസ്ട്രേറ്റ് പി.സി. മാധവൻ (78) അന്തരിച്ചു. സജീവ കോൺഗ്രസ് പ്രവർത്തകനായിരുന്നു. ഭാര്യ: വിജയലക്ഷ്മി (റിട്ട പ്രധാനാധ്യാപിക ആത്മവിദ്യാസംഘം യു പി സ്കൂൾ കൊളത്തറ). മക്കൾ: അഡ്വക്കേറ്റ് സജേഷ്.പി.സി, അഡ്വ. സജീഷ് പി. സി. മരുമക്കൾ (മഞ്ജുള കാലിക്കറ്റ് യൂണിവേഴ്സിറ്റി,) സബ്ന (അഡ്വ. നോട്ടറി).സഹോദരങ്ങൾ: അപ്പുക്കുട്ടൻ, കല്യാണി പരേതരായ ചെറൂട്ടി, വേലുക്കുട്ടി, ഗോപാലൻ, ജാനകി, നാരായണി. കർഷക ക്ഷേമ സഹകരണ സംഘം പ്രസിഡന്റ്, ബേസിക് എഡ്യൂക്കേഷൻ സൊസൈറ്റി സേവാമന്ദിരം ഡയറക്ടർ, രാമനാട്ടുകര എഡ്യൂക്കേഷണൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി ഡയറക്റ്റർ, ഏഷ്യൻ ഹ്യൂമൻ റൈറ്റ്സ് കമ്മീഷൻ അംഗം. തൊട്ടുങ്ങൽ റെസിഡൻസ് അസോസിയേഷൻ ഭരണസമിതി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു.

നിയന്ത്രണം വിട്ട പെട്ടി ഓട്ടോറിക്ഷ ഇടിച്ച് യുവാവ് മരിച്ചു

പുന്നയൂർക്കുളം: ആറ്റുപുറം സെന്റ് ആന്റണീസ് വടക്കുഭാഗം താമസിക്കുന്ന പരേതനായ മുപ്പടയിൽ മുഹമ്മദ് മകൻ അഷറഫ്(49) ആണ് മരിച്ചത്. ഇന്നലെ കാലത്ത് 11 മണിയോടെ ആയിരുന്നു സംഭവം. വടക്കേകാട് ഭാഗത്തു നിന്ന് വന്നിരുന്ന പെട്ടി ഓട്ടോറിക്ഷ ഇതേ ദിശയിൽ വന്ന സ്കൂട്ടറിനെ മറികടക്കാൻ ശ്രമിക്കുന്നതിനിടെ എതിർദിശയിൽ നിന്ന് വന്നിരുന്ന വാഹനത്തെ കണ്ടു വെട്ടിച്ചതാണ് അപകടകാരണം. തുടർന്ന് സ്കൂട്ടർ യാത്രക്കാരനെ ഇടിക്കുകയും നിയന്ത്രണം വിട്ട പെട്ടി ഓട്ടോറിക്ഷ അഷറഫിനെ ഇടിച്ച് മതിൽ തട്ടി നിൽക്കുകയായിരുന്നു.

വീടിനു മുൻവശം റോഡരുകിൽ കാടുപ്പിടിച്ചു കിടന്നിരുന്ന പുല്ലുകൾ വൃത്തിയാക്കുന്നതിനിടെയാണ് അപകടം ഉണ്ടായത്. എടപ്പാൾ സ്വദേശിയുടെ ഉടമസ്ഥതയിലുള്ള പെട്ടിഓട്ടോറിക്ഷയാണ് അപകടത്തിൽ പെട്ടത്. ഇരുമ്പ് പൈപ്പ് കയറ്റി വരികയായിരുന്നു ഓട്ടോറിക്ഷ. അപകടത്തിൽപെട്ട സ്കൂട്ടർ യാത്രികന് പരിക്ക് പറ്റിയിട്ടില്ല. വൈലത്തൂർ ആക്ടസ് ആംബുലൻസ് പ്രവർത്തകർ സ്ഥലത്തെത്തി പരിക്കേറ്റ അഷറഫിനെ കുന്നംകുളം റോയൽ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ദീർഘകാലം ഖത്തറിൽ ജോലി ചെയ്തിരുന്ന അഷറഫ് ലോക്ക്ഡൗണിന് കുറച്ചു മുമ്പാണ് ക്യാൻസൽ ചെയ്തു നാട്ടിൽ വന്നത്. ഭാര്യ: നൗഷിറ. മക്കൾ: ആദിൽ, അൻഷിത. പോലീസ് എത്തി മേൽനടപടിക്കു ശേഷം കബറടക്കം നടത്തും.

യുവാവ് മുങ്ങി മരിച്ചു

അങ്കമാലി: സുഹൃത്തുക്കളോടൊപ്പം നെടുമ്പാശ്ശേരി കുറുന്തിലക്കോട് ചിറയിൽ കുളിയ്ക്കുന്നതിനിടെ യുവാവ് മുങ്ങി മരിച്ചു. തമിഴ്നാട് കടലൂർ സ്വദേശി വെങ്കിടേശൻ (21) ആണ് മരിച്ചത്. വർഷങ്ങളായി അത്താണി കേന്ദ്രീകരിച്ച് സെപ്ടിക് ടാങ്ക് ശുചീകരിക്കുന്ന തൊഴിലാളി സംഘത്തിലെ അംഗമാണ്. ഇവർ തൊഴിലാളികൾ പതിവായി ഈ ചിറയിലാണ് കുളിക്കാറുള്ളത്. ചൊവ്വാഴ്ച ജോലി കഴിഞ്ഞ ശേഷം വൈകിട്ട് 3.30-ഓടെയാണ് വെങ്കിടേഷ് രണ്ട് സുഹൃത്തുക്കളോടൊപ്പം ചിറയിൽ കുളിക്കാനത്തെിയത്. മൂവരും മദ്യപിച്ചിരുന്നുവെന്നാണ് അറിയുന്നത്.

സുഹൃത്തുക്കൾ കുളി കഴിഞ്ഞ് മടങ്ങുമ്പോൾ വെങ്കിടേഷ് ചിറയിൽ നീന്തുകയായിരുന്നു. ഏറെ കഴിഞ്ഞിട്ടും മടങ്ങിയെത്തിയില്ല. അതോടെ സുഹൃത്തുക്കൾ ചിറയിലത്തെി അന്വേഷിച്ചപ്പോഴും കണ്ടില്ല. തുടർന്ന് നാട്ടുകാരെ വിവരം അറിയിക്കുകയായിരുന്നു. ഇതേ തുടർന്ന് അങ്കമാലി അഗ്നിരക്ഷാ സേനയിലെ മുങ്ങൽ വിദഗ്ദർ മുക്കാൽ മണിക്കൂറോളം ചിറയിൽ തിരച്ചിൽ നടത്തിയ ശേഷമാണ് മൃതദേഹം കണ്ടെടുത്തത്.

ആറ് മീറ്ററോളം മാറി ചിറയിൽ അടിഞ്ഞ് കൂടിയ ചെളിയിൽ പൂണ്ട നിലയിലായിരുന്നു. പെരിയാറുമായി സംഗമിക്കുന്ന ചെങ്ങൽത്തോടിന്റെ കൈവഴിയാണ് കുറുന്തിലക്കോട് ചിറ. 20 അടിയോളം ആഴമുള്ള ചിറ ഏതാനും വർഷം മുമ്പാണ് വീതിയും ആഴവും കൂട്ടി നവീകരിച്ചത്. അടിഒഴുക്കും ശക്തമാണ്. മൃതദേഹം ആലുവ ജില്ലാ ആശുപത്രിയിലേക്ക് മാറ്റി.

സ്കൂട്ടറിൽ പോകവേ കുഴഞ്ഞുവീണു മരിച്ചു

തലശേരി: സ്ക്കൂട്ടർ ഓടിച്ചു പോകവേ കുഴഞ്ഞു വീണു മരിച്ചു. തലശേരി ഒ.വി റോഡിലെ മുഗൾ ഹോട്ടൽ പാർട്ട്ണർ വടക്കുമ്പാട് കൂളിബസാറിലെ തിരുവങ്ങാലത്ത് മുഹമ്മദ് (67) ആണ് കുഴഞ്ഞു വീണു മരിച്ചത്. വീട്ടിലേക്ക് പോകവേ തിങ്കളാഴ്ച രാത്രി എട്ടോടെ കൊളശേരിയിൽ വച്ച് കുഴഞ്ഞു വീഴുകയായിരുന്നു. നാട്ടുകാർ ചേർന്ന് മുഹമ്മദിനെ ജനറൽ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ഭാര്യ: നസീമ. മക്കൾ: റിയാസ്, റുഖ്സാന, റഫ്സീന. മരുമക്കൾ: എൻ. റഫീഖ്, സൽമത്ത്, റഫീഖ്. സഹോദരങ്ങൾ: പരേതനായ ഖാലിദ്, മൂസ (ലണ്ടൻ), സീനത്ത്, കുഞ്ഞാലു. കൊവിഡ് പരിശോധനയ്ക്കു ശേഷം മൃതദേഹം ബന്ധുക്കൾക്ക് വിട്ടു നൽകും.

എലിപ്പനി ബാധിച്ച് വീട്ടമ്മ മരിച്ചു

കാസർഗോഡ്: എലിപ്പനി ബാധിച്ചു ചികിത്സയിലായിരുന്ന വീട്ടമ്മ മരിച്ചു. വെള്ളരിക്കുണ്ട് പരിസരത്തെ കണ്ണന്റെ ഭാര്യ മാധവി(51)യാണ് മരിച്ചത്. എലിപ്പനി ബാധിച്ചു മാധവി ഒരാഴ്ച്ചയായി പരിയാരം മെഡിക്കൽ കേളെജ് ആശുപത്രിയിൽ ചികിത്സയിലായിരു ന്നുമക്ക ൾസൗമ്യ, മിനി, വിജയൻ .പരിയാരം മെഡിക്കൽ കോളെജ് ആശുപത്രിയിൽ പോസ്റ്റ് മോർട്ടം നടപടികൾക്ക് ശേഷം മൃതദേഹം കോവിഡ് പ്രോട്ടോകോൾ പ്രകാരം വീട്ടുവളപ്പിൽ സംസ്കരിച്ചു. ഗ്രാമപഞ്ചായത്ത് പരിധിയിൽ വീട്ടമ്മ എലിപ്പനി ബാധിച്ചു മരിച്ചതോടെ ആരോഗ്യ വകുപ്പ് ജനങ്ങൾക്ക് ജാഗ്രത നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനിടയിൽ ഗൃഹനാഥനെ എലിപ്പനി ബാധിച്ചു ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇയാളുടെ ആരോഗ്യ സ്ഥിതി ഗുരുതരമല്ല.

റിപ്പയർ ചെയ്യുന്നതിനിടെ വാഹനം തെന്നിവീണ് തൊഴിലാളി മരിച്ചു

നെടുപുഴ: വാഹനം റിപ്പയർ ചെയ്യ്ത് കൊണ്ടിരിക്കുമ്പോൾ ജാക്കിയിൽ നിന്നും തെന്നി വീണ് പേച്ച് വർക്കർ അരിമ്പൂർ വറീതിന്റെ മകൻ സൈമൺ (64) മരിച്ചു. സംസ്ക്കാരം നെടുപുഴ സെന്റ് ജോൺ ബാബ്റ്റീസ്റ്റ് പള്ളി സെമിത്തേരിയിൽ നടക്കും. ഭാര്യ: ഓമന. മക്കൾ: സനീഷ്, സിനി. മരുമക്കൾ: ഫിജോ, മിനി.

എസ്.പി ബാലസുബ്രഹ്മണ്യത്തിന് വേണ്ടി പ്രാർത്ഥിച്ച് മമ്മൂട്ടി

എസ്.പി ബാലസുബ്രഹ്മണ്യത്തിന്റെ രോഗസൗഖ്യത്തിനായി പ്രാർഥിക്കുന്നുവെന്ന് മമ്മൂട്ടി. സർവ്വശക്തൻ അദ്ദേഹത്തെ പഴയ ആരോഗ്യസ്ഥിതിയിലേക്ക് തിരികെ എത്തിക്കട്ടെയെന്നും അദ്ദേഹം ഫെയ്സ് ബുക്കിൽ കുറിച്ചു.എസ്.പി ബാലസുബ്രഹ്മണ്യം സാറിന്റെ വേഗത്തിലുള്ള തിരിച്ചുവരവിനായി പ്രാർഥിക്കുന്നു. സ്വാതികിരണം, അഴകൻ എന്നീ രണ്ട് സിനിമകളിൽ അദ്ദേഹം പാടിയ പാട്ടുകളിൽ അഭിനയിക്കാൻ എനിക്ക് ഭാഗ്യം ലഭിച്ചിട്ടുണ്ട്. സർവ്വശക്തൻ അദ്ദേഹത്തെ പഴയ അവസ്ഥയിലേക്ക് മടക്കി കൊണ്ടുവരട്ടെ. മമ്മൂട്ടി കുറിച്ചു. ഈ മാസം അഞ്ചിനാണ് കൊവിഡ് ബാധയെത്തുടർന്ന് എസ് പി ബാലസുബ്രഹ്മണ്യത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. കഴിഞ്ഞ ദിവസം അദ്ദേഹത്തിന്റെ കോവിഡ് പരിശോധന ഫലം നെഗറ്റീവായതായി തെറ്റായ വാർത്ത വന്നിരുന്നു.എസ്.പി.ബിയുടെ മകൻ റാംചരൺ വാർത്ത നിഷേധിച്ച് കൊണ്ട് ഇന്നലെ തന്നെ വീഡിയോ പോസ്റ്റ് ചെയ്തിരുന്നു. ഇപ്പൊഴും വെന്റിലേറ്ററിന്റെ സഹായത്തോടെയാണ് അപ്പ കഴിയുന്നതെന്നും ദയവായി അസത്യമായ വാർത്തകൾ പ്രചരിപ്പിക്കരുതെന്നും റാംചരൺ പറഞ്ഞു. ഓഗസ്റ്റ് 13ന് രാത്രിയോടെ അദ്ദേഹത്തിന്റെ ആരോഗ്യനില വഷളാവുകയായിരുന്നു. ഹോം കാറന്റൈൻ മതിയെന്ന് ഡോക്ടർമാർ പറഞ്ഞെങ്കിലും എസ് പി ബി സ്വന്തം തീരുമാനപ്രകാരം ആശുപത്രിയിൽ കഴിയുകയായിരുന്നു.

വിവാഹത്തിന് ഒരുങ്ങി മിയ

നടി മിയ ജോർജിന്റെ മനസമ്മതം കഴിഞ്ഞു. പാലാ സെന്റ് തോമസ് കത്തീഡ്രലിൽ വച്ചായിരുന്നു മനസമ്മതം. കോട്ടയം സ്വദേശിയും വ്യവസായിയുമായ അശ്വിൻ ഫിലിപ്പാണ് വരൻ. അടുത്ത ബന്ധുക്കളും സുഹൃത്തുക്കളും മാത്രമേ ചടങ്ങിൽ പങ്കെടുത്തുള്ളു. സെപ്റ്റംബറിലാണ് വിവാഹം. മനസമ്മതത്തിന്റെ ചിത്രങ്ങളും വിഡിയോകളും ഇതിനോടകം തന്നെ വൈറലായി കഴിഞ്ഞു. കൊവിഡ് പ്രോട്ടോക്കോൾ പാലിച്ചായിരുന്നു ചടങ്ങുകൾ. ഒനിയൻ പിങ്ക് നിറത്തിലുള്ള ലഹങ്കയായിരുന്നു മിയയുടെ വേഷം. ഓർഗൻസ് ഫാബ്രിക് ആണ് ലെഹങ്കയ്ക്കായി ഉപയോഗിച്ചിരിക്കുന്നത്.

സസ്പെൻസുകൾ നിറച്ച് സീ യു സൂൺ



ഫഹദ് ഫാസിലിനെ നായകനാക്കി മഹേഷ് നാരായണൻ ഒരുക്കുന്ന 'സീ യു സൂൺ' എന്ന ചിത്രത്തിന്റെ ട്രെയിലർ എത്തി. ശരിക്കും ത്രില്ലടിപ്പിക്കുന്ന രീതിയിലാണ് ട്രെയിലർ ഒരുക്കിയിരിക്കുന്നത്. ഫഹദിന്റെ ആരാധകർ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ചിത്രമാണിത്.ആമസോൺ പ്രൈം വഴിയാണ് ചിത്രം റിലീസ് ചെയ്യുന്നത്. .ടേക്ക് ഓഫ്, മാലിക് എന്നീ ചിത്രങ്ങൾക്കു ശേഷം ഫഹദും മഹേഷ് നാരായണനും ഒന്നിക്കുന്ന ചിത്രം കൂടിയാണിത്. ദർശന രാജേന്ദ്രൻ, റോഷൻ മാത്യു എന്നിവരാണ് മറ്റ് പ്രധാനതാരങ്ങൾ.ഒന്നരമണിക്കൂർ ദൈർഘ്യമുള്ള ഈ ചിത്രം പൂർണമായും ഐ ഫോണിലാണ് ചിത്രീകരിച്ചിരിക്കുന്നത്. ചിത്രത്തിന്റെ തിരക്കഥ, എഡിറ്റിങ്, വെർച്വൽ സിനിമാറ്റൊഗ്രഫി എന്നിവ നിർവഹിച്ചിരിക്കുന്നതും സവിധായകൻ മഹേഷ് നാരായണൻ ആണ്.ഫഹദ് ഫാസിലിന്റെ വീട് ഉൾപ്പടെ ലൊക്കേഷനാക്കി, ക്രൂ ഇല്ലാതെ ചുരുങ്ങിയ ഇൻഡോർ ലൊക്കേഷനുകളിലുമായ് പൂർത്തിയാക്കിയ ഒരു പരീക്ഷണ ചിത്രമാണ് 'സീ യു സൂൺ'. ഫഹദ് ഫാസിൽ ആണ് നിർമാണം.സംഗീതം ഗോപി സുന്ദർ. ഛായാഗ്രഹണം സബിൻ ഉരളികണ്ടി.

ടീഷർട്ട് കൈക്കലാക്കിയ മകനോട് തല്ലുകൂടി ധനുഷ്

കേരളത്തിലുൾപ്പെടെ നിരവധി ആരാധകരുള്ള നടനാണ് ധനുഷ്. ഇപ്പോഴിത ധനുഷ് പങ്കുവച്ചിരിക്കുന്ന ഒരു ചിത്രത്തിന് പിന്നാലെയാണ് ആരാധകർ. വീടിന്റെ ടെറസിൽ മക്കളായ യാത്രയ്ക്കും ലിങ്കയ്ക്കുമൊപ്പമുള്ള ഫോട്ടോയാണ് താരം പങ്കുവച്ചിരിക്കുന്നത്. മൂത്തമകൻ യാത്ര തന്റെ ടീഷർട്ട് എടുത്തുവെന്നും എന്നിട്ടത് സ്വന്തം ടീഷർട്ടാണെന്ന് തർക്കികുകയാണെന്നുമാണ് ധനുഷ് ചിത്രത്തിനൊപ്പം കുറിച്ചിരിക്കുന്നത്. അച്ഛന്റെയും ചേട്ടന്റെയും അടി കണ്ട് ലിങ്ക ധനുഷിന്റെ ചുമലിൽ കയറിയിരിക്കുകയാണ്.പൊതുവേ ധനുഷ് തന്റെ സിനിമകളെക്കുറിച്ചുള്ള വിശേഷങ്ങൾ മാത്രമാണ് സോഷ്യൽ മീഡിയയിൽ പങ്കുവയ്ക്കാറ്. അതിനാൽ തന്നെ ആരാധകരുടെ ഇടയിൽ ചിത്രം വൈറലായിക്കഴിഞ്ഞു. രജനീകാന്തിന്റെ മൂത്തമകൾ ഐശ്വര്യയേയാണ് ധനുഷ് വിവാഹം കഴിച്ചിരിക്കുന്നത്. 2004 ആയിരുന്നു ഇരുവരും വിവാഹിതരായത്.

പവൻ കല്യാൺ അയ്യപ്പൻ നായരാകുന്നു



മലയാളത്തിൽ സൂപ്പർ ഹിറ്റായ അയ്യപ്പനും കോശിയും തെലുങ്ക് റീമേക്കിനൊരുങ്ങുന്നു. തെലുങ്ക് സൂപ്പർ താരം പവൻ കല്യാൺ ആണ് ബിജു മേനോൻ അനശ്വരമാക്കിയ അയ്യപ്പൻനായരെ അവതരിപ്പിക്കുന്നത്. പവൻ കല്യാണിന്റെ പിറന്നാൾ ദിനമായ സെപ്തംബർ 2നു ചിത്രത്തിന്റെ ഔദ്യോഗിക പ്രഖ്യാപനം ഉണ്ടാകും.എന്നാൽ ചിത്രത്തിലെ പൃഥിരാജ് അവതരിപ്പിച്ച കോശി കുര്യൻ എന്ന കഥാപാത്രത്തെ വിജയ് സേതുപതി അവതരിപ്പിക്കും എന്ന രീതിയിൽ വാർത്തകൾ വരുന്നുണ്ട്. എന്നാൽ താരം ഇതുവരെ അന്തിമ തീരുമാനം എടുത്തിട്ടില്ല എന്നാണ് അറിയാൻ കഴിയുന്നത്.

ട്രാൻസിൽ അൻവർ റഷീദ് പിന്തുടർന്നത് തിലകന്റെ ശൈലി



ഫഹദ് ഫാസിലിന്റെ ഗംഭീര പ്രകടനം കൊണ്ട് ശ്രദ്ധേയമായ സിനിമയായിരുന്നു ട്രാൻസ്. ചിത്രം സാമ്പത്തികമായി പരാജയപ്പെട്ടെങ്കിലും ഫഹദിന്റെ പ്രകടനം ഒരുപാട് ശ്രദ്ധിക്കപ്പെട്ടു. ട്രാൻസ് സിനിമയിൽ ഫഹദിൽ പരീക്ഷിച്ചത് തിലകന്റെ ശൈലി ആണെന്നാണ് അൻവർ റഷീദ് പറയുന്നത്. 'ഒരു നടനൊപ്പം എങ്ങനെ പ്രവർത്തിക്കണമെന്നതിനെക്കുറിച്ചുള്ള എന്റെ ധാരണകൾ അപ്പാടെ മാറിമറിഞ്ഞത് ഉസ്താദ് ഹോട്ടലിൽ തിലകൻ സാറിനൊപ്പം പ്രവർത്തിച്ചതിനു ശേഷമാണ്. ആദ്യ സീക്വൻസ് ഷൂട്ട് ചെയ്യുന്നതിനു മുൻപ് ആ രംഗം ഒന്നു വിവരിക്കാൻ അദ്ദേഹം ആവശ്യപ്പെട്ടത് ഞാനിപ്പോഴും ഓർക്കുന്നു. എന്നെ അമ്പരപ്പിച്ചുകൊണ്ട്, ആ രംഗത്തിലെ ഡയലോഗുകൾ അദ്ദേഹം ഏറ്റവും കുറഞ്ഞത് ആറു തരത്തിൽ എനിക്കു മുൻപിൽ അവതരിപ്പിച്ചു. ഞാൻ ഞെട്ടിപ്പോയി.കണ്ണു തുറപ്പിക്കുന്ന അനുഭവം എന്നു പറയുന്നതിനെക്കാൾ മായികമായ നിമിഷങ്ങളെന്നു പറയുന്നതാകും ഉചിതം' ഒരു പ്രമുഖ മാധ്യമത്തിന് നല്കിയ അഭിമുഖത്തിലാണ് അൻവർ റഷീദ് ഇത് പറഞ്ഞത്.

'തിലകൻ സാറിനെപ്പോലെ ഒരു നടൻ ആദ്യ ടേക്കിൽ തന്നെ നൽകുന്ന പ്രകടനം സംവിധായകൻ എന്ന നിലയിൽ എന്നെ സന്തോഷിപ്പിക്കുന്നതാണ്. പക്ഷേ, അദ്ദേഹം എന്നെ അതിലും കൂടുതലായി അന്വേഷിച്ചു പോകാൻ പഠിപ്പിച്ചു.അതിലൂടെ ഒരു അഭിനേതാവിന്റെ ഏറ്റവും മികച്ച പ്രകടനം എങ്ങനെ കണ്ടെത്താമെന്നും! ആദ്യ ടേക്ക് ഓകെ ആണെങ്കിലും ആ അഭിനേതാവിന്റെ പ്രകടനത്തിന്റെ മറ്റൊരു സുന്ദരമായ അനുഭവം കണ്ടെത്താൻ ഒന്നിലധികം തവണ ടേക്ക് പോകുന്നതിൽ തെറ്റില്ലെന്ന് ഞാൻ തിരിച്ചറിഞ്ഞു. നമുക്കൊരിക്കലും ചിന്തിക്കാൻ പോലും കഴിയാത്ത വിധം വ്യത്യസ്തമായ പ്രകടനമായിരിക്കും മികച്ച ഒരു അഭിനേതാവ് ഓരോ തവണയും നമുക്ക് തരിക.അതിനാൽ ആറു വർഷത്തിനു ശേഷം ട്രാൻസ് ചെയ്തപ്പോൾ ഞാൻ കൂടുതലും പിന്തുടർന്നത് അഭിനയത്തിലെ 'തിലകൻ ശൈലി' ആയിരുന്നു.

തിലകൻ സാറിന്റെ ആ ശൈലി മറ്റൊരു രീതിയിലാണ് ഞാൻ ഫഹദിൽ ഉപയോഗിച്ചത്.ഫഹദിന് ആ കഥാപാത്രത്തെ പല തരത്തിൽ അവതരിപ്പിക്കാൻ അനുവദിക്കുകയായിരുന്നു.അതിനുവേണ്ടി ഒന്നിലധികം ടേക്കുകൾ പോകാൻ തീരുമാനിച്ചു. സാധാരണ ഗതിയിൽ ആദ്യ ടേക്കിൽ തന്നെ ഏറ്റവും മികച്ച പ്രകടനം തരുന്ന നടനാണ് ഫഹദ്. റീടേക്കിന്റെ ആവശ്യം വരുന്നില്ല. പക്ഷേ ഞങ്ങൾ പുതിയ രീതി പരീക്ഷിച്ചു. ഒന്നിലധികം ടേക്കുകൾ പോയി. ശാരീരികമായി അത്യധ്വാനം വേണ്ടി വരുന്ന രംഗങ്ങളാണ് ട്രാൻസിലുള്ളത്. കാരണം, ഹൈ എനർജിയിൽ സംസാരിക്കുന്ന പാസ്റ്ററെയാണ് ഫഹദ് അവതരിപ്പിക്കുന്നത്' അൻവർ റഷീദ് പറഞ്ഞു.

റൊണാൾഡീന്യോ ജയിൽ മോചിതനായി

റിയോ ഡി ജനീറോ: ബ്രസീലിയൻ ഫുട്ബോൾ ഇതിഹാസം റൊണാൾഡീന്യോയ്ക്ക് പരാഗ്വേയിലെ ജയിലിൽനിന്നും മോചനം. അഞ്ചുമാസത്തോളമായി പരാഗ്വേയിൽ കുടുങ്ങിക്കിടക്കുന്ന താരത്തിന് നാട്ടിലേക്ക് മടങ്ങാൻ കോടതി അനുമതി നൽകി. വ്യാജ പാസ്പോർട്ടുമായി പരാഗ്വെയിൽ എത്തിയെന്ന് കണ്ടെത്തിയതിനെ തുടർന്ന് മാർച്ച് ആറിനാണ് റൊണാൾഡീന്യോയെയും സഹോദരൻ റോബർട്ടോ ഡി അസ്സിസും പരാഗ്വെയിൽ പിടിയിലായത്.

സംഭവത്തിൽ അറസ്റ്റ് ചെയ്യപ്പെട്ട റൊണാൾഡീന്യോയെ തുടക്കത്തിൽ ജയിലിലായിരുന്നു പാർപ്പിപ്പിച്ചിരുന്നത്. ഒരു മാസത്തെ ജയൽവാസത്തിനുശേഷം ഹോട്ടലിൽ നിയന്ത്രണങ്ങളോടെ കഴിയാൻ അനുമതി നൽകുകയായിരുന്നു. 90,000 ഡോളർ പിഴയടച്ചാണ് ഇപ്പോൾ നാട്ടിലേക്ക് മടങ്ങുന്നത്. 1,10,000 ഡോളർ സഹോദരനും പിഴയായി അടക്കേണ്ടിവരും. ബ്രസീൽ കോടതി 2015ൽ റൊണാൾഡീന്യോയുടെ പാസ്പോർട്ട് തടഞ്ഞുവെച്ചിരുന്നു. ഇതേതുടർന്നാണ് വ്യാജ പാസ്പോർട്ടുമായി താരം ഒരു പരിപാടിയിൽ പങ്കെടുക്കാൻ പരാഗ്വേയിൽ എത്തിയത്.

റൊണാൾഡീന്യോയ്ക്ക് ലോകത്തെ ഏത് രാജ്യത്തേക്ക് വേണമെങ്കിലും പോകാൻ ഇപ്പോൾ അനുമതിയുണ്ടെന്നും എന്നാൽ സ്ഥിരം വിലാസം മാറ്റുകയാണെങ്കിൽ അറിയിക്കണമെന്നും കോടതി നിർദ്ദേശിച്ചു. റൊണാൾഡീന്യോ വ്യാജപാസ്പോർട്ട് വിഷയത്തിൽ ഗൂഢാലോചന നടത്തിയതായി കരുതുന്നില്ലെന്നും കോടതി വ്യക്തമാക്കി. റൊണാഡീന്യോയുടെ സഹോദരൻ ഡി അസീസ് മൊറേറ ബ്രസീലിൽ കോടതിക്ക് മുൻപാകെ ഓരോ നാലു മാസം കൂടുമ്പോഴും റിപ്പോർട്ട് ചെയ്യണം. എക്കാലത്തേയും മികച്ച ഫുട്ബോൾ താരങ്ങളിലൊരാളായാണ് റൊണാൾഡീന്യോ വിലയിരുത്തപ്പെടുന്നത്. 2002ൽ ബ്രസീൽ ലോകകപ്പ് നേടിയപ്പോൾ നിർണായക പങ്കുവഹിച്ച താരം 2005ൽ ബാലൺ ഡിഓർ അവാർഡും സ്വന്തമാക്കിയിരുന്നു. ബാഴ്സലോണ, എസി മിലാൻ, പിഎസ്ജി തുടങ്ങിയ ക്ലബ്ബുകൾക്കുവേണ്ടിയും കളിച്ചു. കളിക്കളത്തിന് പുറത്ത് അച്ചടക്കമില്ലാത്ത ജീവിതത്തിന്റെ പേരിൽ പലപ്പോഴും പഴി കേട്ടിട്ടുള്ള റൊണാൾഡീന്യോയ്ക്ക് ബ്രസീലിലേക്കുള്ള മടക്കം ഏറെ ആശ്വാസകരമാണ്.

റൊണാൾഡീന്യോയ്ക്ക് ലോകത്തെ ഏത് രാജ്യത്തേക്ക് വേണമെങ്കിലും പോകാൻ ഇപ്പോൾ അനുമതിയുണ്ടെന്നും എന്നാൽ സ്ഥിരം വിലാസം മാറ്റുകയാണെങ്കിൽ അറിയിക്കണമെന്നും കോടതി നിർദ്ദേശിച്ചു. റൊണാൾഡീന്യോ വ്യാജ പാസ്പോർട്ട് വിഷയത്തിൽ ഗൂഢാലോചന നടത്തിയതായി കരുതുന്നില്ലെന്നും കോടതി വ്യക്തമാക്കി.

സ്വരേവിനെ തകർത്ത് മറെ തിരിച്ചെത്തി

ഓഹിയോ: പരുക്കിൽ നിന്ന് മുക്തനായി ടെന്നീസ് കോർട്ടിൽ തിരിച്ചെത്തിയ ബ്രിട്ടീഷ് സൂപ്പർ താരം ആൻഡി മറെയ്ക്ക് ആദ്യ ശ്രദ്ധേയ ജയം. വെസ്റ്റേൺ ആൻഡ് സതേൺ ഓപ്പണിന്റെ രണ്ടാം റൗണ്ടിൽ മറെ ലോക ഏഴാം നമ്പർ ജർമ്മനിയുടെ അലക്സാണ്ടർ സ്വരേവിനെ പരാജയപ്പെടുത്തി, സ്കോർ: 6-3, 3-6, 7-5. 2017നുശേഷം ലോക റാങ്കിലെ ആദ്യ പത്തിലുള്ള ഒരു താരത്തെ മറെ തോൽപ്പിക്കുന്നത് ഇതാദ്യം.

യുഎസ് ഓപ്പണിന് മുൻപ് എതിരാളികൾക്ക് മുന്നറിയിപ്പ് നൽകിയാണ് മറെ സ്വരേവിനെ കെട്ടുകെട്ടിച്ചത്. ആദ്യ സെറ്റിൽ മറെയുടെ ഷോട്ടുകളുടെ വൈവിധ്യത്തിന് മുന്നിൽ സ്വരേവിന് പിടിച്ചുനിൽക്കാനായില്ല. എന്നാൽ രണ്ടാം സെറ്റിൽ സ്വരേവ് അതേനാണയത്തിൽ തിരിച്ചടിച്ചു. നിർണായക മൂന്നാം സെറ്റിൽ മറെ തുടക്കത്തിൽ സ്വരേവിന്റെ സർവ് ബ്രേക്ക് ചെയ്തു മുന്നിൽക്കയറി. എന്നാൽ പൊരുതിക്കളിച്ച സ്വരേവ് നാലു തുടർ ഗെയിമുകൾ പോക്കറ്റിലാക്കി വിജയത്തിന് അരുകിലെത്തി. പക്ഷേ, രണ്ടാം സർവുകളിലെ പിഴവുകൾ സ്വരേവിനെ പിന്നോട്ടടിച്ചു. സ്വരേവ് അഞ്ച് ഡബിൾഫോൾട്ടുകൾ വരുത്തിയതോടെ മൂന്നു ഗെയിമുകൾ തുടർച്ചയായി കൈക്കലാക്കി മറെ വിജയം പിടിച്ചെടുത്തു.

ലിത്വാനിയയുടെ റിച്ചാഡ് ബെറാക്കിസിനെ 7-6 , 6-4ന് തുരത്തി ലോക ഒന്നാം നമ്പർ സെർബിയയുടെ നൊവാക് ദ്യോക്കോവിച്ചും മുന്നേറിയിട്ടുണ്ട്. അതേസമയം, ഓസ്ട്രിയയുടെ ഡൊമിനിക് തെയിമിനെ സെർബിയൻ താരം ഫിലിപ്പ് ക്രജോവിച്ച് അട്ടിമറിച്ചു (6-2, 6-1). വനിതകളിൽ അമേരിക്കയുടെ സെറീന വില്യംസ് അടുത്ത റൗണ്ടിലേക്ക് ടിക്കറ്റെടുത്തവരിൽപ്പെടുന്നു.

ഐപിഎൽ: നാഡയുണ്ട് സൂക്ഷിക്കുക

ന്യൂഡൽഹി: ഇന്ത്യൻ പ്രീമിയർ ലീഗ് 13-ാം സീസണിനുള്ള ഉത്തേജക മരുന്ന് പരിശോധനാ പദ്ധതിയിൽ അന്തിമ തീരുമാനമെടുത്ത് ദേശീയ ഉത്തേജക വിരുദ്ധ ഏജൻസി (നാഡ). യു.എ.ഇയിൽ സെപ്റ്റംബർ 19-ന് ആരംഭിക്കുന്ന ടൂർണമെന്റിനുള്ള നടപടി ക്രമങ്ങൾ തയാറാക്കി കഴിഞ്ഞതായി നാഡ അറിയിച്ചു. ഇതു പ്രകാരം ഉത്തേജക വിരുദ്ധ പ്രവർത്തനങ്ങൾക്കായി യുഎഇയിൽ അഞ്ച് ഡോപ്പ് കൺട്രോൾ സെന്ററുകൾ (ഡിസിഎസ്) നാഡ ഒരുക്കും. ഓരോ ഡിസിഎസുകൾ വീതം മത്സര വേദികളായ ദുബായ്, ഷാർജ, അബുദാബി എന്നിവിടങ്ങളിലും മറ്റ് രണ്ട് കേന്ദ്രങ്ങൾ പരിശീലന വേദികളായ ദുബായ് ഐസിസി അക്കാഡമിയിലും അബുദാബിയിലെ സയ്യിദ് ക്രിക്കറ്റ് സ്റ്റേഡിയത്തിലുമാണ് ഒരുക്കുക.

പരിശോധനകൾ മത്സര വേദികളിൽ വെച്ചുമാത്രം മതിയെന്ന് ഡോപ്പ് കൺട്രോൾ ഓഫീസർമാർക്ക് (ഡിസിഒ) നിർദേശം നൽകിയിട്ടുണ്ടെന്ന് നാഡ ഡയറക്റ്റർ നവിൻ അഗർവാൾ പറഞ്ഞു. മറ്റ് പരിശോധനകൾ പരിശീലന വേദികളിലെ കേന്ദ്രങ്ങളിൽ നടത്തും. ടൂർണമെന്റിനിടെ താരങ്ങളുടെ 50 സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തും. യൂറിൻ സാമ്പിൾ കൂടാതെ ആവശ്യമെങ്കിൽ രക്ത സാമ്പിളുകളും ശേഖരിക്കും. രാജ്യാന്തര താരങ്ങളെ കൂടാതെ വിരാട് കോഹ്‌ലി, എം.എസ് ധോനി, രോഹിത് ശർമ എന്നിവരടക്കമുള്ള ഇന്ത്യൻ താരങ്ങളെയും പരിശോധനയ്ക്ക് വിധേയരാക്കാൻ നാഡയ്ക്ക് അനുമതിയുണ്ട്. ടൂർണമെന്റിനായി അഞ്ചുപേരടങ്ങിയ മൂന്നു സംഘങ്ങൾ സെപ്റ്റംബർ ആദ്യവാരം യുഎഇയിലേക്ക് തിരിക്കും. യുഎഇയിലേക്ക് പുറപ്പെടും മുമ്പും എത്തിയ ശേഷവും സംഘത്തിലെ മുഴുവൻ ആളുകളെയും കോവിഡ് പരിശോധനയ്ക്ക് വിധേയരാക്കും. കഴിഞ്ഞ 12 സീസണുകളിലായി ഐ.പി.എല്ലിൽ താരങ്ങളുടെ സാമ്പിൾ ശേഖരണവും പരിശോധനയും നടത്തിയിരുന്നത് സ്വീഡന്റെ ഇന്റർനാഷണൽ ഡോപ്പ് ടെസ്റ്റ് ആൻഡ് മാനെജ്മെന്റ് (ഐഡിടിഎം) ആയിരുന്നു. 2019 മൂന്നാം പാദം മുതലാണ് ബിസിസിഐ നാഡയുടെ പരിധിയിൽ വന്നത്.

ശ്രീലങ്കൻ താരം തരംഗ പരണവിതാന വിരമിച്ചു

കൊളംബോ: മുൻ ശ്രീലങ്കൻ ടെസ്റ്റ് ഓപ്പണറായ തരംഗ പരണവിതാന ക്രിക്കറ്റിന്റെ എല്ലാ ഫോർമാറ്റിൽ നിന്നും വിരമിച്ചു. 32 ടെസ്റ്റുകളിൽ നിന്ന് 1792 റൺസാണ് പരണവിതാന നേടിയിട്ടുള്ളത്. 2009ൽ പാക്കിസ്ഥാനിലെ മറക്കാനാഗ്രഹിക്കുന്ന ടൂറിൽ അംഗമായിരുന്ന താരം കറാച്ചിയിൽ തന്റെ ടെസ്റ്റ് അരങ്ങേറ്റം നടത്തിയിരുന്നു.

പിന്നീട് ലാഹോറിൽ ടീം ബസ് ആക്രമിക്കപ്പെട്ടപ്പോൾ പരുക്കേറ്റ താരങ്ങളിൽ ഒരാളായിരുന്നു പരണവിതാന. പിന്നീട് ഇന്ത്യയ്ക്കെതിരെ 2010ൽ തുടരെ ശതകങ്ങൾ നേടിയ താരം 2012ൽ ന്യൂസിലാണ്ടിലാണ് അവസാന ടെസ്റ്റ് കളിച്ചത്. അന്താരാഷ്ട്ര തലത്തിൽ അധികം പ്രഭാവം ഉണ്ടാക്കിയില്ലെങ്കിലും ഫസ്റ്റ് ക്ലാസ്സ് ക്രിക്കറ്റിൽ 15000ത്തിനോടടുത്ത് റൺസും 40 ശതകങ്ങളും നേടി തന്റെ സ്ഥാനം കൃത്യമായി രേഖപ്പെടുത്തിയാണ് തരംഗ പരണവിതാന മടങ്ങുന്നത്.

കായ് ഹവേർട്സ് ചെൽസിയിലേക്ക്

ലണ്ടൻ: ജർമ്മൻ യുവതാരം കായ് ഹവേർട്സിനെ ഉടൻ ചെൽസി സ്വന്തമാക്കും. ഹവേർട്സിനെ സ്വന്തമാക്കാനായി ചെൽസി 100 മില്യൺ നൽകാൻ തയാറായിരിക്കുക ആണ്. ബയേർ ലെവർകൂസണ് 80 മില്യണും ഒപ്പം 20 മില്യൺ ബോണസും ഉള്ള ഓഫറാണ് ചെൽസി ഇന്നലെ സമർപ്പിച്ചത്. ജർമ്മൻ ക്ലബ് ഈ ഓഫർ സ്വീകരിക്കും എന്ന് പ്രമുഖ ട്രാൻസ്ഫർ അനലിസ്റ്റ് ആയ ഫാബ്രിസിയോ റൊമാനോ അറിയിച്ചു.

ഹവേർട്സും ചെൽസിയുമായി നേരത്തെ തന്നെ കരാർ ധാരണയിൽ എത്തിയിരുന്നു. ട്രാൻസ്ഫർ തുകയിൽ കൂടെ ധാരണയായതോടെ ഒരു സൂപ്പർ സൈനിങ് കൂടെ ചെൽസി പൂർത്തിയാക്കും എന്ന് ഉറപ്പായി. ഇതിനകം തന്നെ സിയെചിനെയും വെർണറെയും സ്വന്തമാക്കിയ ചെൽസിയുടെ അറ്റാക്ക് യൂറോപ്പിലെ തന്നെ ഏറ്റവും മികച്ച അറ്റാക്കായി ഇതോടെ മാറും.

തന്റെ ക്ലബായ ബയർ ലെവർകൂസണ് കഴിഞ്ഞ മാസം ഹവേർട്സ് ട്രാൻസ്ഫർ റിക്വസ്റ്റ് നൽകിയിരുന്നു. ടിമൊ വെർണറിന്റെ സാന്നിധ്യമാണ് ഹവേർട്സിനെ ചെൽസിയിലേക്ക് അടുപ്പിച്ചത്. 20കാരനായ താരം ബയേർ ലെവർകൂസന് വേണ്ടി കാഴ്ചവെച്ച മികച്ച പ്രകടനങ്ങൾ താരത്തിനെ യൂറോപ്യൻ വമ്പന്മാരുടെ ശ്രദ്ധയിൽ എത്തിച്ചിരുന്നു. ലെവർകൂസന്റെ അക്കാദമിയിലൂടെ തന്നെ വളർന്നു വന്ന താരമാണ് ഹവേർട്സ്. അറ്റാക്കിംഗ് മിഡ്ഫീൽഡറായും വിങ്ങറായും കളിക്കുന്ന താരം ഇതിനകം തന്നെ ജർമ്മൻ ദേശീയ ടീമിനായി കളിച്ചിട്ടുണ്ട്.

റയാൻ ഹാരിസ് ഡെൽഹി ബൗളിങ്ങ് പരിശീലകൻ

അബൂദബി: ഇന്ത്യൻ പ്രീമിയർ ലീഗിന്റെ 13ാം സീസൺ യുഎഇയിൽ സെപ്റ്റംബർ 19ന് ആരംഭിക്കാനിരിക്കെ പുതിയ ബൗളിങ് പരിശീലകനെ നിയമിച്ച് ഡൽഹി ക്യാപിറ്റൽസ്. മുൻ ഓസീസ് പേസർ റയാൻ ഹാരിസാണ് പുതിയ സീസണിൽ ഡൽഹിക്ക് ബൗളിങ് തന്ത്രമോതുക. മുൻ ബൗളിങ് പരിശീലകൻ ജെയിംസ് ഹോപ്സ് വ്യക്തിപരമായ കാരണങ്ങളെത്തുടർന്ന് ഈ സീസണിലെ ഐപിഎല്ലിൽ നിന്ന് വിട്ടുനിന്നതോടെയാണ് റയാൻ ഹാരിസിനെ തൽസ്ഥാനത്തേക്കെത്തിച്ചത്. ഓസ്ട്രേലിയക്കുവേണ്ടി മൂന്ന് ഫോർമാറ്റിലും കളിച്ചിട്ടുള്ള റയാൻ ഐപിഎല്ലിൽ കളിച്ചും പരിചയസമ്പന്നനാണ്. 'ഐപിഎല്ലിലേക്ക് തിരിച്ചുവരാൻ സാധിച്ചതിൽ ഏറെ സന്തോഷവാനാണ്. ഫ്രാഞ്ചൈസിക്ക് ഐപിഎൽ നേടിക്കൊടുക്കുവാനുള്ള വലിയൊരു അവസരമാണ് ലഭിച്ചിരിക്കുന്നത്. മികച്ച ബൗളർമാരുള്ള ടീമാണ് ഡൽഹി ക്യാപിറ്റൽസ്. അവരോടൊപ്പം പ്രവർത്തിക്കാൻ കാത്തിരിക്കാനാവുന്നില്ല'- റയാൻ ഹാരിസ് പറഞ്ഞു. ഇത്തവണയും മികച്ച പേസ് നിരയുമായാണ് ഡൽഹിയുടെ വരവ്. ദക്ഷിണാഫ്രിക്കൻ പേസർ കഗിസോ റബാദയ്ക്കും ആന്റിച്ച് നോർജെയ്ക്കുമൊപ്പം ഇന്ത്യയുടെ ഇഷാന്ത് ശർമ, ഹർഷൽ പട്ടേൽ, വെസ്റ്റ് ഇൻഡീസിന്റെ കീമോ പോൾ എന്നിവരാണ് പേസ്നിരയിലുള്ളത്. അമിത് മിശ്ര, ലാമിച്ചാനെ, അക്സർ പട്ടേൽ, ആർ അശ്വിൻ എന്നിവരാണ് പ്രധാന സ്പിന്നർമാർ.

കളം വാഴാൻ ഓൾറൗണ്ടർമാർ

കുട്ടിക്രിക്കറ്റിനെ നിയന്ത്രിക്കുന്നത് ഓൾറൗണ്ടർമാർ തന്നെയാണ്. സ്ഫോടനാത്മകമായ ബാറ്റിങ്ങിലൂടെയും നിർണായക വിക്കറ്റ് നേട്ടങ്ങളിലൂടെയും ഏത് നിമിഷവും മത്സര തങ്ങൾക്ക് അനുകൂലമാക്കാൻ മിടുക്കുള്ള ഒരുപിടി ഓൾ റൗണ്ടർമാർ ഇക്കുറിയും ദുബായിയിൽ എത്തിയിട്ടുണ്ട്. എട്ടു ഫ്രാഞ്ചൈസികളിലും കൂടുതൽ പണം മുടക്കി വാങ്ങിക്കൂട്ടിയതും ഓൾ റൗണ്ടർമാരെ തന്നെയാണ്. ഏഴ് ഓൾ റൗണ്ടർമാരുമായി പട്ടികയിൽ മുന്നിൽ നിൽക്കുന്നത് സൺറൈസഴ്സ് ഹൈദരബാദ് തന്നെയാണ്.

മുംബൈ ഇന്ത്യൻസ്

കിരോൺ പൊള്ളാർഡ്, നതാൻ കാൾട്ടർ നൈൽ, ഷെർഫെയ്ൻ റൂതർഫോർട്ട് എന്നീ വിദേശ ഓൾറൗണ്ടർമാർക്കൊപ്പം ക്രുനാൽ പാണ്ഡ്യ, ഹാർദിക് പാണ്ഡ്യ, പ്രിൻസ് ബൽവന്ത് റായ് എന്നിവരാണ് ഓൾ റൗണ്ടർമാർ. ഡെത്ത് ഓവറുകൽ അതിവേഗം റൺസെടുക്കാൻ കഴിയുന്ന ഓസീസ് താരം നതാൻ കൂൾട്ടർ നൈലിനെ ഈ സീസണിലാണ് അവർ ടീമിലെത്തിച്ചത്. പൊള്ളാർഡിനൊപ്പം വമ്പനടിക്ക് ശേഷിയുള്ള മുംബൈ താരമാണ് അദ്ദേഹം. ഇന്ത്യൻ താരങ്ങളിലേക്കു വന്നാൽ മുംബൈയുടെ തുറുപ്പുചീട്ടുകളാണ് പാണ്ഡ്യ ബ്രദേഴ്സ്.

ചെന്നൈ സൂപ്പർ കിങ്സ്

വിൻഡീസ് സൂപ്പർതാര ഡ്വയ്ൻ ബ്രാവോ, സാം കറൻ, മിച്ചെൽ സാന്റ്നർ എന്നിവർക്കൊപ്പം ഇന്ത്യൻ താരങ്ങളായ രവീന്ദ്ര ജഡേജ, കേദാർ ജാദവ്, സുരേഷ് റെയ്ന എന്നീ ഓൾറൗണ്ടർമരാണ് ഈ സീസണിലും മഞ്ഞക്കുപ്പായത്തിൽ ഇറങ്ങുന്നത്. ഇംഗ്ലീഷ് ഓൾറൗണ്ടർ സാം കറൻ ഈ സീസണിലാണ് സിഎസ്കെയിലെത്തിയത്. വിദേശികളിൽ ബ്രാവോയും കറനുമാവും സിഎസ്കെയുടെ തുറുപ്പുചീട്ടുകൾ. ഇന്ത്യൻ താരങ്ങളിൽ സുരേഷ് റെയ്നയും രവീന്ദ്ര ജഡേജയുമാണ് കഴിഞ്ഞ സീസണുകളിലെല്ലാം തന്നെ ചെന്നൈയ്ക്ക് വിജയമൊരുക്കുന്നതിൽ നിർണായകമായത്.

കിങ്സ് ഇലവൻ പഞ്ചാബ്

ജെയിംസ് നീഷാം, ഗ്ലെൻ മാക്സ്വെൽ, ക്രിസ് ജോർഡൻ എന്നീ വിദേശ താരങ്ങൾക്കൊപ്പം ദീപക് ഹൂഡ, കെ ഗൗതം, ഹർബ്രീത് ബ്രാർ എന്നിവരും ഓൾറൗണ്ടർമാരുടെ പട്ടികയിലുണ്ട്. കന്നി ഐപിഎൽ കിരീടം ലക്ഷ്യമിട്ടാണ് കെഎൽ രാഹുലിന്റെ കിങ്സ് ഇലവൻ പഞ്ചാബ് അങ്കത്തട്ടിലിറങ്ങുക. ഇതിനുള്ള ആദ്യ പടിയായാണ് 10.75 കോടിക്ക് ഓസ്ട്രേലിയൻ സൂപ്പർ ഓൾറൗണ്ടർ ഗ്ലെൻ മാക്സ്വെല്ലിനെ ടീമിലെത്തിച്ചത്. എന്നാൽ ഇന്ത്യൻ ഓൾറൗണ്ടർമാർ മൂന്നു പേരും ദേശീയ ടീമിനായി ഇതുവരെ അരങ്ങേറിയിട്ടില്ലാത്തവരാണ്.

കോൽക്കത്ത നൈറ്റ്റൈഡേഴ്സ്

സൂപ്പർതാരംആന്ദെ റസ്സൽ, സുനിൽ നരെയ്ൻ, ക്രിസ് ഗ്രീൻ എന്നീ വിദേശികൾക്കൊപ്പം നിതീഷ് റാണെ മാത്രമാണ് സ്വദേശത്തുനിന്നുള്ളത്. സീസണിൽ ഏറ്റവും കുറച്ച് ഓൾറൗണ്ടർമാരുള്ള ടീം കോൽക്കത്ത നൈറ്റ്റൈഡേഴ്സാണ്. മൂന്നു വിദേശികളും ഒരു ഇന്ത്യൻ താരവുമടക്കം നാലു പേർ മാത്രമേ കെകെആർ നിരയിലുള്ളൂ. ഇവരിൽ വിൻഡീസ് ജോടികളായ റസ്സലും നരെയ്നും കെകെആറിന്റെ മാച്ച് വിന്നർമാരാണ്. ഏക ഇന്ത്യൻ സാന്നിധ്യമായ നിതീഷ് റാണയ്ക്കു വലിയ റോളായിരിക്കും ഈ സീസണിലുണ്ടാവുക.

റോയൽ ചാലഞ്ചേഴ്സ് ബാംഗ്ലൂർ

ക്രിസ് മോറിസ്, ഇസുരു ഉദാന, മോയിൻ അലി എന്നിവർക്കൊപ്പം ഇന്ത്യൻ യുവതാരങ്ങളായ ശിവം ദുബെ, പവൻ നേഗി, വാഷിങ്ടൺ സുന്ദർ എന്നിവരാണ് ഓൾ റൗണ്ടർമാരുടെ പട്ടികയിലുള്ളത്. എന്നും എന്റർടൈനർമാരുടെ റോളിലുള്ള റോയൽ ബാംഗ്ലൂർ കന്നി ഐപിഎൽ കിരീടം ലക്ഷ്യമിട്ടാണ് ഇത്തവണ ദുബായിൽ എത്തിയിരിക്കുന്നത്. ഈ സീസണിനു മുന്നോടിയായുള്ള ലേലത്തിൽ എല്ലാവരെയും ഞെട്ടിച്ചുകൊണ്ടാണ് ദക്ഷിണാഫ്രിക്കൻ ഓൾറൗണ്ടർ ക്രിസ് മോറിസിനെ അവർ വാങ്ങിയത്. ഇന്ത്യൻ താരങ്ങളായ ശിവം ദുബെ, വാഷിങ്ടൺ സുന്ദർ എന്നിവർക്കാകും കൂടുതൽ സാധ്യത.

ഡൽഹി ക്യാപ്പിറ്റൽസ്

ക്രിസ് വോക്സ്, കീമോ പോൾ, മാർക്കസ് സ്റ്റോയ്ണിസ് എന്നിവർക്കൊപ്പം അക്ഷർ പട്ടേൽ, ഹർഷൽ പട്ടേൽ, ലളിത് യാദവ് എന്നീ യുവതാരങ്ങളാണ് ഇന്ത്യൻ നിരയിൽ നിന്നുള്ളത്. ഐപിഎല്ലിൽ അത്ര മികച്ച റെക്കോഡല്ലെങ്കിലും ഇംഗ്ലീഷ് താരം ക്രിസ് വോക്സിനെ ഡൽഹി പുതുതായി ടീമിലേക്കു കൊണ്ടുവന്നത് ടീമിന്റെ ഘടനയെ തന്നെ മാറ്റിയേക്കും. ഓസ്ട്രേലിയയുടെ മാർക്കസ് സ്റ്റോയ്ണിസും ഈ സീസണിൽ ഡൽഹിലിയെത്തിയ താരമാണ്. ഇന്ത്യൻ താരങ്ങളിലേക്കു വരികയാണെങ്കിൽ അക്ഷർ പട്ടേലും ആഭ്യന്തര ക്രിക്കറ്റിൽ മികച്ച റെക്കോഡുള്ള ഹർഷൽ പട്ടേലുമാണ് ഡൽഹിയുടെ പ്രധാന പ്രതീക്ഷകൾ.

രാജസ്ഥാൻ റോയൽസ്

ഇംഗ്ലീഷ് ഓൾറൗണ്ടർ ബെൻ സ്റ്റോക്സിനെ കൂടാതെ റിയാൻ പരാഗ്, മഹിപാൽ ലൊംറോർ, ഷഷാങ്ക് സിങ്, രാഹുൽ ടെവാട്ടിയ എന്നീ യുവതാരങ്ങളാണ് ടീമിലുള്ളത്. ഓൾറൗണ്ടർമാരെന്ന നിരയിൽ അവർക്ക് ആശ്രയിക്കാവുന്ന കൂടുതൽ താരങ്ങളില്ല. ഇംഗ്ലണ്ട് ഓൾറൗണ്ടർ ബെൻ സ്റ്റോക്സാണ് അവരുടെ തുറുപ്പുചീട്ട്. എന്നാൽ സ്റ്റോക്സിന് മികച്ചൊരു ബാക്കപ്പില്ലെന്നത് രാജസ്ഥാന്റെ പ്രധാന വീക്ക്നെസാണ്.

സൺറൈസേഴ്സ് ഹൈദരാബാദ്

മുഹമ്മദ് നബി, മിച്ചെൽ മാർഷ്, ഫാബിയൻ അലെൻ എന്നീ വിദേശ താരങ്ങൾക്കൊപ്പം വിജയ് ശങ്കർ, അഭിഷേക് ശർമ, അബ്ദുൾ സമദ്, സന്ദീപ് ബവനക ഉൾപ്പെടെ ഏഴു ഓൾറൗണ്ടർമാരെ കുത്തിനിറച്ചാണ് മുൻ ചാംപ്യൻമാരായ ഡേവിഡ് വാർണറുടെ സൺറൈസേഴ്സ് ഹൈദരാബാദ് കളത്തിലിറങ്ങുക. ഓസ്ട്രേലിയയുടെ മിച്ചെൽ മാർഷ് ഈ സീസണിലാണ് ഹൈദരാബാദ് ടീമിനൊപ്പം ചേർന്നത്.



ഗെയ്‌ലിന്റെ കൊവിഡ് പരിശോധനാ ഫലം നെഗറ്റീവ്

കിങ്സ്ടൗൺ: സ്പ്രിന്റ് ഇതിഹാസം ഉസൈൻ ബോൾട്ടിന്റെ ജന്മദിനാഘോഷത്തിൽ പങ്കെടുത്ത വെസ്റ്റ് ഇൻഡീസ് വെടിക്കെട്ട് ബാറ്റ്സ്മാൻ ക്രിസ് ഗെയ്‌ലിന്റെ കൊവിഡ് പരിശോധനാ ഫലം പുറത്ത്. അരാധകർക്ക് ആശ്വാസം നൽകി ഗെയ്‌ലിന്റെ പരിശോധനാ ഫലം നെഗറ്റീവാണ്. നേരത്തെ ഉസൈൻ ബോൾട്ടിന്റെ പരിശോധനാ ഫലം പോസിറ്റീവാണെന്ന് വ്യക്തമായതോടെയാണ് ജന്മദിനാഘോഷ പരിപാടിയിൽ പങ്കെടുത്ത ഗെയ്‌ലിന്റെ രോഗത്തെ സംബന്ധിച്ച് ആശങ്ക ഉയർന്നത്. ഇന്നാൽ പരിശോധനാ ഫലം നെഗറ്റീവാണെന്ന് ഗെയ്ല് തന്നെ സാമൂഹ്യ മാധ്യമങ്ങളിലൂടെ അറിയിക്കുകയായിരുന്നു.

ഇനി വീട്ടിലിരിക്കാൻ പോവുകയാണെന്നും യാത്ര ചെയ്യാൻ ഇല്ലെന്നും അദ്ദേഹം കുറിച്ചു. ഐപിഎല്ലിൽ കിങ്സ് ഇലവൻ പഞ്ചാബിന്റെ നിർണായക താരമാണ് ഗെയ്ൽ. ടീം ഇതിനോടകം ടൂർണമെന്റിനായി യുഎഇയിൽ എത്തിക്കഴിഞ്ഞു. ഈ സാഹചര്യത്തിലാണ് ഗെയ്‌ലിന്റെ കോവിഡ് സംബന്ധിച്ച ആശങ്ക പരന്നത്. ആദ്യ പരിശോധനാ ഫലം നെഗറ്റീവായെങ്കിലും രണ്ടാമത്തെ ടെസ്റ്റ് പൂർത്തിയാക്കി കോവിഡ് ഇല്ലെന്ന് സ്ഥിരീകരിച്ചാൽ മാത്രമെ അദ്ദേഹത്തിന് യുഎഇയിലേക്ക് യാത്ര ചെയ്യാൻ സാധിക്കൂ. ഐപിഎല്ലിൽ കളിക്കുന്നതിനായി ഇത്തവണത്തെ കരീബിയൻ പ്രീമിയർ ലീഗ് വരെ ഗെയ്ല് ഒഴിവാക്കിയിരുന്നു. 40കാരനായ ഗെയ്ല് ഈ വർഷം ജനുവരിക്ക് ശേഷം ക്രിക്കറ്റ് കളിച്ചിട്ടില്ല. രണ്ടാമത്തെ കോവിഡ് ഫലവും നെഗറ്റീവായാൽ അധികം വൈകാതെ ഗെയ്ല് ടീമിനൊപ്പം ചേരുമെന്നാണ് വിവരം.

മോയിസെ കീൻ യുവന്റസിലേക്ക് മടങ്ങാൻ സാധ്യത

ടൂറിൻ: ഇറ്റാലിയൻ യുവ സ്ട്രൈക്കർ മോയിസെ കീൻ എവർട്ടൺ വിടാൻ സാധ്യത. തിരികെ തന്റെ പഴയ ക്ലബായ യുവന്റസിലേക്ക് പോകാൻ ആണ് കീൻ ശ്രമിക്കുന്നത്. എവർട്ടണിൽ വൻ തുകയ്ക്ക് എത്തിയ താരത്തിന് പ്രീമിയർ ലീഗിൽ ഇതുവരെ തിളങ്ങാൻ ആയിട്ടില്ല. ഇംഗ്ലണ്ട് വിട്ട് ഇറ്റലിയിലേക്ക് മടങ്ങിയാൽ ഫോം തിരികെ ലഭിക്കും എന്ന് താരം കരുതുന്നു. പിർലോ പരിശീലകനായി എത്തിയതോടെ കീനിനെ തിരികെ എത്തിക്കാനുള്ള ശ്രമം തുടങ്ങിയിട്ടുണ്ട്. ലോൺ അടിസ്ഥാനത്തിലാകും കീൻ ആദ്യ തിരികെ എത്തുക.

ലോൺ കഴിഞ്ഞാൽ 20 മില്യൺ താരത്തെ സ്വന്തമാക്കാനും റോമ ഒരുക്കമാണ്. 30 മില്യണോളം ഉള്ള കരാറിലായിരുന്നു എവർട്ടൺ കീനിനെ യുവന്റസിൽ നിന്ന് കഴിഞ്ഞ സീസണിൽ സ്വന്തമാക്കിയത്. യുവന്റസിനായി അരങ്ങേറ്റ സീസണിൽ കീൻ തകർപ്പൻ പ്രകടനം കാഴ്ചവെച്ചിരുന്നു. യുവന്റസ് വിട്ടതോടെ താരത്തിന്റെ പ്രകടനങ്ങൾ മങ്ങി. ഇംഗ്ലീഷ് പ്രീമിയർ ലീഗിലെ ഫിസിക്കൽ ടാക്ലിക്സുകൾ ആണ് കീനിന് പ്രശ്നമാകുന്നത്.

ഡിയസ് എസി മിലാനില്ലേക്ക്

മാഡ്രിഡ്: റയൽ മാഡ്രിഡിന്റെ യുവതാരം ബ്രാഹിം ഡിയസിനെ എ സി മിലാൻ സ്വന്തമാക്കിയേക്കും. ബ്രാഹിമിനായി ഓഫർ സമർപ്പിച്ചിരിക്കുകയാണ് മിലാൻ ഇപ്പോൾ. 21കാരനായ താരത്തെ ആദ്യം ലോണടിസ്ഥാനത്തിൽ ആണ് എസി മിലാൻ സ്വന്തമാക്കാൻ നോക്കുന്നത്. ഒരു വർഷത്തെ ലോണിന് ശേഷം റയൽ മാഡ്രിഡിൽ നിന്ന് സ്ഥിര കരാറിൽ ബ്രാഹിമിനെ സ്വന്തമാക്കാനും മിലാൻ ഉദ്ദേശിക്കുന്നുണ്ട്.

രണ്ട് സീസൺ മുമ്പ് മാഞ്ചസ്റ്റർ സിറ്റിയിൽ നിന്നായിരുന്നു ബ്രാഹിം റയൽ മാഡ്രിഡിൽ എത്തിയ. സിദാന്റെ കീഴിൽ യുവതാരത്തിന് അധികം അവസരം ലഭിച്ചിട്ടില്ല. സ്പാനിഷ് ക്ലബായ മലാഗയുടെ അക്കാഡമിയിലൂടെ വളന്നു വന്ന താരമാണ് ബ്രാഹിം. ഇതിനകം തന്നെ സ്പാനിഷ് അണ്ടർ 19, അണ്ടർ 21 ടീമുകളിൽ കളിച്ച് കഴിവ് തെളിയിച്ചിട്ടുണ്ട്.

SENSEX: 38,843.88 (+44.80)

NIFTY: 11,472.25 (+5.80)

വിനിമയ നിരക്ക്

ഡോളർ	74.27
യൂറോ	87.79
പൗണ്ട്	97.34
സ്വിസ്ഫ്രാങ്ക്	81.66
സിംഗപ്പൂർ ഡോളർ	54.27
ഓസ്ട്രേലിയൻ	53.30
കനേഡിയൻ	56.27
ബഹറിൻ ദിനാർ	197.12
കുവൈറ്റ് ദിനാർ	242.51
ഒമാനി റിയാൽ	192.65
സൗദി റിയാൽ	19.79
യു എ ഇ ദിർഹം	20.20
ഖത്തർ	20.19

കയറ്റുമതി കുറഞ്ഞു, ജനപ്രിയ മീനുകളുടെ വിലയും

കൊച്ചി: ലഭ്യത കൂടിയതോടെ കടൽമീനുകൾക്ക് വില കുറയുന്നു. നേരത്തെ തീരെ കിട്ടാതിരുന്നതും വിലക്കൂടുതൽ മൂലം വാങ്ങാൻ കഴിയാതിരുന്നവയുമായ ജനപ്രിയ മീനുകൾക്കാണ് വില കുറഞ്ഞത്. ലഭ്യതയിലെ വർധനയ്ക്കു പുറമേ ദൂരെയുള്ള മാർക്കറ്റുകളിലേക്കു മീൻ കാര്യമായി കയറ്റുമതിക്കാർ വാങ്ങാത്തതും ഇതരസംസ്ഥാനങ്ങളിലേക്ക് പോകാത്തതും വിലക്കുറവിനു കാരണമാകുന്നു. വിപണിയിൽ ഏറെ പ്രിയമുള്ള അയലയാണ് വള്ളക്കാർക്കും ചെറു വഞ്ചിക്കാർക്കും സുലഭമായി ലഭിക്കുന്നത്.

കഴിഞ്ഞ ദിവസം ഇടത്തരം അയലയ്ക്കു കിലോഗ്രാമിന് 60 രൂപയായിരുന്നു ഹാർബറുകളോടു ചേർന്നുള്ള ആദായക്കടകളിലെ വില. ലഭ്യത കൂടിയാൽ ഇനിയും വില കുറയാൻ സാധ്യതയുണ്ട്. ഇപ്പോൾ കിട്ടുന്ന അയല രുചിയിലും മുന്നിലാണ്. നെയ് സാന്നിധ്യവും കൂടുതലാണ്. ചാളയുടെ വിലയിലും കുറവുണ്ട്. കിലോഗ്രാമിനു 160 രൂപ. എന്നാൽ അധികം കിട്ടാനില്ല. എത്തുമ്പോൾത്തന്നെ തീരും. മീൻ കിട്ടാതെ വലഞ്ഞ മാസങ്ങളിലൂടെയാണ് കടന്ന് വന്നതെന്നത് എന്നതിനാൽ പലരും ഈ അവസരം ആഘോഷമാക്കുന്നുമുണ്ട്. ബോട്ടുകൾ വ്യാപകമായി പിടിക്കുന്ന കിളിമീനിനു മുൻപു പ്രാദേശികവിപണിയിൽ വലിയ പ്രിയമില്ലായിരുന്നു. ഇപ്പോൾ വിൽപ്പന മെച്ചമാണ്. വിലക്കുറവു തന്നെയാണ് കാരണം. രണ്ടു ദിവസം മുൻപ് ഒരുകിലോ കിളിമീൻ 100 രൂപയ്ക്കാണ് വിറ്റത്. പുറമേനിന്ന് എത്തുന്ന തിലാപ്പിയയ്ക്കും ഇതേ വിലയാണ്.

പ്രിയങ്കരമായ വേളൂരിയും കൂടുതൽ കിട്ടിത്തുടങ്ങി. രണ്ട് മാസം മുൻപ് കിലോഗ്രാമിനു 400 രൂപയ്ക്കു വരെ വിറ്റ വേളൂരി ഇപ്പോൾ 200 രൂപയ്ക്കു കിട്ടും. കരിമീൻ, നാടൻ തിലാപ്പിയ എന്നിങ്ങനെ പുഴമത്സ്യങ്ങളുടെ വില ഉയർന്നിരിക്കുകയാണ്. കടൽമീനുകൾ മാർക്കറ്റിൽ വൻതോതിൽ വന്നു കയറിത്തുടങ്ങിയതോടെ ഇവയ്ക്കു ഡിമാൻഡ് കുറവുണ്ട്. അതുകൊണ്ടു തന്നെ പലരും ഇവയുടെ വൻതോതിലുള്ള വിളവെടുപ്പ് ഓണത്തിനു തൊട്ടുമുൻപുള്ള ദിവസങ്ങളിലേക്കു നീട്ടി.

മെട്രോപോളിസ് ലാബിന് ഐസിഎംആറിന്റെ കൊവിഡ് പരിശോധന അനുമതി

കൊച്ചി: കൊച്ചിയിലെ മെട്രോപോളിസ് ലാബിന് ഐസിഎംആറിന്റെ കൊവിഡ് പരിശോധന അനുമതി ലഭിച്ചു. രാജ്യത്തെ മുൻനിര ഡയഗ്നോസ്റ്റിക്സ് കമ്പനികളിൽ ഒന്നായ മെട്രോപോളിസ് ഹെൽത്ത്കെയർ ലിമിറ്റഡിന്റെ ഏഴാമത് ലാബിനാണ് ഇന്ത്യൻ മെഡിക്കൽ ഗവേഷണ കൗൺസിലിന്റെ അനുമതി ലഭിക്കുന്നത്. കൊച്ചിയിലെ ലാബിന് കഴിഞ്ഞ 15 വർഷമായി എൻഎബിഎല്ലിന്റെ അംഗീകാരമുണ്ട്. അനുമതി ലഭിച്ചതോടെ ജൂലൈ അവസാനവാരം മുതലാണ് ട്രൂനാറ്റ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള കൊവിഡ്-19 പരിശോധന കൊച്ചിയിൽ ആരംഭിച്ചത്. കൊച്ചിയിലെ ലാബിനു പുറമേ മുംബൈ, പൂനെ, താനെ, ചെന്നൈ, ഡൽഹി, ബംഗളൂരു എന്നിവിടങ്ങളിലാണ് മറ്റ് ലാബുകളുള്ളത്.

കൊച്ചി ലാബിൽ ട്രൂനാറ്റ് സാങ്കേതികവിദ്യ ഉപയോഗിച്ച് കൊവിഡ് പരിശോധന ആരംഭിച്ച വിവരം അറിയിക്കുന്നതിൽ സന്തോഷമുണ്ടെന്ന് മെട്രോപോളിസ് ഹെൽത്ത്കെയർ ലിമിറ്റഡ് ലബോറട്ടറി ചീഫ് ഡോ. രമേഷ് കുമാർ പറഞ്ഞു. സാങ്കേതിക രംഗത്തെ മേൽക്കൈയും ഊഷ്മളമായ രോഗീ-കേന്ദ്രിത സമീപനവും വിശ്വസനീയമായ ഡയഗ്നോസ്റ്റിക് റിപ്പോർട്ടുകളുമാണ് മെട്രോപോളിസിന്റെ മുഖമുദ്രകൾ. ഏഴ് കൊവിഡ് ടെസ്റ്റിങ് ലാബുകളിലായി ആയിരക്കണക്കിന് കൊവിഡ് പരിശോധനകളാണ് ദിവസം തോറും നടന്നു വരുന്നത്. ഈ പ്രതിസന്ധി ഘട്ടത്തിൽ രാജ്യത്തെ സേവിക്കാനായതിൽ ഞങ്ങൾക്ക് അഭിമാനമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

കെഎസ്എഫ്ഇ തസ്തിക; നിയമന ഉത്തരവ്

തൃശൂർ: കെഎസ്എഫ്ഇയുടെ ജൂനിയർ അസിസ്റ്റന്റ്, ഓഫിസ് അറ്റന്റഡ് തസ്തികയിലേക്ക് പിഎസ്‌സി ശുപാർശ ചെയ്ത മുഴുവൻ പേർക്കും നിയമന ഉത്തരവ് അയച്ചിട്ടുണ്ട്.

ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേക്ക് 662 പേർക്കും ഓഫിസ് അറ്റന്റഡ് തസ്തികയിലേക്ക് 101 പേരെയുമാണ് പിഎസ്‌സി ശുപാർശ ചെയ്തത്. ഈ 763 പേർക്കും നിയമന ഉത്തരവ് അയച്ചിട്ടുണ്ടെന്ന് കെഎസ്എഫ്ഇ മാനെജിങ് ഡയറക്റ്റർ വി.പി. സുബ്രഹ്മണ്യൻ വാർത്താക്കുറിപ്പിൽ അറിയിച്ചു.

കുറഞ്ഞ ചെലവിൽ വികസനം, ലോകത്തിനു മുന്നിൽ സിയാൽ മാതൃക

കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ 561.83 കോടി രൂപ ലാഭവിഹിതമായി നിക്ഷേപകർക്ക് മടക്കി നൽകി. സംസ്ഥാന സർക്കാരിനാട്ടെ 157 കോടി രൂപ ലാഭവിഹിതവും കിട്ടി.

കൊച്ചി: ഇന്ത്യയിലെ വിമാന കമ്പനികൾ വികസനത്തിന്റെ പേരിൽ പൂർണമായും സ്വകാര്യ കമ്പനികൾക്ക് കൈമാറുമ്പോൾ വിജയമാതൃകയായി കേരളത്തിന്റെ സിയാൽ. സർക്കാർ പങ്കാളിത്തതോടെ കമ്പനി രൂപീകരിച്ച് അന്താരാഷ്ട്ര ബിസിനസ് മോഡലായി മാറി കമ്പനി.

സംസ്ഥാന സർക്കാരിനും സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്കും പ്രധാന ഓഹരി പങ്കാളിത്തമുള്ള രാജ്യത്തെ ആദ്യ പൊതു-സ്വകാര്യ ഉടമസ്ഥതയിലുള്ള ഈ വിമാനത്താവളം 2003-04 സാമ്പത്തിക വർഷം മുതൽ ലാഭവിഹിതം മുടങ്ങാതെ നൽകുന്നു. സംസ്ഥാന സർക്കാരിന് 32.42 ശതമാനം ഓഹരി പങ്കാളിത്തമുള്ള സിയാലിന്റെ ഭരണസമിതിയുടെ ചെയർമാൻ മുഖ്യമന്ത്രിയാണ്. കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ മാത്രം 561.83 കോടി രൂപ ലാഭവിഹിതമായി നിക്ഷേപകർക്ക് മടക്കി നൽകി. സംസ്ഥാന സർക്കാരിന് ഈ കാലയളവിൽ 157 കോടി രൂപ ലാഭവിഹിതവും കിട്ടി.

ഏറ്റവും ഒടുവിൽ നെടുമ്പാശേരി വിമാനത്താവളത്തിൽ 2017ൽ പുതിയ അന്താരാഷ്ട്ര ടെർമിനൽ നിർമിച്ചതുപോലും പുതിയ രാജ്യാന്തര ബിസിനസ് മോഡലിലാണ്. അത്രയും കുറഞ്ഞ ചെലവിലാണ് വികസനം. ഒരു ചതുരശ്ര അടിക്ക് ചെലവായത് 4250 രൂപമാത്രം. ഡൽഹി വിമാനത്താവളത്തിൽ 2010ൽ പൂർത്തിയായ പുതിയ ടെർമിനലിന് ഒരു ചതുരശ്ര അടിക്ക് ചെലവ് 11,000 രൂപ. ബംഗളൂരുവിൽ പണി പുരോഗമിക്കുന്ന പുതിയ ടെർമിനലിന് ചെലവ് പ്രതീക്ഷിക്കുന്നത് ചതുരശ്ര അടിക്ക് 12,000 രൂപ. കുറഞ്ഞ ചെലവിൽ വിമാനത്താവളം അന്താരാഷ്ട്ര നിലവാരത്തോടെ സംസ്ഥാന സർക്കാർ മേൽനോട്ടത്തിൽ ലാഭകരമായി നടത്താമെന്നതിന്റെ മാതൃകയാണ് സിയാൽ.

സംസ്ഥാന സർക്കാരിനു കീഴിൽ തിരുവനന്തപുരത്തും ഈ വിജയം ആവർത്തിക്കാമെന്നിരിക്കെയാണ് മറ്റുള്ള നടപടി. നെടുമ്പാശേരിയിലെ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ (സിയാൽ) കേന്ദ്രീകൃത എസി, ഫയർ ഹൈഡ്രന്റ് സംവിധാനം, മൂവിങ് വാക്‌വെ, ഉന്നതനിലവാരത്തിലുള്ള ടൈലുകൾ എന്നിവയടക്കം അന്താരാഷ്ട്ര ടെർമിനൽ 2017ലാണ് ചതുരശ്ര അടിക്ക് 4250 രൂപയ്ക്ക് നിർമിച്ചത്. സിയാൽ നേരിട്ട് നിർമാണം നടത്തിയതാണ് ചെലവ് കുറയാൻ കാരണം. കുറഞ്ഞ ചെലവിൽ അന്താരാഷ്ട്ര ടെർമിനലുകൾ നിർമിച്ചതും പ്രൊഫഷണൽ മാനെജ്മെന്റുംമൂലം ലാഭകരമായതിനാൽ യാത്രക്കാരിൽ നിന്ന് ഉപയോഗ ഫീസ് (യൂസർ ഡെവലപ്മെന്റ് ഫീസ്) ഈടാക്കാത്ത രാജ്യത്തെ ഏക വിമാനത്താവളവും സിയാലാണ്. 1259 കോടി രൂപ മുടക്കി പുതിയ അന്താരാഷ്ട്ര ടെർമിനൽ ടി 3യും 250 കോടി രൂപ മുടക്കി നവീകരിച്ച ഒന്നാം ടെർമിനലും ഉൾപ്പെടെ നാലുവർഷത്തിനിടെ അധികാരത്തിൽ വന്നശേഷം 2016.28 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടത്തിയത്. ഇതിൽ 1423.16 കോടി രൂപയും സ്വന്തം ഫണ്ടിൽ നിന്നാണ്. കടമെടുത്തത് 592.85 കോടി രൂപമാത്രം.

സ്വർണം 38,240

വെളിച്ചെണ്ണ : മില്ലിങ്	17,000	മുതിര	3700
വെളിച്ചെണ്ണ	15,600	എള്ള്	13,000- 14,000
കൊപ്ര	10,455-11,100	മല്ലി	7400-19,000
പിണ്ണാക്ക് എക്സ്പെല്ലർ	2400	പച്ചരി നമ്പർ 2	2600-3400
പിണ്ണാക്ക് റോട്ടറി	3100	പുഴുക്കലരി (ജയ)	3400- 3500
കുരുമുളക് അൺഗാർബിൾഡ്	31,900	ജാതിക്ക തൊണ്ടൻ (കിലോ)	200-220
പുതിയ കുരുമുളക്	30,900	ജാതിക്ക തൊണ്ടില്ലാത്തത് (കിലോ)	380-400
കുരുമുളക് ഗാർബിൾഡ്	33,900	ജാതിപത്രി മഞ്ഞ-ചുവപ്പ് (കിലോ)	1000-1100
ചുക്ക് മീഡിയം	28,500	ഗ്രാമ്പൂ (കിലോ)	550
ചുക്ക് ബെസ്റ്റ്	30,000	റബർആർ എസ് എസ് 5 ഗ്രേഡ്	12,000 -12,700
മഞ്ഞൾ നാടൻ	ഇല്ല	റബർആർ എസ് എസ് 4 ഗ്രേഡ്	13,100
സേലം - ഈറോഡ്	7200-7700	ഒട്ടുപാൽ	7500
കാഞ്ഞിരക്കുരു	1850	ലാറ്റക്സ്	7600
അടയ്ക്ക ന്യൂ	ഇല്ല	സ്വർണം	38,240
അടയ്ക്ക ഓൾഡ്	29,000- 30,000	പാം ഓയിൽ	8520
പഞ്ചസാര	3720		
മുളക്	13,000-24,000		
ഉഴുന്ന്	9,000-10,000		
ചെറുപയർ	9,000-10,000		
കടല	5400-6500		

SBI general INSURANCE
SURAKSHA AUR BHAROSA DONO

അപകട ഇൻഷ്വറൻസ് പോളിസി 'ഷാഗുൺ' അവതരിപ്പിച്ച് എസ്ബിഐ ജനറൽ

മുംബൈ: രാജ്യത്തെ പ്രമുഖ ഇൻഷ്വറൻസ് കമ്പനികളിലൊന്നായ എസ്ബിഐ ജനറൽ ഇൻഷ്വറൻസ് 'ഷാഗുൺ-ഇൻഷ്വറൻസ് സമ്മാനിക്കുക' എന്ന നൂതനമായൊരു വ്യക്തിഗത അപകട പോളിസി അവതരിപ്പിക്കുന്നു. ഇൻഷ്വറൻസ് റഗുലേറ്ററി ഡെവലപ്മെന്റ് അതോറിറ്റിയുടെ (ഐആർഡിഎ) ചട്ടങ്ങൾക്കനുസരിച്ചാണ് എസ്ബിഐ ജനറൽ ഇൻഷ്വറൻസ് ഉത്പന്നം അവതരിപ്പിച്ചിരിക്കുന്നത്. ഇൻഷ്വർ ചെയ്യപ്പെടുന്ന ആളുമായി പോളിസി വാങ്ങുന്ന വ്യക്തിക്ക് ബന്ധമൊന്നും വേണ്ട എന്നതാണ് പോളിസിയുടെ സവിശേഷത. ഇഷ്ടമുള്ള ആർക്കും പോളിസി സമ്മാനിക്കാം.

അപ്രതീക്ഷിത അപകടത്തെത്തുടർന്ന് ഉണ്ടാകാവുന്ന മരണം, ഭാഗികമോ അല്ലാതെയോ ഉള്ള അംഗവൈകല്യം, താത്കാലിക വൈകല്യങ്ങൾ തുടങ്ങിയവയെല്ലാം ഷാഗുൺ അപകട ഇൻഷ്വറൻസിന്റെ കവറിൽ വരും. എസ്ബിഐ ജനറലിന്റെ നൂതനമായ ഓഫറാണ് ഷാഗുൺ. ഇന്ത്യൻ സംസ്കാരത്തിൽ നാഴികക്കല്ലുകൾ അല്ലെങ്കിൽ ശുഭസൂചകങ്ങൾ നമ്മൾ ആഘോഷിക്കുന്നത് പണം അല്ലെങ്കിൽ അതിനു ചേർന്ന എന്തെങ്കിലും സമ്മാനിച്ചുകൊണ്ടാണ്. നല്ലത് ആശംസിക്കുക എന്ന ലക്ഷ്യം മനസിൽ കണ്ടാണ് സുരക്ഷിതത്വം നൽകുന്ന ഈ സമ്മാനം എസ്ബിഐജി രൂപീകരിച്ചത്. 501, 1001, 2001 രൂപ എന്നിങ്ങനെയാണ് ഉത്പന്നത്തിനെ പ്രീമിയം. ഷാഗുൺ എന്ന പേരു മാത്രമല്ല, പ്രീമിയം തുക പോലും ഇന്ത്യൻ പാരമ്പര്യത്തിന് ചേർന്നതാണെന്നും എസ്ബിഐ ജനറൽ ഇൻഷ്വറൻസ് എംഡിയും സിഇഒയുമായ പി.സി. കാണ്ഡ്പാൽ പറഞ്ഞു.

കൂട്ടുകാർക്ക്, കുടുംബക്കാർക്ക്, അകന്ന ബന്ധത്തിലുള്ളവർക്ക്, സഹായികൾക്ക്, ഡ്രൈവർമാർക്ക്, പാചകക്കാർക്ക് തുടങ്ങി ആർക്കു വേണമെങ്കിലും ഷാഗുൺ സമ്മാനിക്കാമെന്നും പരീക്ഷ പാസായതിന്, പുതിയ കാർ വാങ്ങുമ്പോൾ, പിറന്നാളിന്, വിവാഹത്തിന്, വാർഷികത്തിന്, പുതിയ ബൈക്ക് വാങ്ങുമ്പോൾ, കോളെജ് അഡ്മിഷൻ നേടുമ്പോൾ തുടങ്ങി ഏതവസരത്തിലും ഇത് സമ്മാനിക്കാമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ലളിതമായ മൂന്ന് സ്റ്റെപ്പുകളിലൂടെ www.sbigeneral.in എന്ന വെബ്സൈറ്റിൽ നിന്നും പോളിസി വാങ്ങാം.

അശ്വിനി ഭാട്ടിയ എസ്ബിഐ എംഡി

കൊച്ചി: അശ്വിനി ഭാട്ടിയ സ്റ്റേറ്റ് ബാങ്ക് ഒഫ് ഇന്ത്യ (എസ്ബിഐ) മാനെജിങ് ഡയറക്റ്ററായി ചുമതലയേറ്റു. 2022 മേയ് 31 വരെയാണ് കാലാവധി. എസ്ബിഐ ഫണ്ട് മാനെജ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ് എംഡിയായി പ്രവർത്തിക്കുകയായിരുന്നു.

രൂപ അഞ്ച് മാസത്തെ ഉയർന്ന നിലയിൽ

മുംബൈ: യുഎസ് ഡോളറുമായുള്ള വിനിമയത്തിൽ രൂപ അഞ്ച് മാസത്തെ ഉയർന്ന നിലയിൽ. 52 പൈസ നേട്ടത്തിൽ 74.32 എന്ന നിലവാരത്തിലെത്തി. മാർച്ച് 18ന് 74.24 എന്ന നിലവാരത്തിൽ എത്തിയ ശേഷം രൂപ താഴേക്ക് പോകുകയായിരുന്നു. ഒന്നര മാസത്തിനു ശേഷമാണ് രൂപ ഒറ്റ ദിവസം ഇത്രയും കരുത്താർജിക്കുന്നത്.

ഇന്ത്യൻ സമ്പദ് വ്യവസ്ഥ കരകയറാൻ ഇനിയും സമയമെടുക്കുമെന്ന് റിപ്പോർട്ട്

കൊറോണ വൈറസിന്റെ പശ്ചാത്തലത്തിൽ സമ്പദ് വ്യവസ്ഥ താഴേക്ക് പോയ രാജ്യങ്ങളിൽ മുൻപന്തിയിൽ ഇന്ത്യയുമുണ്ട്.

മുംബൈ: കൊറോണ പ്രതിസന്ധി പരിഹരിക്കപ്പെട്ടാലും സമ്പദ് വ്യവസ്ഥയുടെ തളർച്ച മറികടക്കാൻ ഇന്ത്യയടക്കമുള്ള ജി 20 രാജ്യങ്ങൾ പാടുപെടേണ്ടി വരുമെന്ന് റിപ്പോർട്ട്. ഗ്ലോബൽ പൊളിറ്റിക്കൽ റിസ്ക് കൺസൽട്ടൻസിയായ വെരിസ്ക് മാപ്പ്ൾ ക്രോഫ്റ്റ് പുറപ്പെടുവിച്ച റിപ്പോർട്ടനുസരിച്ച് ജി 20 രാജ്യങ്ങളിൽ ഇന്ത്യ, സൗത്ത് ആഫ്രിക്ക, ബ്രസീൽ എന്നീ സമ്പദ് വ്യവസ്ഥകളായിരിക്കും കൊറോണയ്ക്ക് ശേഷം സാമ്പത്തിക ഉന്നമനത്തിനായി നന്നേ പണിപ്പെടേണ്ടി വരുകയെന്നാണ് വിശദമാക്കുന്നത്.

റിപ്പോർട്ടിൽ അനലിസ്റ്റുകളായ ഡേവിഡ് വിൽ, ജോഷ്വാ കാർട്ട്റൈറ്റ് എന്നിവർ ചൂണ്ടിക്കാട്ടുന്നത് യൂറോപ്പ്, ഈസ്റ്റ് ഏഷ്യ എന്നീ രാജ്യങ്ങൾക്ക് വേഗം തന്നെ സമ്പദ്‌വ്യവസ്ഥയെ തിരികെ പിടിക്കാൻ കെൽപ്പുണ്ടെന്നതും ഇതിനായുള്ള പദ്ധതികൾ ഇവർ വ്യാപകമായി നടത്തിവരുന്നുണ്ടെന്നതുമാണ്. അമെരിക്കയും വാക്സിൻ പരീക്ഷണ ഫലത്തോടെ കൂടുതൽ കരുത്തോടെ തിരികെ എത്തുമത്രെ. എന്നാൽ ഇന്ത്യയുൾപ്പെടെയുള്ള ചുരുക്കം ചില രാജ്യങ്ങൾ കൊറോണ കാലത്ത് ലോക്ഡൗൺ പോലുള്ള വയല്ലാതെ സമ്പദ് വ്യവസ്ഥയെ കരകയറ്റാനുള്ള സംവിധാനങ്ങൾക്ക് പിന്നിലായിരുന്നു. ഇക്കണോമിക് ഗ്രോത്ത് ഇൻഡെക്സിൽ ഏറെ താഴെ ആണെന്നതും അഴിമതി നിറഞ്ഞ ഭരണസംവിധാനവും ദുർബലമായ പരിഷ്കരണ സംവിധാനങ്ങളും വളർച്ചയെ പിന്നോട്ട് വലിക്കും. ഈ സൂചിക പ്രകാരം, മൂന്നു രാജ്യങ്ങളുടെയും സമ്പദ് വ്യവസ്ഥകൾ ജനസംഖ്യയുടെ 20 ശതമാനവും ആഗോള ജിഡിപിയുടെ 10 ശതമാനവും ട്രേഡിന്റെ 3.7 ശതമാനവും വിദേശ നിക്ഷേപത്തിന്റെ 3.2 ശതമാനവും മാത്രമാണ് സംഭാവന നൽകുന്നത്. നിക്ഷേപക സമൂഹം ഇവിടുത്തേക്കുള്ള പണമിടപാടുകളോട് മുഖം തിരിച്ചേക്കാവുന്നത് വിപണിയിലും വലിയ പ്രത്യാഘാതങ്ങൾ വരുത്തിയേക്കുമെന്നാണ് കരുതുന്നത്.

മാപ്പ്ൾ ക്രോഫ്റ്റിന്റെ പഠനമനുസരിച്ച് ഇന്ത്യ, ബ്രസീൽ, സൗത്ത് ആഫ്രിക്ക എന്നിവിടങ്ങൾ തിരിച്ചുവരവിൽ ഹൈ റിസ്ക് രാജ്യങ്ങളാണെങ്കിൽ എക്സ്ട്രീം ലിസ്റ്റിലുള്ളവരാണ് റഷ്യ, മെക്സിക്കോ, ഇന്തോനേഷ്യ എന്നിവർ. അഴിമതിയിൽ ഇവരാണ് ഇന്ത്യയെയും കടത്തിവെട്ടിയത്.

ജ്വല്ലറി മേഖലയിലെ ഏറ്റവും വലിയ ഐപിഒ ലക്ഷ്യമിട്ട് കല്യാൺ; മൂല്യം 1750 കോടി

കൊച്ചി: രാജ്യത്തെ മുൻനിര ജ്വല്ലറിയായ കല്യാൺ ജ്വല്ലേഴ്സ് 1,750 കോടി രൂപയുടെ പ്രാരംഭ പബ്ലിക് ഓഫറിങ്ങിനായി (ഐപിഒ) സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഒഫ് ഇന്ത്യയിൽ ഓഫർ രേഖ സമർപ്പിച്ചു. ഓഹരി വിപണിയിൽ കല്യാൺ ജ്വല്ലേഴ്സ് ഉടൻ ലിസ്റ്റ് ചെയ്യും.

എട്ട് വർഷത്തിനു ശേഷമാണ് ഒരു ജ്വല്ലറി ഇന്ത്യയിൽ ഐപിഒയുമായി രംഗത്തെത്തുന്നത്. രാജ്യത്തു നടത്തുന്ന ഏറ്റവും വലിയ ജ്വല്ലറി റീട്ടെയ്ൽ ബ്രാൻഡ് ഐപിഒ ആയിരിക്കും കല്യാണിന്റേത്. പ്രമോട്ടർ ടി.എസ്. കല്യാണരാമനും വിദേശത്തു നിന്നുള്ള സ്വകാര്യ ഇക്വിറ്റി കമ്പനിയായ വാർബർഗ് പിൻകസും ചേർന്ന് 1,000 കോടി രൂപയുടെ പുതിയ ധനസമാഹരണം ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ 750 കോടി രൂപയുടെ ദ്വിതീയ ഓഹരി വിൽപ്പനയും ലക്ഷ്യമിടുന്നത്.

വാർബർഗ് പിങ്കസ് രണ്ടു തവണയായി 1,700 കോടി രൂപയാണ് കല്യാണിൽ നിക്ഷേപിച്ചിട്ടുള്ളത്. കല്യാണരാമന് കമ്പനിയിൽ 27.41 ശതമാനം ഓഹരിയാണുള്ളത്. മക്കളായ ടി.കെ. സീതാറാം, ടി.കെ. രമേഷ് എന്നിവർക്ക് 22.17 ശതമാനം വീതവും. പി.സി. ജ്വല്ലേഴ്സ് 2012 ഡിസംബറിൽ ഐപിഒയിലൂടെ 600 കോടി രൂപ സമാഹരിച്ചിരുന്നു. 2017 മാർച്ചിൽ ഡി-മാർട്ടിന്റെ 1870 കോടി രൂപയുടെ ഐപിഒ ആണ് ഇതിനു മുമ്പത്തെ ഏറ്റവും വലിയ റീട്ടെയ്ൽ ഷെയർ ഓഫർ. ജ്വല്ലറി റീട്ടെയ്ൽ മേഖലയിൽ 45 വർഷത്തിലേറെ പ്രവർത്തന പാര്യമ്പര്യമുള്ള ടി.എസ്. കല്യാണരാമനാണ് കല്യാൺ ജ്വല്ലേഴ്സിന്റെ സ്ഥാപകൻ. തൃശൂരിൽ 1993ൽ ഷോറൂം ആരംഭിച്ചു തുടക്കമിട്ട സ്ഥാപനത്തിന് നിലവിൽ 21 സംസ്ഥാനങ്ങളിലും രണ്ട് കേന്ദ്ര ഭരണ പ്രദേശങ്ങളിലുമായി 107 ഷോറൂമുകളുള്ളതിനു പുറമേ പശ്ചിമേഷ്യയിലുൾപ്പെടെ അഞ്ച് രാജ്യങ്ങളിലായി 30 ഷോറൂമുകളുമുണ്ട്. 2020 സാമ്പത്തിക വർഷത്തിൽ 10,100.92 കോടി രൂപയാണ് കല്യാൺ ജ്വല്ലേഴ്സ് കമ്പനിയുടെ വരുമാനം. 78.19 ശതമാനം വരുമാനം ഇന്ത്യയിൽ നിന്നും 21.81 ശതമാനം വിദേശത്തു നിന്നുമാണ്. സ്റ്റോറുകൾ പ്രവർത്തിപ്പിക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്നത് കമ്പനിയാണ്.

പ്രവർത്തന മൂലധനത്തിനും മറ്റ് കോർപ്പറേറ്റ് ആവശ്യങ്ങൾക്കുമായി 1,000 കോടി രൂപയാണ് ഐപിഒ വരുമാനത്തിൽ നിന്ന് കല്യാൺ ജ്വല്ലേഴ്സ് ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നത്. ആക്സിസ് ക്യാപിറ്റൽ, സിറ്റി, ഐസിഐസിഐ സെക്യൂരിറ്റീസ്, എസ്ബിഐ ക്യാപിറ്റൽ തുടങ്ങിയ നിക്ഷേപ ബാങ്കർമാർക്കാണ് ഐപിഒ നടപടിക്രമങ്ങളുടെ ചുമതല. കൊവിഡിനെത്തുടർന്ന് ദീർഘകാലം പ്രതിസന്ധിയിലായിരുന്ന സ്വർണാഭരണ വിപണി വീണ്ടും സജീവമായിട്ടുണ്ട്. പവൻ വില കുറഞ്ഞതോടെ ഡിമാൻഡ് ഏറിവരുന്നതായി വിപണി വൃത്തങ്ങൾ ചൂണ്ടിക്കാട്ടുന്നു. വിവാഹ-ഉത്സവ സീസണായതിനാൽ സ്വർണത്തിന് ആവശ്യക്കാർ വർധിക്കുന്നുമുണ്ട്.

ഓണം: 4,000 രൂപ ഇളവുൾപ്പെടെ ഓഫറുകളുമായി ഹീറോ

കൊച്ചി: ഇലക്ട്രിക് വാഹന മേഖലയിലെ മുൻനിരക്കാരായ, ഹീറോ ഇലക്ട്രിക്, ഓണാഘോഷങ്ങളുടെ ഭാഗമായി, പ്രത്യേക ഓഫറുകൾ പ്രഖ്യാപിച്ചു. ഹീറോ ഇലക്ട്രിക് ഇരുചക്രവാഹനം ഓൺ ലൈനായി ബുക്ക് ചെയ്യുമ്പോൾ 4000 രൂപ ഫ്ളാറ്റ് ഡിസ്കൗണ്ടായി ലഭിക്കും. ഇലക്ട്രിക് വാഹനമോ പെട്രോൾ വാഹനമോ എക്സ്ചേഞ്ച് ചെയ്യുമ്പോൾ 4000 രൂപ അഡീഷണൽ ബോണസ് എന്നതാണ് രണ്ടാമത്തെ ഓഫർ. പലിശരഹിത സ്കീമാണ് മൂന്നാമത്തെ ഓഫർ. ത്രിദിന റിട്ടേൺ പോളിസിയും ഹോം ഡെലിവറി സംവിധാനവും തുടരും.

നിലവിലുള്ള ഒരു ഹീറോ ഉടമ ശുപാർശ ചെയ്യുന്നവർക്ക് മറ്റൊരു 2000 രൂപയുടെ കൂടി ആനുകൂല്യം ലഭിക്കും. ശുപാർശ ചെയ്യുന്ന നിലവിലുള്ള ഉപഭോക്താവിന് 1000 രൂപയുടെ ആമസോൺ വൗച്ചറും ലഭിക്കും. വെലോസിറ്റി, ഗ്ലൈഡ് എന്നിവ ഒഴിച്ച് ഹീറോ ഇലക്ട്രിക്കിന്റെ മറ്റെല്ലാ മോഡലുകൾക്കും ഓഫറുകളും ഇളവുകളും ബാധകമാണ്. എല്ലാ മോഡലുകളുടെയും ബുക്കിങ് തുക 2999 രൂപയാണ്. പരിസ്ഥിതി സൗഹൃദഗതാഗതമാണ് ലക്ഷ്യമെന്ന് ഹീറോ ഇലക്ട്രിക് സിഇഒ സോഹിന്ദർ ഗിൽ പറഞ്ഞു. ലോക്ഡൗൺ ഉണ്ടെങ്കിൽപ്പോലും നടപ്പു സാമ്പത്തികവർഷം റെക്കോഡ് വിൽപ്പനയാണ് കമ്പനി പ്രതീക്ഷിക്കുന്നത്.

പെൻഷൻ വിതരണം

പെരുമ്പാവൂർ: ഒക്കൽ സർവീസ് സഹകരണ ബാങ്ക് പെൻഷൻ വിതരണം ആരംഭിച്ചു.ഓണത്തോടനുബന്ധിച്ചു ജൂലൈ, ഓഗസ്റ്റ് മാസത്തെ സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം ബാങ്ക് വൈസ് പ്രസിഡന്റ് കെ.പി.ലാലു ഉദ്ഘാടനം ചെയ്തു. ബാങ്ക് പ്രസിഡന്റ് റ്റി.വി.മോഹനൻ, ഭരണ സമിതി അംഗം കെ.എം.മൊയ്തീൻ സെക്രട്ടറി റ്റി.എസ്.അഞ്ജു എന്നിവർ പങ്കെടുത്തു.

പ്രതിഷേധ പ്രകടനം

പെരുമ്പാവൂർ: സ്വർണ്ണക്കടത്ത് കേസിൽ മുഖ്യമന്ത്രി രാജിവെക്കണമെന്ന് ആവശ്യപ്പെട്ട് നിയമസഭയ്ക്ക് മുന്നിൽ പ്രതിഷേധിച്ച ബിജെപി സംസ്ഥാന അധ്യക്ഷൻ കെ.സുരേന്ദ്രനെയും കൂട്ടരെയും അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് പെരുമ്പാവൂർ മണ്ഡലം കമ്മിറ്റി പ്രതിഷേധ പ്രകടനം നടത്തി. ഭാരതീയ ജനതാ പാർട്ടി ദേശീയ നിർവാഹക സമിതി അംഗം പി.എം.വേലായുധൻ, മണ്ഡലം പ്രസിഡന്റ് പി.അനിൽകുമാർ, അഡ്വ.ആനന്ദ്, ജി.അനിൽ, എം.പി.ജയ്സൺ, പ്രകാശ് എന്നിവർ നേതൃത്വം നൽകി. കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ച് നടത്തിയ പ്രതിഷേധത്തെ കേരളാ മുഖ്യമന്ത്രി പൊലിസിനെ ഉപയോഗിച്ച് അടിച്ചമർത്താൻ ശ്രമിക്കുകയാണ് ഉണ്ടായതെന്നും വരും ദിവസങ്ങളിൽ കേരള ജനതക്ക് നാണക്കേട് ഉണ്ടാക്കിയ മുഖ്യമന്ത്രി പിണറായി വിജയൻ രാജിവെച്ചില്ലെങ്കിൽ സമര പരിപാടികൾ നടത്തുമെന്നും ഭാരതീയ ജനതാ പാർട്ടി പ്രഖ്യാപിച്ചു.

ഓണച്ചന്ത തുടങ്ങി

പറവൂർ: വടക്കേക്കര സർവീസ് സഹകരണ ബാങ്കിൽ ആരംഭിച്ച കൺസ്യൂമർ ഫെഡിന്റെ ഓണ വിപണിയുടെയും, ആറ് ഇനങ്ങൾ അടങ്ങിയ തിരുവോണ കിറ്റിന്റെയും വിതരണോദ്ഘാടനം ജില്ലാ ബാങ്ക് മുൻ ഡയറക്ടർ ടി.ആർ.ബോസ് നിർവഹിച്ചു. ബാങ്ക് പ്രസിഡന്റ് ആർ.കെ.സന്തോഷ് അധ്യക്ഷനായി. എം.കെ.കുഞ്ഞപ്പൻ, ഷെറീന ബഷീർ, സെക്രട്ടറി ടി.ജി.മിനി എന്നിവർ സംസാരിച്ചു.

വയോജന പെൻഷൻ വിതരണം തുടങ്ങി

പറവൂർ: നന്ത്യാട്ടുകുന്നം ഗാന്ധിസ്മാരക സഹകരണ ബാങ്കിലെ 70 വയസ് കഴിഞ്ഞ അംഗങ്ങൾക്ക് നൽകുന്ന വയോജനപെൻഷന്റെ വിതരണോദ്ഘാടനം പ്രസിഡന്റ് സി.എ.രാജീവ് നിർവഹിച്ചു. പഞ്ചായത്തംഗം കെ.കെ.നാരായണൻ അധ്യക്ഷനായി. ഭരണ സമിതി അംഗങ്ങളായ എൻ.ആർ.സുധാകരൻ, പി.എം. ഉണ്ണികൃഷ്ണൻ, അനിത തമ്പി, ചന്ദ്രു ചന്ദ്രൻ, സാജിത എന്നിവർ സംസാരിച്ചു.

ലോഗോ പ്രകാശനം

പറവൂർ: മന്ദം സർവീസ് സഹകരണ ബാങ്കിന്റെ ലോഗോ പ്രകാശനം ജില്ലാ ജോയിന്റ് രജിസ്ട്രാർ സജീവ് കർത്ത ഉദ്ഘാടനം ചെയ്തു. ബാങ്ക് പ്രസിഡന്റ് പി.പി.അജിത്ത് കുമാർ അധ്യക്ഷനായി. അസി രജിസ്ട്രാർ വി.ബി.ദേവരാജൻ, കെ.കെ. സുനിൽ ദത്ത്, ടി.കെ.ബഷീർ, സെക്രട്ടറി കെ.എൻ.കുമുദ, ടി.എസ്.ദേവദാസ് ഭരണ സമിതി അംഗങ്ങൾ എന്നിവർ സംസാരിച്ചു.

ഓണക്കിറ്റ് സമ്മാനിച്ചു

കൊച്ചി: വ്യാപാരി വ്യവസായി ഏകോപന സമിതി സിറ്റി നോർത്ത് യൂണിറ്റ് അംഗങ്ങൾക്ക് ഓണക്കിറ്റ് സമ്മാനിച്ചു. ഇക്കഴിഞ്ഞ എസ്എസ്എൽസി, പ്ലസ് ടു പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ യൂണിറ്റ് അംഗങ്ങളുടെ കുട്ടികളെ ക്യാഷ് അവാർഡും, മെമന്റോയും നൽകി ആദരിച്ചു. എസ്ആർഎം റോഡിലെ യൂണിറ്റ് ഓഫിസിൽ യൂണിറ്റ് പ്രസിഡന്റ് എ.നൗഷാദിന്റെ അധ്യക്ഷതയിൽ ചേർന്ന ചടങ്ങ് ജില്ലാ പ്രസിഡന്റ് പി.സി.ജേക്കബ് ഉദ്ഘാടനം ചെയ്തു. മുഖ്യപ്രഭാക്ഷണം ജില്ലാ ജനറൽ സെക്രട്ടറി അഡ്വ.എ.ജെ.റിയാസ് നടത്തി.പത്താം ക്ലാസിലെയും, പ്ലസ് ടുവിലെയും പരീക്ഷകൾക്ക് ഉന്നത വിജയം കരസ്ഥമാക്കിയ ആതിര വിനു, ഡയാന ജോർജ്, ബിയ സെബാസ്റ്റ്യൻ, മുഹമ്മദ് അനസ് എ.ഐ.നികിത ഒബ്റോയ്, അയന സാംദാസ് എന്നീ ഏഴ് കുട്ടികളെയാണ് യോഗത്തിൽ ആദരിച്ചത്.

പ്രൊഫ.എം.വി.പൈലി അവാർഡ് ദാനം നാലിന്

കളമശേരി: രാജ്യത്തെ മികച്ച വിദ്യാഭ്യാസ വിദഗ്ധന് കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല നൽകുന്ന പ്രൊഫ.എം.വി.പൈലി അവാർഡ് ജേതാവ് പാലക്കാട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഡയറക്ടർ ഡോ.പി.ബി.സുനിൽ കുമാറിന് സെപ്തംബർ നാലിന് സമ്മാനിക്കും. കുസാറ്റ് സെമിനാർ കോംപ്ലക്സിൽ ഉച്ചതിരിഞ്ഞ് രണ്ട് മണിക്ക് നടക്കുന്ന പരിപാടിയിൽ യോഗാധ്യക്ഷൻ വൈസ്ചാൻസലർ ഡോ.കെ.എൻ.മധുസൂദനൻ അവാർഡ് സമ്മാനിക്കും. പ്രോ-വൈസ് ചാൻസലർ ഡോ.പി.ജി.ശങ്കരൻ, പ്രൊഫ.പി.ആർ.പൊതുവാൾ, രജിസ്ട്രാർ ഡോ.വി മീര, സി-സിസ് ഡയറക്ടർ പ്രൊഫ.എം.ഭാസി, 2017 ലെ പ്രൊഫ.എം.വി. പൈലി അവാർഡ് ജേതാവ് പ്രൊഫ.കുഞ്ചെറിയ പി ഐസക്ക്, അവാർഡ് നിർണ്ണയ സമിതി അംഗങ്ങളായ പ്രൊഫ. ആർ.ശശിധരൻ, ഡോ.പൂർണ്ണിമ നാരായൺ, പ്രൊഫ.എസ്.ഹരികുമാർ പരീക്ഷ കൺട്രോളർ ഡോ.ബെഞ്ചമിൻ വർഗീസ് തുടങ്ങിയവരും ചടങ്ങിൽ പങ്കെടുക്കും.

ആലുവ റൂറൽ ജില്ലാ പൊലിസ് ട്രാഫിക് നിയന്ത്രണം കർശനമാക്കുന്നതിന്റെ ഭാഗമായി ബാരിക്കേഡ് അങ്കമാലി ലിറ്റിൽ ഫ്ലവർ ഡയറക്ടർ സെബാസ്റ്റ്യൻ കളപുരക്കൽ ഡിവൈഎസ്പി ജി.വേണുന് കൈമാറുന്നു

ആലുവ റൂറൽ പൊലിസ് ട്രാഫിക് നിയമങ്ങൾ കർക്കശമാക്കുന്നു

ആലുവ: റൂറൽ ജില്ലയിൽ പൊലീസ് കർശന ട്രാഫിക് നിയന്ത്രണങ്ങളും കൊവിഡ് നിയന്ത്രണങ്ങളും കർശനമാക്കുന്നതിന്റെ ഭാഗമായി വിവിധ സ്ഥലങ്ങളിൽ ബാരിക്കേഡുകൾ സ്ഥാപിക്കുന്നു. റൂറൽ പൊലീസും അങ്കമാലി ലിറ്റിൽ ഫ്ലവർ ആശുപത്രിയും സംയുക്തമായാണ് ഇതിനുള്ള ആദ്യഘട്ട സജ്ജീകരണങ്ങൾ ഒരുക്കിയിരിക്കുന്നത്. ഹോസ്പിറ്റലിൽ നടന്ന ചടങ്ങിൽ ആലുവ ഡിവൈഎസ്പി ജി.വേണു ഹോസ്പിറ്റൽ ഡയറക്ടർ സെബാസ്റ്റ്യൻ കളപുരക്കലിൽ നിന്നും ബാരിക്കേഡുകൾ ഏറ്റുവാങ്ങി. ചടങ്ങിൽ അങ്കമാലി സിഐ സോണി മത്തായി, ഹോസ്പിറ്റലിൽ അസിസ്റ്റന്റ് ഡയറക്ടർ റെജു കണ്ണമ്പുഴ എന്നിവർ പങ്കെടുത്തു. കൊവിഡിന്റെ പശ്ചാത്തലത്തിൽ വിവിധ സ്ഥലങ്ങളിൽ കണ്ടയ്മെന്റ് സോണുകളിൽ ബാരിക്കേഡുകൾ വെക്കുകയും അത്യാവശ്യ ഘട്ടങ്ങളിൽ പൊലീസിനെ വിളിക്കാനുള്ള ഫോൺ നമ്പറുകളും ആംബുലൻസ് നമ്പറുകളും ഇതിലുണ്ടാകും. കൂടാതെ പൊലീസ് കർശന നിയന്ത്രണങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ബാരിക്കേഡുകൾ സ്ഥാപിക്കും.

മുഖ്യമന്ത്രി രാജിവെക്കണമെന്നാവശ്യപ്പെട്ട് കെപിസിസി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ ഇന്ദിരാ ഭവനിൽ നടത്തിയ ഏകദിന ഉപവാസ സമരത്തിന് ഐക്യദാർഢ്യം അർപ്പിച്ച് എറണാകുളം ഡിസിസിയുടെ നേതൃത്വത്തിൽ നടത്തിയ ഉപവാസ സമരം കെപിസിസി വൈസ് പ്രസിഡന്റ് ജോസഫ് വാഴയ്ക്കൻ ഉദ്ഘാടനം ചെയ്യുന്നു.

കൊച്ചി നഗരസഭ വിവരാവകാശ നിയമവും കാറ്റിൽപ്പറത്തി

കൊച്ചി: വിവരാവകാശ നിയമവും സേവന നിയമവും കാറ്റിൽ പറത്തുകയാണ് കൊച്ചിൻ കോർപ്പറേഷനെന്ന് ഓഡിറ്റ് റിപ്പോർട്ട്. അധികൃതരുടെ അലംഭാവം കാരണം വിവരാവകാശം ഉൾപ്പെടെ നിയമപരമായി ഒരു പൗരന് കിട്ടേണ്ടതായ സേവനങ്ങൾക്കായി ദിവസങ്ങളോളം കൊച്ചി നഗരസഭയുടെ വിവിധ ഓഫിസകളിൽ കയറിയിറങ്ങേണ്ട ഗതികേടിലാണ് നഗര വാസികൾ. 26 പബ്ലിക്ക് ഇൻഫർമേഷൻ ഓഫിസർമാർ, ഒരു അസി.പബ്ലിക്ക് ഇൻഫർമേഷൻ ഓഫിസർ ഏഴ് അപ്പിൽ അധികാരികൾ, മേൽനോട്ടത്തിനായി ഒരു നോഡൽ ഓഫിസർ എന്നിവർ അടങ്ങുന്ന വിപുലമായ വിവരാവകാശ സംവിധാനമാണ് കോർപ്പറേഷനിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ വിവരാവകാശ നിയമപ്രകാരം അപേക്ഷ നൽകുന്ന ഒരു വ്യക്തിക്ക് അവശ്യമായ വിവരങ്ങൾ നൽകുന്നതിൽ വലിയ കാലതാമസം നിരന്തരമായി വരുത്തുന്നുവെന്ന് കഴിഞ്ഞ ദിവസം പ്രസിദ്ധികരിച്ച ഓഡിറ്റ് റിപ്പോർട്ടിൽ കുറ്റപ്പെടുത്തുന്നു. സമയക്രമം പാലിച്ച് അപേക്ഷയിൽ മേൽ മറുപടി കൊടുക്കാതിരിക്കുന്നതിനാലും, നൽകുന്ന വിവരങ്ങൾ പുർണമല്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ കൂടുതൽ അപ്പീലുകൾ ഉണ്ടാകുന്നു. 1405 അപേക്ഷയിൽ 264 അപ്പീലുകൾ ഉണ്ടാകുന്നത് ഇത്തരം സാഹചര്യത്തിലാണ്.കൊച്ചി നഗരസഭയിൽ വിവരാവകാശ അപേക്ഷകളിന്മേലുള്ള തീർപ്പ് പരിശോധിച്ച് ബോധ്യപ്പെടുന്നതിന് യാതൊരു ക്രോഡീകൃത സംവിധാനവുമില്ല. തൃപ്തികരമായ രീതിയിൽ അപേക്ഷകൾ തീർപ്പാക്കുന്നില്ലയെന്ന ഗുരുതരമായ കണ്ടെത്തലുകൾ ഓഡിറ്റിൽ ഉണ്ട്.സേവനങ്ങൾ സമയബന്ധിതമായി പൊതു ജനങ്ങൾക്ക് ലഭ്യമാക്കുക എന്നുള്ളത് ഒരു ഭരണ സംവിധാനത്തിന്റെ പ്രധാനപ്പെട്ട ഉത്തരവാദിത്വമാണ്. എന്നാൽ കൊച്ചി നഗരവാസികൾക്ക് അവരുടെ ആവശ്യങ്ങൾക്കുവേണ്ടി അത്യാവശ്യ സർട്ടിഫിക്കറ്റുകൾക്ക് വേണ്ടി ദിവസങ്ങളോളം കാത്തിരിക്കേണ്ട ഗതികേടാണ് ഇന്നുള്ളത്. കൊച്ചി നഗരസഭയിൽ സേവനാവകാശ നിയമം സംബന്ധിച്ച ഒരു പട്ടിക പ്രദർശിപ്പിച്ചിട്ടുണ്ട് എന്നതൊഴികെ സേവനാവകാശ നിയമം നടപ്പിലാക്കുന്നതിന് യാതൊരു വിധ നടപടിയും സ്വീകരിച്ചിട്ടില്ലായെന്നാണ് ഓഡിറ്റ് റിപ്പോർട്ട് ചൂണ്ടിക്കാണിച്ചിട്ടുള്ളത്.



വിവരാവകാശ പ്രകാരം നൽകുന്ന അപേക്ഷകളിൽ കാലാതാമസം ഉണ്ടാകുന്നുവെന്ന് തെളിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്.

ജില്ലയിൽ 163 പേർക്ക് കൂടി കൊവിഡ്

കൊച്ചി: ജില്ലയിൽ ഇന്നലെ 163 പേർക്ക് കൂടി കൊവിഡ് സ്ഥിരീകരിച്ചു. ഇവരിൽ 144 രോഗികൾക്കും സമ്പർക്കത്തിലൂടെയാണു പകർന്നത്. ജില്ലയിലെ വിവിധ ആശുപത്രികളിൽ കൊവിഡ് സ്ഥിരീകരിച്ച് ചികിത്സയിൽ കഴിയുന്നവരുടെ എണ്ണം 1969 ആണ്. ഇന്നലെ 85 പേർ കൂടി രോഗ മുക്തി നേടി. ഇതിൽ 83 പേർ എറണാകുളം സ്വദേശികളും ഒരാൾ മറ്റുസംസ്ഥാനത്തുനിന്നും ഒരാൾ മറ്റു ജില്ലക്കാരനുമാണ്. 920 പേരെ കൂടി ജില്ലയിൽ പുതുതായി വീടുകളിൽ നിരീക്ഷണത്തിലാക്കി. നിരീക്ഷണ കാലയളവ് അവസാനിച്ച 1004 പേരെ നിരീക്ഷണ പട്ടികയിൽ നിന്നൊഴിവാക്കി. നിരീക്ഷണത്തിൽ ഉള്ളവരുടെ ആകെ എണ്ണം 16029 ആണ്. ഇതിൽ 13699 പേർ വീടുകളിലും 151 പേർ കൊവിഡ് കെയർ സെന്ററുകളിലും 2179 പേർ പണം കൊടുത്തുപയോഗിക്കാവുന്ന സ്ഥാപനങ്ങളിലുമാണ്.176 പേരെ പുതുതായി ആശുപത്രിയിൽ/ എഫ് എൽ റ്റി സി പ്രവേശിപ്പിച്ചു. വിവിധ ആശുപ്രതികളിൽ/ എഫ് എൽ റ്റി സികളിൽ നിന്ന് 159 പേരെ ഡിസ്ചാർജ് ചെയ്തു.

വിദേശം / ഇതര സംസ്ഥാനത്ത് നിന്ന് എത്തിയവർ

1. ആന്ധ്രാപ്രദേശിൽ നിന്നെത്തിയ കുമ്പളങ്ങി സ്വദേശി(33)2.ആന്ധ്രാപ്രദേശിൽ നിന്നെത്തിയ കുമ്പളങ്ങി സ്വദേശി(50)3. തമിഴ്നാട് സ്വദേശി (22)4.തമിഴ്നാട് സ്വദേശി (22)5.തമിഴ്നാട് സ്വദേശി (32)6.തമിഴ്നാട് സ്വദേശി (35)7.തമിഴ്നാട് സ്വദേശി (40)8. തമിഴ്നാട് സ്വദേശി (44)9.തമിഴ്നാട് സ്വദേശി (51)10. തമിഴ്നാട് സ്വദേശി (54)11.തമിഴ്നാട് സ്വദേശി (57)12.തമിഴ്നാട് സ്വദേശി(22)13. തമിഴ്നാട് സ്വദേശി(38)14. തമിഴ്നാട് സ്വദേശി(47)15. തമിഴ്നാട് സ്വദേശിനി(62)16.ദുബൈയിൽ നിന്നെത്തിയ അങ്കമാലി തുറവൂർ സ്വദേശി (43)17.മഹാരാഷ്ട്രയിൽ നിന്നെത്തിയ വാരപ്പെട്ടി സ്വദേശിനി (31)18.വെസ്റ്റ് ബംഗാൾ സ്വദേശി (32)19. വെസ്റ്റ് ബംഗാൾ സ്വദേശി 23)

സമ്പർക്കം വഴി രോഗം സ്ഥിരീകരിച്ചവർ

20.അങ്കമാലി സ്വദേശി(71)21.ആയവന സ്വദേശി (39)22.ആലുവ സ്വദേശിനി(70)23. ആലുവ സ്വദേശിനി(65)24.ഉദയംപേരൂർ സ്വദേശിനി(67)25.എരൂർ സ്വദേശി(70)26. എരൂർ സ്വദേശിനി(38)27.എറണാകുളത്തെ സ്വകാര്യ ആശുപത്രിയിൽ ജോലി ചെയ്യുന്ന കളമശേരി സ്വദേശി (29)28. എറണാകുളത്തെ സ്വകാര്യ ആശുപത്രിയിൽ ജോലി ചെയ്യുന്ന കോട്ടയം സ്വദേശിനി (29)29. എറണാകുളത്ത് ജോലി ചെയ്യുന്ന ഇടുക്കി സ്വദേശി(22)30. എറണാകുളത്ത് ജോലി ചെയ്യുന്ന ഇതര സംസ്ഥാനതൊഴിലാളി(37)31. എറണാകുളത്ത് ജോലി ചെയ്യുന്ന കോട്ടയം സ്വദേശി(23)32. എറണാകുളത്ത് സ്വകാര്യ ഹോട്ടലിൽ ജോലി ചെയ്യുന്ന ചങ്ങനാശ്ശേരി സ്വദേശി(33)33.എളങ്കുന്നപ്പുഴ സ്വദേശി നി(70)34. കളമശേരി സ്വദേശി(29)35. കളമശേരി സ്വദേശി(79)36. കുട്ടമ്പുഴ സ്വദേശി(52)37. കുന്നുകര സ്വദേശിനി27)38.കുമ്പളങ്ങി സ്വദേശി39. കുമ്പളങ്ങി സ്വദേശി (7)40. കുമ്പളങ്ങി സ്വദേശി (11)41. കുമ്പളങ്ങി സ്വദേശി (13)42. കുമ്പളങ്ങി സ്വദേശി (68)43.കുമ്പളങ്ങി സ്വദേശിനി (11)44. കോട്ടപ്പടി സ്വദേശി(72)45. കോട്ടപ്പടി സ്വദേശിനി(35)46. കോട്ടപ്പടി സ്വദേശിനി(65)47. കോതമംഗലം സ്വദേശി(23) 48.കോതമംഗലം സ്വദേശി(65) 49. കോതമംഗലം സ്വദേശിനി(43)50. ചളിക്കവട്ടം സ്വദേശി (35)51. ചൂർണിക്കര സ്വദേശി (55)52.ചെങ്ങമനാട് സ്വദേശിനി(24)53.ചെല്ലാനം സ്വദേശി (77)54. ചെല്ലാനം സ്വദേശി(26)55. ചേരാനെല്ലൂർ സ്വദേശി (55)56. ചേരാനെല്ലൂർ സ്വദേശിനി(55)57.തിരുമാറാടി സ്വദേശി (11)58.തിരുമാറാടി സ്വദേശി (49)59. തിരുമാറാടി സ്വദേശിനി(19)60. തിരുമാറാടി സ്വദേശിനി(44)61. തിരുവാങ്കുളം സ്വദേശി(14) 62. തിരുവാങ്കുളം സ്വദേശി(46)63.തൃക്കാക്കര സ്വദേശി(19)64. തൃക്കാക്കര സ്വദേശി(25)65. തൃക്കാക്കര സ്വദേശിനി(2)66. തൃക്കാക്കര സ്വദേശിനി(52)67. തൃപ്പൂണിത്തുറ സ്വദേശി(35)68.നാവികസേനാ ഉദ്യോഗസ്ഥൻ69. നാവികസേനാ ഉദ്യോഗസ്ഥൻ(21)70. നാവികസേനാ ഉദ്യോഗസ്ഥൻ(21)71.നാവികസേനാ ഉദ്യോഗസ്ഥൻ(22)72. നാവികസേനാ ഉദ്യോഗസ്ഥൻ(23) 73. പച്ചാളം സ്വദേശിനി(35) 74. പച്ചാളം സ്വദേശിനി(4)75. പള്ളുരുത്തി സ്വദേശി (27)76. പള്ളുരുത്തി സ്വദേശി (31)77. പള്ളുരുത്തി സ്വദേശി9)78.പള്ളുരുത്തി സ്വദേശിനി(1)79. പള്ളുരുത്തി സ്വദേശിനി(23)80. പള്ളുരുത്തി സ്വദേശിനി(25)81. പള്ളുരുത്തി സ്വദേശിനി(27)82. പള്ളുരുത്തി സ്വദേശിനി(49)83. പള്ളുരുത്തി സ്വദേശിനി(58) 84. പള്ളുരുത്തി സ്വദേശിനി(24) 85. പള്ളുരുത്തി സ്വദേശിനി(73)86.പാടിവട്ടം സ്വദേശി(29) 87. പാലാരിവട്ടം സ്വദേശി (25) 88. പാലാരിവട്ടത്ത് ജോലി ചെയ്യുന്ന കാസർഗോഡ് സ്വദേശി(27)89. പിറവം സ്വദേശി(40)90.പെരുമ്പടപ്പ് സ്വദേശിനി(28)91. പോലീസ് ഉദ്യോഗസ്ഥനായ പായിപ്ര സ്വദേശി(44) 92. ഫോർട്ട് കൊച്ചി സ്വദേശി (26)93. ഫോർട്ട് കൊച്ചി സ്വദേശിനി (58)94. ഫോർട്ട് കൊച്ചി സ്വദേശിനി(13)95. ഫോർട്ട് കൊച്ചി സ്വദേശിനി(25) 96. മഞ്ഞപ്ര സ്വദേശി (9)97. മഞ്ഞപ്ര സ്വദേശിനി(68)98. മട്ടാഞ്ചേരി സ്വദേശി (14)99. മട്ടാഞ്ചേരി സ്വദേശി (67)100. മട്ടാഞ്ചേരി സ്വദേശി (18)101. മട്ടാഞ്ചേരി സ്വദേശി (30)102. മട്ടാഞ്ചേരി സ്വദേശി(14) 103. മട്ടാഞ്ചേരി സ്വദേശി(16) 104. മട്ടാഞ്ചേരി സ്വദേശി(40) 105. മട്ടാഞ്ചേരി സ്വദേശി(69)

നീണ്ട കാത്തിരിപ്പിനൊടുവിൽ പട്ടയം ലഭിച്ച നിർവൃതിയിൽ ഫിഷർമെൻ കോളനി നിവാസികൾ

കോളനിയിലെ 103 കുടുംബങ്ങൾക്ക് പട്ടയം ലഭിച്ചു

മട്ടാഞ്ചേരി: അറുപത് വർഷങ്ങൾ നീണ്ട കാത്തിരിപ്പിനൊടുവിൽ സ്വന്തമായി ഭൂമി ലഭിച്ച സന്തോഷത്തിലാണ് ഫോർട്ട്കൊച്ചി ഫിഷർമെൻ കോളനി നിവാസികൾ. ഇവിടത്തെ 103 കുടുംബങ്ങൾക്കാണ് ഇന്നലെ പട്ടയം ലഭിച്ചത്. കഴിഞ്ഞ ജനുവരിയിൽ പട്ടയം ലഭിക്കാനുള്ള സാഹചര്യം ഒരുങ്ങിയപ്പോൾ മന്ത്രിയുടെ തിരക്ക് മൂലം നടക്കാതെ പോയ ചടങ്ങിനാണ് ഇന്നലെ കൊച്ചി താലൂക്ക് ഓഫിസ് സാക്ഷ്യം വഹിച്ചത്.

ഇന്നലെ താലൂക്ക് ഓഫിസിൽ ഫിഷർമെൻ കോളനിയിലെ അഞ്ച് പേർക്കും വൈപ്പിൻ കരയിൽ നിന്നുള്ള അഞ്ച് പേർക്കുമാണ് പട്ടയം നൽകിയത്. റവന്യൂ മന്ത്രി ഇ.ചന്ദ്രശേഖരൻ ഓൺലൈൻ വഴിയാണ് പട്ടയ വിതരണത്തിന്റെ ഉദ്ഘാടനം നിർവഹിച്ചത്. കെ.ജെ.മാക്സി എംഎൽഎ പട്ടയം വിതരണം ചെയ്തു. കൗൺസിലർമാരായ കെ.ജെ.ആന്റണി,ബെന്നി ഫർണാണ്ടസ്, തഹസിൽദാർ സുനിത ജേക്കബ്, ഡെപ്യൂട്ടി തഹസിൽദാർ ജോസഫ് ആന്റണി ഹെർട്ടിസ്, ടി.കെ.ഷബീബ് എന്നിവർ സംബന്ധിച്ചു.

കൊച്ചി താലൂക്ക് ഓഫിസിൽ നടന്ന പട്ടയ വിതരണം കെ.ജെ.മാക്സി എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.

കടൽ വെച്ച ഭൂമിയായതിനാലും അപേക്ഷ നൽകുന്നതിലെ അപാകതയാലും ഇവരുടെ പട്ടയത്തിന് ആറ് പതിറ്റാണ്ട് കാത്തിരിക്കേണ്ടി വന്നു. ഒറ്റക്കുള്ള അപേക്ഷക്ക് പകരം ഇവർ കൂട്ടായ നിവേദനമാണ് നൽകിയിരുന്നത്. നിരവധി സമരങ്ങൾ നടന്നെങ്കിലും ഫലം കണ്ടില്ല.

ഒടുവിൽ ഇവരുടെ പട്ടയത്തിനുള്ള തടസമെന്തെന്ന് പരിശോധിക്കാൻ നിർദേശം വന്നപ്പോൾ ഡെപ്യൂട്ടി തഹസിൽദാർ ജോസഫ് ആന്റണി ഹെർട്ടിസാണ് വ്യക്തിഗത അപേക്ഷകളില്ലെന്ന് കണ്ടെത്തിയത്. തുടർന്ന് വ്യക്തിഗത അപേക്ഷകൾ നൽകിയപ്പോൾ കടൽ വെച്ച ഭൂമിയായതിനാൽ സർവേ നടത്തിയിട്ടില്ലെന്നത് പ്രശ്നമായി.

തുടർന്ന് കെ.ജെ.മാക്സി എംഎൽഎയുടെ ഇടപെടലും തഹസിൽദാർമാരായ ആംബ്രൗസ്, എ.ജെ.തോമസ് എന്നിവരുടെ നേതൃത്വത്തിൽ സർവേ നടപടികൾ പൂർത്തിയാക്കി. ഫയൽ കലക്ടറേറ്റിൽ എത്തിയപ്പോഴേക്കും തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിൽ വന്നു. അതു കഴിഞ്ഞപ്പോഴേക്കും അന്നത്തെ ജില്ലാ കലക്റ്റർ മുഹമ്മദ്.വൈ സഫീറുള്ള സ്ഥലം മാറി. ഇതു പട്ടയ വിതരണത്തിന് കാലതാമസത്തിന് ഇടയാക്കി. പിന്നീട് എല്ലാ നടപടികളും പൂർത്തിയാക്കി കഴിഞ്ഞ ജനുവരി 20 ന് പട്ടയ വിതരണം നിശ്ചയിച്ചെങ്കിലും മന്ത്രിയുടെ തിരക്ക് മൂലം നടന്നില്ല.

ഇപ്പോൾ ഏഴു മാസങ്ങൾക്ക് ശേഷം ഇന്നലെ കോളനി നിവാസികൾക്ക് പട്ടയം ലഭിച്ചു. ഫിഷർമെൻ കോളനിയിൽ 103 പേർക്ക് പുറമേ രാമേശ്വരം കോളനിയിൽ നാലുപേർക്കും വൈപ്പിൻ മേഖലയിൽ 96 പേർക്കുമാണ് പട്ടയം ലഭിച്ചത്. ഇതോടൊപ്പം പത്ത് കൈവശ രേഖകളും നൽകി.

പെഡൽ ഫോഴ്സ് കൊച്ചി നടത്തിയ 'സേവ് പ്ലാനറ്റ് സോഷ്യൽ ഡിസ്റ്റൻസിങ്' സൈക്കിൾ യാത്ര കൊച്ചിയിലെത്തിയപ്പോൾ.

സോഷ്യൽ ഡിസ്റ്റൻസിങ് സൈക്കിൾ യാത്ര വിജയകരം

കൊച്ചി: സാമൂഹിക അകലം പാലിച്ച് യാത്ര ചെയ്യാൻ സൈക്കിളുകളാണ് ഉത്തമം എന്ന സന്ദേശവുമായി Covid Safety Protocol പാലിച്ചു കൊച്ചിയിൽ നിന്നും അതിരമ്പിള്ളിയിലേക്കു പെഡൽ ഫോഴ്സ് കൊച്ചി നടത്തിയ 160 കിമീ 'സേവ് പ്ലാനറ്റ് സോഷ്യൽ ഡിസ്റ്റൻസിങ്' സൈക്കിൾ യാത്ര വിജയകരമായി കൊച്ചിയിൽ തിരിച്ചെത്തി.അതിരംമ്പിള്ളി സംറോഹ റിസോർട്ട്, കൊംമ്പാൻ സൈക്കിൾസ് ഇന്ത്യ എന്നിവരുടെ സഹകരണത്തോടെ ആരംഭിച്ച യാത്ര സംഘത്തെ സംറോഹ എംഡി സതീഷ് ബസന്ത് അതിരപ്പള്ളിയിൽ സ്വീകരിച്ചു. പെഡൽ ഫോഴ്സ് ഫൗണ്ടർ ആന്റ് ചീഫ് കോഓർഡിനേറ്റർ ജോബി രാജു, ഗ്രൂപ്പ് അംഗങ്ങളായ സന്തോഷ് ജോസഫ്, അനിൽ തോമസ്, ഷാജി.പി.രാജു, വിവേക്.ടി.ആർ, വിമൽരാജ് സക്കറിയ, മോനു വർഗീസ്, സേതു സദാനന്തൻ, മേഖ ചന്ദ്ര, എ.ജി. ജോർജ് എന്നിവരടങ്ങുന്ന 10 അംഗ സംഘമാണ് നിരവധി വെല്ലുവിളികൾ നിറഞ്ഞ യാത്ര വിജയകരമായി പൂർത്തിയാക്കിയത്.

കൂവപ്പടി പഞ്ചായത്തിൽ പി.ബി.സൗണ്ട് തോട്ടുവ സെന്റ് ജോസഫ് പള്ളി കനാൽ സൈഡ് കെട്ടി സംരക്ഷണ പദ്ധതിയുടെ നിർമ്മാണോദ്ഘാടനം ഓൺലൈനിലൂടെ എൽദോസ് കുന്നപ്പിള്ളി എംഎൽഎ നിർവഹിക്കുന്നു.

സൈഡ് കെട്ടി സംരക്ഷണ പദ്ധതി നിർമ്മാണോദ്ഘാടനം

പെരുമ്പാവൂർ: കൂവപ്പടി പഞ്ചായത്തിൽ പി.ബി. സൗണ്ട് തോട്ടുവ സെന്റ് ജോസഫ് പള്ളി കനാൽ സൈഡ് കെട്ടി സംരക്ഷണ പദ്ധതിയുടെ നിർമ്മാണോദ്ഘാടനം ഓൺലൈനിലൂടെ എൽദോസ് കുന്നപ്പിള്ളി എംഎൽഎ നിർവഹിച്ചു. കൂവപ്പടി പഞ്ചായത്ത് പ്രസിഡന്റ് കുഞ്ഞുമോൾ തങ്കപ്പൻ അധ്യക്ഷത വഹിച്ചു. കഴിഞ്ഞ വർഷത്തെ എംഎൽഎ. ഫണ്ടിൽ നിന്ന് 29.85 ലക്ഷം രൂപ പദ്ധതിക്ക് അനുവദിച്ചു. രണ്ട് വശങ്ങളിലായി 400 മീറ്റർ നിളത്തിലാണ് സൈഡ് കെട്ടി സംരക്ഷിക്കുന്നത്. ഒന്നര മാസം കൊണ്ട് നിർമാണം പൂർത്തീകരിക്കും. ബാബു ജോസഫ്, ജാൻസി ജോർജ്, എം.പി.പ്രകാശ്, പി.വൈ പൗലോസ്, സാബു ആന്റണി, സി.എസ്.ജോർജ്, ടി.കെ.രാജൻ എന്നിവർ പ്രസംഗിച്ചു.

കറുകുറ്റി ഗ്രാമ പഞ്ചായത്തിലെ അട്ടാറ -സ്രാമ്പി പട്ടികജാതി കോളനി നിവാസികളുടെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ജില്ലാ പഞ്ചായത്ത് മെംബർ അഡ്വ.കെ.വൈ.ടോമി ഉദ്ഘാടനം ചെയ്യുന്നു.

കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് 12 ലക്ഷം

അങ്കമാലി: കറുകുറ്റി ഗ്രാമപഞ്ചായത്തിലെ ഒൻപതാം വാർഡിൽ അട്ടാറ- സ്രാമ്പി പട്ടികജാതി കോളനി നിവാസികളുടെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് എറണാകുളം ജില്ലാ പഞ്ചായത്ത് പട്ടിക ജാതി വികസന ഫണ്ടിൽ നിന്നും 12 ലക്ഷം രൂപ അനുവദിച്ചു. മൂക്കന്നൂർ-കറുകുറ്റി കുടിവെള്ള പദ്ധതിയിൽ നിന്നും ഇവിടേയ്ക്ക് പൈപ്പ് ലൈൻ നീട്ടുന്നതിനാണ് തുക അനുവദിച്ചിട്ടുള്ളത്. നിർമ്മാണ പ്രവർത്തനങ്ങൾ ജില്ലാ പഞ്ചായത്ത് മെംബർ അഡ്വ.കെ.വൈ.ടോമി ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ, വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മറ്റി ചെയർമാൻ കെ.പി.അയ്യപ്പൻ അധ്യക്ഷത വഹിച്ചു. വാർഡ് മെംബർ റാണി പൊളി, കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് സി.പി.സെബാസ്റ്റ്യൻ, കെ.പി.പോളി, ബെന്നി.പി.വി, തോമസ് എൻ.കെ.ആന്റു, പി.പി.മാത്യു പാലാട്ടി എന്നിവർ പ്രസംഗിച്ചു.

നീതി മെഡിക്കൽസ് ഉദ്ഘാടനം ഇന്ന്

പറവൂർ: തൊഴിലാളി വിവിധോദ്ദേശ സഹകരണ സംഘത്തിന്റെ നീതി മെഡിക്കൽ സ്റ്റോറിന്റെ ഉദ്ഘാടനം ബുധനാഴ്ച നടക്കും. ചേന്ദമംഗലം കവലക്ക് വടക്കുഭാഗത്തുള്ള സംഘം കെട്ടിടത്തിൽ ആരംഭിക്കുന്ന മെഡിക്കൽ സ്റ്റോർ രാവിലെ 10ന് മുൻ എംഎൽഎ പി രാജു ഉദ്ഘാടനം ചെയ്യും. സംഘം പ്രസിഡന്റ് എ.കെ.സുരേഷ് അധ്യക്ഷത വഹിക്കും. ആദ്യ വിൽപന നഗരസഭ ചെയർമാൻ പ്രദീപ് തോപ്പിൽ നിർവഹിക്കും.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), E. Rudran Warrier (Executive Editor), Vol 13, Issue No.233 RNI No. KERMAL/ 2009/ 29279 Printed at S.T. Reddiar & Sons, Veekshanam Road, Kochi- 682035 and published from Vaartha News Network Pvt. Ltd, Building No. 40/8177/C1, 2nd Floor, Safiya Complex, Convent Road, Near Metro Piller No. 684, Shenoy's Junction., Ernakulam - 682035. Ph: 0484 2383388 Email: info@metrovaartha.com

തീപിടുത്തം അറിഞ്ഞെത്തിയ വി.എസ്. ശിവകുമാർ ഉൾപ്പെടെയുള്ളവരെ കടത്തിവിടാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, വി.എസ്.ശിവകുമാർ, വി.ടി. ബൽറാം തുടങ്ങിയവർ സെക്രട്ടറിയേറ്റിനു മുന്നിൽ ഇരുന്ന് പ്രതിഷേധിക്കുന്നു.

തെരഞ്ഞെടുപ്പ് കമ്മിറ്റി രൂപീകരിച്ചു

നെയ്യാറ്റിൻകര: സിപിഐ കാരോട് പഞ്ചായത്ത് തെരഞ്ഞെടുപ്പ് കമ്മിറ്റി രൂപീകരിച്ചു.പാർട്ടി ജില്ലാ അസിസ്റ്റന്റ് സെക്രട്ടറി പള്ളിച്ചൽ വിജയൻ തെരഞ്ഞെടുപ്പ് കമ്മിറ്റി രൂപീകരണ യോഗം ഉദ്ഘാടനം ചെയ്തു. നെയ്യാറ്റിൻകര മണ്ഡലം സെക്രട്ടറി എൻ.അയ്യപ്പൻ നായർ മുഖ്യ പ്രഭാക്ഷണം നടത്തി.യോഗത്തിൽ സെക്രട്ടറിയേറ്റംഗങ്ങളായ എൽ.ശശികുമാർ , പി.പി ഷിജു തുടങ്ങിയവർ സംസാരിച്ചു. ഡോ.എസ് ശശിധരൻ കൺവീനറായ ഒമ്പതംഗ എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചു.

ഓണം; കടകളുടെ പ്രവർത്തന സമയത്തിൽ ഇളവ്

തിരുവനന്തപുരം: ഓണം പ്രമാണിച്ച് ഓഗസ്റ്റ് 26 മുതൽ സെപ്റ്റംബർ രണ്ടു വരെ കണ്ടെയ്ൻമെന്റ് സോൺ ഒഴികെയുള്ള പ്രദേശങ്ങളിൽ കച്ചവട സ്ഥാപനങ്ങൾക്കും കടകൾക്കും രാത്രി 9 മണി വരെ തുറന്നു പ്രവർത്തിക്കാമെന്ന് ചീഫ് സെക്രട്ടറി ഡോ. വിശ്വാസ് മെഹ്ത്ത അറിയിച്ചു. കണ്ടെയ്ൻമെന്റ് സോണിലെ കടകളും കച്ചവട സ്ഥാപനങ്ങളും നിലവിലെ മാർഗനിർദ്ദേശ പ്രകാരം പ്രവർത്തിക്കണം.

മെട്രൊ വാർത്ത നെയ്യാറ്റിൻകര ബ്യൂറോ ഉദ്ഘാടനം നാളെ

നെയ്യാറ്റിൻകര: മെട്രൊ വാർത്ത നവീകരിച്ച നെയ്യാറ്റിൻകര താലൂക്ക് ബ്യൂറോയുടെ ഉദ്ഘാടനം നാളെ രാവിലെ 10 ന് കുന്നത്തുകാൽ എംവി ബിൽഡിങ്ങിൽ നടക്കും. ന്യൂസ് ബ്യൂറോയുടെ ഉത്ഘാടനം പാറശാല സി.കെ. ഹരീന്ദ്രൻ എംഎൽഎയും പരസ്യ ബ്യൂറോയുടെ ഉത്ഘാടനം രാജധാനി ഗ്രൂപ് ഓഫ് ഇൻസ്റ്റിറ്റ്യൂഷന്റെ മാനേജിങ് ഡയറക്ടർ ഡോ. ബിജു രമേശും ഭദ്രദീപം തെളിച്ചു നിർവ്വഹിക്കും. മെട്രൊ വാർത്ത അസോസിയേറ്റ് എഡിറ്റർ എം.ബി സന്തോഷിന്റെ അധ്യക്ഷതയിൽ നടക്കുന്ന ചടങ്ങിൽ സിഎസ്ഐ കാരക്കോണം മെഡിക്കൽ കോളെജ് ഡയറക്റ്റർ ഡോ. ബെനറ്റ് എബ്രഹാം, കുന്നത്തുകാൽ ശ്രീ ചിത്തിര തിരുനാൾ സെൻട്രൽ സ്കൂൾ മാനേജർ ടി. സതീഷ്കുമാർ, എന്നിവർ മുഖ്യാതിഥികൾ ആയിരിക്കും.

കുന്നത്തുകാൽ പഞ്ചായത്ത് പ്രസിഡന്റ് എച്ച്.എസ് അരുൺ മുൻ സഹകരണ ഓംബുഡ്സ്മാൻ അഡ്വ. എ.മോഹൻദാസ്, ബിജെപി സംസ്ഥാന സെക്രട്ടറി കരമന ജയൻ, കർഷക കോൺഗ്രസ് ജില്ലാ പ്രസിഡന്റ് മാരായമുട്ടം എം.എസ്.അനിൽ, മെട്രൊ വാർത്ത സർക്കുലേഷൻ ജനറൽ മാനേജർ വി.വി.രാജേഷ് എന്നിവർ സംസാരിക്കും. മെട്രോ വാർത്ത താലൂക്ക് ലേഖകൻ കുന്നത്തുകാൽ മണികണ്ഠൻ സ്വാഗതവും മെട്രൊ വാർത്ത റീജിയണൽ മാനേജർ എസ്.എസ്.അനൂബ് നന്ദിയും പറയും. കൊവിഡ് പ്രോട്ടോകോൾ പാലിച്ചാണു ചടങ്ങ് സംഘടിപ്പിച്ചിരിക്കുന്നത്.

ഭക്ഷണം തൊണ്ടയിൽ കുടുങ്ങി യുവതിക്ക് ദാരുണാന്ത്യം

നെടുമങ്ങാട്: ഭക്ഷണം തൊണ്ടയിൽ കുടുങ്ങി യുവതി മരിച്ചു. നെടുമങ്ങാട് കൊല്ലംകാവ് മനാറുൽ ഹുദാ സ്കൂളിനു സമീപം താമസിക്കുന്ന ശാമിലയുടെ മകൾ ഫാത്തിമ (23) ആണ് മരിച്ചത്. ബന്ധുക്കൾക്കൊപ്പം വൈകുന്നേരം വീട്ടിൽ ഇരുന്നു ഭക്ഷണം കഴിക്കുന്നതിനിടെയായിരുന്നു സംഭവം. ഉടൻ തന്നെ വീട്ടുകാർ നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ എത്തിച്ചെങ്കിലും അവിടെ നിന്ന് സ്വകാര്യ ആശുപത്രിയിലേക്ക് കൊണ്ടുപോകും വഴിമധ്യേ മരിച്ചു. ഖബറടക്കം നെടുമങ്ങാട് വാളിക്കോട് മുസ്‌ലിം ജമാഅത്ത് ഖബർസ്ഥാനിൽ നടന്നു. ആരോഗ്യവകുപ്പിലെ ഓഫീസ് അസിസ്റ്റന്റ് ആണ്

ഗർഭിണിയെ സ്ത്രീധനത്തിന്റെ പേരിൽ മർദിച്ചതായി പരാതി

വെള്ളറട : സ്ത്രീധനത്തിന്റെ പേരിൽ ഗർഭിണിയായ യുവതിയെ മർദിച്ചതായി പരാതി . വാഴിച്ചൽ പ്രതീഷ് ഭവനിൽ പ്രതീഷിന്റെ ഭാര്യ ശ്യാമയ്ക്കാണ് (25) മർദ്ദനമേറ്റത്. ഗർഭിണിയായ ശ്യാമയെ മർദ്ദിക്കുന്നത് തടയാൻ ശ്രമിച്ച ഭതൃപിതാവ് ചന്ദ്രനേയും അക്രമികൾ ക്രൂരമായി മർദ്ദിച്ചു. ഹെൽമറ്റ് കൊണ്ട് അടിക്കുകയും ചവിട്ടുകയുമായിരുന്നു. പ്രതീഷ് ശ്യാമയെ വിവാഹം കഴിച്ചപ്പോൾ സ്ത്രീധനം കുറച്ചു വാങ്ങിയതിന്റെ പേരിൽ ഭതൃമാതാവായ മീനാക്ഷിയും അവരുടെ അനുജത്തി കലയും അവരുടെ മകൻ അഭിജിത്തുമാണ് സ്ത്രീധനത്തിന്റെ പേരിൽ മർദ്ദിച്ചതെന്ന് ആര്യൻകോട് പൊലീസിൽ നൽകിയ പരാതിയിൽ പറയുന്നു. കാട്ടാക്കട പോങ്ങ് മൂട് ചീനിവിള സ്വദേശിയാണ് അഭിജിത്.

മർദ്ദനമേറ്റ ശ്യാമയെ ആദ്യം വെള്ളറടയിലെ സർക്കാർ ആശുപത്രിയിലും തുടർന്ന് നെയ്യാറ്റിൻകര താലൂക്ക് ആശുപത്രിയിലും പ്രവേശിപ്പിച്ചു. കോറോണാ പ്രശ്നങ്ങളുള്ളതിനാൽ ഇപ്പോൾ വെള്ളറടയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്നലെ ആര്യൻകോട് പൊലീസ് ആശുപത്രിയിലെത്തി ശ്യാമയിൻ നിന്നും മൊഴിയെടുത്ത് കേസ് രജിസ്റ്റർ ചെയ്തു. മൂന്ന് മാസം മുൻപും ഇത് പോലെ വീട്ടിൽ കയറി ആക്രമണം നടത്തിയിരുന്നതായി ശ്യാമ പൊലീസിനു നൽകിയ മൊഴിയിലുണ്ട്.

മർദ്ദനമേറ്റ് വെള്ളറടയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ശ്യാമ

ആനാവൂർ ഗവ ഹയർസെക്കന്ററി സ്കൂളിൽ ഓൺലൈൻ സ്റ്റുഡിയോ ഉദ്ഘാടനം

വെള്ളറട: ആനാവൂർസർക്കാർ ഹയർസെക്കന്ററി സ്കൂളിൽ എസ്പിസി തയ്യാറാക്കിയ ഓൺലൈൻ സ്റ്റുഡിയോയും സെമിനാർഹാളും സി.കെ. ഹരീന്ദ്രൻ എംഎൽഎ ഉദ്ഘാടനം ചെയ്തു.

കുന്നത്തുകാൽ ഗ്രാമപഞ്ചായത്തു പ്രസിഡന്റ് എച്ച്.എസ്. അരുൺ, ബ്ലോക്ക് പഞ്ചായത്തംഗം പാലിയോട് ശ്രീകണ്ഠൻ, വിദ്യാഭ്യാസ ആരോഗ്യ സ്റ്റാന്റിങ് കമ്മറ്റി ചെയർമാൻ മണവാരി ബിനു, മാരായമുട്ടം സബ് ഇൻസ്പെക്ടർ എം.ആർ. മൃദുൽകുമാർ, എസ്പിസി സംസ്ഥാന റിസോഴ്സ് പേഴ്സൺ സൗദീഷ് തമ്പി , എസ്പിസി രക്ഷകർത്തൃ സമിതി പ്രസിഡന്റ് രഘു തുടങ്ങിയവർ സംസാരിച്ചു.

അച്ഛനാണ് ഗുരു : ശ്രേയാംസ് കുമാർ എംപി

കരുനാഗപ്പള്ളി: ജീവിതത്തിന്റെ ആദ്യ വഴികാട്ടിയും ഗുരുവും പിതാവ് എം.പി.വീരേന്ദ്രകുമാറാണെന്നു എം.വി. ശ്രേയാംസ് കുമാർ എംപി.എം.പി. വീരേന്ദ്രകുമാർ ജീവകാരുണ്യ കർമ്മസേന ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ കരുനാഗപ്പള്ളി പി.ആർ.കുറുപ്പ് ജന്മശതാബ്ദി മന്ദിരത്തിൽ സംഘടിപ്പിച്ച ഓണക്കിറ്റ് വിതരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു ശ്രേയാംസ് കുമാർ എം.പി. ഉന്നത സാമ്പത്തിക കുടുംബത്തിൽ ജനിച്ച തനിക്ക് മൂന്ന് കിലോമീറ്റർ നടന്ന് യാത്ര ചെയ്ത് പ്രാഥമിക വിദ്യാഭ്യാസം നേടുന്നതിന് അച്ഛൻ കാട്ടിയ വഴി ജീവിതത്തിൽ സാമൂഹിക ഉന്നമനത്തിനും പ്രവർത്തനത്തിനും സഹായമായി. അച്ഛൻ എന്നെ ആദ്യം ഏൽപ്പിച്ച ദൗത്യം സാമ്പത്തികമായി ഏറെ നഷ്ടം നേരിട്ട ഒരു തോട്ടം ലാഭകരമാക്കുക എന്നതായിരുന്നു. ആ ചുമതല താൻ ഏറ്റെടുക്കുകയും അത് ലാഭകരമാക്കുകയും അതുകാരണം എല്ലാ വെല്ലുവിളികളും ഏറ്റെടുക്കുവാൻ എന്നെ പ്രാപ്തനാക്കാനും ഏറെ സഹായിച്ചുവെന്നും എംപി. കർമ്മസേന ചെയർമാൻ റെജി കരുനാഗപ്പള്ളി അദ്ധ്യക്ഷത വഹിച്ചു. നജീംമണ്ണേൽ, സുരേഷ് വിശാഖം, ശിവകുമാർ, രമേശൻ, രാജു ആതിര, രഘു, ഹരിദാസ്, കെ.രവീന്ദ്രൻ എന്നിവർ ആശംസകൾ അർപ്പിച്ചു.

രണ്ട് മരണം; 391 പേർക്ക് കൂടി കൊവിഡ് സ്ഥിരീകരിച്ചു



സ്വന്തം ലേഖകൻ

തിരുവനന്തപുരം: ജില്ലയിൽ ഇന്നലെ 391 പേർക്കു കൊവിഡ് 19 സ്ഥിരീകരിച്ചു. ഇതിൽ 378 പേർക്കും സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. രണ്ടു മരണവും റിപ്പോർട്ട് ചെയ്തു. ഓഗസ്റ്റ് 23ന് മരിച്ച കുലശേഖരം സ്വദേശി കൃഷ്ണകുമാർ (58), 17ന് മരിച്ച നെയ്യാറ്റിൻകര സ്വദേശി കൃഷ്ണൻ തമ്പി (80) എന്നിവരുടെ പരിശോധനാഫലം കൊവിഡ്19 മൂലമാണെന്ന് എൻ.ഐ.വി ആലപ്പുഴ സ്ഥിരീകരിച്ചു. ഇതോടെ ജില്ലയിലെ ആകെ കൊവിഡ് മരണം 65 ആയി. ജില്ലയിലെ 10 ആരോഗ്യ പ്രവർത്തകർക്കും ഇന്നലെ രോഗം ബാധിച്ചു. അതേസമയം 303 പേർ കൊവിഡിൽ നിന്നും മുക്തി നേടി.

ഉറവിടം വ്യക്തമല്ലാത്തവർ 49

പട്ടം സ്വദേശി(70), പെരുന്താന്നി സ്വദേശി(20), വെങ്ങാനൂർ സ്വദേശി(45), കാക്കാമൂല സ്വദേശി(58), ബാലരാമപുരം സ്വദേശി(58), കാച്ചാണി സ്വദേശി(53), കോട്ടപ്പുറം സ്വദേശി(31), തിരുവല്ലം സ്വദേശിനി(54), ചിത്രാഞ്ജലി ജംഗ്ഷൻ സ്വദേശി(56), കഠിനംകുളം സ്വദേശി(47), തിരുവല്ലം സ്വദേശിനി(16), ആനയറ സ്വദേശിനി(65), പൂജപ്പുര സ്വദേശി(50), പാറക്കുഴി സ്വദേശി(47), പനയം സ്വദേശി(34), ബാലരാമപുരം സ്വദേശി(47), പ്രാവച്ചമ്പലം സ്വദേശിനി(47), ജി.പി.ഒ സ്വദേശി(40), ചെറുവാരക്കോണം സ്വദേശിനി(52), ഉച്ചക്കട സ്വദേശി(59), പരശുവയ്ക്കൽ സ്വദേശിനി(22), അമരവിള സ്വദേശി(56), പെരുമാതുറ സ്വദേശി(27), പരശുവയ്ക്കൽ സ്വദേശിനി(25), പരശുവയ്ക്കൽ സ്വദേശി(02), വെൺപകൽ സ്വദേശിനി(28), പൂവത്തൂർ സ്വദേശി(57), കട്ടച്ചാൽകുഴി സ്വദേശി(45), കാട്ടാക്കട സ്വദേശിനി(58), പ്ലാങ്കാല സ്വദേശിനി(60), പ്രാവച്ചമ്പലം സ്വദേശി(52), ഗാന്ധിപുരം റോഡ് സ്വദേശി(47), പൊഴിയൂർ സ്വദേശി(55), കരുമാനൂർ സ്വദേശിനി(27), കൊച്ചുതോപ്പ് സ്വദേശിനി(46), കുറ്റിച്ചറ സ്വദേശിനി(71), കുറ്റിച്ചറ സ്വദേശി(70), കാട്ടാക്കട സ്വദേശി(38), കല സ്വദേശി(46), കല സ്വദേശിനി(45), അരയൂർ സ്വദേശിനി(85), പയറ്റുവിള സ്വദേശിനി(41), വള്ളക്കടവ് സ്വദേശി(59), വള്ളക്കടവ് സ്വദേശിനി(57), പയറ്റുവിള സ്വദേശിനി(30), 43 വയസുള്ള പുരുഷൻ, നന്ദാവനം സ്വദേശി(72), ചൂഴ സ്വദേശി(57), വെളിയാംകോട് സ്വദേശി(35)

വീട്ടുനിരീക്ഷണം 8

മെഡിക്കൽ കോളേജ് സ്വദേശി(26), മെഡിക്കൽ കോളേജ് സ്വദേശിനി(24), പാറശ്ശാല സ്വദേശിനി(46), പാറശ്ശാല സ്വദേശിനി(46), മുക്കോല സ്വദേശി(31), മാരായമുട്ടം സ്വദേശിനി(22), കരമന സ്വദേശിനി(43), അരുവിക്കര സ്വദേശിനി(38).

ഇതര സംസ്ഥാനങ്ങളിൽ നിന്നെത്തിയവർ 3

കന്യാകുമാരി സ്വദേശി(65), വന്നിയൂർ സ്വദേശി(53), 58 വയസുള്ള പുരുഷൻ

നിരീക്ഷണത്തിലുള്ളവർ 24,400

കൊവിഡ് വ്യാപനത്തിന്റെ ഭാഗമായി ജില്ലയിൽ ഇന്നലെ പുതുതായി 1,800 പേർ നിരീക്ഷണത്തിലായി. 1,450 പേർ നിരീക്ഷണ കാലയളവ് രോഗ ലക്ഷണങ്ങളൊന്നുമില്ലാതെ പൂർത്തിയാക്കി. ആകെ 24,400 പേരാണ് ജില്ലയിൽ നിരീക്ഷണത്തിലുള്ളത്. ഇതിൽ 19,747 പേർ വീടുകളിലും 676 പേർ വിവിധ സ്ഥാപനങ്ങളിലും കരുതൽ നിരീക്ഷണത്തിലാണ്. ജില്ലയിലെ ആശുപത്രികളിൽ ഇന്നലെ രോഗലക്ഷണങ്ങളുമായി 427 പേരെ പ്രവേശിപ്പിച്ചു. 313 പേരെ ഡിസ്ചാർജ് ചെയ്തു. ആശുപത്രികളിൽ 3,977 പേർ നിരീക്ഷണത്തിലുണ്ട്. 691 സാംപിളുകളാണ് ഇന്നലെ പരിശോധനയ്ക്ക് അയച്ചത്. 425 പരിശോധന ഫലങ്ങൾ ലഭിച്ചു. വിവിധയിടങ്ങളിൽ നടന്ന വാഹന പരിശോധനയിൽ 3,374 പേരെ സ്ക്രീനിങിന് വിധേയരാക്കി. കലക്ടറേറ്റ് കൺട്രോൾ റൂമിൽ 327 കോളുകളാണ് ഇന്നലെ എത്തിയത്. മാനസികപിന്തുണ ആവശ്യമുണ്ടായിരുന്ന 29 പേർ മെന്റൽ ഹെൽത്ത് ഹെൽപ് ലൈനിലേക്ക് വിളിച്ചു. മാനസിക പിന്തുണ ആവശ്യമായ 3,087 പേരെ ഇന്നലെ വിളിക്കുകയും അവർക്ക് ആവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്തു.

കോൺഗ്രസ് നേതാവ് രവിശങ്കറുടെ നാലാമത് ചരമ വാർഷികം

തിരുവനന്തപുരം: മാധ്യമ പ്രവർത്തകനും,സാമൂഹ്യ പ്രവർത്തകനും,നഗരസഭാ മുൻ കൗൺസിലറുമായ അഭിഭാഷകൻ രവിശങ്കറുടെ നാലാമത് ചരമ വാർഷിക അനുസ്മരണം യോഗം നെയ്യാറ്റിൻകരയിലും ,തിരുവന്തപുരത്തും വിവിധ മേഖലയിലുള്ള വരുടെ നേതൃത്വത്തിൽ നടന്നു. നെയ്യാറ്റിൻകരയിൽ നടന്ന അനുസ്മരണത്തിൽ യൂത്തുകോൺഗ്രസ് ,ആലുംമൂട് പൗരസമിതി,സുഹൃത്തുക്കൾ നേതൃത്വം നൽകി ,ഡിസി സി പ്രസിഡെന്റ് സനൽകുമാറിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്തും , നെയ്യാറ്റിൻകരയിൽ വിവിധ കോൺഗ്രസ് സംഘടനകളും ചരമ ദിന അനുസ്മരണം നടത്തി .കെ.എസ്.യൂ.വിലൂടെ രംഗത്തുവന്ന അഭിഭാഷകൻ രവിശങ്കർ ,സെനറ്റ് മെമ്പർ,അഭിഭാഷകൻ, ജനപ്രതിനിധി,മാധ്യമ പ്രവർത്തകൻ,സാമൂഹ്യ പ്രവർത്തകൻ എന്നീനിലയിൽ തിരുവനന്തപുരം ജില്ലയിൽ തന്റെ കഴിവുകൾ പ്രകടിപ്പിച്ചിട്ടുണ്ട് .നെയ്യാറ്റിൻകര നഗരസഭയിൽ കൗൺസിലർ ആയിരിക്കെ ചെയർമാൻ സ്ഥാനത്തേക്ക് ഏതാണ്ട് എത്തിയ അവസരത്തിൽ നെയ്യാറ്റിൻകരയിലെ കോൺഗ്രസ് നേതൃത്വം പണം ആവശ്യപ്പെട്ടത് ഏറെ വിവാദം ഉയർത്തിയിരുന്നു.

കണ്ടെയിൻമെന്റ് സോൺ പ്രഖ്യാപിച്ചു

തിരുവനന്തപുരം: കിഴുവിലം ഗ്രാമപഞ്ചായത്തിലെ വലിയ ഏല, ആറ്റിങ്ങൽ മുൻസിപ്പാലിറ്റിയിലെ കൊടുമൺ ജംഗ്ഷൻ(ചെറുവള്ളിമുക്ക് വാർഡ്) എന്നീ പ്രദേശങ്ങളെ കണ്ടെയിൻമെന്റ് സോണായി ജില്ലാ കളക്ടർ ഡോ. നവജ്യോത് ഖോസ പ്രഖ്യാപിച്ചു.

ഈ പ്രദേശങ്ങളോട് ചേർന്നുള്ള സ്ഥലങ്ങളിലും ജാഗ്രത പുലർത്തണം. പൊതു പരീക്ഷകൾ ഇനിയൊരറിയിപ്പുണ്ടാകുന്നതുവരെ നടത്താൻ പാടില്ലെന്നും അറിയിപ്പിൽ പറയുന്നു.

കണ്ടെയിൻമെന്റ് സോണുകൾ പിൻവലിച്ചു

കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിലെ തെക്കുംഭാഗം, ഊട്ടുപറമ്പ് (ചമ്പാവിൽ, ഊട്ടുപറമ്പ് പ്രദേശങ്ങൾ ഒഴികെ), റെയിൽവെ സ്റ്റേഷൻ, കടയ്ക്കാവൂർ (കരിങ്ങോട്, വയലിത്തിട്ട, സങ്കേതം എന്നീ പ്രദേശങ്ങൾ ഒഴികെ), കിഴുവിലം ഗ്രാമപഞ്ചായത്തിലെ പുരവൂർ , അഴൂർ ഗ്രാമപഞ്ചായത്തിലെ മാടൻവിള, ചെമ്മരുതി ഗ്രാമപഞ്ചായത്തിലെ ഞെക്കാട്, ശിവപുരം, മുത്താന, തച്ചോട്, നാവായിക്കുളം ഗ്രാമപഞ്ചായത്തിലെ മേനപ്പാറ, വക്കം ഗ്രാമപഞ്ചായത്തിലെ നിലയ്ക്കാമുക്ക് എന്നീ വാർഡുകളെ കണ്ടെയിൻമെന്റ് സോൺ പട്ടികയിൽ നിന്നും ഒഴിവാക്കിയതായി ജില്ലാ കളക്ടർ ഡോ. നവജ്യോത് ഖോസ അറിയിച്ചു.

ഓണാഘോഷം വീട്ടിലാക്കാൻ 'കൊവീട്'

തിരുവനന്തപുരം : ജില്ലയുടെ പുതിയ കൊവിഡ് ആക്ഷൻ പ്ലാൻ കലക്റ്ററേറ്റ് കോൺഫറൻസ് ഹാളിൽ മന്ത്രി കടകംപള്ളി സുരേന്ദ്രൻ പ്രകാശനം ചെയ്തു. പൊതുജന പങ്കാളിത്തത്തോടെ വൈറസിനെ നേരിടാൻ ആക്ഷൻ പ്ലാൻ സഹായിക്കുമെന്ന് മന്ത്രി പറഞ്ഞു. പുതിയ ആക്ഷൻ പ്ലാനിലൂടെ രോഗവ്യാപനവും മരണനിരക്കും കുറയ്ക്കാനാകും. നിലവിലെ പരിമിതികളെക്കുറിച്ചും അവ നേരിടേണ്ട രീതികളെക്കുറിച്ചും വ്യക്തമായി ചർച്ച നടത്തിയാണ് ആക്ഷൻ പ്ലാനിന് രൂപം നൽകിയത്. താഴെതട്ടിലുള്ള കൊവിഡ് പ്രതിരോധം കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായി വാർഡ് തല കമ്മിറ്റികൾ കൂടുതൽ ഊർജ്ജിതമാക്കും. ഓരോ വാർഡിലും ക്വാറന്റൈനിൽ കഴിയുന്നവരുമായി കമ്മിറ്റിയിലെ വോളന്റിയർമാർ നിരന്തരം ആശയവിനിമയം നടത്തുകയും റിവേഴ്സ് ക്വാറന്റൈൻ സംവിധാനം മെച്ചപ്പെടുത്തുകയും ചെയ്യും. കൊവിഡ് 19 സംബന്ധിച്ച് വ്യാപകമായ ബോധവത്കരണം നൽകും. ബോധവത്കരണത്തിന്റെ ഭാഗമായി കൊവിഡ് പ്രതിജ്ഞ രൂപപ്പെടുത്തിയിട്ടുണ്ട്. പ്രതിജ്ഞയെടുക്കുന്നവർക്ക് ഇ സർട്ടിഫിക്കറ്റ് ലഭ്യമാക്കും. ഓണാഘോഷം വീടുകളിൽത്തന്നെ പരിമിതപ്പെടുത്തുന്നതിനായി കോവീട് ഓണം എന്ന പേരിൽ ക്യാമ്പയിൻ ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു. ഓണക്കാലത്ത് തിരക്ക് നിയന്ത്രിക്കാൻ ഓരോ താലൂക്കുകളിലും പ്രത്യേക സ്ക്വാഡുകൾക്ക് രൂപംനൽകിയതായി ജില്ലാ കളക്ടർ ഡോ. നവജ്യോത് ഖോസ പറഞ്ഞു. ജില്ലയിലാകെ 30 സ്ക്വാഡുകളാണ് പ്രവർത്തനം നടത്തുക. തിരക്കുള്ള മാർക്കറ്റുകളിൽ പരിശോധന വർദ്ധിപ്പിക്കും. പൊതു സ്ഥലങ്ങളിൽ ടെസ്റ്റിംഗ് കിയോസ്കുകൾ സ്ഥാപിക്കുമെന്നും കളക്ടർ പറഞ്ഞു. ദുരന്ത നിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ അനു എസ്.നായർ, ഡി.എം.ഒ കെ.എസ് ഷിനു എന്നിവർ പങ്കെടുത്തു.

ആശുപത്രിമന്ദിരം ഉദ്ഘാടനം ചെയ്തു

തിരുവനന്തപുരം: കല്ലറ സാമൂഹികാരോഗ്യ കേന്ദ്രത്തിലെആശുപത്രി മന്ദിരത്തിന്റെ ഉദ്ഘാടനം ആരോഗ്യ വകുപ്പ് മന്ത്രി കെ . കെ.ശൈലജ ടീച്ചർ ഓൺലൈനിലൂടെ നിർവഹിച്ചു. 1.75 കോടി രൂപ ചെലവഴിച്ചാണ് മികച്ച സൗകര്യങ്ങളോടു കൂടിയ ആശുപത്രിമന്ദിരത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയത്. ചടങ്ങിൽ ഡി.കെ മുരളി എം എൽ എ അധ്യക്ഷത വഹിച്ചു. വാമനപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ. പി ചന്ദ്രൻ, കല്ലറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജി.ശിവദാസൻ, ജില്ലാ പഞ്ചായത്ത് അംഗം എസ്.എം.റാസി, കെ. അനിൽകുമാർ എന്നിവർ പങ്കെടുത്തു.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), E. Rudran Warrier (Executive Editor),Vol 13, Issue No. 241 RNI No. KERMAL/ 2009/ 31363 Printed at M/S St. Joseph's press, PB NO. 416, Cotten Hill, Vazuthacaud, Thiruvananthapuram- 695014, Phone No: 0471- 2573388 and published from **Vaartha News Network Pvt.Ltd,** TC 25/3443, Valli Villa, UR-10, Uppalam Road, Thiruvananthapuram - 695001, Ph: 0471-2573388, 2573399.

വ്യാപാരികൾക്ക് ഓണകിറ്റ് വിതരണം ചെയ്തു

കുന്നംകുളം : ചെയ്മ്പർ ഓഫ് കോമേഴസ് മെമ്പർമാരായ വ്യാപാരികൾക്കായി നൽകുന്ന 1200 ഓണകിറ്റിന്റെ വിതരണ ഉദ്ഘാടനം ചെയ്മ്പർ പ്രസിഡന്റ് കെ. പി. സേക്സൺ നിർവഹിച്ചു. കൊവിഡ് വ്യാപന കാലത്ത് വ്യാപാരികൾ നേരിടുന്ന നിരവധി പ്രയാസങ്ങളെ കുറിച്ചു സംസാരിക്കുകയും, സർക്കാരിൽ നിന്നും നേരിടുന്ന അവഗണനയെ അപലപിക്കുകയും ചെയ്തു. ഓണക്കാലത്തെങ്കിലും വ്യാപാരസ്ഥാപനങ്ങൾ രാത്രി 9 മണി വരെ തുറന്നു പ്രവർത്തിക്കാൻ അനുവദിക്കണമെന്ന് അധികൃതരോട് അപക്ഷിച്ചു. യോഗത്തിൽ ജനറൽ സെക്രട്ടറി കെ.എം. അബൂബക്കർ, ട്രഷറർ.പി.വി. ബിനോയ്, വൈസ് പ്രസിഡന്റുമാരായ എം കെ പോൾസൺ, .വിത്സൺ മാത്യൂസ്, ജോയിന്റ് സിക്രട്ടറി രാജു ബി ചുങ്കത്ത് യുത്ത് വിംഗ് പ്രസിഡന്റ് ജിനീഷ് തെക്കെക്കര , .വി. എ രാജൻ, ടി. ഐ ഉല്ലാസ്, . പി.വി. സാംസൺ തുടങ്ങിയവർ പങ്കെടുത്തു.

ശക്തൻ മാർക്കറ്റ് പ്രവർത്തനത്തിന് മാർഗരേഖ

തൃശൂർ: കൊവിഡ് വ്യാപനത്തെതുടർന്ന് അടച്ചിട്ട ശക്തൻ മാർക്കറ്റ് തുറന്ന് പ്രവർത്തിക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ അത് സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ ജില്ലാ കലക്റ്റർ ഉത്തരവിറക്കി. മാർക്കറ്റിലേക്ക് വരുന്ന വാഹനങ്ങൾ അണുനശീകരണം നടത്തി ടോക്കൺ വാങ്ങി വേണം മാർക്കറ്റിനകത്ത് പ്രവേശിക്കാൻ. ചരക്കുമായി വരുന്ന ലോറികൾ രാവിലെ ചരക്കിറക്കി മാർക്കറ്റിൽ നിന്ന് പോകണം. നിലവിലുള്ള കടകൾ/തൊഴിലാളികൾ എന്നിവരെ രണ്ട് ഗ്രൂപ്പുകളായി തിരിച്ച് പകുതി കടകൾ ഒന്നിടവിട്ട ദിവസങ്ങളിൽ പ്രവർത്തിക്കണം. ഓരോ ഗ്രൂപ്പിലും തൊഴിലാളികളെ തിരിച്ചറിയുന്നതിന് വ്യത്യസ്ത നിറത്തിലുള്ള ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നൽകണം. കടകളിൽ പരമാവധി മൂന്ന് ജീവനക്കാർ മാത്രമേ പാടുള്ളൂ. അവർ ആഴ്ചയിൽ മൂന്നുദിവസം തുടർച്ചയായി ജോലി നോക്കണം. ചെറുകിട കച്ചവടക്കാർക്ക് സാധനങ്ങൾ വാങ്ങുന്നതിന് നടപ്പിലാക്കിയ ഒറ്റ, ഇരട്ട നമ്പർ സമ്പ്രദായം അതു പോലെ തുടരും. റീട്ടെയിൽ കച്ചവടക്കാരെ മാർക്കറ്റിനുള്ളിൽ പ്രവേശിപ്പിക്കുന്നതിന് എൻട്രി പോയിന്റ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തും. എൻട്രി പോയിന്റിൽ തെർമ്മൽ സ്ക്രിനീംഗ് സൗകര്യം ഒരുക്കും. ശരീരോഷ്മാവ് അനുവദനീയമായ പരിധിയാണെന്ന് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ മാർക്കറ്റിലേക്ക് തൊഴിലാളികളുൾപ്പെടെയുള്ള ആളുകളെ പ്രവേശിപ്പിക്കാവൂ. വൈകീട്ട് 6 വരെ മാത്രമേ റീട്ടെയിൽ കച്ചവടം അനുവദിക്കൂ. മാർക്കറ്റ് നിത്യവും വൈകീട്ട് 6 ന് ശേഷം ഫയർഫോഴ്സിന്റെ സഹായത്തോടെ അണുവിമുക്താക്കണം. എല്ലാ കടകളിലും സാനിറ്റൈസർ കരുതണം. മാർക്കറ്റിൽ കയറുമുമ്പ് എല്ലാവരും കൈകൾ അണുവിമുക്താക്കണം. നിർബന്ധമായും മാസ്കും ഗ്ലൗസും ധരിക്കണം. കൊവിഡ് പ്രോട്ടോക്കോൾ പാലിക്കാത്ത കടകൾക്കെതിരെ കർശന നടപടി സ്വീകരിക്കും. ഞായറാഴ്ചകളിൽ മാർക്കറ്റ് തുറക്കുന്നതല്ല.

പാലക്കാട് 152 പേർക്ക് കൊവിഡ്

പാലക്കാട്: ജില്ലയിൽ 152 പേർക്ക് കൊവിഡ് 19 സ്ഥിരീകരിച്ചു. സമ്പർക്കത്തിലൂടെ 93 പേർ, ഇതര സംസ്ഥാനങ്ങളിൽ നിന്ന് വന്ന 30 പേർ,വിവിധ രാജ്യങ്ങളിൽ നിന്ന് വന്ന 12 പേർ, ഉറവിടം അറിയാത്ത 17 പേർ എന്നിവർ ഉൾപ്പെടും. 119 പേർക്ക് രോഗമുക്തിയുമുണ്ട്. ഇതോടെ ജില്ലയിൽ ചികിത്സയിലുള്ളവരുടെ എണ്ണം 652 ആയി.ഉറവിടം അറിയാത്ത രോഗബാധിതർ അനങ്ങനടി സ്വദേശി(32 പുരുഷൻ), നാഗലശേരി സ്വദേശികളായ അഞ്ച് പേർ (8 ആൺകുട്ടി, 23,40,40,84 പുരുഷന്മാർ), കഞ്ചിക്കോട് സ്വദേശി (46 പുരുഷൻ) ഒറ്റപ്പാലം സ്വദേശികൾ 2 പേർ (58,23 പുരുഷൻമാർ), പട്ടാമ്പി കൊപ്പം സ്വദേശി (18 സ്ത്രീ), മണ്ണാർക്കാട് സ്വദേശി (65 പുരുഷൻ), ചളവറ സ്വദേശി (23 പുരുഷൻ), കാവശേരി സ്വദേശി (39 പുരുഷൻ) പെരുവമ്പ് സ്വദേശി (44 സ്ത്രീ), പൂക്കോട്ടുകാവ് സ്വദേശി (35 പുരുഷൻ), എലപ്പുള്ളി സ്വദേശി (18 പുരുഷൻ), മണ്ണൂർ സ്വദേശി (30 പുരുഷൻ) എന്നിവരാണ്.ജില്ലയിൽ ചികിത്സയിൽ ഉള്ളവർക്ക് പുറമേ പാലക്കാട് ജില്ലക്കാരായ 12 പേർ തൃശൂർ ജില്ലയിലും 10 പേർ കോഴിക്കോട് ജില്ലയിലും രണ്ടുപേർ കണ്ണൂർ ജില്ലയിലും എട്ടു പേർ മലപ്പുറം ജില്ലയിലും 11 പേർ എറണാകുളം ജില്ലയിലും ചികിത്സയിൽ ഉണ്ട്.

പേരാമ്പ്രയിൽ കടകൾ അഞ്ച് മണിക്ക് അടപ്പിക്കുന്നതിനെതിരെ വ്യാപാരികൾ

പേരാമ്പ്ര : കഴിഞ്ഞ ദിവസം പേരാമ്പ്ര മാർക്കറ്റ് കേന്ദ്രീകരിച്ച് ഇരു വിഭാഗങ്ങൾ തമ്മിൽ സംഘർഷമുണ്ടയതിനെ തുടർന്ന് പട്ടണത്തിൽ കടകൾ അഞ്ച് മണിക്ക് അടക്കണമെന്ന നിർദ്ദേശത്തിനെതിരെ വ്യാപാരികൾ രംഗത്ത്. സമീപ പ്രദേശങ്ങളിലെല്ലാം ഏഴു മണിവരെ കടകൾ തുറന്ന് പ്രവർത്തിക്കാൻ അനുമതിയുള്ളപ്പോൾ പേരാമ്പ്രയിൽ മാത്രം ഇത്തരം നിയന്ത്രണം ഏർപ്പെടുത്തിയത് അശാസ്ത്രയമാണെന്നും ഓണക്കാലത്ത് കടകൾ പ്രവർത്തിക്കുന്ന സമയം വെട്ടിക്കുറച്ചത് തിരക്ക് കൂടാൻ കാരണമാവുമെന്ന് പേരാമ്പ്ര മർച്ചന്റ് അസോസിയേഷൻ പ്രസിഡന്റ സുരേഷ് ബാബു കൈലാസ് പറഞ്ഞു. നിപ. പ്രളയം, കോവിഡ് തുടങ്ങി ഒന്നിനു പുറകെ മറ്റൊന്നായി ദുരന്തങ്ങൾ കടന്നു വന്നത് വ്യാപാര മേഖലയെ തകർത്തെന്നും പല വ്യാപാരികളുടെയും അവസ്ഥ വളരെ പരിതാപകരമാണെന്നും ഇത്തരം ഘട്ടത്തിൽ വ്യാപാരികളുടെ ഏക പ്രതീക്ഷ ഓണം പോലുള്ള ഉത്സവകാലത്ത് ലഭിക്കുന്ന കച്ചവടമാണ്. അധികാരികളുടെ നിയന്ത്രണം മൂലം പേരാമ്പ പട്ടണത്തിലെ വ്യാപാരികൾക്ക് ഇതും നഷ്ടമാവുയാണെന്നും അദ്ദേഹം പറഞ്ഞു. എത്രയും പെട്ടന്ന് കടകളും ഏഴുമണിവരെ മുഴുവൻ സമയവും തുറന്ന് പ്രവർത്തിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. സംഘർഷത്തെ തുടർന്ന് പട്ടണത്തിൽ നിരോധനാജ്ഞ പ്രഖ്യാപിച്ചതിന് ശേഷമാണ് പൊലീസ് കടകൾ അഞ്ച് മണിക്ക് അടക്കണമെന്ന് നിർദ്ദേശിച്ചത്.കട അടക്കുന്ന സമയം ഏഴ് വരെയാക്കണമെന്ന് പേരാമ്പ്ര പഞ്ചായത്ത് വിളിച്ച് ചേർത്ത യോഗവും ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പഞ്ചായത്ത് ഓദ്യോഗികമായി കളക്ടറെ അറിയിക്കുകയും ചെയ്തിരുന്നെങ്കിലും തീരുമാനമുണ്ടായിട്ടില്ല.

മുഹറം - ഓണം വിപണി തുടങ്ങി

പഴയന്നൂർ: കർഷക സർവീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ പഴയന്നൂരിൽ മുഹറം ഓണം വിപണി തുടങ്ങി. വിതരണോദ്ഘാടനം ബാങ്ക് പ്രസിഡന്റ് വി കെ ശ്രീകുമാർ നിർവഹിച്ചു. ചടങ്ങിൽ ഡക്ടർമാരായ പി കെ മുരളീധരൻ, പിവി കെ ബാലകൃഷ്ണൻ നായർ, കെ കെ അബാസ്, ടി ആർ സുകു, ഉണ്ണികൃഷ്ണൻ, സി.ശ്രീകുമാർ, ബാങ്ക് സെക്രട്ടറി ശ്രീധരൻ പി തുടങ്ങിയവർ പങ്കെടുത്തു. കൊവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നതിനായി വിതരണം പഴയന്നൂർ കുന്നത്തറ എൽ പി സ്കൂളിൽ വെച്ച് വിതരണം ചെയ്യും. കാലത്ത് 7.30 ന് സ്കൂളിൽ വെച്ച് തന്നെ ടോക്കൺ വിതരണവും നടക്കും.

ഓട്ടൊ ഡ്രൈവറെ കൊലപ്പെടുത്താൻ ശ്രമം ; എസ്ഡിപിഐ പ്രവർത്തകൻ അറസ്റ്റിൽ

അറസ്റ്റിലായ പ്രതി

പാലക്കാട് : കാവിൽപ്പാട് ഒട്ടോസ്റ്റാൻഡിൽ നിന്നും ഓട്ടൊ ട്രിപ്പ് വിളിച്ചു കൊണ്ടുപോയി കല്ലേക്കാട്, നെല്ലിപ്പറമ്പ് എന്ന സ്ഥലത്തു വെച്ച് മൂന്നംഗ സംഘം ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിക്കുകയും, ഓട്ടോറിക്ഷ അടിച്ചു തകർക്കുകയും ചെയ്ത കേസിൽ ഒരാൾ അറസ്റ്റിൽ. പാലക്കാട്, സുന്ദരം കോളനി സ്വദേശിയും, നിലവിൽ തച്ചമ്പാറയിൽ താമസിച്ചു വരുന്നതുമായ കരാട്ടെ ഹക്കീമിന്റെ മകൻ മുഹമ്മദ് ബിലാൽ എന്ന പൊറാട്ട ബിലാൽ (23) ആണ് അറസ്റ്റിലായത്. കൂട്ടുപ്രതികളായ പുതുപ്പള്ളിത്തെരുവ്, കരീംനഗർ സ്വദ്ദേശി ജംഷീർ, കോങ്ങാട് സ്വദേശി ഇഖ്ബാൽ എന്ന അബ്ദുൾ ഖാദർ എന്നിവർ ഒളിവിലാണ്. ഇഖ്ബാൽ മുൻപ് ഹേമാംബിക നഗർ പൊലീസ് സ്റ്റേഷൻ പരിധിയിൽ വള്ളിക്കോട് ഒട്ടോ ഡ്രൈവറെ കൊലപ്പെടുത്തിയ കേസിലും പ്രതിയാണ്.കഴിഞ്ഞ തിങ്കളാഴ്ച്ച കാലത്താണ് കേസിനാസ്പദമായ സംഭവം നടന്നത്. കാവിൽപ്പാട് സ്വദേശിയും ഓട്ടൊ ഡ്രൈവറുമായ ജിനു വിനെയാണ് എസ്ഡിപിഐ പ്രവർത്തകരായ മൂന്നു പേർ ചേർന്ന് ആക്രമിച്ചത്. അയോധ്യ ഭൂമിപൂജയുമായി ബന്ധപ്പെട്ട് ഫെയ്സ്ബുക്കിലിട്ട പോസ്റ്റിന് കമന്റിട്ടതുമായി ബന്ധപ്പെട്ട് തുടങ്ങിയ പ്രശ്നമാണ് ആക്രമണത്തിൽ കലാശിച്ചത്. ആക്രമണത്തിനു ശേഷം പ്രതികൾ ഒളിവിൽകഴിഞ്ഞു വരികയായിരുന്നു. കൂടുതൽ പ്രതികൾ കേസിൽ ഉൾപ്പെട്ടതായി സൂചന കിട്ടിയിട്ടുണ്ട്. പ്രതിയെ കൊറോണ പരിശോധിക്കു ശേഷം ഇന്ന് കോടതിയിൽ ഹാജരാക്കും.

കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് ഇത്തവണ ഓണാഘോഷം. പൊതുവായിട്ടുള്ള ആഘോഷങ്ങളില്ലെങ്കിലും വീടുകളിൽ മാത്രമാണ് ഓണപ്പൂക്കളമൊരുക്കുന്നത്. ആവശ്യക്കാർ കുറവാണെങ്കിലും തൃശൂർ ശക്തൻ നഗറിൽ വിൽപ്പനക്കായി തൃക്കാരപ്പനെ ഒരുക്കി വയ്ക്കുന്നു. - കെ.കെ. നജീബ്

കോഴിക്കോടിനെ ഭിന്നശേഷി സൗഹൃദ നഗരമാക്കും

കോഴിക്കോട്: കോഴിക്കോടിനെ ഭിന്നശേഷി സൗഹൃദ നഗരമായി പ്രഖ്യാപിക്കാനുള്ള നടപടി സ്വീകരിക്കുമെന്ന് മേയർ തോട്ടത്തിൽ രവീന്ദ്രൻ പറഞ്ഞു. ജില്ലയിലെ കെട്ടിട നിർമാണങ്ങൾ ഭിന്നശേഷിസൗഹൃദമാക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയ ശിൽപശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭിന്നശേഷിക്കാരായ കുട്ടികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനുള്ള ഉത്തരവാദിത്തം പൊതു സമൂഹത്തിനുണ്ട്. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പഠന സൗകര്യമൊരുക്കുകയും സ്ഥായിയായ വരുമാനം ഉറപ്പാക്കുകയും ചെയ്യണമെന്നും മേയർ പറഞ്ഞു. പുതുതായി നിർമിക്കുന്ന കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുമെന്ന് ജില്ലാ കലക്റ്റർ സാംബശിവറാവു പറഞ്ഞു. സബ് കലക്റ്റർ ജി.പ്രിയങ്ക, അസി. കലക്റ്റർ ശ്രീധന്യ സുരേഷ്, ജില്ലാ സാമൂഹ്യനീതി ഓഫീസർ ഷീബ മുംതാസ് എന്നിവർ യോഗത്തിൽ പങ്കെടുത്തു.

പഴമയുടെ പ്രതീകമായി ചാലക്കുടി റസ്റ്റ് ഹൗസ്

കെ.കെ. ഷാലി

ചാലക്കുടി: പഴമയുടെ പ്രൗഢിയോടെ പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസിന്റെ പഴയ കെട്ടിടത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായി ഉദ്ഘാടന മിന്ന് നടക്കും.. 1.1 കോടി രൂപ ചെലവിലാണ് പുനരുദ്ധാരണം. പരമ്പരാഗത രീതിയിൽ പഴയ വിശ്രമ കേന്ദ്രം നിലനിർത്താൻ നിലവിലെ മേൽകൂരയുടെ കേടുപാടുകൾ സംഭവിച്ചിട്ടുള്ളവ മാത്രം മാറ്റി ഉയരത്തിനനുസൃതമായി മേൽക്കൂര വീതി കൂട്ടൽ, മേൽക്കൂര പൂർണമായി അലുമിനിയം ഷീറ്റ് വിരിച്ച് അതിനു മുകളിൽ പുതിയ ഓട് വിരിച്ചു കെട്ടിടത്തിന്റെ ചേർച്ച മാറ്റുന്ന പ്രവർത്തികൾ, താഴത്തെ നിലയിലെ മരത്തിന്റെ റൂഫിങ്ങിൽ ജീർണിച്ച പാനലുകൾ മാറ്റി തേക്കുകൊണ്ടുള്ള പുതിയ പാനലിങ് സ്ഥാപിക്കൽ, ഒന്നാം നിലയിലെ തറയിൽ മുഴുവനായി മരത്തിന്റെ പാനലിങ് സ്ഥാപിക്കൽ, വരാന്തയിൽ ചാരുപടി, ഗോവണി നിർമാണം, വിഐപി മുറികളിലെ ചുമരുകൾ തേക്ക്കൊണ്ടുള്ള പാനലിങ് തുടങ്ങിയ പ്രവർത്തികളാണ് നടത്തിയത്. കഴിഞ്ഞ വർഷം മെയിലായിരുന്നു നിർമാണോദ്ഘാടനം. പൗരാണികകാലത്തെ ട്രാംവേ റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട കെട്ടിടങ്ങളിലൊന്നാണ് ഈ ഇരുനില റസ്റ്റ് ഹൗസ്. ഒട്ടേറെ സിനിമാ ചിത്രീകരണങ്ങൾക്കും വേദിയായിട്ടുണ്ട്. തിരക്കഥാകൃത്തുകളും സാഹിത്യകാരന്മാരും രചനകൾ നടത്താൻ ഇവിടം തിരഞ്ഞെടുത്തിട്ടുണ്ട്. ടൂറിസം വകുപ്പിന്റെ ജംഗിൾ സഫാരി ഉൾപെടെ പ്രതിദിന വിനോദയാത്രകൾ ഇവിടെ നിന്നാണ്ആരംഭിക്കുന്നത്. പഴയ റസ്റ്റ് ഹൗസിനോടു ചേർന്നു കൂടുതൽ സൗകര്യങ്ങളുള്ള മറ്റൊരു കെട്ടിടം നിർമിച്ചെങ്കിലും പഴമയുടെ സ്പർശമുള്ള പഴയ റസ്റ്റ്ഹൗസ് ഇപ്പോഴും ആയിരങ്ങളുടെ ആകർഷണ കേന്ദ്രമാണ്. നവീകരണം പൂർത്തിയാകുന്നതോടെ വിനോദസഞ്ചാരികളും സാഹിത്യകാരന്മാരും ഉൾപെടെയുള്ളവർ ഇവിടേയ്ക്ക് ഒഴുകിയെത്തുമെന്നാണ് പ്രതീക്ഷ.ഉദ്ഘാടനം ഇന്ന് വൈകിട്ട് 4.30ന് മന്ത്രി ജി. സുധാകരൻ ഓൺലൈൻ സംവിധാനം വഴി നിർവഹിക്കും. ബി.ഡി. ദേവസി എംഎൽഎ അധ്യക്ഷത വഹിക്കും. ബെന്നി ബഹനാൻ എംപി മുഖ്യാതിഥിയായിരിക്കും. റോജി എം. ജോൺ എംഎൽഎ മുഖ്യപ്രഭാഷണം നടത്തും.കിഫ്ബിയിൽ ഉൾപെടുത്തി 41.5 കോടി രൂപ ചെലവിൽ നവീകരിക്കുന്ന മുരിങ്ങൂർ-ഏഴാറ്റുമുഖം റോഡിന്റെ നിർമാണോദ്ഘാടനവും മന്ത്രി നിർവഹിക്കും.

ഇന്ന് ഉദ്ഘാടനം ചെയ്യുന്ന നവീകരിച്ച ചാലക്കുടി റസ്റ്റ് ഹൗസ്

ഐസിഎംആറിന്റെ നേതൃത്വത്തിൽ രണ്ടാംഘട്ട സാംപിൾ ശേഖരണം പൂർത്തിയായി

പാലക്കാട്: ജില്ലയിൽ കൊവിഡ് പരിശോധനാ പഠനത്തിനായി ഐസിഎംആറി (ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്) ന്റെ നേതൃത്വത്തിൽ 24 ന് നടന്ന രണ്ടാംഘട്ട സാംപിൾ ശേഖരണം പൂർത്തിയായി. സാംപിൾ ശേഖരണത്തിന്റെ ഭാഗമായി ടീമംഗങ്ങൾ ജില്ലാ കലക്റ്റർ ഡി. ബാലമുരളിയുമായി കൂടിക്കാഴ്ച നടത്തി.

ഐ.സി.എം.ആർ ചെന്നൈ കേന്ദ്രത്തിലെ ശാസ്ത്രജ്ഞൻമാരായ ഡോ.വിമിത് വിൽസൺ, ഡോ. വി.ജി വിനോദ് കുമാർ എന്നിവരാണ് സാംപിൾ ശേഖരണവുമായി ബന്ധപ്പെട്ട് ജില്ലാ കലക്റ്ററുമായി വിവരങ്ങൾ പങ്കുവെച്ചത്. 22 അംഗങ്ങളടങ്ങിയ ടീമാണ് ജില്ലയിൽ എത്തിയത്. ഇതു വരെ കണ്ടെത്തിയിട്ടില്ലാത്ത പോസിറ്റീവ് കേസുകളോ അല്ലെങ്കിൽ നിലവിൽ പോസിറ്റീവ് അല്ലെങ്കിലും വൈറസ് ബാധയുണ്ടായി ഭേദമായ ആളുകളോ ഉണ്ടെങ്കിൽ കണ്ടെത്താനാകും. ഇതിന്റെ അടിസ്ഥാനത്തിൽ പ്രതിരോധത്തിനായുള്ള സർക്കാറിന്റെ പദ്ധതി ആസൂത്രണങ്ങൾ മെച്ചപ്പെടുത്താനുമാകും.ജില്ലയിൽ മുൻപ് കൊവിഡ് പരിശോധന നടത്തിയ 10 സ്ഥലങ്ങൾ കേന്ദ്രീകരിച്ചാണ് രണ്ടാഘട്ടത്തിലും പഠനം നടത്തിയതെന്ന് ഡി.എം.ഒ ഡോ. കെ.പി റീത്ത അറിയിച്ചു.

കരിമ്പുഴ 2, ചാലിശേരി, അഗളി, മങ്കര, തെക്കേ ദേശം, കൊല്ലങ്കോട് 2, മേലാർകോട് എന്നീ വില്ലേജുകൾ, ഒറ്റപ്പാലം നഗരസഭയിലെ വാർഡ് 25, പാലക്കാട് നഗരസഭയിലെ വാർഡ് 31, ചിറ്റൂർ-തത്തമംഗലം നഗരസഭയിലെ പുതുനഗരം വാർഡ് 1 എന്നിവിടങ്ങളിൽ നിന്നാണ് സാംപിളുകൾ ശേഖരിച്ചത്. 10 ടീമുകളായി തിരിഞ്ഞ് തിരഞ്ഞെടുക്കപ്പെട്ട വില്ലേജുകളിലെ/വാർഡുകളിലെ 16 വീടുകളിൽ നിന്നാണ് സാംപിളുകൾ എടുത്തത്. ഒരു പ്രദേശത്ത് നിന്നും 40 വീതം സാംപിളുകളാണ് ശേഖരിച്ചത്. ഒരു വീട്ടിലെ 10 വയസിനു മുകളിലുള്ള മുഴുവൻ അംഗങ്ങളുടെയും സാംപിളുകളാണ് എടുത്തത്. ജില്ലയിൽ ഇത്തരത്തിൽ 400 സാംപിളുകളാണ് ശേഖരിച്ചത്. മെഡിക്കൽ ഓഫീസർമാരുടെയും ആശാ വർക്കർമാരുടെയും സഹായത്തോടെയാണ് സാംപിൾ ശേഖരണം നടന്നത്. രണ്ടാഴ്ച കഴിഞ്ഞാവും പരിശോധ ഫലം അറിയുക.